GOVERNMENT OF TAMIL NADU

ഹയർസെക്കൻഡറി ഒന്നാം വർഷം

HIGHER SECONDARY FIRST YEAR

സാമ്പത്തിക ശാസ്ത്രം

ECONOMICS

MALAYALAM MEDIUM

Department of School Education

Untouchability is Inhuman and a Crime

11th Economics Malayalam Introduction.indd 1 2/14/2023 2:52:33 PM

Government of Tamil Nadu

First Edition - 2021

Revised Edition - 2022, 2023

Reprint - 2024

(Published under new syllabus)

Content Creation

State Council of Educational
Research and Training

© SCERT 2021

Printing & Publishing

Tamil Nadu Textbook and Educational
Services Corporation

www.textbooksonline.tn.nic.in

EE_Malayalam_FM.indd 2 03-01-2024 10:50:21

പാഠപുസ്തകം എങ്ങനെ പ്രയോജനപ്പെടുത്താം

അധ്യായം ഉള്ളടക്കം	ഇത് അധ്യായത്തിന്റെ സമ്പൂർണ്ണ അവലോകനം അവതരിപ്പിക്കുന്നു
ആമുഖം	ഓരോ അധ്യായത്തിലെയും അവതരണത്തിന്റെയും
ലക്ഷ്യങ്ങൾ	ബെഞ്ച് മാർക്കുകളുടെ ഒരു ലിസ്റ്റ് ഉപയോഗിച്ച് ക്ലാസ് റൂം പ്രക്രിയകളെ പഠിതാവിനെ കേന്ദ്രീകൃതമാക്കുന്ന രീതി
ചിന്തയും പ്രവർത്തനവും	വിദ്യാർത്ഥികളെ സാമ്പത്തിക അന്വേഷണങ്ങളിലേക്ക് നയിക്കുന്നതിനുള്ള അതിശയകരമായ ചോദ്യങ്ങളും
ബോക്സുകൾ	ഉള്ളടക്കത്തിലേക്കുള്ള അധിക ഇൻപുട്ടുകൾ നൽകിയിട്ടുണ്ട്
പ്രവർത്തനം	പാഠഭാഗത്തെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നു
ZNYP5	എപ്പോൾ വേണമെങ്കിലും എവിടെവച്ചും വായന സൗകര്യ പ്രദമാക്കുന്നു.
ICT	ആശയം കൂടുതൽ പര്യവേഷണം ചെയ്യുന്നതിനും സമ്പന്നമാക്കുന്നതിനും
പട്ടിക	ചിത്രങ്ങളിൽ ഗ്രാഫ് ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് മൂല്യങ്ങൾ നൽകുക.
ആശയ രേഖാ ചിത്രങ്ങൾ	ആശയങ്ങൾ തമ്മിലുള്ള ബന്ധത്തെ ചിത്രീകരിക്കുന്ന ആശയപരമായ ചിത്രങ്ങൾ ഉള്ളടക്കം ക്രമാനുഗതമായി പഠിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു
ചിത്രം	സാഹചര്യങ്ങൾ ചിത്രീകരിക്കാൻ ഡയഗ്രാമുകൾ
പദാവലി	ശാസ്ത്രീയ പദങ്ങളുടെ പദാവലി വിശദീകരണം
മാതൃകാ ചോദ്യപേപ്പർ	മൂല്യനിർണ്ണയം
പരാമർശങ്ങൾ	കൂടുതൽ വിശദാംശങ്ങൾക്കായി അനുബന്ധ പുസ്തകങ്ങളുടെ പട്ടിക
വെബ് ലിങ്കുകൾ	ഡിജിറ്റൽ വിഭവങ്ങളുടെ പട്ടിക

11th Economics Malayalam Introduction.indd 3 2/14/2023 2:52:34 PM

11th Economics Malayalam Introduction.indd 4

CAREER GUIDANCE

CAREER PROSPECTS IN ECONOMICS

The career prospects for economics graduates are many. Numerous fields are waiting for economic graduates both in public as well as private sectors. In the government sector, one may try for Indian Economic Services, jobs in Reserve Bank of India, PSUs and other public sector banks. All these jobs have wonderful career options. These jobs give social prestige along with financial stability. Private sector also offers jobs for economic graduates in the fields like private banks, MNCs, BPOs, KPOs, Business journals and newspapers. A good opportunity is also waiting for economic students in higher education. One can pursue Ph.D. in economics to enter into the field of teaching in schools, colleges and universities and research in hundreds of Research Institutes and funding agencies – national & international.

One makes a successful career as a Corporate Lawyer after BA in economics followed by LLB. BA in economics and MBA placed one at a better position in the private sector. Economic Journalism is another shining area for job perspective.

FAMOUS UNIVERSITIES AND COLLEGES OFFERING ECONOMICS

There are many institutes, colleges and universities that have economics in its BA, MA and Ph.D. level courses. Here are the lists of institutions offering economics. One can easily see other information related with the respective universities/colleges/institutes with their given website.

Delhi School of Economics www.econdse.org	**Sri Ram College of Commerce** www.srcc.edu	**University of Delhi, South Campus** www.south.du.ac.in	**University of Agriculture Science** www.uasbangalore.edu.in
Jawaharlal Nehru University, Delhi www.jnu.ac.in	**St. Stephen College, Delhi** www.ststephens.edu	**University of Bombay** www.mu.ac.in	**Ravenshaw University, Cuttack** www. ravenshawuniversity.ac.in
IIT Kanpur www.jnu.ac.in	**Madras School of Economics** www.mse.ac.in	**BITS –Pilani** www.bits-pilani.ac.in	**Gokhale Institute of Economics & Politics, Pune** www.gipe.ac.in
IIT Madras https://www.iitm.ac.in	**Presidency College, Kolkata** www.presiuniv.ac.in	**Indian Statistical Institute, Kolkata Bangalore** www. isical.ac.in	**Symbiosis School of Economics** www.sse.ac.in
Banaras Hindu University www.bhu.ac.in	**University of Hyderabad** www.uohyd.ernet.in	**IGIDR-Mumbai** www.igidr.ac.in	**Centre for Development Studies Thiruvananthapuram** www.cds.edu

For world recognised institution in the field of economics, everybody wishes to join London School of Economics

2/14/2023 2:52:34 PM

11th Economics Malayalam Introduction.indd 5

Jobs in Economics Field

An array of employment opportunities is available in economics field. Meritorious candidates can get excellent job opportunities after successfully completing their BA or MA in economics.

Government Sectors

Economics graduates can get prestigious jobs in the government sectors like

- **Indian Civil Services**
- **Indian Economic Services**
- **Reserve Bank of India**
- **National Sample Survey**
- **Ministry of Economic Affairs**
- **Planning Board**
- **Planning Commission (State & Central)**
- **National Council for Applied Economic Research and**
- **National Institute of Public Finance and Policy.**

Other than Government Sectors

Job opportunities are also waiting in the private sectors, NGOs and International Aid Agencies. The firms like World Bank, Asian Development Bank, IMF, and other Development Banks, Aid agencies, Financial Consultancy firms are hiring the economic graduates for their various positions. One can assume in these organisations as economist, economic advisor, executive, analyst, consultant, researcher, financial analyst, business analyst, economic research analyst and stock market analyst. As far as salary is concerned, lots of candidates are hired through campus placement. The average salary is Rs. 4 to 8 lakh per annum. But for the deserving candidates, the field opens plethora of options and remuneration is also beyond expectation. The filed like accountancy, actuarial, banking, insurance also open many jobs opportunities.

Economics Employment Opportunities

The various fields are offering better job opportunity after passing BA or MA in economics. Some of the high demand sectors are given below where job prospects are huge.

CAREERS FOR AN ECONOMIST

Banking and Finance	Government and Public Sector	Education and Communications	Business
Commodities Broker	Claims Examiner	Professor	Market Research Analyst
Bank Management Trainee	Foreign Trade analyst	Technical Writer	Retail Buyer
Financial Analyst	Tax Auditor	Journalist/Columnist	Staff Training and Development Specialist
Economic Forecaster	Public Administrator	Teacher	Insurance Underwriting Trainee
Investment Banker	Legislative Assistant	Higher Education, Administration	Management Consultant
Loan Counsellor	Regional/Urban Planner	Educational Television Advisor	Strategic Planner
Securities Analyst	Financial Planner	Information Analyst	Business Administrator

2/14/2023 2:52:34 PM

ഉള്ളടക്കം

സാമ്പത്തികശാസ്ത്രം

യൂണിറ്റ് സംഖ്യ	പാഠവിവരം	പേജ്	മാസം
അധ്യായം 1	സൂക്ഷ്മ സാമ്പത്തികശാസ്ത്രത്തിന്റെ ആമുഖം	1	ജൂൺ
അധ്യായം 2	ഉപഭോഗ വിശകലനം	25	ജൂൺ
അധ്യായം 3	ഉല്പാദന വിശകലനം	54	ജൂൺ
അധ്യായം 4	ചെലവും വരുമാന വിശകലനവും	80	ജൂലൈ
അധ്യായം 5	കമ്പോള ഘടനയും വില നിർണ്ണയവും I മധ്യവാർഷിക പാഠങ്ങൾ 1-5	99	ജൂലൈ
അധ്യായം 6	വിതരണ വിശകലനം	121	ഓഗസ്റ്റ്
അധ്യായം 7	ഇന്ത്യൻ സാമ്പത്തികം	143	ഓഗസ്റ്റ്
അധ്യായം 8	സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവുമുള്ള ഇന്ത്യൻ സമ്പദ് വ്യവസ്ഥ പാദവാർഷിക പാഠങ്ങൾ 6-8	166	സെപ്റ്റംബർ
അധ്യായം 9	ഇന്ത്യയിലെ വികസന അനുഭവങ്ങൾ	189	ഒക്ടോബർ
അധ്യായം 10	ഗ്രാമീണ സമ്പദ് വ്യവസ്ഥ	205	ഒക്ടോബർ
അധ്യായം 11	തമിഴ്നാടിന്റെ സമ്പദ്വ്യവസ്ഥ II മധ്യവാർഷിക പാഠങ്ങൾ 9-11	225	നവംബർ
അധ്യായം 12	സാമ്പത്തിക ശാസ്ത്രത്തിനായുള്ള ഗണിത ശാസ്ത്ര രീതികൾ	248	നവംബർ

YIXND

E - ബുക്ക്

S4VK6

അസസ്സ്മെന്റ്

11th Economics Malayalam Introduction.indd 6 2/14/2023 2:52:34 PM

അധ്യായം

1 സൂക്ഷ്മ സാമ്പത്തിക ശാസ്ത്രത്തിന്റെ ആമുഖം

"സാമ്പത്തിക ശാസ്ത്രം എല്ലായിടത്തുമുണ്ട് സാമ്പത്തിക ശാസ്ത്രത്തെ മനസിലാക്കുന്നത് ഒരാളെ നല്ല തീരുമാനങ്ങൾ എടുക്കാനും സന്തോഷകരമായ ജീവിതം നയിക്കാനും സഹായിക്കുന്നു"

–ടെയ്ലർ കോവൻ

പഠനലക്ഷ്യങ്ങൾ

1. സാമ്പത്തിക ശാസ്ത്രം എന്ന വിഷയത്തെ കുറിച്ച് അടിസ്ഥാന അറിവ് ശേഖരിക്കുന്നതിനും ഈ വിഷയത്തിന്റെ സ്വഭാവവും വ്യാപ്തിയും മനസ്സിലാക്കുന്നതിന്.
2. സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങളെ മനസിലാക്കുന്നതിനും സാമ്പത്തിക ശാസ്ത്രത്തിലെ വിവിധ നിർവചനങ്ങൾ രൂപീകരിക്കുന്നതിൽ ഈ ആശയങ്ങൾ എങ്ങനെയാണ് പ്രയോഗിക്കുന്നത് എന്നതിനെ കുറിച്ച് നിരീക്ഷിക്കുന്നതിനും.

1.1 ആമുഖം

ഒരു വിഷയം എന്നത് അതിലെ ഉള്ളടക്കങ്ങളുടെ പേര് മറ്റും ശീർഷകത്തിൽ നിന്നും കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നതായിരിക്കണം. സാമ്പത്തിക ശാസ്ത്രം പോലുള്ള വിഷയത്തിൽ ആമുഖ സാമ്പത്തികശാസ്ത്രം, സാമ്പത്തികശാസ്ത്രം ഒരു ആമുഖം, അടിസ്ഥാന സാമ്പത്തിക ശാസ്ത്രം, സാമ്പത്തിക ശാസ്ത്രത്തിന്റെ ഘടകങ്ങൾ, സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാന ഘടകങ്ങൾ, സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാനകാര്യങ്ങൾ തുടങ്ങിയ തലക്കെട്ടുകളുള്ള നിരവധി പുസ്തകങ്ങൾ ഉണ്ട് എന്നാൽ ഈ പുസ്തകങ്ങൾക്കെല്ലാം ഒരേ ഉള്ളടക്കമാണുള്ളത്. ഓരോന്നും വ്യത്യസ്ത തലത്തിലുള്ള താല് പര്യവും ശേഷിയുമുള്ള വായനക്കാരെ സേവി ക്കാൻ ഉദ്ദേശിച്ചുള്ളതാണ്.

ഒരു വിഷയത്തെക്കുറിച്ചുള്ള ഒരു നല്ല ആമുഖം അതിന്റെ തലക്കെട്ടിന്റെ അർത്ഥം ഉൾക്കൊള്ളുന്നതിനൊപ്പം വിഷയത്തിന്റെ സ്വഭാവത്തെയും വ്യാപ്തിയെയും കുറിച്ച് ഒരു വിശദീകരണം ഉണ്ടായിരിക്കണം. അതായത് വിഷയം പരമ്പരാഗതമോ ആധുനികമോ, സ്ഥിരമോ ചലനാത്മകമോ ആകട്ടെ. ഈ വിഷയം ഒന്നുകിൽ കലയുടെ മാത്രം അല്ലെങ്കിൽ ശാസ്ത്രത്തിന്റെ മാത്രം അല്ലെങ്കിൽ രണ്ടിന്റെയും ഭാഗമാണെന്ന് വ്യക്തമായി വർഗ്ഗീകരിക്കാൻ വായനക്കാർക്ക് കഴിയണം. വിഷയത്തിന്റെ എല്ലാ ശാഖകളുടെയും പ്രാധാന്യം അതിൽ ഒരുസ്ഥാനം കണ്ടെത്തണം. ആമുഖത്തിലൂടെകടന്നുപോകുമ്പോൾ മറ്റു വിഷയങ്ങളുമായുള്ള വിഷയത്തിന്റെ ബന്ധം വായനക്കാർക്ക് മനസ്സിലാക്കാൻ കഴിയണം. വിഷയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പുതിയ മേഖലകളും അതിലെഉള്ളടക്കങ്ങൾ മനസ്സിലാക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങളും ആമുഖത്തിൽ എടുത്തു പറയേണ്ടതാണ്. അതിന്റെനിയമങ്ങളുടെഉരുവാക്കലിൽ പ്രയോഗിക്കുന്ന രീതികൾ അത്തരമൊരു ആമുഖത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്.

11th Economics Malayalam_Chapter-01.indd 1 2/14/2023 2:53:22 PM

1.2 സാമ്പത്തിക ശാസ്ത്രം: അർത്ഥം

സാമ്പത്തിക ശാസ്ത്രം എന്ന പദം പുരാതന ഗ്രീക്ക് *'ഒയ്ക്കണോമിക്കോസ്'* (ഒയ്ക്കോസ് എന്നാൽ കുടുംബം എന്നും നോമോസ് എന്നാൽ *'നേതൃത്വം' 'ആചാരം'* അല്ലെങ്കിൽ നിയമം) എന്നാണ് അതിനാൽ സാമ്പത്തിക ശാസ്ത്രം എന്നതിന്റെ അർത്ഥം കുടുംബനേതൃത്വം എന്നാണ് 19 ാം നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ഇതിനെ രാഷ്ട്രീയിസമ്പദ്വ്യവസ്ഥ എന്ന പേരിലാണ് അറിയപ്പെട്ടത്. പിന്നീട് ആൽഫ്രഡ് മാർഷൽ 19 ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സാമ്പത്തിക ശാസ്ത്രം എന്ന് പുനർനാമകരണം ചെയ്തു.

1.3 സാമ്പത്തിക ശാസ്ത്രം: അതിന്റെ സ്വഭാവം

ഒരു വിഷയത്തിന്റെ സ്വഭാവം അതിന്റെ ഉള്ളടക്കത്തെയും അവ എങ്ങനെ എന്തുകൊണ്ട് ഒരു വിഷയത്തെ കണ്ടെത്തുന്നു എന്നതിനെ സൂചിപ്പിക്കുന്നു. ശ്രദ്ധേയമായ സാമ്പത്തിക വിദഗ്ധർ നൽകുന്ന വിവിധ നിർവചനങ്ങൾ പഠിച്ചാണ് ഈ സ്വഭാവം മനസിലാക്കുന്നത് നിർവചനങ്ങളുടെ ബാഹുല്യം നിലനിൽക്കുന്നതു കാരണം ചില പണ്ഡിതൻമാരെ സാമ്പത്തിക ശാസ്ത്രത്തിന്റെ വ്യക്തമായ നിർവചനത്തിനായുള്ള തിരയൽ നിരർത്ഥകമാണെന്ന് അഭിപ്രായപ്പെടുന്നു. ഉദാഹരണത്തിന് ജെ.എം കെയിൻസ് നിരീക്ഷിക്കുന്നത് രാഷ്ട്രീയ സമ്പദ്വ്യവസ്ഥ നിർവചനങ്ങൾക്കൊപ്പം കഴുത്ത് ഞെരിച്ചതായി പറയപ്പെടുന്നു എന്നാണ്. അവരുടെ സാന്നിദ്ധ്യം ഒരു വിഷയം പഠിക്കുന്നത് രസകരമോ ആവേശകരമോ ആസ്വാദ്യകരമോ മൂല്യവത്തായതോ ആക്കുന്നു. വാസ്തവത്തിൽ ഒരു സാമൂഹ്യ ശാസ്ത്ര വിഷയത്തിൽ അവരുടെ സാന്നിധ്യം ശാസ്ത്രത്തിന്റെ വളർച്ചയുടെ വ്യക്തമായ അടയാളമാണ്. ശാസ്ത്രവുമായി ബന്ധപ്പെട്ട ആളുകൾക്ക് പുതിയ നിർവചനങ്ങൾ രൂപപ്പെടുത്താനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് ഇത് സൂചിപ്പിക്കുന്നു. ഈ സഹകാരികൾ തങ്ങൾക്ക് ലഭിച്ച അവസരത്തെ വിലമതിക്കുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ നിരവധി നിർവചനങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു. വിവിധ നിർവചനങ്ങൾ സാമ്പത്തിക ശാസ്ത്രത്തിന്റെ വിഷയത്തെ കുറിച്ചുള്ള ഒരു സമ്പൂർണ്ണ കരാറിലെത്താൻ വഴിയൊരുക്കുന്നു.

ഒരു ശാസ്ത്രം ഘട്ടംഘട്ടമായി വളരുന്നു. ഓരോ ഘട്ടത്തിലും അതിന്റെ പുതിയ നിർവചനങ്ങൾ ഉയർന്നുവരുന്നു. ഒപ്പം ഒരു ആശയവുമായി ബന്ധപ്പെട്ട ചില പ്രത്യേക ഊന്നൽ ലഭിക്കുന്നു. എന്നിരുന്നാലും ഒരു വിഷയത്തിന്റെ വ്യക്തമായ നിർവചനവും അതിർത്തിയും ഉള്ളപ്പോൾ അത് എങ്ങനെ സാധ്യമാകും.

നാലുനിർവചനങ്ങൾ ഓരോന്നും സാമ്പത്തിക ശാസ്ത്ര വിഷയത്തിന്റെ വളർച്ചയുടെ വ്യക്തവും പ്രത്യേക വളർച്ചാ ഘട്ടത്തെക്കുറിച്ചും പ്രസ്താവിക്കുന്നു:

01. സ്മിത്തിന്റെ സമ്പത്തിന്റെ നിർവചനം ക്ലാസിക്കൽ കാലഘട്ടത്തെ പ്രതിനിധീകരിക്കുന്നു;

02. മാർഷലിന്റെ ക്ഷേമനിർവചനം നൂതന ക്ലാസിക്കൽ യുഗത്തെ പ്രതിനിധീകരിക്കുന്നു;

03. റോബിൻസന്റെ ദൗർലഭ്യ നിർവചനം, നൂതനകാലത്തെ പ്രതിനിധീകരിക്കുന്നു,

04. സാമുവൽസന്റെ വളർച്ചാ നിർവ്വചനം ആധുനികയുഗത്തെ പ്രതിനിധീകരിക്കുന്നു.

1.3.1 സമ്പത്ത്നിർവചനം : ആഡംസ്മിത്ത് പ്രാചീനയുഗം *(The classical era)*



ആഡം സ്മിത്ത്

ആഡംസ്മിത്ത് (1723-1790), 'പ്രകൃതിയെക്കുറിച്ചുള്ള ഒരന്വേഷണവും രാഷ്ട്രങ്ങളിലെ സമ്പത്തിന്റെ കാരണങ്ങൾ' (1776) എന്ന പുസ്തകത്തിൽ നിർവചിച്ചിരിക്കുന്നത്. ധനത്തെ കുറിച്ചുള്ള ശാസ്ത്രമാണ് സാമ്പത്തിക ശാസ്ത്രം സമൂഹത്തിലെ വ്യക്തി സ്വന്തം നേട്ടം വളർത്താൻ ആഗ്രഹിക്കുന്നുവെന്നും ഈ പ്രക്രിയയിൽ അവനെ അദൃശ്യമായ ഒരു കൈ നയിക്കുകയും ചെയ്യുന്നുവെന്ന് അദ്ദേഹം കരുതുന്നു. ഓരോ മനുഷ്യനും തന്റെ സ്വാർത്ഥ താല്പര്യത്താൽ പ്രചോദിതനാണെന്ന് അദ്ദേഹം പറയുന്നു. ഇതിനർത്ഥം ഓരോ വ്യക്തിയും സ്വന്തം നൻമയ്ക്കായി പ്രവർത്തിക്കുന്നു എന്നാണ്.

11th Economics Malayalam_Chapter-01.indd 2 2/14/2023 2:53:22 PM

ഉല്പാദനത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി തൊഴിൽ വിഭജനം ഏർപ്പെടുത്തുന്നതിനെ സ്മിത്ത് അനുകൂലിക്കുന്നു. ഫാക്ടറികളിലും സമൂഹത്തിലുമുള്ള കടുത്ത മൽസരം ഉല്പന്നത്തെ മെച്ചപ്പെടുത്താൻ സഹായിക്കുന്നു. വിതരണശക്തി വളരെ സജീവമാണ്. ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് ചരക്ക് ലഭ്യമാക്കിയിരിക്കുന്നു.

ആഡംസ്മിത്തിന്റെ പ്രസിദ്ധീകരണം 1776, ലെ 'വെൽത്ത് ഓഫ് നേഷൻസ് എന്ന പുസ്തകത്തെ ഒരു പ്രത്യേക വിഷയമാക്കിയ സാമ്പത്തിക ശാസ്ത്രത്തിന്റെ ഫലപ്രദമായ ജനനം എന്ന് വിശേഷിപ്പിച്ചിരിക്കുന്നു'


വിമർശനം

സ്മിത്തിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ശാസ്ത്രത്തിൽ സമ്പത്ത് നേടുന്ന പ്രവർത്തനങ്ങളും സമ്പത്ത് ചെലവഴിക്കുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. ഭൗതികസമ്പത്തിന് അനാവശ്യമായ ഊന്നൽ നൽകുന്നു. സമ്പത്ത് ഒരു അന്ത്യമായി കണക്കാക്കപ്പെടുന്നു. ഈ കാഴ്ചപ്പാട് സാമ്പത്തിക ശാസ്ത്രത്തിന്റെ അനിവാര്യ ഭാഗമെന്ന നിലയിൽ മനുഷ്യക്ഷേമത്തെ അവഗണിക്കാൻ അവനെ നയിക്കുന്നു. മതപരവും ആത്മീയവുമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമ്പോൾ സ്മിത്ത് നിർവചനം നൽകുന്നു. റസ്കിൻ, കാർലെ എന്നിവർ സാമ്പത്തിക ശാസ്ത്രത്തെ ഒരു മോശം ശാസ്ത്രം എന്നു കണക്കാക്കുന്നു. എന്തെന്നാൽ ഇത് ധാർമികയ്ക്ക് വിരുദ്ധമായ സ്വാർത്ഥത പഠിപ്പിക്കുന്നു.

1.3.2 ക്ഷേമ നിർവചനം

ആൽഫ്രഡ്മാർഷൽ

(നൂതന സാമ്പത്തിക യുഗം)


ആൽഫ്രഡ് മാർഷൽ

ആൽഫ്രഡ് മാർഷൽ (1842 -1924) അദ്ദേഹത്തിന്റെ 'സാമ്പത്തിക ശാസ്ത്ര തത്വങ്ങൾ' എന്ന പുസ്തകം (1890) ൽ പുറത്തിറക്കി. ഇതിന്റെ സാമ്പത്തിക ശാസ്ത്രത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. രാഷ്ട്രീയ സാമ്പത്തികം അല്ലെങ്കിൽ ജീവിതമെന്ന സാധാരണ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന മാനവരാശിയെക്കുറിച്ചുള്ള പഠനമാണ് സാമ്പത്തിക ശാസ്ത്രം സൗഖ്യത്തിനാവശ്യമായ ഭൗതിക വസ്തുക്കൾ നേടുകയും അതുപയോഗിക്കുകയും ചെയ്യുന്നതിനുമായി ഏറ്റവും അടുത്തു ബന്ധപ്പെട്ടവ്യക്തിപരവും സാമൂഹികവുമായ നടപടികളെ അത് പരിശോധിക്കുന്നു. അതിനാൽ ഒരു ഭാഗത്ത് അത് സമ്പത്തിന്റെ പഠനമാണ്, മറുഭാഗത്ത് കൂടുതൽ പ്രധാനമായ ഭാഗത്ത് അത് മനുഷ്യനെ കുറിച്ചുള്ള പഠനമാണ്

മാർഷലിന്റെ നിർവചനത്തിന്റെ പ്രധാന സവിശേഷതകൾ ഇവയാണ്:

a. സാമ്പത്തികശാസ്ത്രം സമ്പത്തിന്റെ എല്ലാ അവസാനവും എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും ആയി കണക്കാക്കുന്നില്ലാ. മനുഷ്യൻ പ്രാഥമികമായി ക്ഷേമത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത് അല്ലാതെ സമ്പത്തിനെയല്ല.

b. സാമ്പത്തികശാസ്ത്രത്തിൽ സാധാരണക്കാരുടെ ആശങ്കകൾ അടങ്ങിയിരിക്കുന്നു. പരമാവധി ധനനേട്ടം നേടാനുള്ള ആഗ്രഹത്താൽ നയിക്കപ്പെടുകയും ചെയ്യുന്നില്ല.

c. സാമ്പത്തിക ശാസ്ത്രം ഒരു സാമൂഹ്യശാസ്ത്രമാണ്. അത് പരസ്പരം സ്വാധീനിക്കുന്ന സമൂഹത്തിലെ ആളുകളെ പഠിയ്ക്കുന്നു.

വിമർശനങ്ങൾ

a. ഭൗതികവസ്തുക്കളെ മാത്രമാണ് മാർഷൽ പരിഗണിക്കുന്നത്. ഒരു ഡോക്ടർ അധ്യാപകൻ എന്നിവരുടെ സേവനങ്ങൾ പോലുള്ള അപ്രധാനമായ കാര്യങ്ങൾ അദ്ദേഹം പരിഗണിക്കുന്നില്ല. അവജ്ഞനങ്ങളുടെ ക്ഷേമത്തെ പ്രോത്സാഹിപ്പിക്കുന്നു.

b. വേതനസിദ്ധാന്തത്തിൽ അപകടമായ സേവനത്തിലുള്ള പ്രതിഫലമായി പോകുന്ന പണത്തെ മാർഷൽ അവഗണിക്കുന്നു.


c. മാർഷലിന്റെ നിർവചനം ക്ഷേമ സങ്കല്പത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ ഇത് വ്യക്തമായി നിർവചിച്ചിട്ടില്ല. ക്ഷേമം ഓരോ രാജ്യത്തിനും ഓരോ കാല ഘട്ടത്തിനും വ്യത്യാസപ്പെടുന്നു. ആളുകളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കാൻ കഴിവുള്ളവയും അല്ലാത്തവയും മാർഷൽ വ്യക്തമായി തിരിച്ചറിയുന്നു. ക്ഷേമത്തെ പ്രോൽസാഹിപ്പിക്കാൻ കഴിവില്ലാത്തതും എന്നാൽ ആജ്ഞാപിക്കു

11th Economics Malayalam_Chapter-01.indd 3 2/14/2023 2:53:22 PM

ന്നതുമായ മദ്യം പോലുള്ള കാര്യങ്ങൾ സാമ്പത്തിക ശാസ്ത്രത്തിന്റെ പരിധിയിൽ വരും.

d. എന്നിരുന്നാലും ക്ഷേമം എന്നാൽ വ്യക്തിയുടെ അല്ലെങ്കിൽ ഒരു കൂട്ടം ആളുകളുടെ സുഖപ്രദമായ ജീവിത സാഹചര്യങ്ങൾ എന്നാണ്. ഒരു വ്യക്തിയുടെയോ രാജ്യത്തിന്റെയോ ക്ഷേമം കൈവശമുള്ള സ്വത്തിനെ മാത്രമല്ല രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളെയും ആശ്രയിച്ചിരിക്കുന്നു.

1.3.3 ദൗലഭ്യനിർവചനം ലയണൽ റോബിൻസ് (ന്യൂതനകാലം) *(ലയണൽറോബിൻസ്)*


ലിയോണൽ റോബിൻസ്

ലയണൽ റോബിൻസ് 1932. ൽ സാമ്പത്തിക ശാസ്ത്രത്തിന്റെ "സ്വഭാവവും പ്രാധാന്യവും സംബന്ധിച്ച ഒരു പ്രബന്ധം" എന്ന പുസ്തകംപ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ "സാമ്പത്തിക ശാസ്ത്രം മനുഷ്യന്റെ പെരുമാറ്റത്തെ അവസാനവും വിരളവും തമ്മിലുള്ള ബന്ധമായി പഠിക്കുന്ന ഒരു ശാസ്ത്രമാണ്"

റോബിൻസന്റെനിർവചനത്തിന്റെപ്രധാന സവിശേഷതകൾ ഇവയാണ്:

a. മനുഷ്യന്റെ ആഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. മനുഷ്യരുടെ ആഗ്രഹങ്ങൾ പരിമിതിയില്ലാത്തവയാണ്.

b. മറുവശത്ത് പരിമിതികളെ തൃപ്തിപ്പെടുത്താൻ പോകുന്ന വിഭവങ്ങളോ മാർഗ്ഗങ്ങളോ മനുഷ്യന്റെ ആവശ്യങ്ങൾ പരിമിതമോ വിതരണത്തിൽ കുറവോ ആണ്. ഒരു പദാർത്ഥത്തിന്റെ ദൗർലഭ്യം അതിന്റെ ആവശ്യവുമായി ബന്ധപ്പെട്ട് മാത്രമേ പരിഗണിക്കൂ.

c. കൂടാതെ ദൗർലഭ്യമാർഗങ്ങൾ ബദൽ ഉപയോഗത്തിന് പ്രാപ്തിയുള്ളവയാണ്. അതിനാൽ ഒരു വ്യക്തി തന്റെ ആഗ്രഹങ്ങളെ തരംതിരിക്കുകയും ആദ്യം തന്റെ ഏറ്റവും അടിയന്തിര ആഗ്രഹം നിറവേറ്റുകയും ചെയ്യുന്നു. അങ്ങനെ റോബിൻസന്റെ അഭിപ്രായത്തിൽ സാമ്പത്തികശാസ്ത്രം തെരഞ്ഞെടുക്കലിന്റെ ശാസ്ത്രമാണ്.

വിമർശനം

a. മനുഷ്യശാസ്ത്രത്തിന് അനുയോജ്യമായ വസ്തുക്കൾ തമ്മിൽ റോബിൻസ് ഒരു വ്യത്യാസവുംകാണിക്കുന്നില്ല. അരി, ആൾക്കഹോളിക് പാനീയം എന്നിവയുടെഉല്പാദനത്തിൽ ദൗർലഭ്യ വിഭവങ്ങളെ ഉപയോഗിക്കുന്നു. എന്നാൽ അരിയുടെ ഉല്പാദനം മനുഷ്യക്ഷേമം ഉയർത്തുന്നു എന്നാൽ ലഹരിപാനീയങ്ങളുടെ ഉല്പാദനം ക്ഷേമം ഉയർത്തുന്നില്ല. എന്നിരുന്നാലും സാമ്പത്തിക ആഗ്രഹങ്ങൾക്കിടയിൽ സാമ്പത്തികശാസ്ത്രം നിഷ്പക്ഷമാണെന്ന് റോബിൻസ് നിഗമനം ചെയ്യുന്നു.

b. വിഭവ വിഹിതം ഒരു പദാർത്ഥത്തിന്റെ വില നിർണ്ണയം എന്നിവയുടെ സൂക്ഷ്മ സാമ്പത്തിക വശങ്ങൾ മാത്രമല്ല, ദേശീയ വരുമാനം എങ്ങനെ സൃഷ്ടിക്കപ്പെടുന്നു എന്നതു പോലുള്ള സ്ഥൂല സാമ്പത്തിക വശങ്ങളും സാമ്പത്തിക ശാസ്ത്രം കൈകാര്യം ചെയ്യുന്നു. പക്ഷേ, റോബിൻസ് സാമ്പത്തിക ശാസ്ത്രത്തെ വിഭവ വിനിയോഗ സിദ്ധാന്തത്തിലേക്ക് ചുരുക്കുന്നു.

c. റോബിൻസിന്റെ നിർവചനം സാമ്പത്തിക വളർച്ചയുടെയും വികസനത്തിന്റെയും സിദ്ധാന്തത്തെ ഉൾക്കൊള്ളുന്നില്ല.

1.3.4 വളർച്ചാ നിർവചനം സാമുവൽ സൺ (ആധുനിക യുഗം) *(The Modern Age)*


സാമുവൽസൺ

പോൾ സാമുവൽസൺ 1948. ൽ 'ഇൻട്രഡിക്ടറി അനാലിസിസ്' എന്ന പുസ്തകം പുറത്തിറക്കി. അദ്ദേഹം സാമ്പത്തിക ശാസ്ത്രത്തെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ് ഒരു നിശ്ചിതകാലയളവിൽ വിവിധ ചരക്കുകൾ ഉല്പാദിപ്പിക്കുന്നതിന് പലവിധ ഉപയോഗങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന ഉല്പാദന ക്ഷമമായ ദുർബല വിഭവങ്ങൾ, പണത്തിന്റെ സഹായത്തോടു കൂടിയോ അല്ലാതെയോ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും ആ ചരക്കുകൾ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ

11th Economics Malayalam_Chapter-01.indd 4 2/14/2023 2:53:23 PM

ഇന്നത്തെയും ഭാവിയിലെയും ഉപയോഗത്തിനായി എങ്ങനെ വിതരണം ചെയ്യണമെന്നും വ്യക്തികളും സമൂഹവും തീരുമാനിക്കുന്ന രീതിയെ കുറിച്ചുള്ള പഠനമാണ് സാമ്പത്തിക ശാസ്ത്രം

ഈ നിർവചനത്തിന്റെ പ്രധാന സൂചനകൾ താഴെപറയുന്നവയാണ്:

a. റോബിൻസനെപോലെ സാമുവൽസൺ പ്രസ്താവിക്കുന്നത് എന്തെന്നാൽ പരിധിയില്ലാതെ ആഗ്രഹങ്ങളുമായി ബന്ധപ്പെട്ട് മാർഗ്ഗങ്ങൾ വിരളമാണെന്നും അത്തരം മാർഗ്ഗങ്ങൾ ബദൽ ഉപയോഗങ്ങൾക്ക് ഉപയോഗിക്കാമെന്നും സാമുവൽസൺ പറയുന്നു.

b. സമയത്തിന്റെ ഘടകം ഉൾപ്പെടുത്തികൊണ്ട് സാമുവൻസൺ തന്റെ നിർവചനം ചലനാത്മകമാക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ നിർവചനം സാമ്പത്തിക വളർച്ചയുടെ സിദ്ധാന്തത്തെ ഉൾക്കൊള്ളുന്നു.

c. പണം ഉപയോഗിക്കാത്ത ഒരു ബാർട്ടർ സമ്പദ് വ്യവസ്ഥയിൽ സാമുവൽസണിന്റെ നിർവചനം പ്രായോഗികമാണ്.

d. അദ്ദേഹത്തിന്റെ നിർവചനം ഉല്പാദനം, ഉപഭോഗം, വിതരണം എന്നീ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്നു.


e. സാമുവൽസൺ സാമ്പത്തികശാസ്ത്രത്തെ ഒരു സാമൂഹിക ശാസ്ത്രമായി കണക്കാക്കുന്നു. അതേസമയം റോബിൻസൺ അതിനെ വ്യക്തിഗത പെരുമാറ്റ ശാസ്ത്രമായി കണക്കാക്കുന്നു.

മുകളിൽ ചർച്ചചെയ്ത എല്ലാ നിർവചനങ്ങളിലും സാമുവൽസൺ പ്രസ്താവിച്ച വളർച്ചാ നിർവചനം ഏറ്റവും തൃപ്തികരമെന്ന് തോന്നുന്നു.

1.4 സാമ്പത്തിക ശാസ്ത്രത്തിന്റെ വ്യാപ്തി

സാമ്പത്തിക ശാസ്ത്രത്തിന്റെ വ്യാപ്തി സാമ്പത്തിക ശാസ്ത്ര വിഷയത്തെ സൂചിപ്പിക്കുന്നു. ഇത് കലയാണോ അതോ ശാസ്ത്രമാണോ എന്നും ശാസ്ത്രം ആണെങ്കിൽ അത് പോസിറ്റീവ് സയൻസാണോ നോർമാറ്റീവ് സയൻസാണോ എന്നതിലേക്ക് വെളിച്ചം വീശുന്നു.

1.4.1 സാമ്പത്തിക ശാസ്ത്രം ഇതിന്റെ വിഷയപരമായി



- ഒരു സമ്പദ്വ്യവസ്ഥയിൽ സാമ്പത്തിക ഏജന്റുമാർ, വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവരുടെ പെരുമാറ്റത്തിലും ഇടപെടലും ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും ഉല്പാദനം ഉല്പാദക ഘടകങ്ങൾക്കിടയിലുള്ള വരുമാന വിതരണം തുടങ്ങിയ പ്രവർത്തനങ്ങളെ ഇത് കൈകാര്യം ചെയ്യുന്നു. നിലവിലുള്ള സാമൂഹിക, നിയമപരമായ വ്യവസ്ഥാപിതമായ ക്രമീകരണങ്ങളെ സാധാരണ ജീവിതത്തിലെ യുക്തിസഹമായ മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് കീഴിൽ സാമ്പത്തിക ശാസ്ത്രത്തിൽ ഉൾപ്പെടുന്നു. അസാധാരണമായ വ്യക്തികളെയും സാമൂഹികമായി സ്വീകാര്യമല്ലാത്തതും അധാർമികവുമായ പ്രവർത്തനങ്ങൾ ഒഴിവാക്കപ്പെടുന്നു.
- മനുഷ്യൻ എങ്ങനെയാണോ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് വർദ്ധിച്ച ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുന്നത് എന്നതിനെ കുറിച്ച് സാമ്പത്തിക ശാസ്ത്രം പഠിക്കുന്നു. ആളുകൾക്ക് എന്താണ് വേണ്ടതെന്നും എന്താണ് നേടാൻ കഴിയുന്നത് എന്നതും തമ്മിലുള്ള അന്തരം സൂചിപ്പിക്കുന്ന ഒരു പ്രശ്നമാണ് ദൗർലഭ്യം. മനുഷ്യന്റെ ആഗ്രഹങ്ങൾ പരിമിതപ്പെടുത്തുന്നതിലൂടെയോ അല്ലെങ്കിൽ തൃപ്തികരമായ വസ്തുക്കളുടെ വിതരണം വർദ്ധിപ്പിക്കുന്നതിലൂടെയോ ഈ ദൗർലഭ്യം ഇല്ലാതാക്കാൻ കഴിയുന്നതാണ് മനുഷ്യന്റെ ആഗ്രഹം.

11th Economics Malayalam_Chapter-01.indd 5 2/14/2023 2:53:23 PM

കുറവ് ആഗ്രഹിക്കുന്ന രീതിയെക്കാൾ കൂടുതൽ നേടുന്നതിലുള്ള രീതി അവലംബിക്കുന്നു.

- സാമ്പത്തിക ശാസ്ത്രം മനുഷ്യന്റെ പ്രവർത്തനങ്ങളുമായി മാത്രം ബന്ധപ്പെട്ടതാണ്. മനുഷ്യർ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരു അംഗത്തിന്റെ പ്രവർത്തനങ്ങൾ സമൂഹത്തിലെ മറ്റ് അംഗങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നു. അതിനാൽ സാമ്പത്തിക ശാസ്ത്രത്തെ മാനുഷിക ശാസ്ത്രം അല്ലെങ്കിൽ സാമൂഹ്യശാസ്ത്രം എന്നു വിളിക്കാം.
- യുക്തിസഹമായ അല്ലെങ്കിൽ സാധാരണ മനുഷ്യരുടെ പ്രവർത്തനങ്ങൾ സാമ്പത്തിക ശാസ്ത്രത്തിന്റെ വിഷയമാണ്.
- സാമ്പത്തികവുമായി ബന്ധപ്പെട്ട എല്ലാ മനുഷ്യ പ്രവർത്തനങ്ങളും സാമ്പത്തിക ശാസ്ത്രത്തിന്റെ വിഷയമാണ്. അതിനാൽ സാമ്പത്തികവുമായി ബന്ധമില്ലാത്ത മനുഷ്യ പ്രവർത്തനങ്ങൾ (സാമ്പത്തികേതര പ്രവർത്തനങ്ങൾ) സാമ്പത്തിക ശാസ്ത്രത്തിൽ പരിഗണിക്കില്ല. ഉദാഹരണത്തിന്, ആനന്ദത്തിനായി ക്രിക്കറ്റ് കളിക്കുന്നത്, അമ്മയുടെ ശിശു സംരക്ഷണം.

സാമ്പത്തിക ശാസ്ത്രം ഒരു കലയാണോ ശാസ്ത്രമാണോ എന്ന് വ്യക്തമാക്കുന്നത് പതിവാണ് അതൊരു ശാസ്ത്രമാണെങ്കിൽ അതിന്റെ പ്രത്യേക സവിശേഷതകൾ നിരീക്ഷിക്കുകയും ചെയ്യുന്നു.

1.4.2 സാമ്പത്തികശാസ്ത്രം ഒരു കലയും ശാസ്ത്രവുമാണ്

i. സാമ്പത്തികശാസ്ത്രം ഒരു കലയാണ്

സാമ്പത്തികശാസ്ത്രം ഒരു കല എന്ന നിലയിൽ പ്രത്യേക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രായോഗിക പ്രയോഗമാണ്. എല്ലാ സാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് സാമ്പത്തിക ശാസ്ത്രം മാർഗ്ഗനിർദ്ദേശം നൽകുന്നു.

എ.സി.പിഗു, ആൽഫ്രഡ്മാർഷൽ തുടങ്ങിയവർ സാമ്പത്തിക ശാസ്ത്രത്തെ ഒരു കലയായി കാണുന്നു.

ii. സാമ്പത്തിക ശാസ്ത്രം ഒരു ശാസ്ത്രമാണ്

ഒരു ശാസ്ത്രം എന്ന നിലയിൽ സാമ്പത്തിക ശാസ്ത്രം അറിവിന്റെ ചിട്ടയായ പഠനമാണ്. അതിന്റെ പ്രസക്തമായ എല്ലാ വസ്തുതകളും ശേഖരിക്കുകയും തരംതിരിക്കുകയും വിശകലനം നടത്തുകയും ചെയ്യുന്നു. ഈ വസ്തുതകൾ ഉപയോഗിച്ച് കാരണങ്ങളും ഫലങ്ങളും തമ്മിലുള്ള പരസ്പര ബന്ധം ശാസ്ത്രം രൂപം കൊടുക്കുന്നു. പരീക്ഷണങ്ങളിൽ കൂടെ ശാസ്ത്രീയ നിയമങ്ങൾ പരീക്ഷിക്കപ്പെടുന്നു. ഭാവി പ്രവചനങ്ങൾ നടത്തുന്നു. ഈ നിയമങ്ങൾ സാർവത്രികമായി അംഗീകരിക്കപ്പെടുന്നു. റോബിൻസ്, ജോർദൻ, റോബർട്ട്സൺ തുടങ്ങിയ സാമ്പത്തിക ശാസ്ത്രജ്ഞൻമാർ സാമ്പത്തികശാസ്ത്രം ഒരു ശാസ്ത്രമാണെന്ന് വാദിക്കുന്നു എന്തെന്നാൽ ഇതിന് സാമ്യമുള്ള ഒരേ സവിശേഷതകൾ ഉണ്ട്. പ്രശ്നങ്ങളുടെ കാരണങ്ങളും ഫലങ്ങളും തമ്മിലുള്ള ബന്ധത്തെ സാമ്പത്തിക ശാസ്ത്രം പരിശോധിക്കുന്നു. അതിനാൽ ഇത് ഒരു കലയും ശാസ്ത്രവും ആയി കണക്കാക്കപ്പെടുന്നു. വാസ്തവത്തിൽ കലയും ശാസ്ത്രവും പരസ്പരം പൂരകമാണ്.

1.4.3 സാമ്പത്തിക ശാസ്ത്രം പോസിറ്റീവ് ശാസ്ത്രവും നോർമാറ്റീവ് ശാസ്ത്രവും

പോസിറ്റീവ് ശാസ്ത്രം അത് എന്താണെന്ന് കൈകാര്യം ചെയ്യുന്നു. അതായത് വസ്തുതകളുടെ അടിസ്ഥാനത്തിൽ ഒരു പ്രശ്നത്തെ വിശകലനം ചെയ്യുകയും അതിന്റെ കാരണങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് വില വർദ്ധനവിന്റെ സമയത്ത് അതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നു.



മറുവശത്ത് നോർമാറ്റീവ് ശാസ്ത്രം എന്തായിരിക്കണം എന്ന ചോദ്യത്തിന് പ്രതികരിക്കുന്നു. ഇവിടെ നിഗമനങ്ങളും ഫലങ്ങളും വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതാണ്. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ

11th Economics Malayalam_Chapter-01.indd 6 2/14/2023 2:53:23 PM

മതമേഖലകളിലേക്ക് അവ അടിസ്ഥാനപരമായി ആത്മനിഷ്ഠമാണ്.

ചുരുക്കത്തിൽ പോസിറ്റീവ് ശാസ്ത്രം എങ്ങനെ? എന്തുകൊണ്ട്? എന്നതും നോർമാറ്റീവ് ശാസ്ത്രം എന്ത് ആയിരിക്കണം എന്നതുമായും ബന്ധപ്പെട്ടിരിക്കണം. ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കാൻ കഴിയും. പോസിറ്റീവ് ശാസ്ത്രത്തിന് കീഴിൽ പലിശ നിരക്കിന്റെ വർദ്ധനവ് എന്തുകൊണ്ട്, എങ്ങനെ കുറയ്ക്കാം എന്ന് പരിശോധിക്കും. അതേസമയം നോർമാറ്റീവ് ശാസ്ത്രത്തിനു കീഴിൽ ഇത് നല്ലതാണോ ചീത്തയാണോ എന്ന് കാണാൻ കഴിയും.

ഇവ ഓരോന്നിലെയും മൂന്നു പ്രസ്താവന കൾ താഴേ പറയുന്നു:

പോസിറ്റീവ് സാമ്പത്തിക ശാസ്ത്രം

a. പണവിതരണത്തിലുണ്ടാകുന്ന വർദ്ധനവ് സൂചിപ്പിക്കുന്നത് സമ്പദ്‌വ്യവസ്ഥയിലെ വില വർദ്ധനവ് ആണ്.

b. ജലസേചന സൗകര്യങ്ങൾ രാസവളങ്ങളുടെ ഉപയോഗം എന്നിവ വർദ്ധിപ്പിക്കുമ്പോൾ ഭക്ഷ്യ ധാന്യങ്ങളുടെ ഉല്പാദന വർദ്ധനവ് ഉണ്ടാകുന്നു.

c. ജനനിരക്കിലുള്ള വർദ്ധനവും മരണ നിരക്കിലെ കുറവും ജനസംഖ്യാ വളർച്ച നിരക്കിൽ പ്രതിഫലിക്കുന്നു.

നോർമാറ്റീവ് സാമ്പത്തികശാസ്ത്രം

a. പണച്ചുരുക്കത്തേക്കാൾ പണപ്പെരുപ്പം നല്ലതാണ്.

b. കുറഞ്ഞവളർച്ചയുള്ള രാജ്യങ്ങളിൽ ആഡംബര വസ്തുക്കളുടെ അധിക ഉല്പാദനം നല്ലതല്ല.

c. വരുമാനത്തിലും സ്വത്തിലും ഉള്ള അസമത്വം കുറയ്ക്കണം.

1.5 സാമ്പത്തിക ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ

മറ്റു ശാസ്ത്രങ്ങളെപോലെ സാമ്പത്തിക ശാസ്ത്രത്തിനും അതിന്റെതായ സിദ്ധാന്തങ്ങളെ വിവരിക്കുന്നതിന് ആശയങ്ങൾ (പദങ്ങൾ) ഉണ്ട്. സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട് പഠിക്കുമ്പോൾ പദങ്ങളുടെ വ്യക്തമായ, അല്ലെങ്കിൽ പൂർണ്ണമായ അർത്ഥം ഗ്രഹിക്കേണ്ടതുണ്ട്. പ്രാഥമിക പരിചയം മാത്രം ഇവിടെ നൽകാൻ ശ്രമിക്കുന്നു.

1.5.1 ചരക്കുകളും സേവനങ്ങളും

ചരക്കുകളും സേവനങ്ങളും മാനുഷിക ആവശ്യങ്ങളെ തപ്തിപ്പെടുത്തുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ചരക്ക് എന്ന പദം സേവനത്തെയും സൂചിപ്പിക്കുന്നു.



ചരക്കുകളെ ഉല്പന്നങ്ങൾ വസ്തുക്കൾ സാധനങ്ങൾ എന്നിങ്ങനെ വിളിക്കാം

a. ഭൗതികവസ്തുക്കളായി അവസ്പഷ്ടമാണ്;

b. ഇവയ്ക്ക് ശാരീരിക അളവുകൾ ഉണ്ട് അതായത് അവയുടെ ഭൗതിക സവിശേഷതകൾ കാലക്രമേണ സംരക്ഷിക്കാനാകും;

c. അവരുടെ ഉടമയിൽ നിന്ന് സ്വതന്ത്രമായി നിലനിൽക്കുന്നു;

d. ചില വ്യക്തികളുടെ ഉടമസ്ഥതയിലാണ്;

e. കൈമാറ്റം ചെയ്യാവുന്നവയാണ്;

f. വിനിമയ മൂല്യം ഉണ്ട്;

ചരക്കുകളുടെ തരങ്ങൾ (സേവനങ്ങളും)

a. സൗജന്യ ചരക്കുകളും സാമ്പത്തിക ചരക്കുകളും

പ്രകൃതിയിൽ വളരെ സുലഭമായി ലഭിക്കുന്നവയാണ് സൗജന്യ ചരക്കുകൾ ഇവ സ്വന്തമാക്കാനോ ഉപയോഗിക്കാനോ മനുഷ്യന് യാതൊരു ചെലവും ആവശ്യമായി വരുന്നില്ല. ഉദാഹരണത്തിന് വായു, സൂര്യപ്രകാശം, കഴിഞ്ഞ കാലങ്ങളിൽ ജലവും ഉദാഹരണമായിരുന്നു. എന്നാൽ ഇപ്പോൾ ജലത്തിന് വിനിമയ മൂല്യമുണ്ട്. അതിനാൽ, ഇത് സൗജന്യ ചരക്കല്ല.

11th Economics Malayalam_Chapter-01.indd 7 2/14/2023 2:53:24 PM

നോബേൽ സമ്മാന ജേതാവായ മിൽട്ടൺഫ്രീഡ്മാൻ തന്റെ പ്രശസ്തമായ വാക്യം സൗജന്യ ഭക്ഷണം എന്നൊന്നില്ല വെറുതെ എന്തെങ്കിലും നേടുക അസാധ്യമാണെന്ന് അദ്ദേഹം അർത്ഥമാക്കുന്നു. സൗജന്യം ആയി വാഗ്ദാനം ചെയ്യുന്നവർ പോലും ഒലു ജന പ്രിയ വ്യക്തിയെ അല്ലെങ്കിൽ സമൂഹത്തെ മൊത്തത്തിൽ ചെലവാക്കുന്നു. അതിന്റെ ചെലവ് മറഞ്ഞിരിക്കുന്നു. മറ്റൊരാൾക്ക് ഒരു ബാഹ്യത്വത്തിൽ നിന്നോ പൊതു നൻമയിൽ നിന്നോ പ്രയോജനം നേടാം. എന്നാൽ മറ്റൊരാൾ ഈ ആനുകൂല്യങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ചെലവ് വഹിക്കണം സാമ്പത്തിക ശാസ്ത്രത്തിൽ ഇതിനെ അവസര ചെലവ് എന്ന് സൂചിപ്പിക്കുന്നു.

പൊതു ചരക്കുകളും സ്വകാര്യചരക്കുകളും

- പൊതുചരക്കുകൾ

  ആരാണ് പണമടയ്ക്കുന്നത് ആരാണ് നൽകാത്തത് എന്നിവ പരിഗണിക്കാതെ എല്ലാവർക്കും പ്രയോഗിക്കാൻ നല്ലതാണ്.

  - അതിരു കവിഞ്ഞ ആനുകൂല്യങ്ങൾ
  - ഉപഭോഗത്തിൽ അനിയന്ത്രിതവും ഒഴിവാക്കാത്തതും

  ഉദാ: ദേശീയ പ്രതിരോധം നിയമം നടപ്പാക്കൽ

- സ്വകാര്യ ചരക്കുകൾ

  ഒരു വ്യക്തി അല്ലെങ്കിൽ കുടുംബം ഉപയോഗിക്കുന്ന ചരക്ക്

  - അതിരു കവിഞ്ഞ ആനുകൂല്യങ്ങളൊന്നുമില്ല
  - ഉപഭോഗത്തിലെ എതിരാളിയും ഒഴിവാക്കുന്നവയും;

  ഉദാ: ഭക്ഷണ പാനീയങ്ങൾ

മറ്റൊരു തരത്തിൽ, സാമ്പത്തിക ചരക്കുകൾ ധാരാളം ലഭ്യമല്ല. അവ വിതരണം കുറവാണ്. അവ സ്വന്തമാക്കാനോ ഉപയോഗിക്കാനോ മനുഷ്യൻ പണം ചെലവഴിക്കണം.

b. ഉപഭോക്തൃ വസ്തുക്കളും മൂലധന വസ്തുക്കളും:

ഉപഭോക്തൃവസ്തുക്കൾ നേരിട്ട് മനുഷ്യ ആവശ്യങ്ങളെതൃപ്തിപ്പെടുത്തുന്നു.ഉദാ:ടി.വി, ഫർണിച്ചർ, ഓട്ടോമൊബൈൽ തുടങ്ങിയവ.



മൂലധനവസ്തുക്കളെ (നിർമ്മാതാവിന്റെ ചരക്കുകൾ എന്നും വിളിക്കുന്നു) ഉപഭോക്താവിന്റെ ആവശ്യങ്ങൾ നേരിട്ട് നിറവേറ്റുന്നില്ല. ഉപഭോക്തൃ വസ്തുക്കൾ ഉല്പാദിപ്പിക്കാൻ അവ സഹായിക്കുന്നു. ഉദാഹരണമായി യന്ത്രങ്ങൾ ഉപഭോക്താക്കളെ നേരിട്ട് തൃപ്തിപ്പെടുത്തുന്നില്ല. പക്ഷേ, ഫാക്ടറികളിൽ, നിർമ്മാതാക്കൾക്ക് അവ ആവശ്യമാണ്.



c. നശിച്ചുപോകുന്ന ചരക്കുകളും സ്ഥിരതയുള്ള ചരക്കുകളും:

നശ്വരവസ്തുക്കൾ ഹ്രസ്വകാലത്തുള്ളതാണ് അവയുടെ ആയുസ്സ് പരിമിതമാണ്. ഉദാഹരണമായി, പഴങ്ങൾ, പൂക്കൾ, മൽസ്യം മുതലായവയ്ക്ക് നീണ്ടകാലമില്ല.



സ്ഥിരതയുള്ള ചരക്കുകൾക്കും അർദ്ധ സ്ഥിരതയുള്ള ചരക്കുകൾക്കും നശ്വര വസ്തുക്കളെക്കാൾ അല്പം ദൈർഘ്യമേറിയ ആയുസ്സ് ഉണ്ട്. ഉദാഹരണം കസേര, മേശ തുടങ്ങിയവ



11th Economics Malayalam_Chapter-01.indd 8 2/14/2023 2:53:26 PM

സേവനങ്ങൾ

ചരക്കുകൾക്കൊപ്പം സേവനങ്ങൾ നിർമ്മിക്കുകയും ഉപഭോഗം ചെയ്യുകയും ചെയ്യുന്നു. അവ പൊതുവായി ഇനിപറയുന്നവ കൈവശമുള്ളവയാണ്:

- **അദൃശ്യമായ കാര്യങ്ങൾ**: അദൃശ്യമായ വസ്തുക്കൾക്ക് ഭൗതിക നിലനിൽപ്പില്ല എന്നാൽ മറ്റു വസ്തുക്കളുമായി ബന്ധപ്പെട്ട് നില കൊള്ളുന്നു. ഉദാഹരണം ഉല്പന്ന മാതൃക, പ്രശസ്തിയുടെ ജനപ്രീതിമൂല്യം തുടങ്ങിയവ. എന്നാൽ ഇന്ന്, അദൃശ്യമായ കാര്യങ്ങൾ പരിവർത്തനം ചെയ്യപ്പെടുകയും അവ സ്പഷ്ടമായ ഇനങ്ങളായി സംഭരിക്കുകയും ചെയ്യുന്നു. ഒരു പെൻഡ്രൈവിൽ ഒരു സംഗീത ഭാഗം റെക്കോർഡ് ചെയ്യുന്നപോലെ അവയെ ചരക്കായി വിപണനം ചെയ്യാം.
- **വൈധ്യമാർന്ന** : പ്രദേശങ്ങൾ അല്ലെങ്കിൽ സാംസ്കാരിക പശ്ചാത്തലങ്ങളിൽ സേവനങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. ഗുണനിലവാര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവയെ തരംതിരിക്കാം. ഒരൊറ്റ തരം സേവനം ഒന്നിലധികം അനുഭവങ്ങൾ നൽകുന്നു. ഉദാഹരണത്തിന്, സംഗീതം, ഡോക്ടറുടെ പരിശോധന തുടങ്ങിയവ.
- **നിർമാതാക്കളിൽ നിന്ന് വേർതിരിക്കാനാവാത്തത്:** സേവനങ്ങൾ അവരുടെ നിർമ്മാതാക്കളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണത്തിന്, അദ്ധ്യാനവും തൊഴിലാളിയും അഭേദ്യമാണ്
- **നശിച്ചുപോകുന്നത്:** സേവനങ്ങളെ അസ്തികൾപോലുള്ള വിവരപട്ടികയായി സൂക്ഷിക്കാൻ കഴിയില്ല. ഉദാഹരണത്തിന് മത്സരം അവസാനിച്ചു കഴിഞ്ഞാൽ ഒരു ക്രിക്കറ്റ് മത്സരത്തിനുള്ള ടിക്കറ്റ് കൈവശം വയ്ക്കുന്നത് പ്രയോജനകരമല്ല. ഇത് സംഭരിക്കാനാവില്ല. ഇതിന് വിനിമയ മൂല്യമില്ല.

1.5.2 ഉപയുക്തത

a. അർത്ഥം

ഉപയുക്തത എന്നാൽ ഉപയോഗക്ഷമത എന്നർത്ഥം സാമ്പത്തിക ശാസ്ത്രത്തിൽ ഉപയുക്തത എന്നാൽ ഒരു ചരക്ക് അല്ലെങ്കിൽ സേവനം പൂർത്തിയാക്കാനുള്ള ഒരു വ്യക്തിഗത ഉപഭോക്താവിനുള്ള തൃപ്തികരമായ ഊർജം എന്നതാണ്. ഒരു പ്രത്യേക സമയത്തും ഒരു പ്രത്യേക സ്ഥലത്തും ഉള്ള ചരക്കിന്റെ ആവശ്യകതയാണ് ഉപയുക്തത.



b. ഉപയുക്തതയുടെ സവിശേഷതകൾ

1. ഉപയുക്തത മനഃശാസ്ത്രമാണ് ഇത് ഉപഭോക്താവിന്റെ മാനസിക മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിന്, ഒരു വെജിറ്റേറിയൻ ഒരു മട്ടണിൽ നിന്ന് യാതൊരു ഉപയോഗവും നേടുന്നില്ല;
2. ഉപയുക്തത ഉപയോഗ ക്ഷമതയ്ക്കു തുല്യ മല്ല ഉദാഹരണമായി ഒരു പുകവലിക്കാരൻ ഒരു സിഗരറ്റിൽ നിന്ന് ഉപയുക്തത നേടുന്നു. എന്നാൽ അയാളുടെ ആരോഗ്യത്തെ ബാധിക്കുന്നു;
3. ഉപയുക്തത ആനന്ദത്തിന് തുല്യമല്ല രോഗിയായ ഒരാൾ മരുന്ന് കഴിക്കുന്നതിൽ നിന്ന് പ്രയോജനം നേടുന്നു. പക്ഷേ, തീർച്ചയായും അത് ആനന്ദം നൽകുന്നില്ല;
4. ഉപയുക്തത വ്യക്തിപരവും ആപേക്ഷികവുമാണ് ഒരു വ്യക്തി വ്യത്യസ്ത സാഹചര്യങ്ങളിലും സ്ഥലങ്ങളിലും ഒന്നിൽ നിന്ന് വ്യത്യസ്തമായ ഉപയുക്തത നേടുന്നു;
5. മനുഷ്യന്റെ ആഗ്രഹത്തിന്റെ തീവ്രതയുടെ പ്രവർത്തനമാണ് ഉപയുക്തത. വ്യക്തിഗത ഉപഭോക്താവ് കുറഞ്ഞ ഉപയുക്തത എന്ന പ്രവണതയെ നേരിടേണ്ടിവരുന്നു;
6. ഉപയുക്തത എന്നത് ആത്മനിഷ്ഠമായ പദമാണ്. ഇത് സംഖ്യാപരമായി അളക്കാൻ കഴിയില്ല;
7. ഉപയുക്തതയ്ക്ക് നൈതിക പ്രാധാന്യമില്ല ഉദാഹരണത്തിന്, ഒരു പാചകക്കാരന് ഒരു

11th Economics Malayalam_Chapter-01.indd 9 2/14/2023 2:53:26 PM

കത്തി ഉപയോഗിച്ച് പച്ചക്കറികൾ മുറിക്കുമ്പോൾ ഉപയുക്തത ലഭിക്കുന്നു. ഒരു കൊലയാളി ശത്രുവിനെ കത്തി ഉപയോഗിച്ച് കുത്താൻ ആഗ്രഹിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ, ഒരു ചരക്കിന് മനുഷ്യന്റെ ആഗ്രഹം പൂർത്തിയാക്കാൻ കഴിയുന്നെങ്കിൽ അതിന് ഉപയുക്തത ഉണ്ട്;

c. ഉപയുക്തതയുടെ തരങ്ങൾ

ഉപയുക്തതയുടെ തരങ്ങൾ ഇനിപറയുന്നത്

1. **രൂപ ഉപയുക്തത** : ഒരു പ്രത്യേക ഉപഭോക്താവ് ഒരു ചരക്ക് അല്ലെങ്കിൽ സേവനത്തിൽ നിന്ന് ഒരു പ്രത്യേക രൂപത്തിൽ ലഭ്യമാകുമ്പോൾ മാത്രമേ ഉപയുക്തത നേടൂ. അസംസ്കൃത വസ്തുക്കൾ അവയുടെ യഥാർത്ഥ രൂപത്തിൽ ഒരു ഉപഭോക്താവിന് ഉപയോഗമുണ്ടായിരിക്കില്ല. എന്നാൽ പൂർത്തിയായ ഉല്പന്നങ്ങളായി മാറുന്നതിനനുസരിച്ച് അവ മാറ്റിയ രൂപങ്ങളിൽ അവ അവന് പ്രയോജനപ്പെടുത്തുന്നു. ഉദാഹരണം അസംസ്കൃത വസ്തുവായ പരുത്തിക്ക് ഒരു ഉപഭോക്താവിന് ഉപയോഗമുണ്ടായിരിക്കില്ല. എന്നാൽ ഒരു തുണിയായി ഒരു പുതിയ രീതിയിൽ ലഭിക്കുമ്പോൾ അത് ഉപഭോക്തൃ ഉപയുക്തത നേടുന്നു.
2. **സമയ ഉപയുക്തത**: ഒരു രോഗി രക്തത്തിൽ നിന്ന് സമയ ഉപയുക്തത ലഭിക്കുന്നു മറിച്ച് ദാനം ചെയ്യുന്ന സമയത്തല്ല എന്നാൽ അത് ഉപയോഗിച്ച് ഓപ്പറേഷൻ നടത്തുന്ന സമയത്ത് മാത്രമാണ് ഉപയുക്തത ലഭിക്കുന്നത്.
3. **സ്ഥല ഉപയുക്തത** : ഒരു വിദ്യാർത്ഥി ഒരു പുസ്തകത്തിൽ നിന്ന് സ്ഥല ഉപയുക്തത നേടുന്നു അല്ലാതെ അതിന്റെ പ്രസിദ്ധീകരണ സ്ഥലത്തല്ല മാത്രമല്ല അവന്റെ വിദ്യാഭ്യാസ സ്ഥലത്ത് മാത്രമാണ് സ്ഥലം ഉപയോഗപ്പെടുത്തുന്നത്.
4. **സേവന ഉപയുക്തത**: ഒരു വ്യക്തിഗത ഉപഭോക്താവിന് ഏറ്റവും ആവശ്യമുള്ള സമയത്ത് ലഭ്യമായ ഒരു സേവന ഉപയുക്തത ലഭിക്കുന്നു. ഉദാഹരണത്തിന് കക്ഷികൾ അവരുടെ അഭിലാഷകരിൽ നിന്ന് സേവന ഉപയുക്തത നേടുന്നു.
5. കൈവശാവകാശ ഉപയുക്തത: ഒരു വിദ്യാർത്ഥി ഒരു പുസ്തകവില്പനക്കാരനിൽ നിന്ന് ഒരു പുസ്തകമോ നിഘണ്ടുവോ വാങ്ങുമ്പോൾ അത് മാത്രമേ ഉപയുക്തത നൽകുന്നുള്ളൂ.
6. **അറിവ് ഉപയുക്തത** : പ്രത്യേക കാര്യങ്ങളെക്കുറിച്ച് അറിവുണ്ടായിരിക്കുമ്പോൾ ഉപയുക്തത ലഭിക്കുന്നു. ഒരു വസ്തുവിനെ കുറിച്ചുള്ള വിവരങ്ങളുടെ ഉറവിടമായി പരസ്യങ്ങൾ കാണപ്പെടുന്നു.

d. ഉപയുക്തതയുടെ അളവ്

ഒരു വ്യക്തിയുടെ ആഗ്രഹങ്ങൾ ഉപഭോഗത്തിൽ സംതൃപ്തമാണ്. യൂട്ടിൽസ് എന്ന യൂണിറ്റിൽ ഉപയുക്തത അളക്കാം. ഉപയുക്തത അളക്കാനുള്ള യൂണിറ്റാണ് യൂട്ടിൽ ഒരു വ്യക്തി ഒരു ചരക്കിന്റെ യൂണിറ്റിന് അയാൾക്ക് ലഭിച്ച ഉപയുക്തതക്കു തുല്യമായി ഒരു വില നൽകുന്നു. പണത്തിന്റെ അളവുകോൽ ഉപയോഗിച്ച് പരോക്ഷമായി ഉപയുക്തത അളക്കാൻ കഴിയുമെന്ന് മാർഷൽ പറയുന്നു.

1.5.3 വില

നണത്തിന്റെ രൂപത്തിൽ ചരക്കുകളുടെ മൂല്യം പ്രകടിപ്പിക്കുന്നതിനെയാണ് വില എന്നു പറയുന്നത്. ഒരു ചരക്കിന്റെ വില നിശ്ചയിക്കുന്നത് ചരക്കിന്റെ ചോദനവും പ്രദാനവുമാണ്. എന്ത് ഉല്പാദിപ്പിക്കണം, ഏത് അളവിലാണ് വില നിർണ്ണയിക്കുന്നത് എങ്ങനെയാണ് ഉല്പാദിപ്പിക്കുന്നത് എന്നും ഇത് തീരുമാനിക്കുന്നു.

1.5.4 കമ്പോളം

പൊതുവായി കമ്പോളം എന്നാൽ ചരക്കുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലമാണ്.

എന്നാൽ സാമ്പത്തിക ശാസ്ത്രത്തിൽ വാങ്ങുന്നവരും വിൽക്കുന്നവരും ഒരു വിലയ്ക്കുമുകളിലുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റത്തിലേക്ക് പ്രവേശിക്കുന്നു

1.5.5 ചെലവ്

ചെലവ് എന്നത് ഒരളവ് ചരക്ക് ഉല്പാദിപ്പിക്കുന്നതിനൊ നേടുന്നതിനോ ഉള്ള ചെലവുകളെ സൂചിപ്പിക്കുന്നു. വരുമാനത്തിനൊപ്പം ഇത് നേടിയ ലാഭത്തെയോ നഷ്ടം വരുത്തിയ സ്ഥാപനത്തെയോ നിർണ്ണയിക്കുന്നു.

11th Economics Malayalam_Chapter-01.indd 10 2/14/2023 2:53:26 PM


1.5.6 വരുമാനം

ചരക്കുകളുടെയും സേവനങ്ങളുടെയും വില്പനയിൽ നിന്ന് ലഭിക്കുന്നതാണ് വരുമാനം.മൊത്ത വരുമാനം (TR) എന്നത് ഒരു ചരക്കിന്റെ എല്ലാ യൂണിറ്റുകളുടെയും വില്പനയിൽ നിന്ന് ലഭിക്കുന്ന പണമാണ്. അങ്ങനെ $TR = P \times Q$, ഇവിടെ TR എന്നത് മൊത്ത വരുമാനം P എന്നത് ഒരു യൂണിറ്റ് ചരക്കിന്റെ വില Q എന്നത് വിറ്റചരക്കുകളുടെ മൊത്ത അളവാണ്.

1.5.7 സന്തുലിതാവസ്ഥ

a. സ്ഥിരതയുള്ള സന്തുലിതാവസ്ഥ

പ്രൊഫ. സ്റ്റിഗ്ളർ പ്രസ്താവിക്കുന്നത് ഒരു സ്ഥാനത്ത് നിന്ന് നീങ്ങാനുള്ള പ്രവണതയില്ലാത്ത അവസ്ഥയാണ് സന്തുലിതാവസ്ഥ എന്നാണ്. ഇതിന്റെ അഭാവത്തെ അസന്തുലിതാവസ്ഥ എന്നു പറയുന്നു. പരമാവധി സംതൃപ്തി ലഭിക്കുമ്പോൾ ഉപഭോക്താവ് സന്തുലിതാവസ്ഥയിൽ എത്തിച്ചേരുന്നു. പരമാവധി ലാഭം ലഭിക്കുമ്പോൾ ഒരു ഉല്പാദകൻ സന്തുലിതാവസ്ഥയിൽ എത്തിച്ചേരുന്നു. ഒരു വിഭവം പൂർണ്ണമായി ജോലിചെയ്യുകയും അതിന്റെ പരമാവധി പ്രതിഫലം ലഭിക്കുകയും ചെയ്യുമ്പോൾ ഉല്പാദകൻ സന്തുലിതാവസ്ഥയിൽ എത്തുന്നു. സ്ഥിര സന്തുലിതാവസ്ഥ നിശ്ചിത അല്ലെങ്കിൽ സ്ഥിരവില, അളവ്, വരുമാനം, സാങ്കേതിക വിദ്യ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ളതാണ്.



ചിത്രം **1.1**

b. പ്രത്യേക സന്തുലിതാവസ്ഥയും പൊതു സന്തുലിതാവസ്ഥയും

ഒരു വേരിയബിളിനെ സംബന്ധിച്ചിടത്തോളം ഒരു സന്തുലിതാവസ്ഥയെ പ്രത്യേക സന്തുലിതാവസ്ഥ എന്ന് വിളിക്കാം.

മറുവശത്ത്, ഒരു സന്തുലിതാവസ്ഥ നിരവധി വേരിയബിളുകളുമായി അല്ലെങ്കിൽ സമ്പദ്‌വ്യവസ്ഥയെ മൊത്തത്തിൽ ബന്ധപ്പെടുമ്പോൾ അതിനെ പൊതു സന്തുലിതാവസ്ഥ എന്ന് വിളിക്കാം.

1.5.8 വരുമാനം

ഒരു സാമ്പത്തിക യൂണിറ്റിലേക്ക് ഒരു നിശ്ചിത കാലയളവിൽ സമ്പാദിച്ചതോ ആയ പണമോ മറ്റ് വരുമാനമോ പ്രതിനീധീകരിക്കുന്നു. നാമമാത്ര വരുമാനം എന്നത് പണത്തെ അടിസ്ഥാനമാക്കി പ്രകടിപ്പിക്കുന്ന വരുമാനത്തെ അല്ലെങ്കിൽ വലിയ തുകയെ സൂചിപ്പിക്കുന്നു.

പണം വരുമാനമായി വാങ്ങാൻ കഴിയുന്ന സാധനങ്ങളുടെ അളവാണ് *യഥാർത്ഥ വരുമാനം*. പണപ്പെരുപ്പ നിരക്കിനെ അടിസ്ഥാനമാക്കിയുള്ള വരുമാനത്തിന്റെ വാങ്ങൽ ശേഷിയാണിത്.

1.6 സാമ്പത്തികശാസ്ത്രം അതിന്റെ രീതികൾ, വസ്തുതകൾ, സിദ്ധാന്തങ്ങൾ നിയമങ്ങൾ

1.6.1 സാമ്പത്തികരീതികൾ അനുമാനവും പ്രേരകവും

മറ്റേതൊരു ശാസ്ത്രത്തെയും പോലെ സാമ്പത്തികശാസ്ത്രത്തിനും നിയമങ്ങളും സാമാന്യവൽക്കരണങ്ങളും ഉണ്ട്. ഉല്പാദനം, ഉപഭോഗം, വിനിമയം, വിതരണം എന്നിങ്ങനെയുള്ള സാമ്പത്തികശാസ്ത്രത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രവർത്തനങ്ങളെ ഈ നിയമങ്ങൾ നിയന്ത്രിക്കുന്നു. ഒരു ശാസ്ത്രത്തിൽ ഒരു നിയമത്തിലേക്കോ സാമാന്യവൽക്കരണത്തിലേക്കോ എത്തുന്നതിനുള്ള യുക്തിസഹമായ പ്രക്രിയയെ അതിന്റെ രീതി എന്നു വിളിക്കുന്നു.

11th Economics Malayalam_Chapter-01.indd 11 2/14/2023 2:53:26 PM



സാമ്പത്തിക ശാസ്ത്രം രണ്ട് രീതികൾ ഉപയോഗിക്കുന്നു. അനുമാനവും പ്രേരകവും.

a. സാമ്പത്തിക വിശകലനത്തിന്റെ അനുമാന രീതി

ഇതിനെ അപഗ്രഥനമായ അല്ലെങ്കിൽ അമൂർത്ത രീതി എന്നും വിളിക്കുന്നു. പൊതുവായ സത്യങ്ങളിൽ നിന്ന് നിഗമനങ്ങളിൽ എത്തിച്ചേരുന്നതിൽ ഇത് അടങ്ങിയിരിക്കുന്നു. ഇതിന് കുറച്ചു പൊതു തത്വങ്ങൾ എടുക്കുകയുംനിഗമനങ്ങളിൽഎത്തിച്ചേരാൻഅവപ്രയോഗിക്കുകയും ചെയ്യുന്നു. സാമ്പത്തിക ശാസ്ത്രജ്ഞരുടെ ക്ലാസിക്കൽ, നിയോക്ലാസിക്കൽ സ്കൂൾ, റിക്കാർഡോ, സീനിയർ, ജെ.എസ്. മിൽത്തസ്, മാർഷൽ, പിഗു എന്നിവരുടെ സാമ്പത്തിക അന്വേഷണങ്ങളിൽ അനുമാന രീതി ഉപയോഗിച്ചു.

അനുമാന രീതിയുടെ ഘട്ടങ്ങൾ

- **ഘട്ടം 1:** അന്വേഷിക്കേണ്ട പ്രശ്നത്തെക്കുറിച്ച് വിശകലനത്തിന് വ്യക്തവും കൃത്യവുമായി ആശയങ്ങൾ ഉണ്ടായിരിക്കണം.
- **ഘട്ടം2:**വിശകലനത്തിന്ഉപയോഗിച്ചിരിക്കുന്ന സാങ്കേതികപദങ്ങൾ വിശകലനം ചെയ്യുന്ന വ്യക്തി വ്യക്തമായി നിർവചിച്ചിരിക്കുന്നു. കൂടാതെ, സിദ്ധാന്തത്തിന്റെ അനുമാനങ്ങൾ അസമാനങ്ങൾ കൃത്യമായിരിക്കണം.
- **ഘട്ടം 3:** എടുത്ത അനുമളിൽ നിന്ന് തെളിയിക്കപ്പെടേണ്ട അനുമാനം കുറയ്ക്കുക.
- **ഘട്ടം 4:** യഥാർത്ഥ ലോകത്തിലെ സംഭവങ്ങൾ നേരിട്ട് നിരീക്ഷിക്കുന്നതിലൂടെയും സ്ഥിതി വിവരകണക്ക് രീതികളിലൂടെയും അനുമാനങ്ങൾ പരിശോധിക്കണം ഉദാഹരണം ഒരു ചരക്കിന്റെ ചോദനത്തിന്റെ അളവും വിലയും തമ്മിൽ വിപരീത ബന്ധം നിലനിൽക്കുന്നു.

b. പ്രേരക രീതിയനുസരിച്ചുള്ള സാമ്പത്തിക വിശകലനം

സാമ്പത്തിക ശാസ്ത്രത്തിന്റെ ചരിത്ര വിദ്യാലയം ആണ് പ്രേരക രീതിയെ ഉപയോഗിച്ചിട്ടുള്ളത് ഇതിനെ ഇതിൽ പ്രത്യേക വസ്തുതകളിൽ നിന്ന് പൊതുതത്വത്തിലേക്ക് യുക്തിസഹമായ പ്രക്രിയ ഉൾപ്പെടുന്നു.

സാമ്പത്തികസാമാന്യവൽക്കരണങ്ങൾഈ രീതിയനുസരിച്ച് ലഭിക്കുന്നത് താഴേപറയുന്നവയെ അടിസ്ഥാനമാക്കിയാണ്

(i) പരീക്ഷണങ്ങൾ;

(ii) നിരീക്ഷണങ്ങൾ,

(iii) സ്ഥിതി വിവരകണക്ക് രീതികൾ.

- **ഘട്ടം 1:** ഒരു പ്രത്യേക സാമ്പത്തിക പ്രതിഭാസത്തെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു. ഇവ വ്യവസ്ഥാപിതമായി ക്രമീകരിക്കുകയും അവയിൽനിന്ന്പൊതുവായനിഗമനങ്ങളിൽഎത്തിച്ചേരുകയും ചെയ്യുന്നു.
- **ഘട്ടം 2:** വിവരങ്ങൾ നിരീക്ഷിക്കുന്നതിലൂടെ നിഗമനങ്ങളിൽ എത്തിച്ചേരാം.
- **ഘട്ടം 3:** വിവരങ്ങളുടെ പൊതുവൽക്കരണവും തുടർന്ന് പരികല്പന രൂപീകരണവും
- **ഘട്ടം 4:** പരികല്പനയുടെ സ്ഥിരീകരണം (ഉദാഹരണം ഏഞ്ചലിന്റെ നിയമം)

> ഏഞ്ചലിന്റെ നിയമം അനുസരിച്ച് മൊത്ത ചെലവ് വർദ്ധിക്കുന്നതനുസരിച്ച് ഭക്ഷ്യ വസ്തുക്കളുടെ മൊത്തം ചെലവിലുണ്ടാകുന്ന അനുപാതം കുറയാനിടയാകുന്നു

ഈ രണ്ട് രീതികളും പരസ്പരം പൂരകമെന്ന് ഇപ്പോഴുമുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ശാസ്ത്രീയ ചിന്തക്ക് അനുമാനരീതി, പ്രേരകരീതി എന്നിവ ആവശ്യമാണ്. കാരണം നടക്കാൻ വലതും ഇടതും കാൽ ആവശ്യമാണ്

11th Economics Malayalam_Chapter-01.indd 12 2/14/2023 2:53:27 PM

1.6.2 സാമ്പത്തികശാസ്ത്രം വസ്തുതകൾ സിദ്ധാന്തങ്ങൾ

ഈ രീതികൾ ഉപയോഗിച്ച് ഒരു പദാർത്ഥത്തിന്റെ വിലയിലെമാറ്റങ്ങൾപോലുള്ളവസ്തുതകൾസാമ്പത്തിക വിദഗ്ധർ നിരീക്ഷിക്കുന്നു. അതുപോലെ പദാർത്ഥത്തിന്റെആവശ്യപ്പെടുന്നഅളവുംവ്യത്യാസപ്പെടുന്നു. അദ്ദേഹം ഈ ചലനങ്ങൾ നിരീക്ഷിക്കുകയും ഈ രണ്ട് ചലനങ്ങളും വിപരീതമായി ബന്ധപ്പെട്ടിരിക്കുന്നു. എന്ന ഒരു സിദ്ധാന്തവുമായി വരികയും ചെയ്യുന്നു. അതായത് വിലവർദ്ധീകരിക്കുമ്പോൾ ആ പദാർത്ഥത്തിന്റെ ചോദനത്തിന്റെ അളവ് കുറയുകയും ചെയ്യുന്നു. അങ്ങനെ അദ്ദേഹം തന്റെ ചോദന സിദ്ധാന്തത്തിന് രൂപം നൽകുന്നു. കൂടുതൽ വസ്തുതകൾ ശേഖരിച്ചു കൊണ്ട് അദ്ദേഹം തന്റെ സിദ്ധാന്തത്തെ പരീക്ഷിക്കുന്നു.

അദ്ദേഹത്തിന്റെ സിദ്ധാന്തം സമയത്തിന്റെ പരീക്ഷണമായി നൽകുകയും സാർവത്രിക സ്വീകാര്യത നേടുകയും ചെയ്യുമ്പോൾ സിദ്ധാന്തം ഒരു നിയമത്തിന്റെ നിലയിലേക്ക് ഉയർത്തപ്പെടുന്നു.

1.6.3 സാമ്പത്തിക നിയമങ്ങളുടെ സ്വഭാവം

ഒരു നിയമം രണ്ടിൽ കൂടുതൽ പ്രതിഭാസങ്ങൾ തമ്മിലുള്ള കാര്യകാരണ ബന്ധം പ്രകടിപ്പിക്കുന്നു. മാർഷൽ പ്രസ്താവിക്കുന്നത് എന്തെന്നാൽ സാമ്പത്തിക നിയമങ്ങൾ പ്രവണതകളുടെ പ്രസ്താവനയാണെന്നും ആ പെരുമാറ്റ ശാഖകളുമായി ബന്ധപ്പെട്ട സാമൂഹിക നിയമങ്ങൾ ശക്തി പണത്തിന്റെ വിലകൊണ്ട് അളക്കാമെന്നും ആണ്.

പ്രകൃതിശാസ്ത്രത്തിൽ ഒരു പ്രത്യേക കാരണത്തിൽ നിന്ന് ഒരു നിശ്ചിത ഫലം പിന്തുടരുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിലനിയമങ്ങൾകാരണവുംഫലവുംഉപയോഗിച്ച്പ്രവർത്തിക്കുന്നു. വിവരങ്ങൾ പ്രവചിച്ച പരിണിതഫലങ്ങൾ അനിവാര്യമായും സ്ഥിരമായും പിന്തുടരുന്നു. എന്നിരുന്നാലും സാമ്പത്തികനിയമങ്ങൾ പോലെ കൃത്യവുമല്ല ഗുരുത്വാകർഷണ നിയമവുമായി കൃത്യമായി താരതമ്യപ്പെടുത്താവുന്ന സാമ്പത്തിക നിയമങ്ങളൊന്നുമില്ലെന്ന അഭിപ്രായമാണ് മാർഷലിന്റെ നിലപാട്.

മൈക്രോഇക്കണോമിക്സിന്റെ പ്രാധാന്യം

- ഒരു സമ്പദ്വ്യവസ്ഥയുടെ പ്രവർത്തനം മനസ്സിലാക്കാൻ
- സാമ്പത്തിക നയങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുന്നതിന്
- സാമ്പത്തികക്ഷേമത്തിന്റെ അവസ്ഥ പരിശോധിക്കുന്നതിന്
- വിഭവങ്ങളുടെ പൂർണ്ണവിനിയോഗം
- അന്താരാഷ്ട്ര വ്യാപാരത്തിന് ഉപയോഗപ്രദമാണ്
- തീരുമാനമെടുക്കുന്നതിൽ ഉപയോഗപ്രദമാണ്
- പ്രവചനത്തിനുള്ള അടിസ്ഥാനം
- വില നിർണ്ണയം

ഒരു ഭതിക ശാസ്ത്രജ്ഞൻ തന്റെ ലബോറട്ടറിയിൽ നിയന്ത്രിത പരീക്ഷണങ്ങൾ നടത്തുന്നു. അവിടെ ലഭിക്കുന്ന വ്യവസ്ഥകൾ മാറ്റിക്കൊണ്ട് ശാസ്ത്രീയ നിയമങ്ങൾ വളരെ എളുപ്പത്തിൽ പരീക്ഷിക്കാൻ കഴിയും. സാമ്പത്തികശാസ്ത്രത്തിലെ മാറ്റങ്ങൾ എളുപ്പത്തിൽ കൊണ്ടുവരാൻ കഴിയില്ല. തൽഫലമായി മനുഷ്യന്റെ പെരുമാറ്റം സംബന്ധിച്ച പ്രവചനം തെറ്റായി പോകാൻ സാധ്യതയുണ്ട്. ചോദനനിയമത്തിൽ അപവാദങ്ങളുണ്ട്. ആയതിനാൽ, സാമ്പത്തിക നിയമങ്ങൾ ലംഘിഘാനാവില്ല.

പ്രവചനാതീതം സാമ്പത്തിക നിയമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉയർന്ന വേലിയേറ്റം താഴ്ന്നവേലിയേറ്റത്തെ പിൻതുടരുമെന്ന് കൃത്യമായി പ്രവചിലക്കാനും പറയാനും കഴിയാത്തതു പോലെ സാമ്പത്തിക ശാസ്ത്രത്തിൽ പ്രവചനാതീതം നിലനിൽക്കുന്നു. മനുഷ്യന്റെ പെരുമാറ്റം അസ്ഥിരമാണ്. സാമ്പത്തിക നിയമങ്ങൾ ഉറപ്പുള്ളവയല്ല. പക്ഷേ അവ സൂചിപ്പിക്കുന്നവയാണ് ഉദാഹരണത്തിന്, ചോദന നിയമം പ്രസ്താവിക്കുന്നത് മറ്റു കാര്യങ്ങൾ അതേപടിനിലകൊള്ളുമ്പോൾഒരുപദാർത്ഥത്തിന്റെ വില കുറയുമ്പോൾ ചോദനത്തിന്റെ അളവ് വർദ്ധിക്കുന്നുവെന്നും അവ തിരിച്ചും നടക്കുന്നുവെന്നും പറയുന്നു.

അവശേഷിക്കുന്ന മറ്റുകാര്യങ്ങൾ സ്ഥിരമായിരിക്കും എന്ന അനുമാനത്തിന്റെ ഉപയോഗത്തിൽ

11th Economics Malayalam_Chapter-01.indd 13 2/14/2023 2:53:27 PM

സാമ്പത്തിക ശാസ്ത്രത്തിലെ സാമ്പത്തിക നിയമങ്ങൾസാങ്കല്പികമാണ്.മറ്റുശാസ്ത്രങ്ങളിലെനിയമങ്ങളെ സാങ്കല്പികം എന്നും വിളിക്കാം. എന്നിരുന്നാലും സാമ്പത്തിക ശാസ്ത്രത്തിന്റെ കാര്യത്തിൽ അതിന്റെനിയമങ്ങളിലെസാങ്കല്പികമെന്ന്വിളിക്കാം. എന്നിരുന്നാലുംസാമ്പത്തികശാസ്ത്രത്തിന്റെകാര്യത്തിൽ അതിന്റെ നിയമങ്ങളിലെ സാങ്കല്പിക ഘടകങ്ങൾ ഭൗതിക ശാസ്ത്രനിയമങ്ങളെക്കാൾ അല്പം കുറവാണ് എന്നു സമ്മതിക്കണം.

എന്നാൽ പണം അളക്കുന്ന അളവുകോൽ ആയി ഉപയോഗിക്കുന്നതിനാൽ സാമ്പത്തിക ശാസ്ത്രത്തിലെ നിയമങ്ങൾ മറ്റു സാമൂഹിക ശാസ്ത്രങ്ങളെ അപേക്ഷിച്ച് കൂടുതൽ കൃത്യവുമാണ് അളവുകോലിന്റെ മൂല്യം സ്ഥിരമല്ലാത്തതിനാൽ സാമ്പത്തികശാസ്ത്ര നിയമങ്ങളെ ചുറ്റിപറ്റിയുള്ള ഒരു സാങ്കല്പിക ഘടകമുണ്ട്.

ചിലചാമ്പത്തികനിയമങ്ങൾകേവലംസത്യമാണ്. ഉദാഹരണത്തിന് സമ്പാദ്യം വരുമാനത്തിന്റെ ഒരു പ്രവർത്തനമാണ് സത്യസന്ധതയുടെ മറ്റൊരു ഉദാഹരണ ംമനുഷ്യന്റെ ആഗ്രഹങ്ങൾ പരിമിതിയില്ലാത്തവയാണ്.

1.7 സാമ്പത്തികശാസ്ത്ര അതിന്റെ ഉപവിഭാഗങ്ങൾ

സാമ്പത്തികശാസ്ത്രത്തെ ചില ശാഖകളായി തരംതിരിച്ചിരിക്കുന്നു.

1.7.1 ഉപഭോഗം

മനുഷ്യന്റെ ആഗ്രഹം ഉപഭോഗത്തിൽ വരുന്നത് സാമ്പത്തിക പ്രവർത്തനത്തിന്റെ ആരംഭ ബിന്ദുവാണ്. ഈ വിഭാഗത്തിൽ ഉപഭോക്താവിന്റെ പെരുമാറ്റത്തെ അടിസ്ഥാനമാക്കി മനുഷ്യന്റെ ആഗ്രഹങ്ങളുടെ സവിശേഷതകൾ, കുറഞ്ഞ സീമാന്ത ഉപയുക്തത, ഉപഭോക്തൃ മിച്ചം എന്നിവ കൈകാര്യം ചെയ്യുന്നു.

1.7.2 ഉല്പാദനം

ഇൻപുട്ടുകളെ ഔട്ട്പുട്ടാക്കി മാറ്റുന്ന പ്രക്രിയയാണ് ഉത്പാദനം ഈ വിഭാഗത്തിൽ ഉല്പാദക ഘടകങ്ങളുടെ സവിശേഷതകളും പങ്കും ഉൾകൊള്ളുന്നു ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയും എൻപുട്ടും ഔട്ട്പുട്ടും തമ്മിലുള്ള ബന്ധവും ഇത് ഉൾക്കൊള്ളുന്നു.

1.7.3 വിനിമയം

വിനിമയം വ്യത്യസ്ത കമ്പോള രൂപങ്ങളിലെ വില നിർണ്ണയവുമായി ബന്ധപ്പെട്ടതാണ്. ഈ വിഭാഗത്തിൽ വ്യാപാരവും വാണിജ്യവും ഉൾക്കൊള്ളുന്നു. ഉല്പാദിപ്പിച്ച വസ്തുക്കളെ ഉപഭോക്താവിന്റെ കൈകളിൽ എത്തിച്ചാലേ ഉപഭോഗം സാധ്യമാകൂ.

1.7.4 വിതരണം

ഉല്പാദക ഘടകങ്ങളുടെ ഏകോപനത്തിന്റെ ഫലമാണ് ഉല്പാദനം. ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയുടെ പരിശ്രമത്തിലൂടെയാണ് പദാർത്ഥങ്ങൾ ഉല്പാദിപ്പിക്കുന്നത്. ഉല്പാദിപ്പിച്ച സ്വത്ത് സഹകരിച്ച ഘടകങ്ങൾക്കിടയിൽ വിതരണം ചെയ്യേണ്ടതുണ്ട്. ഉല്പാദക ഘടകങ്ങൾക്കുള്ള പ്രതിഫലമായ വാടക, വേതനം, പലിശ, ലാഭം എന്നിവക്ക് കീഴിൽ ഈ വിഭാഗം പഠിക്കുന്നു. ഉല്പാദക ഘടകങ്ങളുടെ വില നിർണയത്തെ കുറിച്ച് വിതരണം പഠനം നടത്തുന്നു.

1.8 സാമ്പത്തികശാസ്ത്രം അതിന്റെ തരങ്ങൾ

സാമ്പത്തികശാസ്ത്രം പെട്ടെന്ന് വളർന്നുകൊണ്ടിരിക്കുന്ന വിഷയമാണ്. ഇതിന്റെ മേഖലകൾ വികസിച്ചുകൊണ്ടിരിക്കുന്നു. സുസ്ഥിര അടിസ്ഥാനത്തിൽ ജനങ്ങൾക്ക് പരമാവധി ക്ഷേമം ലഭിക്കുന്നതിന് ലഭ്യമായ അപൂർവ വിഭവങ്ങളുടെ കാര്യക്ഷമമായ വിഹിതം ഉണ്ടായിരിക്കണം. എന്നതാണ് അത്തരം കാര്യക്ഷമമായ വിഭവ വിഹിതം നടത്തുന്ന വിഷയത്തിന്റെ ചില പ്രധാന ശാഖകൾ ചുവടെ നൽകിയിരിക്കുന്നു. സാമ്പത്തിക ശാസ്ത്രം അതിവേഗം വളരുന്ന വിഷയമാണ്.

1.8.1 സ്ഥൂല സാമ്പത്തിക ശാസ്ത്രം

മൈക്രോഇക്കണോമിക്സ് എന്നത് വ്യക്തിഗത യൂണിറ്റുകളുടെ സാമ്പത്തികപ്രവർത്തനങ്ങളെ കുറിച്ചുള്ള പഠനമാണ്. ഗാർഹികം,

11th Economics Malayalam_Chapter-01.indd 14 2/14/2023 2:53:27 PM

സ്ഥാപനങ്ങൾ അല്ലെങ്കിൽ വ്യവസായങ്ങൾ വിവിധ ബിസിനസ് സ്ഥാപനങ്ങൾ എന്നിവ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും വാങ്ങുന്നവരുടെയും വിൽപ്പനക്കാരുടെയും സംയോജിത വിഭാഗങ്ങൾ എങ്ങനെ ധനം നിർണ്ണയിക്കുന്നുവെന്ന് ഇത് പഠിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റെ ഉള്ളടക്കങ്ങൾ

(i) മൂല്യസിദ്ധാന്തം (ഉല്പന്ന വില നിർണ്ണയവും ഘടകവില നിർണ്ണയവും)

(ii) സാമ്പത്തിക ക്ഷേമ സിദ്ധാന്തം

മൈക്രോഇക്കണോമിക്സ് മാക്രോഇക്കണോമിക്സ് എന്നീ പദങ്ങൾ ആദ്യമായി സാമ്പത്തിക ശാസ്ത്രത്തിൽ ഉപയോഗിച്ച് നോർവിജിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ റാഗ്നർ ഫ്രഷിൽ 1933 ൽ ആണ്. ഫ്രഷിനു ശേഷം ജെ.എം കെയിൻസ് തൊഴിൽ, പലിശ, പണം എന്നിവയെ കുറിച്ചുള്ള പൊതുസിദ്ധാന്തം 1936 ൽ പ്രസിദ്ധീകരിച്ചു.

1.8.2 മാക്രോഇക്കണോമിക്സ് സാമ്പത്തിക ശാസ്ത്രം

മാക്രോഇക്കണോമിക്സ് എന്നത് സമ്പദ്വ്യവസ്ഥയുടെ മൊത്തത്തിലുള്ള പഠനമാണ്. ദേശീയ ഉല്പാദനം, പണപ്പെരുപ്പം, തൊഴിലില്ലായ്മ, നികുതി തുടങ്ങിയ പഠന സംഗ്രഹങ്ങളാണിത്. ആധുനിക മാക്രോ ഇക്കണോമിക്സിന്റെ അടിസ്ഥാനം കെയിൻസ് പ്രസിദ്ധീകരിച്ച തൊഴിൽ, പലിശ, പണം എന്നിവയുടെ പൊതു സിദ്ധാന്തം ആണ്.



സൂക്ഷ്മസാമ്പത്തികശാസ്ത്രത്തിനും സ്ഥൂലസാമ്പത്തികശാസ്ത്രത്തിനും തമ്മിലുള്ള വ്യത്യാസം

സൂക്ഷ്മസാമ്പത്തിക ശാസ്ത്രം	സ്ഥൂലസാമ്പത്തിക ശാസ്ത്രം
1. നിർമ്മാതാവ്, ഉപഭോക്താവ് തുടങ്ങിയ വ്യക്തിഗത സാമ്പത്തിക തീരുമാനമെടുക്കൽ കൈകാര്യം ചെയ്യുന്നസാമ്പത്തിക ശാസ്ത്രശാഖയാണ് ഇത്.	1. സമ്പദ്വ്യവസ്ഥയുടെ മൊത്തവും ശരാശരിയും കൈകാര്യം ചെയ്യുന്ന സാമ്പത്തിക ശാസ്ത്ര ശാഖയാണ്ഇത്ഉദാ:മൊത്തംഉല്പാദനം,ദേശീയ വരുമാനം, മൊത്ത സമ്പാദ്യം, നിക്ഷേപം മുതലായവ.
2. ഇത് മൊത്ത സമ്പദ്വ്യവസ്ഥയുടെ ചെറിയ ഘടകങ്ങൾ കണക്കിലെടുക്കുന്നു.	2. ഇത് രാജ്യത്തിന്റെ മൊത്തത്തിലുള്ള സമ്പദ്വ്യവസ്ഥയെ കണക്കിലെടുക്കുന്നു.
3. വ്യക്തിഗത ഉല്പന്നങ്ങളുടെയും ഉല്പാദന ഘടകങ്ങളുടെയും കാര്യത്തിൽ വില നിർണ്ണയിക്കുന്ന പ്രക്രിയയുമായി ഇത് ഇടപെടും.	3. ഏത് സമ്പദ്വ്യവസ്ഥയിലെയും പൊതുവായ വില നിലവാരം ഇത് കൈകാര്യം ചെയ്യുന്നു.
4. ഇതിനെ വില സിദ്ധാന്തം എന്നറിയപ്പെടുന്നു	4. ഇതിനെ വരുമാന സിദ്ധാന്തം എന്നറിയപ്പെടുന്നു.
5. ഇത് വ്യക്തിഗത ഉപഭോക്താക്കളുടെയും നിർമ്മാതാക്കളുടെയും നല്ല വശങ്ങളുടെ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ടതാണ്	5. സമ്പദ്വ്യവസ്ഥയുടെ വളർച്ചാ പ്രക്രിയയുടെ നല്ല വശങ്ങളുമായി ബന്ധപ്പെട്ടു കാണപ്പെടുന്നു.

11th Economics Malayalam_Chapter-01.indd 15 2/14/2023 2:53:27 PM

1.8.3 അന്താരാഷ്ട്രസാമ്പത്തികശാസ്ത്രം

ആധുനികലോകത്ത്ഒരുരാജ്യത്തിനുംഒറ്റപ്പെടലിൽ വളരാൻ കഴിയില്ല. വിദേശമൂലധനം, നിക്ഷേപം (നേരിട്ടുള്ള വിദേശ നിക്ഷേപം) എന്നിവയിലൂടെ ഓരോ രാജ്യത്തിനും മറ്റ് രാജ്യങ്ങളുമായി ബന്ധമുണ്ട്.

1.8.4 പൊതുസാമ്പത്തികശാസ്ത്രം *(Public Finance)*

പൊതുധനകാര്യം എന്നത് പൊതു അധികാരി കളുടെ വരുമാനം അല്ലെങ്കിൽ വരുമാനം വർദ്ധിപ്പി ക്കൽ, ചെലവുകൾ എന്നിവയുമായി ബന്ധപ്പെട്ട താണ്. പൊതുധനകാര്യത്തിന്റെ വ്യാപ്തി ഉൾക്കൊ ള്ളുന്നത് പൊതുചെലവ്, പൊതുവരുമാനം, പൊതു കടം, സാമ്പത്തികഭരണം എന്നിവ ഉൾക്കൊള്ളുന്നു.

1.8.5 വികസിത സാമ്പത്തികശാസ്ത്രം

പ്രതിശീർഷ വരുമാനം, മാനവ വികസന സൂചിക, സന്തോഷ സൂചിക എന്നിവയുടെ മാനദണ്ഡങ്ങൾ ക്കനുസൃതമായി രാജ്യങ്ങളെ വികസിതവും വികസ്വരവും എന്നിങ്ങനെ രണ്ടായി തരംതിരി ക്കുന്നു. പുരോഗതി, വിവിധ വളർച്ചാമാതൃകകൾ, തന്ത്രങ്ങൾ എന്നീ സാമ്പത്തിക ഇതര സാമ്പത്തിക ഘടകങ്ങൾ സ്വാധീനിക്കപ്പെടുന്നു.

1.8.6 ആരോഗ്യസാമ്പത്തികശാസ്ത്രം

പ്രായോഗിക സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു മേഖലയാണ് ആരോഗ്യ സാമ്പത്തിക ശാസ്ത്രം ഇതിൽ ഉൾപ്പെടുന്നത് ആരോഗ്യ സൂചകങ്ങൾ പ്രതി രോധ ഗവേഷണ നടപടികളും വിദ്യാഭ്യാസവും, ഗ്രാമീണ ആരോഗ്യ ദൗത്യം മയക്കുമരുന്ന് വില നിയ ന്ത്രണം, നവജാതശിശു സംരക്ഷണം, പ്രസവ ശിശു ആരോഗ്യം, ആരോഗ്യത്തിനു വേണ്ടി ബഡ്ജറ്റ് വിഹിതം തുടങ്ങിയവ.

1.8.7 പരിസ്ഥിതി സാമ്പത്തിക ശാസ്ത്രം

പ്രകൃതിവിഭവങ്ങളുടെ അപചയം ദ്രുതഗതിയിലുള്ള സാമ്പത്തിക വികസനത്തിന്റെ ഫലമായുണ്ടാകുന്ന മലിനീകരണത്തെ ഉണ്ടാക്കുന്നു. സമ്പദ്‌വ്യവ സ്ഥയും പരിസ്ഥിതിയും തമ്മിലുള്ള പരസ്പര ബന്ധം വിശകലനം ചെയ്യുന്നത് പരിസ്ഥിതി സാമ്പത്തികശാസ്ത്രത്തിന്റെ പഠനമാണ്. പരിസ്ഥിതിയിലെ അന്തർഅച്ചടക്ക ഉപകരണ ങ്ങളെക്കുറിച്ചുള്ള പഠനമാണ് പരിസ്ഥിതി സാമ്പത്തിക പരിസ്ഥിതി വ്യവസ്ഥ.

1.9 അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങൾ

വിഭവങ്ങൾ സമൃദ്ധവും ആവശ്യങ്ങൾ വളരെ കുറവാണെങ്കിൽ അവിടെ സാമ്പത്തിക പ്രശ്ന മുണ്ടാകില്ല. വിഭവങ്ങൾ എല്ലായ്പ്പോഴും വിരളമാണ്. നമ്മുടെ ആവശ്യങ്ങൾ നിരവധിയാണ്. അതിനാൽ ഓരോ സമൂഹത്തിലും ചില തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതുണ്ട്.

സാമ്പത്തിക പ്രശ്നം

- ആവശ്യങ്ങൾ, ആഗ്രഹങ്ങൾ പരിമിതിയില്ല
- വിഭവങ്ങൾക്ക് ക്ഷാമം

  സ്വതന്ത്രമായി ലഭ്യമല്ല
- സാമ്പത്തിക തെരഞ്ഞെടുക്കൽ
- സാമ്പത്തികശാസ്ത്രം

  അപരിമിതമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരിമിത

  വിഭവങ്ങളെ എങ്ങനെ ആളുകൾ ഉപയോഗിക്കുന്നു.

എന്ത് മറ്റും എത്ര അളവ് ഉല്പാദിപ്പിക്കണം?

ഓരോ സമൂഹവും അവർ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ എന്താണെന്നും അവയിൽ എത്ര അളവ് ഉല്പാദിപ്പിക്കുമെന്നും തീരുമാനിക്കണം. ഈ പ്രക്രിയയിൽ നിർണ്ണായക തീരുമാനങ്ങൾ ഉൾപ്പെടുന്നത്:

11th Economics Malayalam_Chapter-01.indd 16 2/14/2023 2:53:28 PM

a. ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയാണോ അധികം ഉല്പാദിപ്പിക്കേണ്ടത് അതോ ആഡംബര വസ്തുക്കളാണോ.

b. അധികം കാർഷിക വസ്തുക്കൾ ഉണ്ടോ അതോ വ്യാവസായിക ചരക്കുകളും സേവനങ്ങളും ഉണ്ടോ

c. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്ക് കൂടുതൽ വിഭവങ്ങളെ ഉപയോഗിക്കുന്നേ അതോ മിലിട്ടറി സേവനങ്ങൾക്ക് അധിക വിഭവങ്ങൾ ഉപയോഗിക്കുന്നോ

d. അധിക ഉപഭോക്തൃചരക്കുകൾ ഉണ്ടോ അതോ മൂലധന ചരക്കുകൾ അധികമുണ്ടോ

e. അടിസ്ഥാനവിദ്യാഭ്യാസത്തിനോ അതോ ഉയർന്ന വിദ്യാഭ്യാസത്തിനോ അധികം ചെലവാക്കേണ്ടത്



എങ്ങനെ ഉല്പാദിപ്പിക്കണം?

മൂലധനതീവ്രമായ സാങ്കേതികവിദ്യ ഉപയോഗിക്കണോ അതോ തൊഴിലാളി തീവ്രമായ സാങ്കേതിക വിദ്യ ഉപയോഗിക്കണോ എന്ന് ഓരോ സമൂഹവും തീരുമാനിക്കേണ്ടതുണ്ട്. അതായത് കൂടുതൽ തൊഴിലാളികൾ അധികവും കുറഞ്ഞ യന്ത്രങ്ങളും ഉപയോഗിക്കണമോ അതോ തിരിച്ചോ നടത്തേണ്ടത്.

ആർക്കു വേണ്ടി ഉല്പാദിപ്പിക്കണം?

ഓരോ സമൂഹവും അവരുടെ ഉല്പന്നം എങ്ങനെ വിതരണം ചെയ്യണമെന്ന് തീരുമാനിക്കുന്നു. ആർക്കാണ് കൂടുതൽ ലഭിക്കുന്നതെന്നും ആർക്കാണ് കുറച്ച് ഉല്പാദിപ്പിക്കണമെന്നും തീരുമാനിക്കേണ്ടിവരുന്നു. സമൂഹത്തിലെ എല്ലാവർക്കും കുറഞ്ഞ അളവിലുള്ള ഉപഭോഗം ഉറപ്പാക്കണം വിഭവങ്ങളുടെ ദൗർലഭ്യം കാരണം ഒരു സമൂഹം ബദലുകൾക്കിടയിൽ തെരഞ്ഞെടുക്കാനുള്ള നിർബന്ധത്തെ അഭിമുഖീകരിക്കുന്നു. സാധ്യമായ വ്യത്യസ്ത പദാർത്ഥങ്ങളുടെയും സേവനങ്ങളുടെയും ഉല്പാദനത്തിനായി ഭവപ്പെടുത്തുന്ന വിഭവങ്ങൾ അനുവദിക്കുന്നതിലും സമ്പദ്‌വ്യവസ്ഥയിലെ വ്യക്തികൾക്കിടയിൽ ഉല്പാദിപ്പിച്ച പദാർത്ഥങ്ങളുടെയും സേവനങ്ങളുടെയും വിതരണം ചെയ്യുന്നതിലും ഈ പ്രശ്നം അഭിമുഖീകരിക്കുന്നു.

1.10 ഉല്പാദന സാധ്യതാ വക്രം

സമൂഹവുമായുള്ള പരിമിതമായ ഉല്പാദന സ്രോതസ്സുകൾ കാരണം താരതമ്യേന വിരളമായ പദാർത്ഥങ്ങൾ തമ്മിലുള്ള തെരഞ്ഞെടുക്കൽ പ്രശ്നം ഒരു ജ്യാമിതീയ ഉപകരണത്തിന്റെ സഹായത്തോടെ ചിത്രീകരിക്കാം. ഇതിനെയാണ് ഉല്പാദന സാധ്യതാ വക്രം എന്നറിയപ്പെടുന്നു. ഇതിലൂടെ, ഒരു സമൂഹത്തിന് മറ്റൊന്നിന് പകരം വയ്ക്കാൻ തെരഞ്ഞെടുക്കാം. തന്നിരിക്കുന്ന സാങ്കേതിക വിദ്യയുടെ അവസ്ഥയും മൊത്തം വിഭവങ്ങളുടെ ഉല്പാദന സാധ്യതാ വക്രത്തിന്റെ വിശദീകരണവും വിശകലനവും ചില അനുമാനങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. അവയിൽ ചിലത് താഴെ പറയുന്നു.

(i) സമയപരിധിമാറില്ല വക്രത്തിലുടനീളം ഇത് സ്ഥിരമായി തുടരുന്നു.

(ii) ഉല്പാദനസാങ്കേതികവിദ്യകൾ നിശ്ചയിച്ചിട്ടുണ്ട്.

(iii) സമ്പദ്‌വ്യവസ്ഥയിൽ പൂർണ്ണ തൊഴിൽ നില നിൽക്കുന്നു.

11th Economics Malayalam_Chapter-06.indd 125 2/14/2023 3:04:32 PM


വേണ്ടി ഫലഭൂയിഷ്ഠത കുറഞ്ഞ ഭൂമി [B ഗ്രേഡ്] കൃഷി ചെയ്യേണ്ടി വരും 'A' ഗ്രേഡ് ഭൂമിയിൽ ഉപ യോഗിച്ച അതേ അളവ് തൊഴിലും മൂലധനവും ഉപയോഗിക്കുമ്പോൾ 'B' ഗ്രേഡ് ഭൂമിയിൽ ഏക്കറിന് 30 ചാക്ക് നെല്ലാണ് വിളവ്. ഏക്കറിന് 10 ബാഗുകൾ [40-30] മിച്ചം 'A' ഗ്രേഡ് ഭൂമിയിൽ കാണപ്പെടുന്നു. ഇത് 'A' ഗ്രേഡ് ഭൂമിയുടെ സാമ്പത്തിക വാടക ആണ്.

മറ്റൊരു സംഘം പോയി അതേ ദ്വീപിൽ സ്ഥിര താമസമാക്കുന്നുവെന്ന് കരുതുക. അതിനാൽ വളരെ കുറഞ്ഞ ഫലഭൂയിഷ്ഠമായ ഭൂമി (C ഗ്രേഡ്) കൃഷിക്ക് വിധേയമാക്കേണ്ടി വരും. ഒരേ അളവിലുള്ള അധ്വാന ത്തിനും മൂലധനത്തിനും 'C' ഗ്രേഡ് ഭൂമിയിൽ ഏക്ക റിന് 20 ചാക്ക് നെല്ലാണ് വിളവ്. 'A' ഗ്രേഡ് ഭൂമിയുടെ ഈ മിച്ചം ഇപ്പോൾ 20 ബാഗുകളായി [40-20], ഉയർത്തി, ഇത് 'A' ഗ്രേഡ് ഭൂമിയുടെ സാമ്പത്തിക വാടക ആണ് 'B' ഗ്രേഡ് ഭൂമിയുടെ മിച്ചം 10 ബാഗുക ളാണ് [30-20] 'B' ഗ്രേഡ് ഭൂമിയുടെ സാമ്പത്തിക വാടകയാണിത്.

'C' ഗ്രേഡ് ഭൂമിയിലെ മുകളിലുള്ള ചിത്രീകര ണത്തിൽ, ഉൽപാദനച്ചെലവ് അതിന്റെ ഉൽപ്പന്ന ങ്ങളുടെ വിലയ്ക്ക് തുല്യമാണ്. അതിനാൽ വാടക നൽകുന്നില്ല (20 - 20) അതിനാൽ, 'C' ഗ്രേഡ് ഭൂമി യെ "വാടക ലഭിക്കാത്ത ഭൂമി" അല്ലെങ്കിൽ "സീമാന്ത ഭൂമി" എന്ന് വിളിക്കുന്നു. അതിനാൽ വാടകയില്ലാത്ത ഭൂമി അല്ലെങ്കിൽ സീമാന്ത ഭൂമി എന്നത് ഉല്പാ ദനച്ചെലവ് അതിന്റെ ഉല്പന്നങ്ങളുടെ വിലയ്ക്ക് തുല്യമായ ഭൂമിയാണ്. വാടക നൽകുന്ന ഭൂമിയെ അക സീമാന്ത ഭൂമി എന്ന് വിളിക്കുന്നു. അതി നാൽ, വാടക എന്നത് നാമമാത്ര ഭൂമിയെക്കാൾ മികച്ച ഭൂമിയുടെ വ്യത്യസ്ത നേട്ടത്തെ സൂചിപ്പിക്കുന്നു.

പട്ടിക 6.1 റിക്കാർഡിയൻ വാടക സിദ്ധാന്തം

ഭൂമിയുടെ തരം	*ഉൽപന്നം (ബാഗുകളിൽ)*	*ഉപരി (അതായത് ബാഗുകളിൽ)*
A	40	40-20=20
B	30	30-20= 10
C	20	20-20= 0



ചിത്രം 6.3

രേഖാചിത്രത്തിന്റെ വ്യാഖ്യാനം

ചിത്രം 6.3, X അക്ഷം വിവിധ തരത്തിലുള്ള ഭൂമിയെയും Y അക്ഷം ഏക്കറിലെ വിളവിനെ യും (ബാഗുകളിൽ) പ്രതിനിധീകരിക്കുന്നു. OA, AB, BC എന്നിവയാണ് യഥാക്രമം 'A' ഗ്രേഡ് 'B' ഗ്രേഡ് 'C' ഗ്രേഡ് ഭൂമി. തുല്യമായ അധ്വാനവും മൂലധനവും പ്രയോഗിച്ച് അതത് അടിത്തറകൾക്ക് തൊട്ട് മുകളിലുള്ള ദീർഘചതുരങ്ങൾ പ്രതിനിധീ കരിക്കുന്നത് വിളവിനെയാണ് 'C' ഗ്രേഡ് ഭൂമി വാടക രഹിത ഭൂമി 'A', 'B' ഗ്രേഡ് ഭൂമി അക സീമാന്ത ഭൂമി എന്നിവയാണ് 'A', 'B' ഗ്രേഡ് ഭൂമികൾ നൽകുന്ന സാമ്പത്തിക വാടക അതത് ദീർഘചതുരങ്ങളുടെ നിഴലിട്ട ഭാഗത്തിന് തുല്യമാണ്.

വിമർശനങ്ങൾ

റിക്കാർഡിയൻ വാടക സിദ്ധാന്തത്തിന്റെ പരിമിതി കൾ ചുവടെ ചേർക്കുന്നു

1. മികച്ച ഫലഭൂയിഷ്ഠതയിൽ നിന്ന് കുറഞ്ഞ ഫലഭൂയിഷ്ഠവുമായ ഭൂമിയി ലേക്കുള്ള കൃഷി ചരിത്രപരമായി തെറ്റാണ്.
2. വാടക വിലയിൽ ഉൾപ്പെടുന്നില്ല എന്നതിനെ ഈ സിദ്ധാന്തം അനുമാനിക്കുന്നു. എന്നാൽ വാടക എന്നത് വിലയിൽ ചേരുന്നു.

11th Economics Malayalam_Chapter-06.indd 126 2/14/2023 3:04:32 PM

6.5.3 അർദ്ധ പാട്ടം



അർദ്ധ പാട്ടം എന്ന ആശയം മാർഷൽ അവതരിപ്പിച്ചു. നിലം ഒഴികെയുള്ള ഘടകങ്ങളായ സ്ഥാപനങ്ങളും യന്ത്ര സാമഗ്രികളും ഹ്രസ്വകാലയളവിൽ വിതരണത്തിൽ നിശ്ചിതമാണ്. ആവശ്യം ഉയരുമ്പോൾ അവ മിച്ച വരുമാനം നേടുന്നു. വിതരണത്തിലെ വർദ്ധനവ് കാരണം ഇത് ദീർഘകാലാടിസ്ഥാനത്തിൽ അപ്രത്യക്ഷമാകുന്നതിനാൽ ഇത് പൂർണ്ണമായും താൽക്കാലികമാണ്. ഉൽപാദന വിൽപനയിൽ നിന്നുള്ള മാറുന്ന ചെലവുകളേക്കാൾ ഹ്രസ്വകാലയളവിൽ ഒരു നിർമ്മാതാവിന് ലഭിക്കുന്ന മിച്ചമാണ് അർദ്ധ പാട്ടം

പാട്ടവും അർദ്ധ പാട്ടവും തമ്മിലുള്ള വേർതിരിവ്

ക്രമ. നമ്പർ	*പാട്ടം*	*അർദ്ധപാട്ടം*
1.	ഭൂമിക്ക് പാട്ടം കൊടുക്കുന്നു	അർദ്ധ പാട്ടം മനുഷ്യൻ നിർമ്മിച്ചഉപകരണങ്ങൾക്ക് കൊടുക്കുന്നു
2.	ഭൂമിയുടെ വിതരണം എപ്പോഴും സ്ഥിരമായത് ആണ്	മനുഷ്യ നിർമ്മിതമായ ഉപകരണങ്ങൾക്ക് ഹ്രസ്വകാലത്തിൽ മാത്രം സ്ഥിരത കാണപ്പെടുന്നു
3.	പാട്ടം വിലയിൽ ചേരും	അർദ്ധ പാട്ടം വിലയിൽ ചേരില്ല

QR= ആകെ വരുമാനം – ആകെ മാറുന്ന ചെലവ്

"മനുഷ്യ നിർമ്മിതമായ യന്ത്രങ്ങളിൽ നിന്നും മറ്റുപകരണങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് അർദ്ധ പാട്ടം".

- ആൽഫ്രെഡ് മാർഷൽ

6.5.4 വാടകയുടെ ആധുനിക സിദ്ധാന്തം/ വാടകയുടെ ചോദന പ്രദാന സിദ്ധാന്തം

ഉൽപാദനത്തിന്റെ ഒരു ഘടകമെന്ന നിലയിൽ ഭൂമി ഉൽപാദനത്തിന്റെ മറ്റ് ഘടകങ്ങളിൽ നിന്ന് വ്യത്യസ്തമാണെന്ന് ക്ലാസിക്കൽ സാമ്പത്തിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. എന്നാൽ ആധുനിക സാമ്പത്തിക വിദഗ്ധർ, ഉൽപാദനത്തിന്റെ എല്ലാ ഘടകങ്ങളും ഒരു പോലെയാണെന്നും അവ തമ്മിൽ അടിസ്ഥാന വ്യത്യാസമില്ലെന്നും കരുതി. അതിനാൽ, റിക്കാർഡോ വികസിപ്പിച്ചെടുത്ത വാടകയ്ക്കായുള്ള ഒരു പ്രത്യേക സിദ്ധാന്തം ആവശ്യമില്ല. അതിനാൽ, ജോവാൻ റോബിൻസൺ, ബോൾഡിംഗ് തുടങ്ങിയ സാമ്പത്തിക വിദഗ്ധർ വാടക നിർണ്ണയിക്കാൻ അവരുടെ ആശയങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ഇത് ആധുനിക വാടക സിദ്ധാന്തം എന്നറിയപ്പെടുന്നു.

"വാടകയെന്ന സങ്കൽപ്പത്തിന്റെ സാരംശം ഉൽപാദനത്തിന്റെ ഒരു പ്രത്യേക ഭാഗം സമ്പാദിച്ച മിച്ചത്തിന്റെ സങ്കല്പമാണ് അത് ജോലി ചെയ്യാൻ പ്രേരിപ്പിക്കുന്നതിന് ആവശ്യമായ മിനിമം വരുമാനത്തേക്കാളും മുകളിലുമാണ്"

- ജോവാൻ റോബിൻസൺ

വാടക എന്നത് ഒരു ഉൽപാദന ഘടകത്തിന് ലഭിക്കുന്ന യഥാർത്ഥ വരുമാനത്തിനും അതിന്റെ കൈമാറ്റ വരുമാനത്തിനും ഉള്ള വ്യത്യാസമാണ്.

വാടക = യഥാർത്ഥ വരുമാനം – കൈമാറ്റ വരുമാനം.

11th Economics Malayalam_Chapter-06.indd 127 2/14/2023 3:04:32 PM

നിലവിലുള്ള ഉപയോഗത്തിൽ ഉൽപാദനപരമായ ഘടകം നിലനിർത്തുന്നതിന് നൽകുന്ന ഏറ്റവും കുറഞ്ഞ വേതനമാണ് കൈമാറ്റ വരുമാനം.

6.6 വേതനം



ഒരു തൊഴിലാളിയുടെ അറിവോ ശാരീരിക അധ്വാനമോ ഉപയോഗിക്കുന്നതിന്, നൽകുന്ന പ്രതിഫലമാണ് വേതനം ദിവസേന, ആഴ്ചയിൽ ഒരിക്കൽ, മാസത്തിൽ രണ്ടു തവണ, മാസത്തിലൊരിക്കൽ അല്ലെങ്കിൽ വർഷത്തിലൊരിക്കൽ വർഷാവസാനം ഒരു ബോണസായി വേതനം നൽകുന്നു.

6.6.1. അർത്ഥം

തൊഴിലാളിയുടെ സേവനത്തിനായി നൽകുന്ന വിലയാണ് കൂലി.

> "ഒരു തൊഴിലാളിയെ ജോലിക്കെടുക്കാൻ ഒരു നിർമ്മാതാവ് കരാറുണ്ടാക്കുകയും ഒരു നിശ്ചിത തുക നൽകുകയും ചെയ്യുന്ന വേതനമാണിത്". *-ബെൻഹാം*

6.6.2 വേതനത്തിന്റെ തരങ്ങൾ

വേതനം നാല് തരങ്ങളായി തിരിച്ചിരിക്കുന്നു:

1. **നാമമാത്ര വേതനം അല്ലെങ്കിൽ പണ വേതനം.**

   നാമമാത്രമായ വേതനം, പണത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വേതനത്തെ പരാമർശിക്കുന്നു.

2. **യഥാർത്ഥവേതനം**

   ചരക്കുകളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ നൽകുന്ന വേതനമാണ് യഥാർത്ഥ വേതനം അതിനാൽ, യഥാർത്ഥ വേതനം പണവേതനത്തിന്റെ വാങ്ങൽ ശേഷിയാണ്.

3. **അംശ വേതനം**

   ചെയ്ത ജോലിയുടെ അളവിന്റെ അടിസ്ഥാനത്തിൽ നൽകപ്പെടുന്ന വേതനം.

4. **സമയ വേതനം**

   തൊഴിലാളി ജോലി ചെയ്യുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന വേതനം.

6.7 വേതനത്തിന്റെ സിദ്ധാന്തങ്ങൾ

6.7.1 വേതനത്തിന്റെ ഉപജീവന സിദ്ധാന്തം

ഏറ്റവും പഴയ സിദ്ധാന്തങ്ങളിലൊന്നാണ് ഉപജീവന സിദ്ധാന്തം ഫ്രഞ്ച് സാമ്പത്തിക ശാസ്ത്രജ്ഞരുടെ ഒരു കൂട്ടമായ ഫിസിയോ ക്രാറ്റാണ് ഇത് ആദ്യം വിശദീകരിച്ചത് റിക്കാർഡോ അത് പുനഃസ്ഥാപിച്ചു.

ഈ സിദ്ധാന്തമനുസരിച്ച്, വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ഉപജീവന നിലവാരത്തിന് തുല്യമായിരിക്കണം. ഉപജീവനമെന്നാൽ തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും നിലനിൽപ്പിന് ആവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയുടെ ഏറ്റവും കുറഞ്ഞ അളവ്.

തൊഴിലാളികൾക്ക് ഉപജീവന നിലവാരത്തേക്കാൾ ഉയർന്ന വേതനം നൽകുന്നുണ്ടെങ്കിൽ, തൊഴിലാളികളുടെ നിലമെച്ചപ്പെടും അവർക്ക് വലിയ കുടുംബങ്ങളുണ്ടാകും അതിനാൽ ജനസംഖ്യ വർദ്ധിക്കും. ജനസംഖ്യ വർദ്ധിക്കുമ്പോൾ, തൊഴിലാളികളുടെ വിതരണം വർദ്ധിക്കും. അതിനാൽ വേതനം കുറയും.

മറുവശത്ത്, വേതനം ഉപജീവന നിലവാരത്തേക്കാൾ കുറവാണെങ്കിൽ, ജനസംഖ്യയിൽ കുറവുണ്ടാകുകയും അതുവഴി തൊഴിൽ ലഭ്യത കുറയുകയും വേതനം ഉപജീവന നിലയിലേയ്ക്ക് വർദ്ധിക്കുകയും ചെയ്യും. അതിനാൽ ഈ സിദ്ധാന്തം മാൽ

11th Economics Malayalam_Chapter-06.indd 128 2/14/2023 3:04:32 PM

ത്തൂഷ്യൻ ജനസംഖ്യാ സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു തൊഴിലാളികളുടെ വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ഉപജീവന നിലവാരത്തിന് മുകളിലോ താഴെയോ ആയിരിക്കില്ലെന്ന് ഈ സിദ്ധാന്തം പറയുന്നു.

വിമർശനങ്ങൾ

1. തൊഴിൽ സംഘടനകളുടെ കൂട്ടായ വില പേശലുകളെ കണക്കിലെടുത്തില്ല.
2. വ്യത്യസ്ത തൊഴിലുകളിലെ വേതനത്തിലെ വ്യത്യാസങ്ങൾ ഇത് വിശദീകരിക്കുന്നില്ല.
3. വേതന നിരക്ക് ഉയരുന്നതോടെ ജനസംഖ്യ വർദ്ധിക്കുമെന്ന അനുമാനം ശരിയല്ല. പാവപ്പെട്ട കുടുംബങ്ങൾക്ക് (രാജ്യങ്ങൾക്ക്) സമ്പന്ന കുടുംബങ്ങളെക്കാൾ (രാജ്യങ്ങൾ) കൂടുതൽ കുട്ടികളുണ്ട്. വേതന നിരക്ക് മാത്രം ജനന നിരക്ക് നിർണ്ണയിക്കുന്നില്ല. യഥാർത്ഥത്തിൽ വേതന നിരക്ക് വർദ്ധിക്കുന്നതിനനുസരിച്ച് വില കൂടിയ കുടുംബാസൂത്രണ നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിലൂടെ ആളുകൾക്ക് അവരുടെ കുടുംബ വലുപ്പം കുറയ്ക്കാൻ കഴിയും; പാവപ്പെട്ടവർക്ക് അങ്ങനെ ചെയ്യാൻ കഴിയില്ല.

6.7.2 ജീവിത നിലവാര വേതന സിദ്ധാന്തം

വേതനത്തിന്റെ ഉപജീവനത്തിന്റെ മെച്ചപ്പെട്ട പരിഭാഷയായ ജീവിത നിലവാരം സംബന്ധിച്ച കൂലി സിദ്ധാന്തം ടോറൻസ് വികസിപ്പിച്ചെടുത്തു. വേതനം തൊഴിലാളിയുടെ ജീവിത നിലവാരത്തിന് തുല്യമാണെന്ന് ഈ തത്ത്വം പറയുന്നു. ഉയർന്ന ജീവിത നിലവാരം ഉയർന്ന വേതനത്തിലേക്കും കുറഞ്ഞ ജീവിത നിലവാരം കുറഞ്ഞ വേതനത്തിലേക്കും നയിക്കുന്നു.


ഒരു തൊഴിലാളിയുടെ ജീവിത നിലവാരം സുസ്ഥിരമായി നിലനിർത്താൻ ആവശ്യമായ സഹായത്തെ ജീവിത വേതനത്തിന്റെ നിലവാരം എന്ന് വിളിക്കുന്നു.

വിമർശനം

1. ഈ സിദ്ധാന്തമനുസരിച്ച് ജീവിത നിലവാരം വേതനം നിർണ്ണയിക്കുന്നു. എന്നാൽ യഥാർത്ഥ പ്രയോഗത്തിൽ വേതനം ജീവിത നിലവാരം നിർണ്ണയിക്കുന്നു.

6.7.3 വേതന നിക്ഷേപ സിദ്ധാന്തം

ഈ സിദ്ധാന്തം ആദ്യമായി അവതരിപ്പിച്ചത് ആദംസ്മിത്താണ്. ഈ സിദ്ധാന്തം പൂർത്തീകരിച്ച ജെ.എസ് മില്ലിനാണ് പ്രശസ്തി ലഭിച്ചത്



മില്ലിന്റെ അഭിപ്രായത്തിൽ ഓരോ തൊഴിലുടമയും തൊഴിലാളികൾക്ക് പണം നൽകുന്നതിന് ഒരു നിശ്ചിത മൂലധനം സൂക്ഷിക്കും. ഇത് വേതന നിക്ഷേപം എന്നറിയപ്പെടുന്നു. ഇത് സ്ഥിരവും സുസ്ഥിരവുമാണ്. വേതനം നിക്ഷേപത്തെ നേരിട്ട് ആശ്രയിച്ചിരിക്കുന്നു. ഒപ്പം ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണവുമായി വിപരീതമായി ബന്ധപ്പെട്ടിരിക്കുന്നു. സമവാക്യം ഉപയോഗിച്ച് ഒരു തൊഴിലാളിയുടെ ശരാശരി വേതനം കണക്കാക്കാം.

$$\text{ഒരു തൊഴിലാളിയുടെയും ശരാശരി വേതനം} = \frac{\text{മൊത്ത വേതന നിക്ഷേപം}}{\text{തൊഴിലാളികളുടെ എണ്ണം}}$$

തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ ഒരു തൊഴിലാളിയുടെ വേതനം കുറയും. തൊഴിലാളികളുടെ എണ്ണം കുറയുമ്പോൾ, ഒരു തൊഴിലാളിയുടെ വേതനം വർദ്ധിക്കുന്നു.

വിമർശനം

1. വ്യത്യസ്ത തൊഴിലുകളിലെ വേതനത്തിലെ വ്യത്യാസം ഇത് വിശദീകരിക്കുന്നില്ല.
2. വ്യാപാര സംഘടനകളുടെ പങ്ക് അവഗണിക്കുന്നു.
3. വേതനം നൽകുന്നതിനു മുമ്പ് മുതലാളിമാർ ഒരു വലിയ തുക എടുത്തു മാറ്റുന്നു.

6.7.4 വേതനത്തിന്റെ അവശേഷിക്കുന്ന അവകാശി സിദ്ധാന്തം

1875, ൽ എഫ്.എ വാക്കർ എന്ന അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ രാഷ്ട്രീയ സമ്പദ്

11th Economics Malayalam_Chapter-06.indd 129 2/14/2023 3:04:33 PM

വ്യവസ്ഥ എന്ന ഗ്രന്ഥത്തിലൂടെ ഈ സിദ്ധാന്തത്തെ പ്രചരിപ്പിച്ചു. ഈ സിദ്ധാന്തമനുസരിച്ച്, ഭൂമി, മൂലധനം, സംഘടന എന്നിങ്ങനെ മറ്റ് മൂന്ന് ഘടകങ്ങളുടെയും പ്രതിഫലം നൽകിയതിനു ശേഷം അവശേഷിക്കുന്ന ഭാഗമാണ് വേതനം.

വിമർശനം

1. ഈ സിദ്ധാന്തം വ്യാപാര സംഘടനകളുടെ പങ്ക് തൊഴിലാളികൾക്ക് ഉയർന്ന വേതനം നേടാൻ കഴിയുമെന്ന് വിശദീകരിക്കുന്നില്ല.
2. വേതനം നിർണ്ണയിക്കുന്നതിൽ അധ്വാനത്തിന്റെ ചോദനവശം പരിഗണിക്കേണ്ടതുണ്ട്.

6.7.5 വേതനത്തിന്റെ സീമാന്ത ഉല്പന്ന സിദ്ധാന്തം

വേതന നിർണ്ണയത്തിനുള്ള പൊതുവായ വിതരണ സിദ്ധാന്തം പ്രയോഗിക്കുന്നത് വേതനത്തിന്റെ സീമന്ത ഉൽപാദന സിദ്ധാന്തമാണ്.

ഈ സിദ്ധാന്തമനുസരിച്ച് വേതനം നിർണ്ണയിക്കുന്നത് അധ്വാനത്തിന്റെ സീമാന്ത ഉൽപാദന ക്ഷമതയാണ്. ഒപ്പം സന്തുലിതാവസ്ഥയിൽ ഇത് തുല്യമാണ്.

തികഞ്ഞ മൽസരത്തിൽ തൊഴിലാളികളുടെ സീമാന്ത ഉൽപ്പന്നത്തിന് തുല്യമായ വേതനം നൽകുന്നു. (വേതനം = MP_L) എന്നാൽ പൂർണ്ണമായമൽസരംനടക്കുന്നയഥാർത്ഥലോകത്ത് അധ്വാനത്തെ ചൂഷണം ചെയ്യുന്നു. വേതനം MP_L നെക്കാൾ കുറവാണ്.

6.8 പലിശ

പൊതുവേ പറഞ്ഞാൽ, കടം വാങ്ങിയ പണത്തിന് വായ്പക്കാരൻ കടം കൊടുത്തയാൾക്ക് നൽകുന്ന തുകയാണ് പലിശ.



6.8.1 അർത്ഥം

മൂലധനത്തിന്റെഉപയോഗത്തിനായിവായ്പക്കാരൻ വായ്പ നൽകിയ ആൾക്ക് നൽകുന്ന പ്രതിഫല മാണ് പലിശ.

> "ഏത് വിപണിയിലും മൂലധനത്തിന്റെ ഉപയോഗത്തിനായി അടച്ച തുകയാണ് പലിശ"
> *-ആൽഫ്രെഡ് മാർഷൽ*

6.8.2 പലിശയുടെ തരങ്ങൾ

മൊത്ത പലിശ

കടക്കാരിൽ നിന്ന് വായ്പ കൊടുത്തവർക്ക് ലഭിക്കുന്ന ആകെ പലിശ തുകയാണ് മൊത്തം പലിശ.

മൊത്തം പലിശ = (അറ്റ പലിശ) + (അസൗകര്യത്തിനുള്ള പ്രതിഫലം) + (തിരിച്ചടയ്ക്കാത്ത അപകടസാധ്യതയ്ക്കെതിരായഇൻഷുറൻസ്) + (കൊടുക്കൽ വാങ്ങൽ സേവനങ്ങൾ നിയന്ത്രിക്കുന്നതിനുള്ള തുക)


അറ്റപലിശ

മൊത്തം പലിശയുടെ ഒരു ഭാഗം മാത്രമാണ് അറ്റ പലിശ. മൂലധനത്തിന്റെ ഉപയോഗത്തിനുള്ള തുകയാണിത് അറ്റ പലിശയ്ക്ക് ഒരു മികച്ച ഉദാഹരണം സർക്കാർ സെക്യൂരിറ്റികൾക്ക് നൽകേണ്ട പലിശയാണ്.

11th Economics Malayalam_Chapter-06.indd 130 2/14/2023 3:04:33 PM

6.9 പലിശയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ

പലിശയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ



6.9.1 ത്യാഗ സിദ്ധാന്തം അല്ലെങ്കിൽ കാത്തിരിപ്പ് സിദ്ധാന്തം

ഈ സിദ്ധാന്തം മുന്നോട്ടു വച്ചത് എൻ.ഡബ്ല്യൂ. സീനിയർ ആണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, പലിശ എന്നത് സമ്പത്തിന്റെ പെട്ടെന്നുള്ള ഉപഭോഗത്തിൽ നിന്ന് വിട്ടുനിൽക്കുന്നതിനുള്ള പ്രതി ഫലമാണ്. സീനിയർ പറയുന്നതനുസരിച്ച്, മൂലധനം ലാഭിക്കുന്നതിന്റെ ഫലമാണ്. എന്നാൽ സ്വരൂപിക്കുന്നതിൽ വിട്ടു നിൽക്കൽ അല്ലെങ്കിൽ ത്യാഗം ഉൾപ്പെടുന്നു. ഇപ്പോഴത്തെ ഉപഭോഗത്തിൽ നിന്ന് വിട്ടു നിൽക്കുന്നതിൽചിലകഷ്ടപ്പാടുകൾഉൾക്കൊള്ളുന്നു. അതിനാൽ, ഇപ്പോഴത്തെ ഉപഭോഗത്തിൽ നിന്ന് വിട്ടു നിൽക്കുന്നതിലൂടെ അയാൾ ചെയ്യേണ്ട ത്യാഗത്തിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വരൂപകന് (മുതലാളി) പ്രതിഫലം നൽകേണ്ടത് ആവശ്യമാണ്. അതിനാൽ, പലിശ എന്നത് സ്വരൂപകന് വിട്ടുനിൽക്കുക അല്ലെങ്കിൽ ത്യാഗം നൽകിയ പ്രതിഫലം അല്ലെങ്കിൽ നഷ്ടപരിഹാരം എന്നിവയാണ്.

മാർഷൽ, താല്പര്യത്തിന്റെ വിട്ടുനിൽക്കൽ സിദ്ധാന്തം അംഗീകരിച്ചു. എന്നാൽ വിട്ടുനിൽക്കൽ എന്നതിന് പകരം കാത്തിരിപ്പ് എന്ന പദം അദ്ദേഹം ഉപയോഗിച്ചു. സ്വരൂപിക്കുന്നത് കാത്തിരിപ്പിനെ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കാത്തിരിപ്പിനുള്ള പ്രതിഫലമാണ് പലിശ. സ്വരൂപിക്കുന്നതിൽ കാത്തിരിപ്പ് ഉൾപ്പെടുന്നു. എന്നാൽ ആളുകൾ കാത്തിരിക്കാൻ ഇഷ്ടപെടുന്നില്ല. അതിനാൽ, അവരെ കാത്തിരിക്കുന്നതിനും സ്വരൂപിക്കുന്നതിനുമായി ഞങ്ങൾ അവർക്ക് കുറച്ച് പ്രതിഫലം നൽകണം. അതിനാൽ, പലിശ എന്നത് സ്വരൂപകന് (മുതലാളി) അവന്റെ കാത്തിരിപ്പിനായി നൽകിയ പ്രതിഫലമാണ്

വിമർശനം

1. ഈ സിദ്ധാന്തമനുസരിച്ച് സ്വരൂപിക്കുന്നതിൽ കഷ്ടപ്പാട് ഉൾപ്പെടുന്നു. എന്നാൽ സമ്പാദ്യത്തിൽ എല്ലായ്പ്പോഴും ചിലധനികർക്ക് കഷ്ടപ്പാടുകൾ ഉണ്ടാകണമെന്നില്ല. സമ്പന്നർക്ക് പലിശ ലഭിക്കാത്ത പണമുണ്ട്. പണത്തിന്റെ പൂഴ്ത്തിവയ്പ്പ് ദ്രവ്യതയ്ക്കുള്ള ദാഹം ശമിപ്പിക്കുക എന്നതാണ്.

6.9.2 പലിശയുടെ എജിയോ സിദ്ധാന്തം/ പലിശയുടെ മനഃശാസ്ത്രപരമായ സിദ്ധാന്തം/ കാലമുൻഗണനാ സിദ്ധാന്തം

ഈ സിദ്ധാന്തം ജോൺറേ 1834 ൽ മുന്നോട്ടു വച്ചു. എന്നാൽ പ്രശസ്തി കിട്ടിയത് ഓസ്ട്രിയൻ സ്കൂൾ സാമ്പത്തിക ശാസ്ത്രജ്ഞനായ ബോംബാവെർക്കിനാണ് അമേരിക്കൻ സാമ്പത്തികശാസ്ത്രജ്ഞൻ ഇർവിംഗ് ഫിഷർ കാലമുൻഗണനാ സിദ്ധാന്തത്തിൽ മാറ്റം വരുത്തി ഒരു പുതിയ സിദ്ധാന്തം രൂപീകരിച്ചു.

ഈ സിദ്ധാന്തമനുസരിച്ച്, ഭാവിയിലെ ചരക്കുകളോക്കാൾ ആളുകൾ ഇപ്പോഴത്തെ സാധനങ്ങളാണ് ഇഷ്ടപ്പെടുന്നത്. നിലവിലെ ചരക്കുകൾ ഭാവിയിലെ സാധനങ്ങളെക്കാൾ കൂടുതൽ ഉറപ്പുള്ളതിനാൽ കയ്യിലുള്ള ഒരു പക്ഷി മുൾപ്പടർപ്പിലിരിക്കുന്ന രണ്ടുപക്ഷിയേക്കാൾ വിലയുള്ളതു പോലെ ആണ്. അടുത്ത ദിവസം എന്തു സംഭവിക്കുമെന്ന് ആർക്കുംഅറിയാത്ത നിരവധി രാജ്യങ്ങളാണ് അവ. 1996 ലെഏഷ്യൻ പ്രതിസന്ധിയെയും 2007-08 ലെ അമേരിക്കൻ പ്രതിസന്ധിയെയും നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള സാമ്പത്തിക വിദഗ്ധർക്ക് പോലും പ്രവചിക്കാൻ കഴിഞ്ഞില്ല. അതിനാൽ, ആളുകൾ സ്വരൂപിക്കുമ്പോൾ അവരുടെ ഇന്നത്തെ അസ്വാദനമോ സംതൃപ്തിയോ മാറ്റി വയ്ക്കണം. ഒരാളുടെ ഇപ്പോഴത്തെ സംതൃപ്തി മാറ്റിവച്ചാൽ ഒരാൾക്ക് "അജിയോ" അല്ലെങ്കിൽ "പ്രീമിയം" നൽകണം. ഈപ്രീമിയം പലിശ ആണ് ഇന്നത്തെ ലോകത്തിലെ അപകടസാധ്യതകളും അനിശ്ചിതത്വങ്ങളും കാരണംഭാവിയിലെ ഉപഭോഗത്തെക്കാൾ ആളുകൾ ഇന്നത്തെ ഉപഭോഗത്തെ ഇഷ്ടപ്പെടുന്നു.

6.9.3 വായ്പയെടുക്കാവുന്ന ഫണ്ട് സിദ്ധാന്തം/ നൂതന ക്ലാസിക്കൽ സിദ്ധാന്തം

വായ്പയെടുക്കാവുന്ന ഫണ്ട് സിദ്ധാന്തത്തെ നൂതന ക്ലാസിക്കൽ സിദ്ധാന്തം എന്നും പറയുന്നു.

11th Economics Malayalam_Chapter-06.indd 131 2/14/2023 3:04:33 PM

ഇത് വികസിപ്പിച്ചെടുത്തത് ഡീഡിഷ് സാമ്പത്തിക ശാസ്ത്രജ്ഞരായ വിക്സൽ ബെർട്ടിൻ ഓഹ്ലിൻ, വിനർ, ഗുന്നാർ, മിർഡാൽ തുടങ്ങിയവരാണ്.

ഈ സിദ്ധാന്തമനുസരിച്ച് വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ഉപയോഗത്തിന് നൽകുന്ന വിലയാണ് പലിശ. നിക്ഷേപകമ്പോളത്തിൽ വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ആവശ്യകതയും വിതരണവും തമ്മിലുള്ള സന്തുലിതാവസ്ഥയാണ് പലിശ നിരക്ക് നിർണ്ണയിക്കുന്നത്

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനം

വായ്പയെടുക്കാവുന്ന ഫണ്ടുകൾക്കായുള്ള ആവശ്യം ഇനിപ്പറയുന്നവയെ ആശ്രയിച്ചിരിക്കുന്നു:

1. നിക്ഷേപത്തിനുള്ള ചോദനം (I)

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകം നിക്ഷേപത്തിന്റെ ചോദനമാണ്. മൂലധന വസ്തുക്കൾ വാങ്ങുന്നതിനായി പണം കടം വാങ്ങുന്ന ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നാണ് വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനത്തിന്റെ ഭൂരിഭാഗവും വരുന്നത്.

2. ഉപഭോഗത്തിനായുള്ള ചോദനം (C)

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനം ഉപഭോഗ ആവശ്യങ്ങൾക്കായി പണം വാങ്ങുന്ന വ്യക്തികളിൽ നിന്നും വരുന്നു.

3. വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ പ്രദാനം (H)

വായ്പയെടുക്കാവുന്നഫണ്ടുകളുടെഅടുത്ത ചോദനം പൂഴ്ത്തിവയ്പുകാരിൽ നിന്നാണ്. പണ സമ്പാദനത്തിനുള്ള ചോദനം ഉയർന്നു വരുന്നത് പണലഭ്യത, നിഷ്ക്രിയമായ മിച്ച പണം എന്നിങ്ങനെയുള്ള ജനങ്ങളുടെ പ്രവണതകളിലൂടെയാണ്. C, I, H എന്നിവയുടെ ചോദനം പലിശ നിരക്കിന് വിപരീതമായി വ്യത്യാസപ്പെടുന്നു.

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ പ്രദാനം

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ പ്രദാനം ഇനിപ്പറയുന്ന നാല് സ്രോതസ്സുകളെ ആശ്രയിച്ചിരിക്കുന്നു:

1. സമ്പാദ്യങ്ങൾ (S)

വായ്പയെടുക്കാവുന്ന ഫണ്ടുകൾ സമ്പാദ്യത്തിൽ നിന്നാണ്. വരുന്നത് ഈ സിദ്ധാന്തമനുസരിച്ച് സമ്പാദ്യം രണ്ട് തരത്തിലായിരിക്കും. അതായത്,

1. വ്യക്തികൾ ആസൂത്രണം ചെയ്ത സമ്പാദ്യത്തെ മുൻകാല സമ്പാദ്യം എന്ന് വിളിക്കുന്നു. ഉദാ: LIC പ്രീമീയം, EMI പണം കൊടുക്കൽ മുതലായവ.
2. ആസൂത്രണം ചെയ്യാത്ത സമ്പാദ്യത്തെ യഥാർത്ഥ സമ്പാദ്യം എന്ന് വിളിക്കുന്നു. യഥാർത്ഥ സമ്പാദ്യം ചെലവഴിച്ചതിനു ശേഷം സമ്പാദ്യം ഉപേക്ഷിക്കുന്നു.

2. ബാങ്ക് വായ്പ (BC)

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ മറ്റൊരു ഉറവിടമാണ് ബാങ്ക് വായ്പ. വാണിജ്യ ബാങ്കുകൾ വായ്പ സൃഷ്ടിക്കുകയും നിക്ഷേപങ്ങൾക്ക് വായ്പയെടുക്കാവുന്ന ഫണ്ടുകൾ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

3. ഡിസ്ഹോർഡിംഗ് (DH)

ഡിസ്ഹോർഡിംഗ് എന്നാൽ പൂഴ്ത്തിവച്ച പണം ഉപയോഗത്തിലേക്ക് കൊണ്ടു വരിക യെന്നതിനാൽ വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ഉറവിടമായി ഇത് മാറുന്നു. ഇന്ത്യയിൽ 1991 ന് ശേഷം, കൂടുതൽ ഫണ്ടുകൾ സമാഹരിക്കുന്നതിനായിപൊതുമേഖലാസ്ഥാപനങ്ങൾസ്വകാര്യ ആളുകൾക്ക് വിൽക്കുന്നു. ഇതിനെ ഓഹരി വിറ്റഴിക്കൽ എന്നും വിളിക്കുന്നു.

4. ഓഹരി വിറ്റഴിക്കൽ(DI)

നിക്ഷേപത്തിന്റെ വിപരീതമാണ് ഓഹരി വിറ്റഴിക്കൽ. മറ്റൊരർത്ഥത്തിൽഉപകരണങ്ങളുടെ തേയ്മാനത്തിന് ആവശ്യമായ ഫണ്ട് നൽകാതിരിക്കുക എന്നതാണ്. വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ പ്രദാനത്തെ വർദ്ധിപ്പിക്കാൻ ഇത് കാരണമാകുന്നു.

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ നാല് സ്രോതസ്സുകളും പലിശ നിരക്കുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

പ്രാചീന പലിശ സിദ്ധാന്തം

പ്രാചീന സിദ്ധാന്തമനുസരിച്ച് സന്തുലിതാവസ്ഥ നിർണ്ണയിക്കുന്നത് ചോദന വക്രം, പ്രദാന വക്രം എന്നിവയുമട വിഭജനത്തിലൂടെയാണ് പണത്തിനുള്ള ചോദനം നിക്ഷേപത്തെ സൂചിപ്പിക്കുന്നു. പണത്തിന്റെ പ്രദാനമെന്നത് സമ്പാദ്യത്തെ സൂചിപ്പിക്കുന്നു S=I.

11th Economics Malayalam_Chapter-06.indd 132 2/14/2023 3:04:33 PM

സന്തുലിതാവസ്ഥ

പലിശ നിരക്ക് നിർണ്ണയിക്കുന്നത് മൊത്തം ചോദനവും വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ മൊത്തം പ്രദാനവും തമ്മിലുള്ള സന്തുലിതാവസ്ഥയാണ്.


വായ്പ നൽകാവുന്ന ഫണ്ടുകളുടെ ചോദനവും പ്രദാനവും

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ പ്രദാനം = സമ്പാദ്യം + ബാങ്ക് വായ്പ + ഡിസ്ഹോർഡിംഗ് + ഓഹരി വിറ്റഴിക്കൽ

$= S + BC + DH + DI$

വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനം = നിക്ഷേപം + ഉപഭോഗം + പൂഴ്ത്തി വയ്പ്

$= I + C + H$



വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനവും പ്രദാനവും

ചിത്രം 6.4


ചിത്രം 6.4, X അക്ഷം വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ ചോദനത്തെയും പ്രദാനത്തെയും പ്രതിനിധീകരിക്കുന്നു. കൂടാതെ Y അക്ഷം പലിശനിരക്കിനെ പ്രതിനിധീകരിക്കുന്നു. വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ മൊത്തം പ്രദാന വക്രത്തെ LS വക്രം പ്രതിനിധീകരിക്കുന്നു. സമ്പാദ്യ വക്രം (S) ബാങ്ക് വായ്പ (BC), ഡിസ്ഹോർഡിംഗ് വക്രം (DH) ഓഹരി വിറ്റഴിക്കൽ വക്രം (DI) എന്നിവയുടെ സംഗ്രഹത്തിലൂടെയാണ് ഇത് ലഭിക്കുന്നത്. വായ്പയെടുക്കാനുള്ള മൊത്തം ചോദനവക്രത്തെ LD വക്രം പ്രതിനിധീകരിക്കുന്നു. ഫണ്ടുകളുടെ നിക്ഷേപ വക്രം I, ചോദനവക്രം അല്ലെങ്കിൽ ഡിസ്ഹോർഡിംഗ് വക്രം, പൂഴ്ത്തിവയ്പ്പ് വക്രം H എന്നിവയുടെ സംഗ്രഹം വഴിയാണ് ഇത് ലഭിക്കുന്നത്.LD, വക്രവും LS വക്രവും "E" എന്ന ബിന്ദുവിൽ ഛേദിക്കുന്നു. ഇതാണ് സന്തുലിതാവസ്ഥ. ഈ സമയത്ത് പലിശ നിരക്ക് OR ആണ്. കൂടാതെ വായ്പ ഫണ്ടുകളുടെ തുക OM ആണ്.

വിമർശനം

1. ഈ സിദ്ധാന്തത്തിൽ നിരവധി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും നിരവധി ഘടകങ്ങൾ ഉണ്ട്. അത്തരം രണ്ട് ഘടകങ്ങൾ 1) അസമമായ വിവരവും 2) ധാർമ്മിക അപകടവും. വലിയ സ്ഥാപനങ്ങൾക്ക് അവരുടെ രാഷ്ട്രീയ ശക്തികൾ കാരണം കുറഞ്ഞ പലിശ നിരക്കിൽ വലിയ ബാങ്ക് വായ്പകൾ നേടാൻ കഴിയും, എന്നാൽ NPAs, കാരണം (നിഷ്ക്രീയആസ്തികൾ)ചെറുകിടസ്ഥാപനങ്ങൾക്കുംനിക്ഷേപകർക്കുംഅവരുടെപലിശ വരുമാനം നഷ്ടപ്പെടും. വരുമാന നില ഇതിനകം അറിഞ്ഞിട്ടില്ലെങ്കിൽ വായ്പയെടുക്കാവുന്ന ഫണ്ടുകളുടെ സിദ്ധാന്തം അനിശ്ചിതത്വത്തിലാണ് (ഇത് പന്ത്രണ്ടാം ക്ലാസ് സാമ്പത്തിക ശാസ്ത്രത്തിൽ പഠിക്കാം)
2. സമ്പാദ്യം, നിക്ഷേപം തുടങ്ങിയ യഥാർത്ഥ ഘടകങ്ങളെ ബാങ്ക്വായ്പ, ദ്രവ്യതാ മുൻഗണന തുടങ്ങിയ പണ ഘടകങ്ങളുമായി സംയോജിപ്പിക്കുന്നത് വളരെ പ്രയാസമാണ്.

6.9.4 കെയിൻസിന്റെ ദ്രവ്യത മുൻഗണന പലിശ സിദ്ധാന്തം അല്ലെങ്കിൽ പലിശയുടെ നാണയ സിദ്ധാന്തം

1936 ൽ കെയ്ൻസ് തന്റെ പ്രസിദ്ധമായ തൊഴിൽ, പലിശ, പണം എന്നിവയുടെ പൊതു സിദ്ധാന്തം എന്ന പുസ്തകത്തിൽ ദ്രവ്യത മുൻഗണന സിദ്ധാന്തം അവതരിപ്പിച്ചു. കെയ്ൻസ് പറയുന്നതനുസരിച്ച് പലിശ പൂർണ്ണമായും ഒരു പണ പ്രതിഭാസമാണ്.



ജെ.എം. കെയ്ൻസ്

11th Economics Malayalam_Chapter-06.indd 133 2/14/2023 3:04:34 PM

കാരണം പലിശ നിരക്ക് പണത്തിന്റെ അടിസ്ഥാന ത്തിലാണ് കണക്കാക്കുന്നത്. അദ്ദേഹത്തെ സംബ ന്ധിച്ചിടത്തോളം "ഒരു നിശ്ചിത സമയത്തേക്ക് ദ്രവ്യതയുടെ ഒരംശത്തെ വേർപെടുത്തുന്നതിനുള്ള പ്രതിഫലമാണ് പലിശ"

ദ്രവ്യത മുൻഗണനയുടെ അർത്ഥം


ദ്രവ്യത മുൻഗണന എന്നാൽ ഓഹരികൾ, കടപ്പത്രങ്ങൾ, കൈമാറ്റ ബില്ലുകൾ, ഭൂമി, കെട്ടിടം, സ്വർണം മുതലായ മറ്റ് ദ്രാവകേതര ആസ്തികളേക്കാൾ, സമ്പത്ത് ദ്രാവക പണത്തിന്റെ രൂപത്തിൽ കൈവശം വയ്ക്കാനുള്ള മുൻഗണന എന്നാണ്.

"മറ്റേതൊരു രൂപത്തെക്കാളും ഇഷ്ടാനു സരണം കൈവശം സൂക്ഷിക്കുന്ന തുകയാണ് ദ്രവ്യത മുൻഗണന".

- മേയർ

പണചോദനത്തിന്റെ ഉദ്ദേശ്യങ്ങൾ

കെയ്ൻസിന്റെ അഭിപ്രായമനുസരിച്ച് ദ്രവ്യത മുൻ ഗണനയ്ക്ക് മൂന്ന് ഉദ്ദേശ്യങ്ങളുണ്ട്. അവ:



1. കൈമാറ്റ ഉദ്ദേശ്യം

നിലവിലെ ഇടപാടുകൾക്കായി (അല്ലെങ്കിൽ ദൈനംദിന ചെലവുകൾ) പണം കൈവശം വയ്ക്കാനുള്ള ജനങ്ങളുടെ ആഗ്രഹവുമായി കൈമാറ്റ ഉദ്ദേശ്യം ബന്ധപ്പെട്ടിരിക്കുന്നു.

ഈ ഉദ്ദേശ്യത്തിന് കീഴിൽ ലാഭിക്കുന്ന തുക വരുമാനത്തിന്റെ നിലവാരത്തെ ആശ്രയിച്ചിരി ക്കുന്നു. M_t, Y എന്നിവ ക്രിയാത്മകമായി ബന്ധപ്പെട്ടിരിക്കുന്നു. $M_t = 0.125Y$; എന്ന് പറയുക. അതിനർത്ഥം വരുമാനം ₹ 1000, ആണെങ്കിൽ കൈമാറ്റ ഉദ്ദേശ്യത്തിന്റെ ചേദനം ₹ 125)

$$M_t = f(y)$$

2. മുൻകരുതൽ ഉദ്ദേശ്യം

രോഗം, അപകടങ്ങൾ, തീ, മോഷണം എന്നിവ പോലുള്ള അപ്രതീക്ഷിതമോ മുൻകൂട്ടി പ്രതീ ക്ഷിക്കാത്തതോ ആയ ചെലവുകൾ നിറവേറ്റു ന്നതിന് പണം കൈവശം വയ്ക്കാനുള്ള ജന ങ്ങളുടെ ആഗ്രഹവുമായി മുൻകരുതൽ ഉദ്ദേ ശ്യം ബന്ധപ്പെട്ടിരിക്കുന്നു. ഈ ലക്ഷ്യത്തി നായി ലാഭിച്ച തുകയും വരുമാനത്തിന്റെ നിലവാരത്തെ ആശ്രയിച്ചിരിക്കുന്നു. (M_p = 0.125Y; എന്ന് പറയുക ഇതിനർത്ഥം വരുമാനം ₹ 1000, ആണെങ്കിൽ M_p ന്റെ ആവശ്യം ₹ 125 ആണ്)

$$M_p = f(y)$$

3. ഊഹക്കച്ചവട ഉദ്ദേശ്യം

മൂലധന വിപണിയിലെ ഓഹരികളുടെയും കടപ്പത്രങ്ങളുടെയും വിലയിലെ ഭാവിയിലെ മാറ്റങ്ങളെക്കുറിച്ച് വിപണിയിലെ ചലനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് പണം കൈവശം വയ്ക്കാനുള്ള ജനങ്ങളുടെ ആഗ്രഹവുമായി ഊഹക്കച്ചവട ഉദ്ദേശ്യം ബന്ധപ്പെട്ടിരിക്കുന്നു. ഈഉദ്ദേശ്യത്തിനായിലാഭിച്ചതുകപലിശനിര ക്കിനെആശ്രയിച്ചിരിക്കുന്നു.$Ms = f(i)$ ദ്രവ്യത മുൻഗണനയും പലിശ നിരക്കും തമ്മിൽ വിപരീത ബന്ധമുണ്ട് $M_s = 450-100i$).

പലിശ നിരക്ക് നിർണ്ണയിക്കൽ

കെയ്ൻസ് പറയുന്നതനുസരിച്ച് പലിശ നിരക്ക് നിർണ്ണയിക്കുന്നത് പണത്തിന്റെ ചോദനവും പണ പ്രദാനവുമാണ് പണത്തിന്റെ ആവശ്യം ദ്രവ്യത മുൻ ഗണനയാണ്. സത്യത്തിൽ ഊഹക്കച്ചവട ഉദ്ദേശ്യ ത്തിനുള്ള ദ്രവ്യത മുൻഗണന പലിശ നിരക്ക്


11th Economics Malayalam_Chapter-06.indd 134 2/14/2023 3:04:34 PM

നിർണ്ണയിക്കുന്നു. ഒരു രാജ്യത്തിന്റെ സർക്കാരിന്റെയും കേന്ദ്രീയ ബാങ്കിന്റെയും നയങ്ങളാണ് പണ പ്രദാനം നിർണ്ണയിക്കുന്നത്. മൊത്തം പണ പ്രദാനത്തിൽ നാണയങ്ങൾ, കറൻസി നോട്ടുകൾ, ബാങ്ക് നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്നു (M = 200).


പണചോദനവും പണ പ്രദാനവും തമ്മിലുള്ള സന്തുലിതാവസ്ഥ

ദ്രവ്യത മുൻഗണനയും പണത്തിന്റെ ആവശ്യവും പലിശ നിരക്കിന്റെ സന്തുലിതാവസ്ഥ നിർണ്ണയിക്കുന്നു. ഹ്രസ്വ കാലത്തിൽ, പണവിതരണം സ്ഥിരമായി കണക്കാക്കപ്പെടുന്നു (₹ 200).

LP എന്നത് ദ്രവ്യതമുൻഗണനവക്രം(ചോദനവക്രം) ആണ്. ഊഹക്കച്ചവട ഉദ്ദേശ്യം നിറവേറ്റുന്നതിനായി പണത്തിന്റെ പ്രദാനവക്രം M_2 M_2 കാണിക്കുന്നു. രണ്ട് വക്രങ്ങളും E, ബിന്ദുവിൽ ചേദിക്കുന്നു. ഇത് സന്തുലിത ബിന്ദുവാണ്. അതിനാൽ പലിശ നിരക്ക് I ആണ്. ദ്രവ്യത മുൻഗണന LP യിൽ നിന്ന് L_1P_1 ലേക്ക് വർദ്ധിക്കുകയാണെങ്കിൽ, പണ പ്രദാനം സ്ഥിരമായി തുടരുകയാണെങ്കിൽ പലിശ നിരക്ക് OI മുതൽ OI_1 വരെ വർദ്ധിക്കും. മുകളിൽ നൽകിയിരിക്കുന്ന സംഖ്യാഉദാഹരണങ്ങളും മികച്ചഗ്രാഹ്യത്തിനായി ഉപയോഗിക്കാം. പണത്തിന്റെ ആകെ ചോദനം=Mt+Mp+Ms =0.125Y+0.125Y+(450-100i) പണത്തിന്റെആകെവിതരണം=₹200.



ചിത്രം 6.5



ചിത്രം 6.6

M_t,M_p എന്നിവ Y യെ സ്വാധീനിക്കുന്നു. അതിനാൽ എളുപ്പത്തിൽ മനസ്സിലാക്കാം MS മാത്രം പണത്തിനുള്ള ചോദന = സന്തുലിതാവസ്ഥയിൽ പണം പ്രദാനം:450-100i=200;450-200=100i;250=100i;i=250/100=2.5. ഇത് സന്തുലിത പലിശയാണ്. വാസ്തവത്തിൽ, പലിശനിരക്ക് ദേശീയ വരുമാനത്തെയും ചരക്ക് മേഖലയുടെ സന്തുലിതാവസ്ഥയെയും സ്വാധീനിക്കുന്നു. എന്നിരുന്നാലും, മനസ്സിലാക്കൽ എളുപ്പമാക്കുന്നതിന് അവ ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

LP സ്ഥിരമായി തുടരുന്നുവെന്ന് കരുതുക. പണ പ്രദാനം OM_2 ആണെങ്കിൽ, പലിശ OI_2 ആണ്. പണത്തിന്റെ പ്രദാനം OM_2 ൽ നിന്ന് OM_3 യിലേക്ക് കുറച്ചാൽ പലിശ OI_2 ൽ നിന്ന് OI_3 യിലേക്ക് വർദ്ധിക്കും. പണപ്രദാനം OM_2 യിൽ നിന്ന് OM_4 ലേക്ക് വർദ്ധിപ്പിക്കുകയാണെങ്കിൽ, പലിശ OI_2 ൽ നിന്ന് OI_4 ലേക്ക് കുറയും.

വിമർശനം

1. ഒരേ സമയം വിപണിയിൽ നിലനിൽക്കുന്ന വ്യത്യസ്ത പലിശ നിരക്കുകളുടെ നിലനിൽപ്പിനെ ഈ സിദ്ധാന്തം വിശദീകരിക്കുന്നില്ല.

2. ഇത് ഹ്രസ്വകാലത്തേക്ക് മാത്രം പലിശ നിരക്ക് വിശദീകരിക്കുന്നു.

11th Economics Malayalam_Chapter-06.indd 135 2/14/2023 3:04:34 PM

6.10 ലാഭം

ഉൽപാദനത്തിന്റെ മറ്റ് മൂന്ന് ഘടകങ്ങളെയും (ഭൂമി, തൊഴിൽ,മൂലധനം)സംരംഭകൻഏകോപിപ്പിക്കുന്നു സംരംഭകന്റെ സേവനത്തിന് ലാഭത്തിന്റെ രൂപത്തി ലുള്ള പ്രതിഫലം ലഭിക്കുന്നു.

6.10.1 ലാഭത്തിന്റെ അർത്ഥം

സംരംഭകന്റെകഴിവ്ഉപയോഗപ്പെടുത്തുന്നതിനുള്ള ഒരു തിരിച്ചു വരവാണ് ലാഭം. ഇത് സംഘാടകന്റെ അറ്റ വരുമാനമാണ്. മറ്റൊരു വിധത്തിൽ പറ ഞ്ഞാൽ ഉൽപാദന പ്രക്രിയയിൽ അദ്ദേഹം ഉപ യോഗിക്കുന്ന മറ്റെല്ലാ ഘടകങ്ങൾക്കും (ഭൂമി, തൊഴിൽ, മൂലധനം) പണമടച്ചതിന് ശേഷം സംരംഭകന് അവശേഷിക്കുന്ന തുകയാണ് ലാഭം. എന്നിരുന്നാലും, മറ്റ് പരിഭാഷകളും ഉണ്ട്.

6.10.2 ലാഭത്തിന്റെ തരങ്ങൾ

I. കുത്തകലാഭം:കുത്തകനിയന്ത്രണംകാരണം സ്ഥാപനം നേടിയ ലാഭം.

II. പ്രതീക്ഷിക്കാത്ത ലാഭം : ചില സമയങ്ങളിൽ വില നിലവാരത്തിലെ മാറ്റങ്ങൾ കാരണം ലാഭം ഉണ്ടാകുന്നു. മുൻകൂട്ടി പ്രതീക്ഷി ക്കാത്ത ഘടകങ്ങളാണ് ലാഭത്തിന് കാരണം.

III. പ്രവർത്തനത്തിന്റെ പ്രതിഫല ലാഭം : വാടക, വേതനം, പലിശ, എന്നിവ പോലെ, സംരംഭ കന്റെ പ്രവർത്തനത്തിന് ലാഭം ലഭിക്കുന്നു.

6.10.3 ലാഭത്തിന്റെ ആശയങ്ങൾ

a. മൊത്ത ലാഭം

ഒരു സ്ഥാപനത്തിന്റെ മൊത്തം വരുമാനം അതിന്റെ മൊത്തം ചെലവിൽ നിന്ന് കുറയ്ക്കുമ്പോൾ ലഭിക്കുന്ന മിച്ചമാണ് മൊത്ത ലാഭം.

മൊത്ത ലാഭം = ആകെ വരുമാനം- ആകെ ചെലവ്

ഇവിടെ ചെലവ് ബാഹ്യ ചെലവുകൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. (സാധാരണ സാമ്പത്തിക ചെലവ്,സാമൂഹികപരിസ്ഥിതിചെലവ്എന്നിവ ഇന്ത്യയിലെ അക്കൗണ്ടന്റുമാർ പരിഗണി ക്കുന്നില്ല).

b. അറ്റലാഭം അല്ലെങ്കിൽ ശുദ്ധമായ ലാഭം അല്ലെങ്കിൽസാമ്പത്തികലാഭംഅല്ലെങ്കിൽ യഥാർത്ഥ ലാഭം

മൊത്ത ലാഭത്തിൽ നിന്ന് കുറച്ചതിനു ശേഷം സംരംഭകന് അവശേഷിക്കുന്നതാണ് അറ്റ അല്ലെങ്കിൽ ശുദ്ധമായ അല്ലെങ്കിൽ സാമ്പത്തിക അല്ലെങ്കിൽ യഥാർത്ഥ ലാഭം.

അറ്റലാഭം = മൊത്ത ലാഭം- ആന്തരിക ചെലവ്

c. സാധാരണ ലാഭം

ബിസിനസ്സിൽ തുടരുന്നതിന് പ്രതീക്ഷിക്കുന്ന ഏറ്റവും കുറഞ്ഞ വരുമാനത്തെ ഇത് സൂചി പ്പിക്കുന്നു.

d. മികച്ച സാധാരണ ലാഭം

മികച്ച സാധാരണ ലാഭം സാധാരണ ലാഭത്തിന് മുകളിലാണ്.


മികച്ച സാധാരണ ലാഭം = യഥാർത്ഥ ലാഭം- സാധാരണ ലാഭം

6.11 ലാഭത്തിന്റെ സിദ്ധാന്തങ്ങൾ



11th Economics Malayalam_Chapter-06.indd 136 2/14/2023 3:04:35 PM

6.11.1 ലാഭത്തിന്റെ ചലനാത്മക സിദ്ധാന്തം



ഈ സിദ്ധാന്തം അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ജെ.ബി. ക്ലാർക്ക് 1900 ൽ മുന്നോട്ടു വച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ലാഭം എന്നത് ചരക്കിന്റെ വിലയും ഉൽപാദന ചെലവും തമ്മിലുള്ള വ്യത്യാസമാണ്. അതിനാൽ, സമൂഹത്തിലെ ചലനാത്മക മാറ്റങ്ങളുടെ പ്രതിഫലമാണ് ലാഭം. സ്ഥിരമായ ഒരു സമൂഹത്തിൽ ലാഭം ഉണ്ടാകില്ലെന്നും അദ്ദേഹം ചൂണ്ടികാട്ടുന്നു. എല്ലാം നിശ്ചലമായ ഒരു മാറ്റവുമില്ലാത്ത ഒന്നാണ് സ്ഥിര സമൂഹം. അതിനാൽ, ഒരു സ്ഥിര സമൂഹത്തിൽ ഒരു സംരംഭകന് ഒരു പങ്കുമില്ല. ഒരു സ്ഥിര സമൂഹത്തിലെ ചരക്കുകളുടെ വില അവയുടെ ഉൽപാദന ചെലവിന് തുല്യമായിരിക്കും. അതിനാൽ, സംരംഭകന് ലാഭമുണ്ടാകില്ല. സംരംഭകന് തന്റെ മൂലധനത്തിന്റെ നിർവ്വഹണത്തിനും പലിശയ്ക്കും മാത്രമേ വേതനം ലഭിക്കൂ.

ചലനാത്മക സമൂഹത്തിൽ നിലവിൽ നിരവധി മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുന്നു. മാറ്റങ്ങൾ ശാശ്വതമാണ്. ക്ലാർക്ക് പറയുന്നതനുസരിച്ച്, ചലനാത്മക സമൂഹത്തിൽ ഇനി പറയുന്ന അഞ്ച് പ്രധാന മാറ്റങ്ങൾ സംഭവിക്കുന്നു.

1. ജനസംഖ്യ വർദ്ധിക്കുന്നു
2. മൂലധനത്തിന്റെ അളവ് വർദ്ധിക്കുന്നു.
3. ഉൽപാദന രീതികൾ മെച്ചപ്പെടുന്നു.
4. വ്യാവസായിക സംഘടനയുടെ രൂപങ്ങൾ മാറുന്നു.
5. ഉപഭോക്താവിന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നു.

6.11.2 നവീകരണ ലാഭ സിദ്ധാന്തം

നവീകരണ ലാഭ സിദ്ധാന്തം ജോസഫ്.എ.ഷുംപീറ്റർ മുന്നോട്ടു വച്ചു ഷുംപീറ്റർ, ഒരു സംരംഭകൻ ബിസിനസ്സ് ഏറ്റെടുക്കുന്നയാൾ മാത്രമല്ല, ഉൽപാദന പ്രക്രിയയിലെ ഒരു പുതുമയുള്ള ആളാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ലാഭം നവീകരണത്തിന്റെ പ്രതി ഫലമാണ്. നവീകരണം എന്നാൽ വാണിജ്യപരമായ പ്രയോഗത്തിൽ കൊണ്ടു വന്ന കണ്ടുപിടിത്തം. ഷുംപീറ്ററിന്റെ അഭിപ്രായത്തിൽ ഒരു നവീകരണത്തിൽ ഇനി പ്പറയുന്നവ അടങ്ങിയിരിക്കും.

1. ഒരു പുതിയ ഉൽപ്പന്നം പരിചയപ്പെടുത്തുക.
2. ഒരു പുതിയ ഉൽപാദന രീതി പരിചയപ്പെടുത്തുക.
3. ഒരു പുതിയ കമ്പോളം തുറക്കുന്നു.
4. പുതിയ അസംസ്കൃത വസ്തുക്കളുടെ കണ്ടെത്തൽ
5. ഒരു വ്യവസായത്തിന്റെ / സ്ഥാപനത്തിന്റെ പുനഃസംഘടന.

ഈ കണ്ടുപിടിത്തങ്ങളിൽ ഏതെങ്കിലും ഒന്ന് ഒരു സംരംഭകൻ അവതരിപ്പിക്കുമ്പോൾ, അത് ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിലേക്ക് നയിക്കുകയും അതു വഴി ഒരു സംരംഭകൻ ലാഭം നേടുകയും ചെയ്യുന്നു. തുടർച്ചയായി ലാഭം നേടുന്നതിന്, പുതുമയുള്ളയാൾ തുടർച്ചയായി നവീകരിക്കേണ്ടതുണ്ട് യഥാർത്ഥ പുതുമയുള്ളവർ അങ്ങനെ ചെയ്യുന്നു. അനുകരണ സംരംഭകർക്ക് പുതുമ നൽകാൻ കഴിയില്ല.

6.11.3 ലാഭത്തിന്റെ അപകട സാധ്യത വാഹക സിദ്ധാന്തം

ലാഭത്തിന്റെ അപകട സാധ്യത വാഹക സിദ്ധാന്തം 1907 ൽ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ എഫ്.ബി. ഹാവ്ലി മുന്നോട്ടു വച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ലാഭം ബിസിനസ്സിൽ അപകട സാധ്യത എടുക്കുന്നതിനുള്ള പ്രതിഫലമാണ്. അപകട സാധ്യത എടുക്കൽ സംരംഭകന്റെ അനിവാര്യമായ പ്രവർത്തനമാണ്. അത് ലാഭത്തിന്റെ അടിസ്ഥാനവുമാണ്.

ഓരോ ബിസിനസ്സിലും ചില അപകട സാധ്യതകൾ ഉൾപ്പെടുന്നു എന്നത് എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്. സംരംഭകൻ അപകട സാധ്യതകൾ ഏറ്റെടുക്കുന്നതിനാൽ, അയാൾക്ക് ലാഭം ലഭിക്കുന്നു. സംരംഭകന് പ്രതിഫലം ലഭിച്ചില്ലെങ്കിൽ, അപകടസാധ്യതകൾ ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറാകില്ല. അതിനാൽ ഉയർന്ന അപകട സാധ്യതകൾക്ക് കൂടുതൽ ലാഭം ലഭിക്കുന്നു.

11th Economics Malayalam_Chapter-06.indd 137 2/14/2023 3:04:35 PM

ഓരോ സംരംഭകനുംആവശ്യം പ്രതീക്ഷിച്ച് സാധനങ്ങൾ ഉത്പാദിപ്പിക്കുന്നു. അദ്ദേഹം പ്രതീക്ഷിക്കുന്ന ചോദനം ശരിയാണെങ്കിൽ, ലാഭമുണ്ടാകും. അത് തെറ്റാണെങ്കിൽ നഷ്ടമുണ്ടാകും. ലാഭമാണ് സംരംഭകരെ അത്തരം അപകടങ്ങൾ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നത്.

6.11.4 അനിശ്ചിതത്വം വഹിക്കുന്ന ലാഭത്തിന്റെ സിദ്ധാന്തം

അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞൻ ഫ്രാങ്ക്. എച്ച്. നൈറ്റ് ആണ് അനിശ്ചിതത്വ സിദ്ധാന്തം മുന്നോട്ടു വച്ചത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ലാഭം എന്നത് അനിശ്ചിതത്വ വഹിക്കുന്നതിനുള്ള പ്രതിഫലമാണ്. ഇൻഷുറൻസ് ചെയ്ത ഇൻഷുറൻസ് ചെയ്യാത്തത് എന്നിങ്ങനെ അപകട സാധ്യതകളെ അദ്ദേഹം വേർതിരിക്കുന്നു.

ഇൻഷുറൻസ് ചെയ്യാവുന്ന അപകട സാധ്യതകൾ

ചില അപകട സാധ്യതകൾ അളക്കാവുന്നതോ കണക്കാക്കാവുന്നതോ ആണ്. തീ, മോഷണം, പ്രകൃതി ദുരന്തങ്ങൾ എന്നിവ ഈ അപകട സാധ്യതകളുടെ ഉദാഹരണങ്ങളാണ്. അതിനാൽ അവ ഇൻഷുറൻസ് ചെയ്യാനാകും. അത്തരം അപകട സാധ്യതകൾക്ക് ഇൻഷുറൻസ് കമ്പനികൾ നഷ്ടപരിഹാരം നൽകുന്നു.

ഇൻഷുറൻസ് ചെയ്യാനാകാത്ത അപകട സാധ്യതകൾ

അളക്കാനാവാത്തതോ കണക്കാക്കാനാവാത്തതോ ആയ ചില അപകട സാധ്യതകൾ ഉണ്ട്. അവയിൽ അനിശ്ചിതത്വം ഉള്ളതിനാൽ അവ സംഭവിക്കാനുള്ള സാധ്യത മുൻകൂട്ടി അറിയാൻ കഴിയില്ല. മൽസരം, വിപണി അവസ്ഥ, സാങ്കേതിക മാറ്റം, പൊതു നയം എന്നിവയാണ് ഈ അപകട സാധ്യതകളുടെ ഉദാഹരണങ്ങൾ ഒരു ഇൻഷുറൻസ് കമ്പനിക്കും ഈ അപകട സാധ്യതകൾ ഏറ്റെടുക്കാൻ കഴിയില്ല. അതിനാൽ, അവ ഇൻഷുറൻസ് ചെയ്യാനാവാത്തവയാണ്. അപകട സാധ്യതകൾ എന്ന പദം ആദ്യ തരത്തിലുള്ള സംഭവങ്ങളെ (അളക്കാവുന്നവ ഇൻഷുറൻസ് ചെയ്യാവുന്നവ) ഉൾക്കൊള്ളുന്നു കൂടാകെ അനിശ്ചിതത്വം എന്ന പദം രണ്ടാമത്തെ തരം സംഭവങ്ങളെ ഉൾക്കൊള്ളുന്നു (മുൻകൂട്ടി കാണാൻ കഴിയാത്തതോ, കണക്കാക്കാനാവാത്തതോ അളക്കാനാകാത്തതോ ഇൻഷുറൻസ് ചെയ്യാത്തതോ).

നൈറ്റിന്റെഅഭിപ്രായത്തിൽഅപകടസാധ്യത എടുക്കുന്നതിലൂടെലാഭംഉണ്ടാകില്ല. കാരണംഅനുയോജ്യമായ ഇൻഷുറൻസ് പോളിസി എടുക്കുന്നതിലൂടെ സംരംഭകന് ഒരു അപകട സാധ്യതയിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ കഴിയും. എന്നാൽ അനിശ്ചിതമായ സംഭവങ്ങളെ ആ രീതിയിൽ സംരക്ഷിക്കാൻ കഴിയില്ല. ഒരു അനിശ്ചിതത്വ സംഭവത്തെ അഭിമുഖീകരിക്കുന്നതിന്റെ ഭാരം ഒരു സംരംഭകൻ സ്വയം ഏറ്റെടുക്കുമ്പോൾ അയാൾ പ്രതിഫലം നേടുന്നു. ആ പ്രതിഫലം “ലാഭം” ആണ്

6.12 ഉപസംഹാരം

ഈ അധ്യായത്തിൽ ഉൽപാദനത്തിന്റെ വിവിധ ഘടകങ്ങളുടെ(ഭൂമി,തൊഴിൽ,മൂലധനം,സംഘടന) വിലകൾ എങ്ങനെ ചർച്ച ചെയ്യപ്പെട്ടു എന്ന് വിലയിരുത്തി. ചുരുക്കത്തിൽ, എല്ലാ സിദ്ധാന്തങ്ങളും ഉൽപാദന ഘടകങ്ങളുടെ ഘടക വിലയുമായി ബന്ധപ്പെട്ടതാണ്. എന്നിരുന്നാലും ഒരു സിദ്ധാന്തത്തിനും എല്ലാ കാര്യങ്ങളും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കേണ്ടതുണ്ട്. സിദ്ധാന്തങ്ങൾക്ക് പ്രവചിക്കാനോ മനസ്സിലാക്കാനോ കഴിയുന്നതിനേക്കാൾ യാഥാർത്ഥ്യമാണ് സങ്കീർണ്ണത. സിദ്ധാന്തങ്ങൾ മാർഗ്ഗ നിർദ്ദേശങ്ങൾ മാത്രമാണ്. അവയെ 100% പൂർണ്ണതയോടെ പ്രവചിക്കാൻ കഴിയില്ല. എന്നിരുന്നാലും, ശാസ്ത്രീയ പഠനങ്ങൾ പരിപൂർണ്ണതയുടെ അളവ് വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു.

പദശേഖരണം

1. **വിതരണം** – പ്രതിനിധികൾ അല്ലെങ്കിൽ ഉൽപാദന ഘടകങ്ങളുടെ ഉടമകൾക്കിടയിൽ സമ്പത്തിന്റെ വിതരണം.
2. **വാടക** – ഭൂമിയുടെ ഉപയോഗത്തിനുള്ള പ്രതിഫലമാണ് വാടക.

11th Economics Malayalam_Chapter-06.indd 138 2/14/2023 3:04:35 PM

3. **വേതനം** – കൂലിയാണ് അധ്വാനത്തിനുള്ള പ്രതിഫലം.

4. **പലിശ** – മൂലധനത്തിന്റെ ഉപയോഗത്തിന് നൽകുന്ന വിലയാണ് പലിശ.

5. **ലാഭം** – ലാഭം എന്നത് സംഘടന അല്ലെങ്കിൽ സംരംഭകത്വത്തിനുള്ള പ്രതിഫലമാണ്.

6. **അർദ്ധ പാട്ടം** – ഹ്രസ്വകാലയളവിൽ മനുഷ്യ നിർമിത ഉപകരണങ്ങളും ഉപകരണ നിർമ്മാണവും വഴി സമ്പാദിച്ച മിച്ചമാണ് അർദ്ധ പാട്ടം.

7. **കൈമാറ്റ വരുമാനം** – ഒരു ഘടകത്തിനെ അതിന്റെ നിലവിലെ ഉപയോഗത്തിൽ നില നിർത്തുന്നതിന് നൽകേണ്ട ഏറ്റവും കുറഞ്ഞ പ്രതിഫലത്തെ കൈമാറ്റ വരുമാനം സൂചിപ്പിക്കുന്നു.

8. **പണ വേതനം** – പണത്തിന്റെ അടിസ്ഥാനത്തിൽ ഒരു തൊഴിലാളിക്ക് ലഭിക്കുന്ന പ്രതിഫലമാണ് പണവേതനം.

9. **യഥാർത്ഥ വേതനം** – ചരക്കുകളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ പണ വേതനത്തിന്റെ വാങ്ങൽ ശക്തിയാണ് യഥാർത്ഥ വേതനം.

10. **വായ്പാ നിധി** – വായ്പയ്ക്ക് വേണ്ടിയുള്ള മൂലധനത്തിന്റെ ഭാഗമാണ് വായ്പാനിധി.

11. **നവീകരണം** – വാണിജ്യ ലക്ഷ്യങ്ങൾക്കായി കണ്ടുപിടുത്തങ്ങൾ പ്രയോഗിക്കുന്നത്.

മാതൃകാ ചോദ്യങ്ങൾ

SN2A6

ഭാഗം – A

1. സാമ്പത്തിക ശാസ്ത്രത്തിൽ വരുമാന വിതരണം ഉൾപ്പെടുന്നത്
   a. ഉൽപാദന ഘടകങ്ങൾ
   b. വ്യക്തിഗതം
   c. സ്ഥാപനങ്ങൾ
   d. വ്യാപാരികൾ

2. വിതരണ സിദ്ധാന്തം അറിയപ്പെടുന്നത് എങ്ങനെ,
   a. ഉൽപ്പന്ന വില നിർണ്ണയ സിദ്ധാന്തം
   b. ഘടക വില നിർണ്ണയ സിദ്ധാന്തം
   c. വേതന സിദ്ധാന്തം
   d. പലിശ സിദ്ധാന്തം

3. വാടക എന്തിനുള്ള പ്രതിഫലമാണ്
   a. മൂലധനം
   b. അധ്വാനം
   c. ഭൂമി
   d. സംഘടന

4. അർദ്ധ പാട്ടം എന്ന ആശയം ആവിഷ്ക്കരിച്ചത് ആര്
   a. റിക്കാർഡോ
   b. കെയ്ൻസ്
   c. വാക്കർ
   d. മാർഷൽ

11th Economics Malayalam_Chapter-06.indd 139 2/14/2023 3:04:35 PM

5. പ്രാചീന വാടക സിദ്ധാന്തം മുന്നോട്ടു വച്ചത് ആര്

a. റിക്കാർഡോ

b. കെയ്ൻസ്

c. മാർഷൽ

d. വാക്കർ

6. മണ്ണിന്റെ യഥാർത്ഥവും അവഗണിക്കാനാവാത്തതുമായ ശക്തികൾ എന്ന ആശയം കൊണ്ടു വന്നത്

a. ജെ.എസ് മിൽ

b. വാക്കർ

c. ക്ലാർക്ക്

d. റിക്കാർഡോ

7. അധ്വാനത്തിനുള്ള പ്രതിഫലം

a. വാടക

b. വേതനം

c. ലാഭം

d. പലിശ

8. പണവേതനം..... എന്നും അറിയപ്പെടുന്നു

a. യഥാർത്ഥ വേതനം

b. നാമമാത്ര വേതനം

c. പ്രഥമ വേതനം

d. കൈമാറ്റ വേതനം

9. വേതനത്തിന്റെ അവശേഷിക്കുന്ന അവകാശി സിദ്ധാന്തത്തെ രൂപപ്പെടുത്തിയത് ആര്

a. കെയ്ൻസ്

b. വാക്കർ

c. ഹാവ്‌ലി

d. നൈറ്റ്

10. മൂലധനത്തിന്റെ ഉപയോഗത്തിന് നൽകുന്ന പ്രതിഫലം

a. വാടക

b. വേതനം

c. പലിശ

d. ലാഭം

11. കെയ്ൻസിന്റെ പലിശ സിദ്ധാന്തം ..... എന്നറിയപ്പെടുന്നു

a. ത്യാഗസിദ്ധാന്തം

b. ദ്രവ്യത മുൻഗണന സിദ്ധാന്തം

c. വായ്പാനിധി സിദ്ധാന്തം

d. എജിയോ സിദ്ധാന്തം

12. വായ്പാ നിധി സിദ്ധാന്ത പ്രകാരം വായ്പാ നിധിയുടെ പ്രദാനം ഏതിനു തുല്യമാണ്.

a. S + BC + DH + DI

b. I + DS + DH + BM

c. S + DS + BM + DI

d. S + BM + DH + DS

13. കെയ്ൻസ് അപ്രതീക്ഷിത ചെലവുകൾ നിറവേറ്റുക എന്ന ആശയത്തെ എങ്ങനെയാണ് വിളിക്കുന്നത്

a. കൈമാറ്റ ഉദ്ദേശ്യം

b. മുൻകരുതൽ ഉദ്ദേശ്യം

c. ഊഹക്കച്ചവട ഉദ്ദേശ്യം

d. വ്യക്തിപരമായ ഉദ്ദേശ്യം

14. ഒരു രാജ്യത്തിന്റെ വരുമാനമോ സമ്പത്തോ വ്യക്തികൾക്കിടയിൽ വിതരണം ചെയ്യുന്നത്

a. പ്രവർത്തനപരമായ വിതരണം

b. വ്യക്തിഗത വിതരണം

c. ചരക്ക് വിതരണം

d. സേവന വിതരണം

15. ലാഭം ഏതിന്റെ പ്രതിഫലമാണ്

a. ഭൂമി

b. സംഘടന

c. മൂലധനം

d. അധ്വാനം

11th Economics Malayalam_Chapter-06.indd 140 2/14/2023 3:04:35 PM

16. ലാഭത്തിന്റെ നവീകരണ സിദ്ധാന്തം നൽകിയത്

a. ഹാവ്‌ലി

b. ഷുംപീറ്റർ

c. കെയ്ൻസ്

d. നൈറ്റ്

17. അർദ്ധ പാട്ടം ഇപ്രകാരം ദൃശ്യമാകുന്നു

a. മനുഷ്യനിർമിത ഉപകരണങ്ങൾ

b. ഭവനങ്ങളിൽ നിർമിച്ച ഇനങ്ങൾ

c. ഇറക്കുമതി ചെയ്ത ഇനങ്ങൾ

d. ഇവയൊന്നുമല്ല

18. ഒരു തൊഴിലാളിയെ ജോലിക്കെടുക്കാൻ ഒരു നിർമാതാവ് കരാറുണ്ടാക്കുകയും ഒരു നിശ്ചിത തുക നൽകുകയും ചെയ്യുന്ന വേതനമാണിത് ആരാണ് പറഞ്ഞത്?

a. ബെൻഹാം

b. മാർഷൽ

c. വാക്കർ

d. ജെ.എസ്. മിൽ

19. പലിശയുടെ ത്യാഗസിദ്ധാന്തം മുന്നോട്ടു കൊണ്ടു വന്നതാര്

a. ആൽഫ്രഡ് മാർഷൽ

b. എൻ. ഡബ്ല്യൂ സീനിയർ

c. ബോം ബാവെർക്ക്

d. നട്ട് വിക്സൽ

20. പലിശയുടെ വായ്പാ സിദ്ധാന്തത്തെ എങ്ങനെ വിളിക്കുന്നു

a. ക്ലാസിക്കൽ സിദ്ധാന്തം

b. ആധുനിക സിദ്ധാന്തം

c. പരമ്പരാഗത സിദ്ധാന്തം

d. നിയോ ക്ലാസിക്കൽ സിദ്ധാന്തം

ഭാഗം- A ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
a	b	c	d	a	d	b	b	b	c
11	12	13	14	15	16	17	18	19	20
b	a	b	b	b	b	a	a	b	d

ഭാഗം – B രണ്ടോ മൂന്നോ വരികളിൽ ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

21. വിതരണം എന്നാൽ എന്ത്?

22. വിതരണത്തിന്റെ തരങ്ങളെ പരാമർശിക്കുക.

23. വാടക നിർവ്വചിക്കുക

24. യഥാർത്ഥ വേതനം, പണ വേതനം തമ്മിൽ വേർതിരിക്കുക.

25. പലിശ എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?

26. എന്താണ് ലാഭം?

27. ദ്രവ്യത മുൻഗണനയുടെ അർത്ഥം പറയുക.

ഭാഗം C താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക

28. പണചോദനത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണ്?

29. കൂലിയുടെ തരം പട്ടികപ്പെടുത്തുക.

30. വാടകയും അർദ്ധ വാടകയും തമ്മിൽ വേർതിരിക്കുക.

11th Economics Malayalam_Chapter-06.indd 141 2/14/2023 3:04:35 PM

31. വേതനത്തിന്റെ ഉപജീവന സിദ്ധാന്തത്തെ സംക്ഷിപ്തമായി വിവരിക്കുക.

32. വാടകയുടെ കാത്തിരിപ്പ് സിദ്ധാന്തം പ്രസ്താവിക്കുക

33. ലാഭത്തിന്റെ നവീകരണ സിദ്ധാന്തത്തെ സംക്ഷിപ്തമായി വിവരിക്കുക.

34. ലാഭത്തിന്റെ അപകട സാധ്യത വഹിക്കുന്ന സിദ്ധാന്തത്തെക്കുറിച്ച് വിവരിക്കുക.

ഭാഗം – D ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഒരു പേജിൽ ഉത്തരം എഴുതുക

35. വിതരണത്തിന്റെ സീമാന്ത ഉല്പാദന ക്ഷമത സിദ്ധാന്തത്തെ വിശദീകരിക്കുക.

36. റിക്കാർഡിയൻ വാടക സിദ്ധാന്തം വിശദീകരിക്കുക.

37. പലിശയുടെ വായ്പാനിധി സിദ്ധാന്തം വ്യക്തമാക്കുക.

38. കെയ്ൻസിന്റെ പലിശ സിദ്ധാന്തം വിവരിക്കുക.

പ്രവർത്തനം

ഏതെങ്കിലും നിർമാണ യൂണിറ്റ് (വ്യവസായശാല) സന്ദർശിച്ച് ഉൽപാദന ഘടകങ്ങളുടെ(ഭൂമി,തൊഴിൽ,മൂലധനം,സംഘടന)വിവരങ്ങൾശേഖരിക്കുകയും അവയുടെ പ്രതിഫലം താരതമ്യം ചെയ്യുകയും ചെയ്യുക.

കുട്ടികളോട് വ്യവസായശാലയിലെ ബന്ധപ്പെട്ടവരെ സന്ദർശിക്കാൻ ആവശ്യപ്പെടാം.

- സംരംഭകൻ.
- മാനേജർ അല്ലെങ്കിൽ മാനേജിംഗ് ഡയറക്ടർ.
- ജീവനക്കാർ.

പരാമർശങ്ങൾ

1. Dewett, K.M. and Navalur, M.H. (2016), "Modern Economic Theory", S. Chand and Company Pvt. Ltd., New Delhi.
2. Jhingan, M.L. ( ), Micro Economic Theory,
3. Ahuja, H.L. (2016), "Principle of Microeconomics", S.Chand and Company Pvt. Ltd., New Delhi.
4. Karl, E. Case, Raw C. Fair and Sharon Oster (2014), "Principle of Economics", Pearson, Darling Kindersley (India), Pvt. Ltd., New Delhi, Douglas C.
5. Alfred W. Stonier and Hague (2008), "A Text Book of Economic Theory", Pearson, Dorling Kindersley (India), Pvt Ltd., New Delhi.

11th Economics Malayalam_Chapter-06.indd 142 2/14/2023 3:04:35 PM

അദ്ധ്യായം

7 ഇന്ത്യൻ സാമ്പത്തികം

"ഡിജിറ്റൽ സാമ്പത്തികത്തിൽ ഇന്ത്യ ആഗോള നിലയിൽ പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു."
– സുന്ദർപിച്ചൈ, CEO ഗൂഗിൾ

പഠന ലക്ഷ്യങ്ങൾ

1. പ്രകൃതി വിഭവങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നിലവിലെ സ്ഥിതി മനസ്സിലാക്കൽ.
2. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പ്രധാന സംഭാവനകൾ മനസ്സിലാക്കൽ.

7.1 വളർച്ചയും വികാസവും എന്നതിന്റെ അർത്ഥം

ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച സാധാരണയായി ദേശീയ വരുമാനത്തിൽ അധിഷ്ഠിതമാണെന്ന് **മൊത്തം ആഭ്യന്തര വരുമാനം** സൂചിപ്പിക്കുന്നു. **ജി ഡി പി** എന്നത് ഒരു നിശ്ചിത കാലയളവിനുള്ളിൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ പണമൂല്യമാണ്. സാധാരണയായി ഒരു വഷർത്തെ കണക്കിനെയാണ് സൂചിപ്പിക്കുന്നത്.

സാമ്പത്തിക വികസനം സൂചിപ്പിക്കുന്നത് **ജി ഡി പി** മാത്രമല്ല പൗരന്മാരുടെ ജീവിത നിലവാരത്തിലോ ക്ഷേമത്തിലോ ഉള്ള വർദ്ധനവാണ്, മാനവ വികസന സൂചിക, ഭൗതികമായ ഇന്ത്യൻ സാമ്പത്തികം പോലുള്ള നിരവധി സൂചികകൾ ജീവിത നിലവാരം ഉയർത്തുന്നു.

മൊത്ത ദേശീയ സന്തോഷ സൂചിക (GNHI)

1972-ൽ ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മെ സിംഗെ വാങ്ചക്ക് **"മൊത്ത ദേശീയ സന്തോഷം"** എന്ന പദം ഉപയോഗിച്ചു. ഇത് പുരോഗതിയുടെ ഒരു സൂചകമാണ്. ഇത് സുസ്ഥിര വികസനം, സംസ്ക്കാരത്തിന്റെ പരിസ്ഥിതി സംരക്ഷണ പ്രോത്സാഹനം, നല്ല ഭരണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു.

സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാനത്തിൽ രാജ്യങ്ങളെ രണ്ടായി തരംതിരിക്കുന്നു. അവ പുരോഗതി പ്രാപിച്ച രാജ്യങ്ങൾ പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്ന രാജ്യങ്ങൾ എന്നത്, വ്യവസായ വൽക്കരിക്കുകയും അവയുടെ വിഭവങ്ങൾ കാര്യ

11th Economics Malayalam_Chapter-07.indd 143 2/14/2023 3:05:11 PM


ക്ഷമമായി വിനിയോഗിക്കുകയും ഉയർന്ന ആളോഹരി വരുമാനം നേടുകയും ചെയ്യുന്ന രാജ്യങ്ങളാണ് വികസിത സമ്പദ് വ്യവസ്ഥ. യു.എസ്.എ, യു.കെ, ഫ്രാൻസ്, ജപ്പാൻ എന്നിവ വികസിത സമ്പദ് വ്യവസ്ഥയിൽപ്പെടുന്ന വികസിത രാജ്യങ്ങളാണ്. ഈ രാജ്യങ്ങളെ പുരോഗതി പ്രാപിച്ച നൂതന രാജ്യങ്ങൾ എന്നും വിളിക്കുന്നു. മറുവശത്ത് ചില രാജ്യങ്ങൾ അവരുടെ രാജ്യത്തുള്ള ഭൂമി, ഖനികൾ, തൊഴിലാളികൾ മുതലായ വിഭവങ്ങൾ പൂർണ്ണമായും വിനിയോഗിക്കാത്തതും പ്രതിശീർഷ വരുമാനം കുറവുള്ളതുമായ രാജ്യങ്ങളെ വികസിത സമ്പദ് വ്യവസ്ഥയുടെ കീഴിൽ വരുന്നവയായി കണക്കാക്കപ്പെടുന്നു. അവികസിത രാജ്യങ്ങൾക്ക് ഉദാഹരണങ്ങൾ സബ് സഹാറൻ ആഫ്രിക്ക, ബംഗ്ലാദേശ്, മ്യാൻമർ, പാകിസ്ഥാൻ, ഇന്തോനേഷ്യ മുതലായവ. ഇവ അവികസിത രാജ്യങ്ങൾ അല്ലെങ്കിൽ പിന്നോക്ക രാഷ്ട്രങ്ങൾ അല്ലെങ്കിൽ മൂന്നാം കിട ലോക രാഷ്ട്രങ്ങൾ എന്നറിയപ്പെടുന്നു.

വികസിത സമ്പദ് വ്യവസ്ഥയുടെ സവിശേഷതകൾ

1) ഉയർന്ന ദേശീയ വരുമാനം
2) ഉയർന്ന ആളോഹരി വരുമാനം
3) ഉയർന്ന ജീവിത നിലവാരം
4) വിഭവങ്ങളുടെ മുഴുവൻ തൊഴിൽ
5) വ്യവസായിക മേഖലയുടെ ആധിപത്യം
6) ഉയർന്ന സാങ്കേതിക വിദ്യ
7) ഉയർന്ന വ്യാവസായിക വർക്കരണം
8) ഉയർന്ന ഉപഭോഗ രീതി
9) ഉയർന്ന നഗരവൽക്കരണം
10) സുഗമമായ സാമ്പത്തിക വളർച്ച
11) സാമൂഹിക സമത്വം, ലിംഗ സമത്വം, ദാരിദ്ര്യത്തിന്റെ താഴ്ന്ന നില
12) രാഷ്ട്രീയ സ്ഥിരതയും നല്ല ഭരണവും

7.2 ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ

ജി ഡി പി വളർച്ചാനിരക്ക്



ഡയഗ്രം 7.1

ലോകത്തിലെ ഏഴാമത്തെ വലിയ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യൻ സമ്പദ് വ്യവസ്ഥ. ഉന്നത തലത്തിൽ നിൽക്കുന്ന രാജ്യങ്ങളുടെ പട്ടികയിൽ ഒന്നാണ് ഇന്ത്യ. വ്യവസായ വൽക്കരണത്തിന്റെയും സാമ്പത്തിക വളർച്ചയുടെയും കാര്യത്തിൽ ശരാശരി വളർച്ചാ നിരക്ക് 7% (ഏകദേശം) ഉള്ള ഇന്ത്യക്ക് ശക്തമായ സ്ഥാനം ഉണ്ട്.

വളർച്ചാനിരക്ക് സുസ്ഥിരവും താരതമ്യേന സ്ഥിരവുമാണെങ്കിലും പിന്നോക്കാവസ്ഥയുടെ അടയാളങ്ങൾ ഇപ്പോഴുമുണ്ട്.

7.3 ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സവിശേഷതകൾ

7.3.1 ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ കരുത്ത്

1. *ഇന്ത്യയ്ക്ക് സമ്മിശ്ര സമ്പദ് വ്യവസ്ഥയുണ്ട്*

ഇന്ത്യൻ സമ്പദ് വ്യവസ്ഥ മിശ്ര സമ്പദ് വ്യവസ്ഥയ്ക്ക് ഒരു ഉത്തമ ഉദാഹരണമാണ്. ഇതിനർത്ഥം സ്വകാര്യ സ്ഥാപനങ്ങളും പൊതു മേഖലാ സ്ഥാപനങ്ങളും ഒന്നിച്ച് നിലനിൽക്കുകയും സുഗമമായി പ്രവർത്തിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. ഒരുവശത്ത് ചില ജി എഫ് അടിസ്ഥാന കനത്ത വ്യാവസായിക യൂണിറ്റുകൾ പൊതുമേഖലയിൽ പ്രവർത്തിക്കുന്നു. ഉദാരവൽക്കരണംമൂലം സമ്പദ് വ്യവസ്ഥ നേടിയതിനാൽ, സ്വകാര്യ മേഖലകൾ പ്രാധാന്യം നേടുകയും

11th Economics Malayalam_Chapter-07.indd 144 2/14/2023 3:05:11 PM

ചെയ്തു. ഇത് പൊതു- സ്വകാര്യ പങ്കാളിത്തത്തിന് ഒരു തികഞ്ഞ മോഡലായി കണക്കാക്കപ്പെടുന്നു.

2. കാർഷിക മേഖല പ്രധാന പങ്ക് വഹിക്കുന്നു

പൊതു-സ്വകാര്യ പങ്കാളിത്തം കാർഷിക മേഖലയിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പിന്തുടരുന്ന തൊഴിൽ കാർഷിക മേഖലയാണ്. സമ്പദ് വ്യവസ്ഥയിലും ഇത് പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ 60% ജനങ്ങളും തങ്ങളുടെ ഉപജീവനത്തിനായി കാർഷിക മേഖലയെ ആശ്രയിക്കുന്നു. വാസ്തവത്തിൽ ഇന്നത്തെ നമ്മുടെ ജി ഡി പി യുടെ 17% കാർഷിക മേഖലയുടെ സംഭാവനയാണ്. ഹരിത വിപ്ലവം, ബയോടെക്നോളജിയിലെ കണ്ടുപിടിത്തങ്ങൾ കാർഷിക മേഖലയെ സ്വയം പര്യാപ്തമാക്കുകയും മികച്ച ഉൽപ്പാദനം നടത്തുകയും ചെയ്തു. കാർഷിക ഉൽപ്പന്നങ്ങളായ പഴങ്ങൾ, പച്ചക്കറികൾ, സുഗന്ധ വ്യജ്ഞനങ്ങൾ, സസ്യ എണ്ണകൾ, പുകയില, മൃഗങ്ങളുടെ തൊലി മുതലായവയുടെ കയറ്റുമതി സമ്പാദ്യം അന്താരാഷ്ട്ര വ്യാപാരത്തെ വർദ്ധിപ്പിക്കുന്നു.

3. വളർന്നു വരുന്ന വിപണി

ആഗോള രാജ്യത്തിനിടയിലും ജി ഡി പി വളർച്ചാ നിരക്ക് നിലനിർത്തുന്ന ഊർജ്ജസ്വലമായ സമ്പദ് വ്യവസ്ഥയായി ഇന്ത്യ ഉയർന്നു വന്നിട്ടുണ്ട്. ഇത് എഫ്.ഡി.ഐ, എഫ്.ഐ.ഐ എന്നിവയിൽ നിന്ന് വിദേശ മൂലധനത്തെ നേടാൻ സഹായിച്ചു. ഇന്ത്യയ്ക്ക് ഭാവി വളർച്ചയ്ക്ക് വളരെ സാധ്യതയുണ്ട്. ഇത് നമ്മുടെ രാജ്യത്തെ ലോകത്തിന്റെ വളർന്നു വരുന്ന വിപണിയാക്കി മാറ്റുന്നു.

4. ഉയർന്നു വരുന്ന സമ്പദ് വ്യവസ്ഥ




ലോക സമ്പദ്വ്യവസ്ഥയിൽ ഉന്നത സ്ഥാനത്തേക്ക് സാമ്പത്തികമായി വളർന്നുവരുന്ന ഇന്ത്യ നാമമാത്രമായ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ (ജി ഡി പി) കാര്യത്തിൽ ഏഴാം സ്ഥാനവും വാങ്ങൽ ശേഷി തുല്യതയുടെ (പി. പി. റ്റി.) കാര്യത്തിൽ മൂന്നാം സ്ഥാനവും വഹിക്കുന്നു. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചായുടെ ഫലമായി ജി. 20 രാജ്യങ്ങളിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥ പ്രഥമസ്ഥാനം വഹിക്കുന്നു.

5. അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥ

ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഉയർന്നതും സുസ്ഥിരവുമായ വളർച്ചയ്ക്ക് പ്രസിദ്ധമാണ്. ജനായത്ത റിപ്പബ്ലിക്കായ ചൈനയുടെ കുതിച്ചുയർന്ന സമ്പദ് വളർച്ച 2016-17 ൽ 7.1% ജി ഡി പി ആണ്. ഇതിന്റെ അടുത്ത സ്ഥാനം ഇന്ത്യ വഹിക്കുന്നു.

6. അതിവേഗം വളരുന്ന സേവന മേഖല



ഡയഗ്രം 7.2

ഇന്ത്യയിലെ ഡി ജി പി യുടെ അധികഭാഗവും സേവന മേഖല സംഭാവന ചെയ്യുന്നു. ഇൻഫർമേഷൻ ടെക്നോളജി, ബി.പി.ഒ തുടങ്ങിയ സാങ്കേതിക മേഖലകളിൽ വളരെയധികം വളർച്ചയുണ്ടായി. ഈ മേഖലകൾ ലോകത്തെ ആഗോളതലത്തിലേക്ക് നയിക്കാൻ സഹായിച്ചു. മാത്രമല്ല അതിന്റെ വിവിധ ശാഖകൾ ലോകം മുഴുവനും വ്യാപിക്കുകയും ചെയ്തു.

7. വർദ്ധിച്ച ആഭ്യന്തര ഉപഭോഗം

അതിവേഗ സാമ്പത്തിക വളർച്ചയുടെ ഫലമായി ജനങ്ങളുടെ ജീവിതനിലവാരം വളരെ അധികം പുരോഗമിച്ചു. ഇത് രാജ്യത്ത് ഗാർഹിക ഉപയോഗം

11th Economics Malayalam_Chapter-07.indd 145 2/14/2023 3:05:12 PM

അതിവേഗം വർദ്ധിക്കുന്നതിന് കാരണമായി. ജീവിത നിലവാരം ഗണ്യമായി മെച്ചപ്പെടുകയും ജീവിത ശൈലിയിൽ മാറ്റം വരുത്തുകയും ചെയ്തു.


8. *നഗര പ്രദേശങ്ങളുടെ ദ്രുതഗതിയിലുള്ള വളർച്ച*

ഏതൊരു സമ്പദ് വ്യവസ്ഥയുടെയും വളർച്ചയുടെ പ്രധാന ഘടകമാണ് നഗരവൽക്കരണം. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നഗരപ്രദേശങ്ങളിൽ അതിവേഗ വളർച്ചയുണ്ടായി. ഗതാഗതം, ആശയവിനിമയം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയിലെ മെച്ചപ്പെട്ട ബന്ധം നഗരവൽക്കരണത്തിന്റെ വേഗത വർദ്ധിപ്പിച്ചു.

9. *സുസ്ഥിര മാക്രോ സമ്പദ് വ്യവസ്ഥ*

ഇന്ത്യൻ സമ്പദ് വ്യവസ്ഥ ലോകത്തിലെ ഏറ്റവും സുസ്ഥിരമായ സമ്പദ് വ്യവസ്ഥകളിലൊന്നായി കണക്കാക്കപ്പെടുന്നു. നടപ്പ് വർഷത്തെ സാമ്പത്തിക സർവ്വെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ *"സൂഷ്മ സാമ്പത്തിക സ്ഥിരത, സാമ്പത്തിക സ്ഥിരത, പുനസ്ഥാപനം, ശുഭാപ്തി വിശ്വാസം എന്നിവയുടെ സ്വർഗ്ഗമായി"* പ്രതിനിധീകരിക്കുന്നു. 2014-15 ലെ സാമ്പത്തിക സർവ്വെ പ്രകാരം 8% അധിക ജി ഡി പി വളർച്ചാ നിരക്ക് പ്രവചിക്കപ്പെടുന്നു; യഥാർത്ഥ വളർച്ചാ നിരക്കിൽ അൽപ്പം കുറവ് (7.6%). ഇത് സുസ്ഥിര മാക്രോ ഇക്കണോമിക് വളർച്ചയുടെ വ്യക്തമായ സൂചനയാണ്.

10. *ജനസംഖ്യാ വിഭജനം*



ഇന്ത്യയുടെ മാനുഷിക മൂലധനം ചെറുപ്പക്കാരുടെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. യുവജനങ്ങളാണ് ഇന്ത്യയുടെ വളർച്ചയുടെ അഭിമാനമായി നിൽക്കുന്നത്. ഇത് ജനസംഖ്യാ പ്രചോദനം മാത്രമല്ല, വളർച്ചയ്ക്ക് ആവശ്യമായ പരിശീലനവും നൽകുന്നു. അങ്ങനെ രാജ്യത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ മനുഷ്യൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ജനസംഖ്യ രാജ്യത്തേയ്ക്ക് ക്ഷണിക്കപ്പെട്ട വിദേശ നിക്ഷേപങ്ങളെ രാജ്യത്ത് മങ്ങിയ പ്രതീക്ഷകൾക്ക് പ്രേരിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്. കൂടാതെ വിദേശ ഉറവിട അവസരങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നു.

7.3.2 ഇന്ത്യൻ സമ്പദ് വവസ്ഥയുടെ ബലഹീനത

1. *അധിക ജനസംഖ്യ*

ജനസംഖ്യാ വലിപ്പത്തിന്റെ കാര്യത്തിൽ ചൈനയ്ക്ക് അടുത്തുള്ള രണ്ടാം സ്ഥാനം ഇന്ത്യ വഹിക്കുന്നു. സമീപ ഭാവിയിൽ നമ്മുടെ രാജ്യം ചൈനയെ മറികടക്കാൻ സാദ്ധ്യതയുണ്ട്. ഇന്ത്യയുടെ ജനസംഖ്യാ വളർച്ചാ നിരക്ക് വളരെ ഉയർന്നതാണ്. ഇത് എല്ലായിപ്പോഴും വളർച്ചാ നിരക്കിന് തടസ്സമാണ്. ജനസംഖ്യാ വളർച്ചാ നിരക്ക് 1000 ന് 1.7 വരെ ഉയർന്നതാണ്. വാർഷിക ജനസംഖ്യയുടെ കൂട്ടിചേർക്കൽ ആസ്ട്രേലിയയിലെ മൊത്തം ജനസംഖ്യയ്ക്ക് തുല്യമാണ്.

2. *അസമത്വവും ദാരിദ്ര്യവും*

ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ വലിയ സാമ്പത്തിക അസമത്വം നിലനിൽക്കുന്നു. മികച്ച 10% ഇന്ത്യാക്കാരുടെ ഉടമസ്ഥതയിലുള്ള വരുമാനവും ആസ്തിയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത് സമൂഹത്തിലെ ദാരിദ്ര്യ നിലവാരത്തിൽ വർദ്ധനവിന് കാരണമായിട്ടുണ്ട്. എന്നിട്ടും ഉയർന്ന ശതമാനം വ്യക്തികൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്. അസമത്വമായ വിതരണത്തിന്റെ ഫലമായി സമ്പന്നർ സമ്പന്നരാവുകയും ദരിദ്രർ ദരിദ്രരാവുകയും ചെയ്യുന്നു.

3. *അത്യവശ്യ സാധനങ്ങളുടെ വില വർദ്ധനവ്*

ജി ഡി പി യിൽ വളർച്ചാ നിരക്ക് സ്ഥിരമായിരിക്കുകയാണെങ്കിൽ അനിവാര്യമായ വസ്തുക്കളുടെ വില സ്വാഭാവികമായി വർദ്ധിക്കുകയും ഇന്ത്യൻ

11th Economics Malayalam_Chapter-07.indd 146 2/14/2023 3:05:12 PM

സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് അവസര മുണ്ടാവുകയും ചെയ്യുന്നു. തുടർച്ചയായ വില യിലെ വർദ്ധന വാങ്ങൽ അളവിനെ കുറയ്ക്കുന്നു. തുടർച്ചയായ വില വർദ്ധനവ് ദരിദ്ര ജനതയെ പ്രതികൂലമായി ബാധിക്കുകയും വരുമാനം അരക്ഷിതമാവുകയും ചെയ്യുന്നു.

4. *ദുർബലമായ അടിസ്ഥാന സൗകര്യങ്ങൾ*

ചില പതിറ്റാണ്ടുകളായി അടിസ്ഥാന സൗക ര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട് എങ്കിലും അത്യാവശ്യ സൗകര്യങ്ങളുടെ അപര്യാപ്തത, ഗതാഗതം, സംഭരണം എന്നിവയിലൊക്കെ അഭാവം കാണ പ്പെടുന്നു.

5. *അപര്യാപ്തമായ തൊഴിലവസരങ്ങൾ*

വർദ്ധിച്ച് വരുന്ന യുവജനസംഖ്യയ്ക്കനുസരിച്ച് തൊഴിലവസരങ്ങൾക്കുള്ള വലിയ ആവശ്യകത രാജ്യം നേരിടേണ്ടിവരുന്നു. ഉൽപ്പാദന വളർച്ചയ് ക്കനുസരിച്ചുള്ള ജോലി സാധ്യതകൾ സൃഷ്ടിക്കു ന്നതിൽ അഭാവം കാണപ്പെടുന്നു. ഇന്ത്യൻ സാമ്പ ത്തികം തൊഴിലില്ലാത്ത വളർച്ചയായി ചിത്രീകരി ക്കപ്പെടും.

6. *കാലഹരണപ്പെട്ട സാങ്കേതിക വിദ്യ*

കൃഷിയിലും ചെറുകിട വ്യവസായങ്ങളിലും സാങ്കേതിക രീതികൾ ഇപ്പോഴും കാലഹരണ പ്പെട്ടു കാണപ്പെടുന്നു.

7.3.3 ജനസംഖ്യാ വർദ്ധനവിനെ ക്കുറിച്ചുള്ള ഇന്ത്യയുടെ ചിന്തഗതി

ജനസംഖ്യയെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനത്തെയാണ് ഡമോഗ്രാഫി എന്ന് പറയുന്നത്. **ഇന്ത്യയിൽ ജനസംഖ്യയെ സ്വാധീനിക്കുന്ന ഘടകങ്ങൾ താഴെപ്പറയുന്നു:**

- ജനസംഖ്യാ വലിപ്പം
- വളർച്ചാ നിരക്ക്
- ജനന മരണ നിരക്ക്
- ജനസാന്ദ്രത
- ലിംഗാനുപാതം
- പ്രതീക്ഷിത ജീവിത ദൈർഘ്യം
- സാക്ഷരതാ നിരക്ക്

a. *ജനസംഖ്യാ വലിപ്പം*

പട്ടിക 7.1 ജനസംഖ്യാ വളർച്ച

സെൻസസ് വർഷം	ജനസംഖ്യ (കോടികൾ)	ശരാശരി വാർഷിക വളർച്ചാ നിരക്ക്
1901	23.84	-
1911	25.21	0.56
1921	25.13	-0.03
1931	27.90	1.04
1941	31.87	1.33
1951	36.11	1.25
1961	43.92	1.96
1971	54.81	2.20
1981	68.33	2.22
1991	84.33	2.16
2001	102.70	1.97
2011	121.02	1.66

(ഉറവിടം റജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

100 വർഷത്തിനിടയിൽ ഇന്ത്യയുടെ ജനസംഖ്യ നാലിരട്ടിയായി വർദ്ധിച്ചു. ജനസംഖ്യയുടെ വലിപ്പം കണക്കിലെടുക്കുമ്പോൾ, ചൈനയ്ക്ക് ശേഷം ലോകത്ത് ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമുണ്ട്. ലോകത്തിന്റെ ഭൂമിശാസ്ത്രപരമായ വിസ്തൃതി യുടെ 2.4% മാത്രമാണ് ഇന്ത്യയിലുള്ളത്. ലോക വരുമാനത്തിന്റെ 1.2% ത്തിൽ താഴെയാണ് ഇന്ത്യ സംഭാവന ചെയ്യുന്നത്. പക്ഷേ ലോക ജനസംഖ്യ യുടെ 17.5% പേരെ ഇന്ത്യ ഉൾക്കൊള്ളുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ലോകത്തിലെ ഓരോ ആറാമത്തെ വ്യക്തിയും ഒരു ഇന്ത്യാക്കാര നാണ്. ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള മൂന്നാമത്തെ രാജ്യമായ യുണൈറ്റഡ് സ്റ്റേറ്റ് ഓഫ് അമേരിക്കയിലെ ജനസംഖ്യയെക്കാൾ ഉത്തർ പ്രദേശ്, മഹാരാഷ്ട്ര എന്നീ രണ്ട് സംസ്ഥാനങ്ങ ളിലെ സംയോജിത ജനസംഖ്യ കൂടുതലാണ്. യഥാർത്ഥത്തിൽ ഇന്ത്യയിലെ ചില സംസ്ഥാന ങ്ങളിൽ ലോകത്തിലെ പല രാജ്യങ്ങളെക്കാളും വലിയ ജനസംഖ്യയുണ്ട്.

11th Economics Malayalam_Chapter-07.indd 147 2/14/2023 3:05:12 PM

കോളറ, പ്ലാഗ്, ഇൻഫ്ളുവൻസ, ക്ഷാമം തുടങ്ങിയ പകർച്ചവ്യാധികൾ അതിവേഗം സംഭവിക്കുന്നതിലാണ് 1911-21 കാലഘട്ടത്തിലെ പ്രതികൂല വളർച്ചയ്ക്ക് കാരണം. 1921 -ാം വർഷം ഇന്ത്യൻ ജനങ്ങളുടെ വലിയ വിഭജനത്തിന്റെ വർഷം എന്നാണ് അറിയപ്പെടുന്നത്.

1951, -ൽ ജനസംഖ്യാ വളർച്ചാ നിരക്ക് 1.33% ത്തിൽ നിന്നും 1.25% മായി കുറഞ്ഞു. അതിനാൽ ഇതിനെ **"ചെറിയ വിഭജനത്തിന്റെ വർഷം"** എന്നു പറയുന്നു.

1961-ൽ ഇന്ത്യയിലെ ജനസംഖ്യയുടെ വളർച്ചാനിരക്ക് 1.96% ത്തിൽ നിന്നും 2% എന്ന നിരക്കി വർദ്ധിക്കാൻ തുടങ്ങി. അതിനാൽ 1961 നെ ജനസംഖ്യാ വിസ്പോടന വർഷം എന്നറിയപ്പെടുന്നു. 2001-ൽ ഇന്ത്യയുടെ ജനസംഖ്യ ഒരു ബില്യൺ (100 കോടി) കവിഞ്ഞു.

2011-ലെ ജനസംഖ്യാ കണക്കെടുപ്പ് യുവ ജനസംഖ്യയുടെ വളർച്ച വെളിപ്പെടുത്തുന്നു. ഇത് ജനസംഖ്യാപരമായ പരിവർത്തനം എന്ന് വിശേഷിക്കപ്പെടുന്നു.

b. ജനന നിരക്കും മരണ നിരക്കും

ക്രൂഡ് ജനന നിരക്ക്: ഇത് ജനസംഖ്യയുടെ 1000 ജനങ്ങളുടെ ജനന എണ്ണത്തെ സൂചിപ്പിക്കുന്നു.

ക്രൂഡ് മരണ നിരക്ക്: ഇത് ജനനസംഖ്യയുടെ 1000 ജനങ്ങളുടെ ജനനഎണ്ണത്തെ സൂചിപ്പിക്കുന്നു.

വിവിധ വർഷങ്ങളിൽ ഇന്ത്യയുടെ ക്രൂഡ് ജനന മരണ നിരക്കുകൾ താഴെ സൂചിപ്പിക്കുന്നു.

പട്ടിക 7.2
ജനന നിരക്കും മരണ നിരക്കും

വർഷം	ജനന നിരക്ക്	മരണ നിരക്ക്
1951	39.9	27.4
2001	25.4	8.4
2011	21.8	7.11

(ഉറവിടം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

ജനന നിരക്ക് 1951-ൽ 39.9 ആയിരുന്നു. 2011-ൽ ഇത് 21.8 ആയി കുറഞ്ഞു. ജനന നിരക്ക് കുറഞ്ഞുവെങ്കിലും ഇടിവ് അത്ര ശ്രദ്ധേയമല്ല. മരണ നിരക്ക് 1951-ൽ 27.4 ആയി കുറഞ്ഞു. എന്നിരുന്നാലും ജനന നിരക്ക് മരണ നിരക്കിനെക്കാൾ കുറവാണെന്ന് ഡാറ്റ വ്യക്തമാക്കുന്നു.

ഏറ്റവും കുറഞ്ഞ ജനന നിരക്കാണ് കേരളത്തിലുള്ളത്. ഉത്തർപ്രദേശിലാണ് ഏറ്റവും കൂടുതൽ ജനനം. (29.5). പശ്ചിമ ബംഗാളിൽ ഏറ്റവും കുറഞ്ഞ നിരക്ക് (6.3), ഒറീസ (9.2) എന്നിവയാണ്. സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും ഉയർന്ന ജനസംഖ്യാ വളർച്ചാ നിരക്ക് ബീഹാറിലാണ്. ഏറ്റവും കുറഞ്ഞ വളർച്ചാ നിരക്ക് കേരളത്തിലുമാണ്. നാല് സംസ്ഥാനങ്ങൾ ബീഹാർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളെ ***BIMARU*** എന്നാണ് അറിയപ്പെടുന്നത്. ഈ സംസ്ഥാനങ്ങളിൽ വളരെ ഉയർന്ന ജനസംഖ്യയാണുള്ളത്.

c. ജനസംഖ്യാ സാന്ദ്രത

ഇത് ഒരു ചതുരശ്ര കിലോമീറ്ററിൽ താമസിക്കുന്ന ആൾക്കാരെ സൂചിപ്പിക്കുന്നു. ഇത് മനുഷ്യ-ഭൂമിയുടെ അനുപാതത്തെ പ്രതിനിധീകരിക്കുന്നു. മൊത്തം ഭൂമി അതേപടി നിലനിൽക്കുന്നതിനാൽ ജനസംഖ്യയുടെ വർദ്ധനവ് ജനസംഖ്യാ സാന്ദ്രത വർദ്ധിപ്പിക്കാൻ കാരണമാകുന്നു.

$$\text{ജനസാന്ദ്രത} = \frac{\text{മൊത്ത ജനസംഖ്യ}}{\text{പ്രദേശത്തിന്റെ ഭൂമി വിസ്തൃതി}}$$

പട്ടിക 7.3 ജനസാന്ദ്രത

വർഷം	ജനസാന്ദ്രത (ഒരു ചതുരശ്ര കി. മീറ്ററിൽ ജനസംഖ്യ)
1951	117
2001	325
2011	382

(ഉറവിടം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

സ്വാതന്ത്ര്യത്തിന് തൊട്ടു മുമ്പ് ജനസാന്ദ്രത 100 ൽ താഴെയായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തരം ഇത് 1951-ൽ 117 ആയിരുന്നത് 2001-ൽ 325 ആയും 2011-ൽ 382 ആയും അതിവേഗം വർദ്ധിച്ചു. ജനസംഖ്യാ സമ്മർദ്ദം ഭൂമിയിൽ ഉയരുകയാണ് ചെയ്യുന്നത്. കേരളം, പശ്ചിമബംഗാൾ, ബീഹാർ,ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ

11th Economics Malayalam_Chapter-07.indd 148 2/14/2023 3:05:13 PM

ജനസാന്ദ്രത ഇന്ത്യയുടെ ശരാശരി സാന്ദ്രതയെക്കാൾ കൂടുതലാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള സംസ്ഥാനം ബീഹാർ ആണ്. ഒരു ചതുരശ്ര കിലോമീറ്ററിന് 1102 പേരാണ് കാണപ്പെടുന്നത്. പശ്ചിമബംഗാളിൽ 880-ഉം അരുണാചൽ പ്രദേശങ്ങളിൽ ജനസംഖ്യാ സാന്ദ്രത 73-ഉം മാത്രമാണ്.

d. *ലിംഗ അനുപാതം*

1,000 പുരുഷൻമാർക്ക് ഇത്ര സ്ത്രീകൾ എന്ന് എണ്ണം സൂചിപ്പിക്കുന്നതാണ് ലിംഗ അനുപാതം. ഒരു നിശ്ചിത ഘട്ടത്തിൽ പുരുഷൻമാരും സ്ത്രീകളും തമ്മിലുള്ള സമത്വത്തിന്റെ വ്യാപ്തി അളക്കുന്നതിനുള്ള ഒരു പ്രധാന സൂചകമാണിത്.

പട്ടിക 7.4 ലിംഗ അനുപാതം

സെൻസസ് വർഷം	ലിംഗാനുപാതം (സ്ത്രീകളുടെ എണ്ണം/ 1000 പുരുഷൻമാർ)
1951	946
2001	933
2011	940

(ഉറവിടം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

ഇന്ത്യയിൽ ലിംഗാനുപാതം സ്ത്രീകളെക്കാൾ പുരുഷൻമാർക്കാണ് അനുകൂലമെന്ന് കാണാം. കേരളത്തിൽ മുതിർന്നവരുടെ ലിംഗാനുപാതം 1084 ആണ്. 2011-ലെ സെൻസസ് പ്രകാരം ലിംഗാനുപാതത്തിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ ലിംഗാനുപാതം 877 (2011) ആണ്. ഹരിയാനയിൽ, കേരളത്തിൽ മറ്റ് സംസ്ഥാനങ്ങൾ വച്ച് നോക്കുമ്പോൾ സ്ത്രീകളുടെ അനുപാത മാണ് കൂടുതൽ. അതായത് 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ എന്നാണ് കണക്ക് സൂചിപ്പിക്കുന്നത്.

e. *പ്രതീക്ഷിത ജീവിത ദൈർഘ്യം*

ജനന സമയം മുതലുള്ള ജീവിതത്തിന്റെ ദൈർഘ്യത്തെക്കുറിച്ചുള്ള പ്രതീക്ഷയാണ് ഇത് സൂചിപ്പിക്കുന്നത്. ഇപ്പോഴുള്ള വർഷങ്ങളിൽ ജീവിത ദൈർഘ്യം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഉയരുന്നതും, അകാല മരണങ്ങൾ അധിക മാകുന്നതും പ്രതീക്ഷിത ആയുർ ദൈർഘ്യത്തെ കുറയ്ക്കുന്നതായി കാണാം. മറുവശത്ത് മരണ നിരക്ക് കുറയുമ്പോഴും, അകാല മരണങ്ങൾ കുറയുമ്പോഴും പ്രതീക്ഷിത ആയുർ ദൈർഘ്യം അധിക മാകുന്നു.

പട്ടിക 7.5 പ്രതീക്ഷിത ആയുർ ദൈർഘ്യം

വർഷം	ആൺ	പെൺ	മൊത്തം
1951	32.5	31.7	32.1
1991	58.6	59.0	58.7
2001	61.6	63.3	62.5
2011	*62.6*	*64.2*	*63.5*

(ഉറവിടം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

1901 – 11 വരെയുള്ള കാലയളവിൽ പ്രതീക്ഷിത ആയുർ ദൈർഘ്യം വെറും 23 വർഷമായിരുന്നു. ഇത് 2011 ആയപ്പോൾ 63.5 വർഷമായി ഉയർന്നു. മരണ നിരക്കിന്റെ ഗണ്യമായ കുറവാണ് ആയുർ ദൈർഘ്യത്തിന്റെ പ്രതീക്ഷയെ വർദ്ധിപ്പിച്ചത്. എന്നിരുന്നാലും വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലെ ആയുർ ദൈർഘ്യം വളരെ കുറവാണ്.

f. *സാക്ഷരതാ അനുപാതം*

മൊത്തം ജനസംഖ്യയുടെ ഒരു ശതമാനം സാക്ഷരരുടെ എണ്ണത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. 1951-ലെ കണക്ക് പ്രകാരം നാലിൽ ഒരു ഭാഗം പുരുഷൻമാരും 12 ൽ ഒരു ഭാഗം സ്ത്രീകളും മാത്രമാണ് സാക്ഷരത കൈവരിച്ചിട്ടുള്ളത്. അങ്ങനെ രാജ്യത്തിന്റെ ജനസംഖ്യയിൽ ശരാശരി ആറിലൊന്ന് മാത്രമാണ്. 2011-ൽ സാക്ഷരതാ നിരക്ക് 82% പുരുഷൻമാരും 65.5% സ്ത്രീകളും സാക്ഷരത കൈവരിച്ചു. മൊത്തം സാക്ഷരതാ നിരക്ക് 74.04% ആണ്. വികസിത രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ശ്രീലങ്കയുടെ സാക്ഷരതാ നിരക്ക് വളരെ കൂടുതലാണ്.

പട്ടിക 7.6 സാക്ഷരതാ അനുപാതം

സെൻസസ് വർഷം	സാക്ഷരത വരിച്ചവർ	ആൺ	പെൺ
1951	18.3	27.2	8.9
2001	64.8	75.3	53.7
2011	74.04	82.1	65.5

(ഉറവിടം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ)

11th Economics Malayalam_Chapter-07.indd 149 2/14/2023 3:05:13 PM

ഏറ്റവും കൂടുതൽ സാക്ഷരതാ നിരക്ക് കേരളത്തിനാണ് (94%) മിസോരം (91.3%) ഗോവ (88.7%) തുടർന്ന് ഹിമാചൽപ്രദേശ് (82.8%) മഹാരാഷ്ട്ര (82.3%), സിക്കിം (81.4%), തമിഴ്നാട് (80.1%) എന്നിങ്ങനെ ആണ്. 2011-ൽ ഏറ്റവും കുറഞ്ഞ സാക്ഷരതാ അനുപാതം ബീഹാർ സംസ്ഥാനത്തിനാണ് (61.8%).

7.4 പ്രകൃതി വിഭവങ്ങൾ

പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ഏതൊരു സ്റ്റോക്കും പ്രകൃതി വിഭവമാണ്. പ്രധാന പ്രകൃതി വിഭവങ്ങൾ ഭൂമി, വനം, ജലം, ധാതുക്കൾ, ഊർജ്ജം മുതലായവയാണ്. ഇന്ത്യ പ്രകൃതി വിഭവങ്ങളാൽ സമ്പന്നമാണ്. എന്നാൽ ഇന്ത്യാക്കാരിലധികവും ദരിദ്രരാണ്. പ്രകൃതിയിൽ വ്യത്യസ്ത കാലാവസ്ഥ ജലസേചനത്തിനും വൈദ്യുതി ഉൽപ്പാദനത്തിനുമായി നിരവധി നദികൾ, സമ്പന്നമായ ധാതുക്കൾ, സമ്പന്നമായ വനം, വൈവിധ്യമാർന്ന മണ്ണിനങ്ങൾ എന്നിവ കാണപ്പെടുന്നു.

പ്രകൃതി വിഭവങ്ങളുടെ തരങ്ങൾ

(a) പുതുപ്പിക്കാവുന്ന വിഭവങ്ങൾ: ഒരു നിശ്ചിത സമയത്തിനുള്ളിൽ പുനരുൽപ്പാദിപ്പിക്കാൻ കഴിയുന്ന വിഭവങ്ങൾ. ഉദാഹരണം: വനങ്ങൾ, വന്യജീവികൾ, കാറ്റ്, ജലം, ഊർജ്ജം എന്നിവ.

(b) പുതുപ്പിക്കാനാവാത്ത വിഭവങ്ങൾ: വീണ്ടും ഉൽപാദിപ്പിക്കാൻ കഴിയാത്ത വിഭവങ്ങളെ പുതുപ്പിക്കാനാവാത്ത വിഭവങ്ങൾ എന്നു പറയുന്നു. ഉദാഹരണം: ഖനന ഇന്ധനങ്ങളായ കൽക്കരി, പെട്രോളിയം, ധാതുക്കൾ എന്നിവ.

7.4.1 ഭൂ വിഭവങ്ങൾ

വിസ്തൃതിയുടെ അടിസ്ഥാനത്തിൽ 32.8 ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഇന്ത്യ ലോകത്ത് ഏഴാം സ്ഥാനത്താണ്. ലോകത്തിന്റെ മൊത്തം വിസ്തൃതിയുടെ 2.42% വരും ഇത്. കൃത്യമായി പറഞ്ഞാൽ ഇന്ത്യ ഒരു വലിയ രാജ്യമാണ്. എന്നിരുന്നാലും നില - മനുഷ്യ അനുപാതം ജനസംഖ്യാപെരുപ്പം കാരണം അനുകൂലമല്ല.

കാർഷിക സർവ്വെ പ്രകാരം ധാരാളം മേഖലകൾ കൈകടത്തൽ പ്രകാരം (ഏതാണ്ട് 10 ഹെക്ടറിന് മുകളിൽ) ഭൂ വിഭാഗം കുറഞ്ഞ് കാണപ്പെടുന്നു. ഇത് സൂചിപ്പിക്കുന്നത് സാമ്പത്തികമായി ഭൂമി ദുർബലമാകുന്നു എന്നാണ്.

7.4.2 വന വിഭവങ്ങൾ

2007-ൽ ഇന്ത്യയുടെ വനമേഖല മൊത്തം ഭൂമി ശാസ്ത്ര വിസ്തൃതിയുടെ 21.02 % വരുന്ന 69.09 മില്യൺ ഹെക്ടറാണ്. ഇതിൽ 8.35 മില്യൺ ഹെക്ടർ വളരെ ഇടതൂർന്ന വനമാണ്. 31.90 മില്യൺ ഹെക്ടർ മിതമായ ഇടതൂർന്ന വനവും 28.84 ദശലക്ഷം ഹെക്ടർ തുറന്ന വനവുമാണ്.

7.4.3 പ്രധാനപ്പെട്ട ഖനിജ വിഭവങ്ങൾ

a. ഇരുമ്പ് അയിര്

ഇന്ത്യയിൽ ഉയർന്ന നിലവാരമുള്ള ഇരുമ്പ് അയിര് ധാരാളം ഉണ്ട്. രാജ്യത്ത് മൊത്തം വിഭവങ്ങളുടെ കരുതൽ ശേഖരം ഏകദേശം 14.630 മില്യൺ ടൺ ഹേമറ്റൈറ്റും 10,619 മില്യൺ ടൺ മാഗ്നറ്റൈറ്റുമാണ്. ഹേമറ്റൈറ്റ് അയിര് ഛത്തീസ്ഗഢിൽ അധികമായി കാണപ്പെടുന്നു. ഇതിനു പുറമെ ജാർഖണ്ഡ്, ഒഡീഷ, ഗോവ, കർണ്ണാടക എന്നിവിടങ്ങളിൽ പ്രധാനമായും ഹേമറ്റൈറ്റ് അയിര് കാണപ്പെടുന്നു. മാഗ്നറ്റൈറ്റ് ഇരുമ്പിന്റെ നിക്ഷേപം കർണ്ണാടകയിലെ പടിഞ്ഞാറൻ തീരത്ത് ലഭ്യമാണ്. ഇരുമ്പയിരിന്റെ ശേഖരം കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലും കാണപ്പെടുന്നു.

b. കൽക്കരി ലിഗ്നൈറ്റ് വിഭവങ്ങൾ

കൽക്കരി ഖനനത്തിൽ ചൈനയും അമേരിക്കയും കഴിഞ്ഞാൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. പ്രധാന കൽക്കരി ഉൽപ്പാദന സ്ഥലങ്ങളാണ് പശ്ചിമ ബംഗാൾ, ബീഹാർ, മധ്യപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നിവ. അധികമായി കൽക്കരി ഖനനം നടക്കുന്നത് ബംഗാൾ, ജാർഖണ്ഡ് കൽക്കരി ഖനികളിലാണ.

11th Economics Malayalam_Chapter-07.indd 150 2/14/2023 3:05:13 PM

c. ബോക്സൈറ്റ്

അലൂമിനിയത്തിന്റെ അയിരാണ് ബോക്സൈറ്റ്. ഒഡീഷയും ആന്ധ്രാപ്രദേശും ബോക്സൈറ്റ് ഉൽപാദനത്തിന്റെ ഉറവിടമായി കണക്കാക്കപ്പെടുന്നു.

d. മൈക്ക

ഇത് ഒരു താപപ്രതിരോധ ശേഷിയുള്ള ധാതുവാണ്. ഇത് വൈദ്യുതിയുടെ കുചാലകവുമാണ്. ഇത് വൈദ്യുത ഉപകരണങ്ങളിൽ ഒരു ഇൻസുലേറ്ററായി ഉപയോഗിക്കുന്നു. മൈക്ക ഉൽപാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണ്. ലോകത്തിലെ മൈക്ക ഉൽപാദനത്തിന്റെ 60% ഇന്ത്യയിലാണ്. ആന്ധ്രാപ്രദേശ്, ജാർഖണ്ഡ്, ബീഹാർ, രാജസ്ഥാൻ എന്നിവിടങ്ങളിൽ ധാരാളമായി മൈക്ക ഉൽപാദിപ്പിച്ചു വരുന്നു.

e. ക്രൂഡ് ഓയിൽ

ആസ്സാം, ഗുജറാത്ത് എന്നിവിടങ്ങളിൽ ക്രൂഡ് ഓയിൽ (പെട്രോളിയം) അധികമായി കുഴിച്ചെടുക്കുന്നു. ദിഗ്ബോയ്, ബദർപൂർ, ശിവസാഗർ എന്നീ ആസ്സാമിലെ എണ്ണ ശുദ്ധീകരണ ശാലകളും ഖംബാട്ട്, അങ്കലേശ്വർ, കലോൽ എന്നീ ഗുജറാത്തിലെ എണ്ണ ശുദ്ധീകരണ ശാലകളും ഇവയിൽ പ്രാധാന്യം അർഹിക്കുന്നു.

f. സ്വർണ്ണം

സ്വർണ്ണ നിക്ഷേപം ഇന്ത്യയിൽ കുറവായി കാണപ്പെടുന്നു. ഇന്ത്യയ്ക്ക് വെറും മൂന്ന് സ്വർണ്ണ ഖനികൾ മാത്രമേ കാണപ്പെടുന്നുള്ളൂ. അവ കോലാർ സ്വർണ്ണഖനി, ഖട്ടി സ്വർണ്ണഖനി, റെയ്ച്ചൂർ സ്വർണ്ണഖനി (ഇവ കർണ്ണാടക സംസ്ഥാനത്ത് കാണപ്പെടുന്നു). രാംഗിരി സ്വർണ്ണ ഖനി (അനന്തപൂർ ജില്ല- ആന്ധ്ര) എന്നിവിടങ്ങളിലും സ്വർണ്ണ ഖനികൾ കാണപ്പെടുന്നു.

g. ഡയമണ്ട് (വജ്രം)

യുണൈറ്റഡ് നാഷൻസ് എക്കണോമിക് കമ്മിഷൻ ഫാർ യൂറോപ്പിന്റെ (UNECE) അഭിപ്രായമനുസരിച്ച് മൊത്ത ഡയമണ്ട് കരുതൽ 4582 ആയിരം കാരറ്റ് മുഴുവനും ലഭിക്കുന്നത് മദ്ധ്യപ്രദേശിലെ പന്ന എന്ന സ്ഥലത്താണ്. ആന്ധ്രാപ്രദേശിലെ രാമല്ലക്കോട്ട (കുറന്നൂർ ജില്ല, കൃഷ്ണനദിയുടെ തടത്തിൽ കാണപ്പെടുന്നു), ഛത്തിസ്ഗഡിലെ റായ്പൂർ, പാസ്തർ ജില്ലകളിലും ആന്ധ്രയിലെ നാരയൺ ഭേദ്, മദ്ദൂർ കൃഷ്ണ പ്രദേശത്തിലും കാണപ്പെടുന്നു. ഒഡീഷയിലെ നുപാഡാ, ബാർഗാർഹ് ജില്ലകളിലും, കർണ്ണാടകയിലെ റയ്ച്ചൂർ, ഗുൽബർഗ ജില്ലകളിലും പുതിയ കിമ്പർലൈൻ നിലങ്ങൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

7.5 അടിസ്ഥാന സൗകര്യം

അടിസ്ഥാന സൗകര്യ പുരോഗതി എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാ രീതിയിലുമുള്ള സൗകര്യമാണ്. ഈ സൗകര്യങ്ങളെ രണ്ടായി തരം തിരിക്കുന്നു. (a) സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ (b) സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ. സാമ്പത്തിക അടിസ്ഥാന സൗകര്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഗതാഗതം, ആശയവിനിമയം, ഊർജ്ജം, ജലസേചനം, പണം, ധനകാര്യ സ്ഥാപനങ്ങൾ മുതലായവ. സാമൂഹിക അടിസ്ഥാന സൗകര്യത്തിൽ വിദ്യാഭ്യാസം, പരിശീലനം, ഗവേഷണം, ആരോഗ്യം, രാഷ്ട്രീയം എന്നിവ ഉൾപ്പെടുന്നു.

7.6 സാമ്പത്തിക അടിസ്ഥാന സൗകര്യം

ഉൽപാദനത്തിലും വിതരണത്തിലുമുള്ള അടിസ്ഥാന സൗകര്യങ്ങളെ മെച്ചപ്പെടുത്തുന്നതിനെയാണ് സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ എന്ന് പറയുന്നത്. ഉദാഹരണമായി റയിൽവേ, ട്രക്കസ്, വാർത്താവിനിമയ മാധ്യമങ്ങൾ, ഓഫീസുകൾ, തുറമുഖങ്ങൾ, കനാൽ, ഊർജ്ജ നിലയങ്ങൾ, ബാങ്ക്, ഇൻഷ്വറൻസ് എന്നിവയെല്ലാം സാമ്പത്തിക അടിസ്ഥാന സൗകര്യത്തിൽപ്പെടുന്നു. ഇവ സാധനങ്ങളുടെ ഉൽപാദനത്തിനും സേവനത്തിനും പ്രധാന പങ്ക് വഹിക്കുന്നു.

7.6.1 ഗതാഗതം

നല്ല രീതിയിലുള്ള സാമ്പത്തിക പുരോഗതിയ്ക്ക് ശരിയായ ഗതാഗത സൗകര്യം ആവശ്യമാണ്.

11th Economics Malayalam_Chapter-07.indd 151 2/14/2023 3:05:13 PM

ഇന്ത്യയിൽ റയിൽ, റോഡ്, സമുദ്രഗതാഗതം, വ്യോമ ഗതാഗതം എന്നിവയുടെ പ്രവർത്തനങ്ങൾ മികവുറ്റതാണ്. 30 ലക്ഷം കിലോമീറ്ററിലധികം വരുന്ന ഇന്ത്യയിലെ റോഡുകളുടെ ദൈർഘ്യം ലോകത്തിലെ ഏറ്റവും വലിയ നെറ്റ് വർക്കുക ളിൽ ഒന്നാണ്. റയിൽവേയ്ക്ക് ഇന്ത്യയിൽ ഒരു വിശാലമായ ശൃംഖലയുണ്ട്. റയിൽവേ ലൈനു കൾ ഏഷ്യയിലെ ഏറ്റവും വലുതും ലോകത്തിൽ നാലാം സ്ഥാനത്തുള്ളതുമായി കാണപ്പെടുന്നു. മൊത്തം റയിൽവേ റൂട്ടിന്റെ ഏകദേശം 63,000 കിലോമീറ്ററാണ്. ഇവയിൽ 13,000 കിലോമീറ്റർ വൈദ്യുതീകരിച്ചു. കൽക്കത്ത, മുംബൈ, വിശാഖ പട്ടണം, ഗോവ എന്നിവഉൾപ്പെടുന്ന ഏറ്റവും വലിയ ഇന്ത്യൻ തുറമുഖങ്ങൾ സമുദ്രത്തിൽ നിന്നുള്ള വ്യാപാരത്തിന്റെ 90% ഉം കൈകാര്യം ചെയ്യുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ചരക്ക് വാഹകരും യാത്രാക്കാരും ലോകത്തിന്റെ ജീവിത ഭാഗങ്ങളിൽ നിന്ന് ഇവിടെ സന്ദർശനം നടത്തുന്നു. രാജ്യത്തിന്റെ പ്രധാന നഗരങ്ങളെയും പട്ടണങ്ങളെയും ബന്ധിപ്പിക്കുന്ന എയർ റൂട്ടിന്റെ സമഗ്ര ശൃംഖല കാണപ്പെടുന്നു. ഇന്ത്യൻ എയർ ലൈൻസിന്റെ കീഴിൽ, സ്വകാര്യ എയർലൈൻസ്, ആഭ്യന്തര വിമാന സർവ്വീസുകൾ എന്നിവയും അന്താരാഷ്ട്ര വിമാന സർവ്വീസുകൾ എയർ ഇന്ത്യ യുടെ കീഴിലും പ്രവർത്തിച്ചു വരുന്നു.

ഇന്ത്യയിലെ ബാംഗ്ലൂർ റയിൽവേ സ്റ്റേഷനിൽ ആദ്യമായി വൈഫൈ (Wi-Fi) സംവിധാനം ഇന്ത്യൻ റയിൽവേ ഏർപ്പെടുത്തി

എയർ ഇന്ത്യയും ഇന്ത്യൻ എയർലൈൻസും കൂടി ഒരുമിച്ച് ചേർന്ന്നാഷണൽ ഏവിയേഷൻ കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് (NACIL) ആഗസ്റ്റ് 27, 2007-ൽ പ്രവർത്തനം ആരംഭിച്ചു

ദേശീയ തീരദേശ ബോഡ് 1950-ൽ ആരം ഭിച്ചു. കേന്ദ്ര സർക്കാരിനും സംസ്ഥാന സർ ക്കാരിനും അതിന്റെ നിർവ്വഹണത്തിനും പുരോഗമനത്തിനുമായുള്ള ചുമതല നൽക്കു കയും അവർ ചെറിയ തുറമുഖങ്ങളെയും അവയുടെ പുരോഗതിയേയും മുന്നിൽ കണ്ടു കൊണ്ട് പ്രവർത്തിച്ചു വരുന്നു

7.6.2 ഊർജ്ജം

മനുഷ്യരുടെ നിത്യ ജീവിതത്തിൽ ഇലക്ട്രിക്കൽ ഊർജ്ജംഅത്യാവശ്യഘടകമായിമാറിയിരിക്കുന്നു. ഈ സാങ്കേതിക ലോകത്തിൽ വൈദ്യുതി ഇല്ലാതെ ജീവിക്കാൻ പറ്റില്ല എന്ന അവസ്ഥ കൈവന്നിരിക്കുന്നു. വൈദ്യുതി ഉൽപാദനത്തിന്റെ തലങ്ങളെ അവയുടെ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയെ അടി സ്ഥാനമാക്കി രണ്ടായി തിരിച്ചിരിക്കുന്നു.

1. *പുതുപ്പിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകൾ*
2. *പുതുപ്പിക്കാനാവുന്ന ഊർജ്ജ സ്രോതസ്സുകൾ*

1. പുതുപ്പിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകൾ

പുതുപ്പിക്കാനോ, വീണ്ടും ഉപയോഗി ക്കാനോ കഴിയാത്ത ഉർജ്ജ സ്രോതസ്സു കളെ പുതുപ്പിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകൾ എന്നു വിളിക്കുന്നു. അടി സ്ഥാനപരമായി ഈ ഊർജ്ജ സ്രോതസ്സു കൾ ഒരു നിശ്ചിത കാലയളവിൽ തീർന്ന് പോകും. കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം എന്നിവ ഈ വിഭവങ്ങൾക്ക് ഉദാ ഹരണമാണ്.

2. പുതുപ്പിക്കാനാവുന്ന ഊർജ്ജ സ്രോതസ്സുകൾ

ഇത്തരത്തിലുള്ള ഊർജ്ജ ഉറവിട സ്രോത സ്സുകളെ വീണ്ടും വീണ്ടും ഉപയോഗി ക്കാൻ സാധിക്കും. ഇവ ഉപയോഗിക്കുന്നത നുസരിച്ച് തീർന്നു പോവുകയോ നശിച്ച് പോവുകയോ ചെയ്യുന്നില്ല. വേണ്ടെത്ര അളവിൽ അവ ലഭ്യമാണ്

1. *സൗരോർജ്ജം*
2. *കാറ്റ്*
3. *തിരമാല*
4. *പ്രകൃതിയിലെ ചൂട്*
5. *ബയോമാസ്*

ഇവയെ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകൾ എന്നു വിളിക്കുന്നു. ഒരു പക്ഷേ ആദ്യകാല ങ്ങളിൽ ഊർജ്ജ സ്രോതസ്സുകളായി ഇവയെ ഉപയോഗിച്ചിരുന്നിരിക്കാനും സാധ്യത കുറവാണ്.

11th Economics Malayalam_Chapter-07.indd 152 2/14/2023 3:05:13 PM

7.7 സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ

സാമൂഹിക അടിസ്ഥാന സൗകര്യം എന്നത് ഗുണനിലവാരമുള്ള മനുഷ്യ ശക്തിയെ മെച്ചപ്പെടുത്തുകയും സമ്പദ് വ്യവസ്ഥയുടെ വളർച്ചയെ പരോക്ഷമായി സഹായിക്കുകയും ചെയ്യുന്ന ഘടകങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഈ സംഘടനകൾ ഉൽപാദനത്തിനും വിതരണത്തിനും പുറത്താണ്. മനുഷ്യശക്തിയുടെ കാര്യക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ ഈ സാമൂഹിക ഘടനകളുടെ വികസനം അത്യാവശ്യമാണ്. ഉദാഹരണത്തിന് സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ മുതലായവ. തൊഴിലാളികളുടെ ഉൽപാദന ക്ഷമത കുറയുന്നതിന് ഒരു കാരണം വികസന സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് എന്നതാണ്. സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ അവസ്ഥയിൽ വികസനങ്ങളും ചുവടെ ചർച്ച ചെയ്യുന്നു.

7.7.1 വിദ്യാഭ്യാസം

a. ഇന്ത്യയിലെ വിദ്യാഭ്യാസ രീതി

ഒരു സംഘടിത വിദ്യാഭ്യാസ രീതിയ്ക്ക് മുമ്പ് ഗുരുകുല വിദ്യാഭ്യാസമാണ് കാണപ്പെട്ടിരുന്നത്. അതിനു ശേഷം വർദ്ധിച്ചു വരുന്ന സമ്പദ് വ്യവസ്ഥയുടെ ആവശ്യങ്ങൾക്കൊപ്പം ഇന്ത്യൻ വിദ്യാഭ്യാസം തഴച്ചു വളരുകയും വികസിക്കുകയും ചെയ്തു. മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് (MHRD) എന്ന സംഘടനയാണ് ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയെ കൈകാര്യം ചെയ്യുന്നത്.

b. ഇന്ത്യയിലെ വിദ്യാഭ്യാസ മുറകൾ

1976 വരെ ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം സംസ്ഥാന സർക്കാരിന്റെ ചുമതലയിൽ ആയിരുന്നു. തുടർന്ന് അത് കേന്ദ്രവും സംസ്ഥാനവും ചേർന്നുള്ള പ്രവർത്തനത്തിൻ കീഴിൽ വന്നു. മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് എന്ന സംഘടനയാണ് ഇന്ത്യയുടെ വിദ്യാഭ്യാസ ബഡ്ജറ്റിനെ തീരുമാനിക്കുന്നത്.

ഇന്ത്യയിലെ വിദ്യാഭ്യാസ സമ്പ്രദായം പ്രാഥമികമായി ആറ് ഘട്ടങ്ങളെ ഉൾക്കൊള്ളുന്നു:

- നഴ്സറി ക്ലാസ്
- പ്രൈമറി ക്ലാസ്
- സെക്കന്ററി ലവൽ
- ഹയർ സെക്കന്ററി ലവൽ
- ബിരുദം
- ബിരുദാനന്തര ബിരുദം

c. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ:

ഇന്ത്യയിലെ വിദ്യാഭ്യാസ മുറ 10+2 എന്നത് പിന്തുടരുന്നു. ഉന്നത വിദ്യാഭ്യാസത്തിനായി സംസ്ഥാന തലത്തിലും, പ്രൈവറ്റ് തലങ്ങളിലും വിവിധ കോഴ്സുകളും വിഷയങ്ങളും യൂണിവേഴ്സിറ്റികൾ വഴിയായി നൽകപ്പെടുന്നു. യു ജി സി (യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ) വഴിയാണ് സർവ്വകലാശാലയുടെ അംഗീകാരം തീരുമാനിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിവിധ സ്കൂളുകൾ, കോളേജുകൾ, യൂണിവേഴ്സിറ്റികൾ എന്നിവ ഉൾപ്പെടുന്നു. ഇവ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും വിദ്യാഭ്യാസ വിതരണം ശരിയായി നിർവഹിക്കുന്നു. വിദ്യാഭ്യാസ മേഖലയുടെ ബഡ്ജറ്റ് വിഹിതം ജി.ഡി.പി യുടെ 3% ആണ്. ഇതിൽ ഏറ്റവും കൂടുതൽ അനുപാതം സ്കൂൾ വിദ്യാഭ്യാസത്തിനാണ്. എന്നിരുന്നാലും ഓരോ കുട്ടികൾക്കുമുള്ള ചിലവ് പരിഗണിക്കുമ്പോൾ സ്കൂൾ കുട്ടികൾക്കുള്ള ചിലവ് കുറവാണ്.

7.7.2 ആരോഗ്യം

a. ഇന്ത്യയിലെ ആരോഗ്യം

ഇന്ത്യയിലെ ആരോഗ്യം സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിന്റെ കീഴിലാണ്. ആരോഗ്യ സംരക്ഷണ പദ്ധതികളും ആരോഗ്യ പരിഷ്ക്കരണ നയങ്ങളും കേന്ദ്ര സഹ ആരോഗ്യ ക്ഷേമത്തിന് രൂപം നൽകുന്നു. ആരോഗ്യ സംരക്ഷണ സംഘടനയുടെ മുഴുവൻ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതും ആവശ്യങ്ങൾ നിറവേറ്റുന്നതും ഇന്ത്യയിലെ ആരോഗ്യ നിർവഹണ മന്ത്രാലയങ്ങളും അതുപോലെ സാങ്കേതിക സംഘടനകളുമാണ്.

ഇന്ത്യയിൽ ആരോഗ്യ സുരക്ഷ പല രീതികളിൽ കാണപ്പെടുന്നു. അവ ആയുർവേദ മരുന്നുകൾ, യുനാനി ചികിത്സകൾ, ഹോമിയോപതി, ആലോപതി, യോഗ തുടങ്ങി പലതും, ഓരോ

11th Economics Malayalam_Chapter-07.indd 153 2/14/2023 3:05:13 PM

വ്യത്യസ്ത ആരോഗ്യ സരക്ഷണ രൂപങ്ങളും അതിന്റെതായ ചികിത്സാ രീതിയും പ്രായോഗിക രീതിയും അടിസ്ഥാനമാക്കിഉള്ളതാണ്. ഇന്ത്യയിൽ മെഡിക്കൽ പ്രാക്ടീസ് ചെയ്യുന്നതിന് ആരോഗ്യ മന്ത്രാലയത്തിന്റെ ശരിയായ ലൈസൻസ് ആവശ്യ മാണ്. എല്ലാ മെഡിക്കൽ സംവിധാനങ്ങളും ഇപ്പോൾ **ആയുഷ്** എന്ന ഒരു മന്ത്രാലയത്തിന് കീഴിലാണ്.

b. *ഇന്ത്യയിലെ ആരോഗ്യ പരിരക്ഷാ സേവനങ്ങൾ:*

ഇന്ത്യയിലെ ആരോഗ്യ പരിരക്ഷാ സേവനങ്ങൾ പ്രധാനമായും ആരോഗ്യ മന്ത്രാലയത്തിന്റെ ഉത്ത രവാദിത്വമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ നിലയിൽ മെച്ചപ്പെട്ട് നിൽക്കുന്നത് കേരള സംസ്ഥാനമാണ്. മറ്റു വികസന രാജ്യങ്ങളു മായി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയുടെ ആരോഗ്യനില തൃപ്തികരമല്ല. ശ്രീലങ്കയുമായി താരതമ്യം ചെയ്താലും ഇന്ത്യയുടെ ആരോഗ്യനില മോശമാണ്.

7.8 ഇന്ത്യൻ സാമ്പത്തിക ചിന്തകൻമാരുടെ സംഭാവനകൾ

7.8.1 തിരുവള്ളുവർ



തിരുവള്ളുവരുടെ സാമ്പ ത്തിക ആശയങ്ങൾ ആദ്യ ഹത്തിന്റെ അനശ്വരമായ പ്രവർത്തനത്തിൽ കാണാം. തിരുക്കുറർ, ധാർ മ്മിക പുസ്തകം ഇവക ളിൽ അത് ദൃശ്യമാണ്. തിരുവള്ളുവരുടെ കാലഘട്ടത്തെ കണക്കാക്കുന്ന തിൽ പണ്ഡിതൻമാർക്കിടയിൽ വ്യത്യസ്ത അഭി പ്രായം ഉണ്ടെങ്കിലും എ.ഡി മൂന്നാം നൂറ്റാണ്ടിൽ അദ്ദേഹം തമിഴ്നാട്ടിലെ സംഘകാല ഘട്ടത്തിൽ പ്പെട്ട ആളാണെന്ന് പൊതുവേ വിശ്വസിക്കപ്പെ ടുന്നു. തിരുവള്ളുവരിന്റെ സാമ്പത്തിക ആശയങ്ങ ളിൽ വലിയൊരു ഭാഗം പ്രായോഗികമായി തിരു ക്കുറളിന്റെ രണ്ടാം ഭാഗത്ത് കാണാൻ സാധിക്കും.

ഇത് സമ്പത്തുമായി ബന്ധപ്പെട്ടു കാണ പ്പെടുന്നു. തിരുവള്ളുവർ ഒരു അടിസ്ഥാന ചിന്തക നാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാന ഘടകം മഴയാണ്. സ്ഥിരമായ സാമ്പത്തിക ജീവിതത്തിന് ആഹാരം അത്യാവശ്യ ഘടകമാണ്. സാമ്പത്തിക മേഖല കൃഷിയെ ആശ്രയിച്ചിരിക്കുന്നു. മാത്രമല്ല മഴ മാലിന്യങ്ങളെയും മറ്റു അവശിഷ്ടങ്ങളെയും വഹിച്ചു കൊണ്ടു പൊകുന്നു.

a. ഉൽപ്പാദനത്തിന്റെ ഘടകങ്ങൾ

ഉൽപ്പാദന ഘടകങ്ങളെക്കുറിച്ച് ധാരാളം പരാ മർശങ്ങൾ തിരുവള്ളുവർ നൽകിയിട്ടുണ്ട്. ഭൂമി, തൊഴിലാളി, മൂലധനം എന്നീ ഘടകങ്ങളെക്കുറിച്ച് തിരുവള്ളുവർ വ്യക്തമാക്കുന്നുണ്ട്. അതുപോലെ സംഘടനകൾ, സമയം, സാങ്കേതികവിദ്യ മുതലായ വയെപ്പറ്റിയും പരാമർശിക്കുന്നു. സമ്പൂർണ്ണ വിള വെടുപ്പ്, കരുത്തുറ്റ മനുഷ്യ ശരീരം, പുരുഷ സംഘം, കുറഞ്ഞ സമ്പത്ത് ഇവയാണ് സമ്പദ് വ്യവസ്ഥയുടെ ഘടകങ്ങളായി തിരുവള്ളുവർ പറയുന്നത്. (കുറൾ. 61)

b. കൃഷി

തിരുവള്ളുവറിന്റെ അഭിപ്രായത്തിൽ കൃഷി ഏറ്റവും അടിസ്ഥാനപരമായ സാമ്പത്തിക പ്രവർ ത്തനമാണ്. മറ്റ് വിഭാഗങ്ങളുടെ അഭിവൃദ്ധിയും സമ്പദ് വ്യവസ്ഥയും ഇതിനെ കേന്ദ്രീകരിച്ചായ തിനാൽ ഇത് ലോകത്തിന്റെ അച്ചുതണ്ട് ആയി കാണപ്പെടുന്നു. ഉഴുന്നവർ മാത്രം മണ്ണിൽ സ്വതന്ത്ര മായി ജീവിക്കുന്നവർ അവർ മാത്രമാണ്, മറ്റുള്ള വർ അവരുടെ മണ്ണിലുള്ള അടിമകളാണ് എന്ന് തിരുവള്ളുവർ അഭിപ്രായപ്പെടുന്നു. മറ്റെല്ലാ തൊഴിലിനെക്കാളും കൃഷി മികച്ചതാണെന്ന് തിരുവള്ളുവർ പറയുന്നു.

c. പൊതു ധനം

ഭരണം, പൊതു ചിലവ് എന്നീ തലക്കെട്ടുകളിൽ തിരുവള്ളുവർ പൊതുധനകാര്യത്തെക്കുറിച്ച് വിശദമായി വിവരിക്കുന്നുണ്ട്. 1) വരുമാനം സൃഷ്ടിക്കൽ, 2) വരുമാന ശേഖരണം, 3) വരുമാന മാനേജ്മെന്റ്, 4) പൊതു ചിലവ് ഇവയുമായി പൊതു ധനം ബന്ധപ്പെട്ട് കാണപ്പെടുന്നു.

d. പൊതു ചിലവ്

വള്ളുവർ ഒരു സമീകൃത ബഡ്ജറ്റ് ശുപാർശ ചെയ്തു. *"ചിലവ് പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഒരു സംസ്ഥാനം വരുമാനത്തിലും പരിമിതപ്പെട്ടിരി ക്കുന്നത് ഒരു വലിയ ദൗർഭാഗ്യമല്ല"* എന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുണ്ട്. അദ്ദേഹം ബഡ്ജറ്റ് നയത്തി നായി ചില വഴികാട്ടലുകളെ തിരുവള്ളുവർ നൽകുന്നുണ്ട്. ബഡ്ജറ്റ് മിച്ചം സമ്പാദ്യമാണ്. ഇത്

11th Economics Malayalam_Chapter-07.indd 154 2/14/2023 3:05:13 PM

സമയത്തെ സന്തുലിതമാക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബഡ്ജറ്റ് ഒരിക്കലും കുറവ് ബഡ്ജറ്റ് ആകാൻ പാടില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ താഴെപ്പറയുന്നവ പൊതു ചിലവിനത്തിൽ ഉൾപ്പെടുത്താൻ പാടില്ല: 1) പ്രതിരോധം 2) പൊതു പണി 3) സമൂഹ സേവ.

e. ബാഹ്യ സഹായം

ബാഹ്യ സൂക്ഷമത നേടുന്നതിനെയാണ് തിരുവള്ളുവർ തിരുക്കുറൽ നമ്പർ 739-ൽ പ്രതിപാദിക്കുന്നത്. അതനുസരിച്ച് ബാഹ്യ സഹായം സ്വീകരിക്കുന്ന രാജ്യങ്ങളെ അദ്ദേഹം രാജ്യങ്ങളായി പരിഗണിക്കുന്നില്ല. ചുരുക്കി പറഞ്ഞാൽ അദ്ദേഹം സ്വയം പര്യാപ്തമായ സമ്പദ് വ്യവസ്ഥയ്ക്കു വേണ്ടി വാദിച്ചു എന്നു പറയാം.

f. ദാരിദ്ര്യവും ഭിക്ഷാടനവും

ഓരോ പൗരനും അനുഭവിക്കേണ്ട അടിസ്ഥാന സ്വാതന്ത്ര്യങ്ങളിലൊന്നാണ് പട്ടിണിയിൽ നിന്നുള്ള മോചനം. **"ദാരിദ്ര്യം"** മറ്റെല്ലാ തിന്മകളുടെയും മൂലകാരണമാണ്. അത് നിത്യമായ കഷ്ടപ്പാടുകളിലേയ്ക്ക് നയിക്കാൻ കാരണമാകും. ഇന്ത്യയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉള്ളവരുടെ എണ്ണം, ഭിക്ഷാടനം, റോഡരികിൽ ഉറങ്ങുന്നത്, ഭിക്ഷാടകം എന്നിവ വർദ്ധിച്ച് വന്നു കൊണ്ടിരിക്കുന്നു.


g. സമ്പത്ത്

വള്ളുവർ സമ്പത്തിനെ ഒരു ഉപാധിയായി കണക്കാക്കുന്നു. എന്നാൽ അത് അവസാനമല്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ *"മാന്യവും സത്യ സന്ധവുമായ മാർഗ്ഗത്തിലൂടെ ഭാഗ്യം നേടുക"* എന്നതാണ്. പണത്തെ പൂഴ്ത്തി വയ്ക്കുന്നതിനെ അപലപിക്കുകയും പൂഴ്ത്തി വച്ച സമ്പത്തിനെ ലാഭരഹിത സമ്പത്തെന്നും അദ്ദേഹം വിശേഷിപ്പിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വ്യവസായമാണ് യഥാർത്ഥ സമ്പത്ത്, അദ്ധ്വാനമാണ് ഏറ്റവും വലിയ വിഭവം.

h. ക്ഷേമ രാഷ്ട്രം

തിരുവള്ളുവർ ഒരു ക്ഷേമ രാഷ്ട്രത്തിനു വേണ്ടി വാദിക്കുന്നയാളാണ്. ഒരു ക്ഷേമ രാഷ്ട്രത്തിൽ ദാരിദ്ര്യം, നിരക്ഷരത, രോഗം എന്നിവ ഉണ്ടാവുകയില്ല. ഒരു ക്ഷേമ രാഷ്ട്രതത്തിന്റെ പ്രധാന ഘടകങ്ങൾ 1) രോഗ വിമുക്തമായ പൂർണ്ണ ആരോഗ്യമുള്ള ജനങ്ങൾ 2) സമൃദ്ധമായ സമ്പത്ത് 3) നല്ല വിളവ് 4) സമൃദ്ധിയും സന്തോഷവും 5) ജനങ്ങളുടെ പൂർണ്ണ സുരക്ഷ.

7.8.2 മഹാത്മാഗാന്ധി



ധാർമ്മിക അടിത്തറയെ അടിസ്ഥാനമാക്കിയുള്ളതാണ് ഗാന്ധിജിയുടെ സാമ്പത്തിക ശാസ്ത്രം. 1921-ൽ ഗാന്ധിജി എഴുതി ഒരു വ്യക്തിയുടെയോ ഒരു രാജ്യത്തിന്റെയോ *"ധാർമ്മിക ക്ഷേമത്തെ വേദനിപ്പിക്കുന്ന സാമ്പത്തിക ശാസ്ത്രം അധാർമ്മികമാണ്, പാപവുമാണ്".* ധാർമ്മിക മൂല്യങ്ങളെ അവഗണിക്കുന്ന തരത്തിലുള്ള സമ്പദ് വ്യവസ്ഥ അസത്യമാണെന്ന വിശ്വാസം 1924-ൽ അദ്ദേഹം ആവർത്തിച്ചു.

ഗാന്ധിയൻ സമ്പദ് വ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ

1. **വില്ലേജ് റിപ്പബ്ലിക്ക്:** ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഇന്ത്യൻ ജനത ഗ്രാമങ്ങളിൽ താമസിക്കുന്നു, ഗ്രാമങ്ങളെ സ്വയം പര്യാപ്തമായ യൂണിറ്റുകളായി വികസിപ്പിക്കേണ്ടതാണ്. യന്ത്ര സാമഗ്രികളുടെ വ്യാപകമായ ഉപയോഗം, മെഷീനറികൾ, നഗര വൽക്കരണം, വ്യവസായ വൽക്കരണം എന്നിവയ്ക്ക് അദ്ദേഹം പ്രാധാന്യം നൽകിയിരുന്നില്ല.
2. **യന്ത്ര സാമഗ്രികളെക്കുറിച്ച്:** യന്ത്രങ്ങളുടെ ഉപയോഗം വലിയ പാപമായി ഗാന്ധിജി ചിത്രീകരിച്ചു. അതിന്റെ തിന്മകളെ വെളിപ്പെടുത്തുന്നതിനു വേണ്ടി പുസ്തകങ്ങൾ എഴുതാൻ പ്രോത്സാഹിപ്പിച്ചു. യന്ത്രങ്ങളുടെ ഉപയോഗം മോശമാണെന്ന തിരിച്ചറിയൽ ആവശ്യമാണെന്ന് അദ്ദേഹം പ്രബോധിപ്പിച്ചു. യന്ത്രങ്ങളെ സ്വാഗതം ചെയ്യുന്നതിനു പകരം നാം അതിനെ ഒരു തിന്മയായി കാണണം. ഇതിനെ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുക എന്ന് അദ്ദേഹം വാദിച്ചു.
3. **വ്യവസായ വൽക്കരണം:** വ്യവസായ വൽക്കരണം മനുഷ്യരാശിയുടെ ശാപമായി ഗാന്ധിജി കണക്കാക്കി. ഇത് ഒരു രാജ്യത്തിന്റെ ചൂഷണശേഷിയെ പൂർണ്ണമായി വർദ്ധിപ്പിക്കുന്ന ഒന്നാണെന്ന് അദ്ദേഹം വാദിച്ചു.
4. **വികേന്ദ്രീകരണം:** വികേന്ദ്രീകരണ സമ്പദ് വ്യവസ്ഥയെക്കുറിച്ച് അദ്ദേഹം വാദിച്ചു. അതായത് ചെറിയ തോതിൽ ധാരാളം സ്ഥലങ്ങളിൽ ഉൽപ്പാദനം നടത്തുക അല്ലെങ്കിൽ കുടിൽ വ്യവസായം വർദ്ധിപ്പിക്കുക എന്നതാണ് ഗാന്ധിജിയുടെ വാദം.
5. **ഗ്രാമസർവോദയ:** ഗാന്ധിജിയുടെ അഭിപ്രായത്തിൽ യഥാർത്ഥ ഇന്ത്യയെ കണ്ടെത്താനാ

11th Economics Malayalam_Chapter-07.indd 155 2/14/2023 3:05:13 PM

വുന്നത് ഗ്രാമങ്ങളിലാണ്. പട്ടണങ്ങളിലോ നഗരങ്ങളിലോ അല്ല. അതുകൊണ്ട് സ്വയം പര്യാപ്തമായതും സ്വശ്രയമായതുമായ ഗ്രാമങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു.

6. **അപ്പത്തിനുവേണ്ടിയുള്ള അദ്ധ്വാനം:** മനുഷ്യ അദ്ധ്വാനത്തിന്റെ അന്തസ്സിനെ ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. മനുഷ്യൻ തന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷണം എന്ന ദൈവവിധിയിൽ ഗാന്ധിജി വിശ്വസിച്ചിരുന്നു. ശാരീരിക അദ്ധ്വാനമാണ് ഗാന്ധിജി സ്വമേധയാ ഉള്ള അദ്ധ്വാനം എന്നതുകൊണ്ട് ഉദ്ദേശിച്ചത്.

7. **ഭാരവാഹിത്വ നയം:** ഇന്നത്തെ മുതലാളിത്ത രീതിയെ സമത്വമായി മാറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ ഭാരവാഹിത്വ നയം നൽകുന്നു. അത് മുതലാളിത്തത്തിന് ഒരു തടസ്സം ഉണ്ടാക്കുന്നില്ല. എന്നിരുന്നാലും ഇന്ത്യ ഇപ്പോൾ കാസിനോ മുതലാളിത്തവും ചങ്ങാത്ത മുതലാളിത്തവും അനുഭവിക്കുന്നു

8. **ഭക്ഷ്യ പ്രശ്നം:** ഭക്ഷണ നിയന്ത്രണ വേർതിരിവിന് ഗാന്ധിജി എതിരായിരുന്നു. അത്തരത്തിലുള്ള നിയന്ത്രണങ്ങൾ കൃത്രിമമായി ക്ഷാമം സൃഷ്ടിക്കുകയേയുള്ളുവെന്ന് അദ്ദേഹം കരുതി, ഒരിക്കൽ ഇന്ത്യ ഭക്ഷ്യധാന്യത്തിനായി യാചിച്ചിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഭക്ഷ്യധാന്യ ഉല്പാദനം, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ ഇന്ന് ഇന്ത്യ ലോകത്ത് ഒന്നാമതാണ്.

9. **ജനസംഖ്യ:** ഗരഭ നിരോധന മാർഗ്ഗങ്ങളിലൂടെയുള്ള ജനസംഖ്യാ നിയന്ത്രണ രീതിയെ ഗാന്ധിജി എതിർത്തു. എന്നാൽ ബ്രഹ്മചര്യത്തിലൂടെയോ, സ്വയം നിയന്ത്രണത്തിലൂടെയോ ഉള്ള ജനന നിയന്ത്രണത്തെ അദ്ദേഹം അനുകൂലിച്ചു. അമിത ജനസംഖ്യാ പ്രശ്നത്തിന് സ്വയം നിയന്ത്രണം പരിഹാരമാർഗ്ഗമായി അദ്ദേഹം കണക്കാക്കി.

10. **നിരോധനം:** മദ്ധ്യ നിരോധനത്തെ ഗാന്ധിജി ഇഞ്ചിനിഞ്ച് എതിർത്തു. ആയിരക്കണക്കിന് മദ്യപാനികളെക്കാൾ ഇന്ത്യ ദരിദ്രരായിരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം കരുതി. പക്ഷേ ഇപ്പോൾ സംസ്ഥാനങ്ങളും മദ്യവിൽപ്പനയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.

7.8.3 ജവഹർലാൽ നെഹ്റു



ആധുനിക ഇന്ത്യയുടെ ശിൽപ്പികളിലൊരാളായ നെഹ്റു സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രി ആയിരുന്നു. 1964-ൽ മരിക്കുന്നതു വരെ അദ്ദേഹം ആ സ്ഥാനത്ത് ഉണ്ടായിരുന്നു. സാമ്പത്തിക ശാസ്ത്രത്തേയും സാമൂഹിക പ്രശ്നത്തെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ അസംഖ്യം പ്രസംഗങ്ങളിലൂടെയും അദ്ദേഹം എഴുതിയ പുസ്തകങ്ങളിലൂടെയും കാണാൻ സാധിക്കും.

a. ജനാധിപത്യവും മതേതരത്വവും

നെഹ്റു ജനാധിപത്യത്തിൽ ഉറച്ച വിശ്വാസിയായിരുന്നു. സ്വതന്ത്രമായ ആശയ വിനിമയത്തിലും, സാധാരണ വ്യക്തി സ്വാതന്ത്ര്യം, പൗരാവകാശം, നിയമത്തിന്റെ വശങ്ങൾ, ജനാധിപത്യം, മതേതരത്വം എന്നിവ നെഹ്റു ഇന്ത്യയ്ക്ക് സമ്മാനിച്ച സംഭാവനകളാണ്. ഇന്ത്യയിൽ ഹിന്ദുമതം, ഇസ്ലാം മതം, ക്രിസ്തു മതം, ബുദ്ധ മതം, ജൈന മതം, സൗരാഷ്ട്ര മതം, സിക്ക് മതം എന്നിങ്ങനെ ധാരാളം മതങ്ങളുണ്ട്. എന്നാൽ ഒരു മതത്തിനും ഭൂരിപക്ഷം ആധിപത്യം ഇല്ല. മതേതരത്വം എന്നാൽ എല്ലാ മതങ്ങളെയും തുല്യമായ ബഹുമാനത്തോടെ നോക്കി കാണുന്ന അവസ്ഥയാണ്.

b. ആസൂത്രണം

നമ്മുടെ രാജ്യത്ത് പദ്ധതി ആസൂത്രണത്തിന്റെ തുടക്കക്കാരൻ നെഹ്റു ആയിരുന്നു. പദ്ധതി വികസനത്തിന് സമഗ്രമായ ഒരു സമീപനമായിരുന്നു. 1956 മേയ് മാസത്തിൽ ലോകസഭയിൽ രണ്ടാം പദ്ധതിയെക്കുറിച്ചുള്ള ചർച്ചയ്ക്ക് തുടക്കമിട്ട നെഹ്റു പദ്ധതി ആസൂത്രണത്തെക്കുറിച്ച് ചർച്ച ചെയ്തു. *"മനുഷ്യ ശക്തിയുടെ എല്ലാ വിഭവങ്ങളും വിനിയോഗിക്കാനുള്ള മാർഗ്ഗം കണ്ടെത്തുക എന്നതാണ് ആസൂത്രണത്തിന്റെ ലക്ഷ്യം".* നെഹ്റു ലക്ഷ്യമിട്ട ആസൂത്രണം വ്യവസായ വൽക്കരണവും സ്വാശ്രയ കേന്ദ്രീകൃതവുമായി ബന്ധപ്പെട്ടിരുന്നു. ഒരു സ്വയം പ്രചോദന വളർച്ച വികസനത്തിന്റെ അടിസ്ഥാനത്തിലൂടെ നെഹ്റു ത്വരിതപ്പെടുത്തി. ശാസ്ത്ര പുരോഗതിയിൽ നെഹ്റുവിന്റെ സംഭാവന, ശാസ്ത്ര ഗവേഷണ

11th Economics Malayalam_Chapter-07.indd 156 2/14/2023 3:05:13 PM

നേട്ടങ്ങൾ, ഗവേഷണം, സാങ്കേതിക രീതി, വ്യവസായ പുരോഗതി മുതലായവയെ മറക്കാനാവില്ല. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ഐ.ഐ.ടി ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു. അദ്ദേഹം എപ്പോഴും *"ശാസ്ത്ര മുന്നേറ്റത്തിന്"* പ്രാധാന്യം നൽകിയിരുന്നു.

C. ജനായത്ത സോഷ്യലിസം

നെഹ്റുവിന്റെ മറ്റൊരു സംഭാവനയാണ് സോഷ്യലിസം. സോഷ്യലിസത്തിന്റെ പാതയിലൂടെ രാജ്യത്തെ മുന്നോട്ട് നയിച്ചത് നെഹ്റു ആയിരുന്നു. എന്നാൽ നെഹ്റു ഏർപ്പെടുത്തിയ സോഷ്യലിസം ജനായത്ത സോഷ്യലിസമായിരുന്നു.

7.8.4 ബി. ആർ. അംബേദ്കർ

ബി. ആർ. അംബേദ്കർ (1891-1956) ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്നു. ഇദ്ദേഹം തികഞ്ഞ ഒരു വ്യക്തിത്വത്തിനുടമയായിരുന്നു. സാമൂഹിക നീതിയുടെ സൂക്ഷിപ്പുകാരനും, സോഷ്യലിസത്തിന്റെയും സംസ്ഥാന ആസൂത്രണത്തിന്റെയും നേതാവുമായിരുന്നു അംബേദ്കർ. *''പ്രാചീന ഇന്ത്യൻ വാണിജ്യം"* ഉൾപ്പെടെയുള്ള അംബേദ്കറിന്റെ കൃതികൾ പ്രസിദ്ധങ്ങളാണ്. ബിരുദാനന്തര ബിരുദത്തിനുവേണ്ടി 1915 ൽ കൊളംബിയ യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച കൃതിയാണ് *"പ്രാചീന ഇന്ത്യൻ വാണിജ്യം". "നാഷണൽ ഡിവിഡന്റ് ഓഫ് ഇന്ത്യ, ഹിസ്റ്റോറിക്കൽ അന്റ് അനലിറ്റിക്കൽ സ്റ്റഡി (Ph.D പ്രബന്ധം) ദി എവല്യൂഷൻ ഓഫ് പ്രൊവിൻഷ്യൽ ഫിനാൻസ് ഇൻ ബ്രിട്ടീഷ് ഇന്ത്യ, എ സ്റ്റഡി ഓഫ് ദി പ്രിൻസിപ്പിൾ ഡി സെൻട്രലൈസേഷൻ ഓഫ് ഇംപീരിയൽ ഫൈനാൻസ്* എന്നിവയും അംബേദ്കറുടെ കൃതികളാണ്.



"പ്രൊവിഷ്യൽ ഡി സെൻട്രലൈസേഷൻ ഓഫ് ഇംപീരിയൽ ഫൈനാൻസ് ഇൻ ബ്രിട്ടീഷ് ഇന്ത്യ" എന്ന അംബേദ്കറുടെ പുസ്തകം 1921 ൽ എം.എസ്.സി ബിരുദത്തിന്റെ തീസിസായി അംഗീകരിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ "ദി പ്രോബ്ളം ഓഫ് ദി റുപ്പീ" എന്ന പ്രബന്ധം ഡി.എസ്.സി ഡിഗ്രിക്കുവേണ്ടി 1923 ൽ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിനു സമർപ്പിച്ച തീസിസാണ്. *"ദി പ്രോബ്ലിം ഓഫ് ദി റുപ്പി ഇറ്റ്സ് ഒറിജിൻ ആന്റ് ഇറ്റ്സ് സൊലൂഷൻ"* എന്ന അംബേദ്ക്കറുടെ പുസ്തകം റിസർവ് ബാങ്കിന് ആശയപരമായ നിർദ്ദേശങ്ങൾ നൽകുന്ന ഒന്നായി ശോഭിക്കുന്നു എന്നത് അത്ഭുതകരമായ ഒരു നേട്ടമാണ്. അംബേദ്ക്കറുടെ പ്രധാന സാമ്പത്തിക ആശയങ്ങൾ നാല് വിശാലമായ തലക്കെട്ടുകളിൽ ചുവടെ പ്രതിപാദിക്കുന്നു.

1. ഫൈനാൻസ് സാമ്പത്തിക ശാസ്ത്രം

1913-1923 കാലഘട്ടങ്ങളിൽ അംബേദ്കർ വിദേശത്ത് താമസിച്ചപ്പോൾ ധനകാര്യ സാമ്പത്തിക മേഖലയിലായിലായിരുന്നു ജോലി നോക്കിയിരുന്നത്. അംബേദ്കർ താൽക്കാലിക ധനകാര്യ പരിണാമത്തെ 3 ഘട്ടങ്ങളായി വിഭജിച്ചു. (i) അസൈൻമെന്റ് പ്രകാരമുള്ള ബഡ്ജറ്റ് (1871-72 മുതൽ 1876-77 വരെ). (ii) രൂപീകരണ പ്രകാരമുള്ള ബഡ്ജറ്റ് (1877-78 മുതൽ 1881-82). (iii) പങ്കുവയ്ക്കൽ പ്രകാരമുള്ള ബഡ്ജറ്റ് (1882-83 മുരൽ 1920-1921).

2. കാർഷിക സാമ്പത്തിക ശാസ്ത്രം

1918 ൽ അംബേദ്കർ ഇന്ത്യയിലെ സ്മാൾ ഹോൾഡിംഗും അവയുടെ പരിഹാരങ്ങളും എന്ന് ഉദ്ധരിച്ചുകൊണ്ട് ഒരു പേപ്പർ പ്രസിദ്ധീകരിച്ചു. ആഡംസ്മിത്തിന്റെ രാഷ്ട്രത്തിന്റെ സമ്പത്തിൽ പ്രതിപാദിക്കുന്നതിൽ ഹോൾഡിംഗ്സിന്റെ ചുരുക്കത്തിനും *"എൻലാർജ് മെന്റ് ഓഫ്ഹോൾഡിംഗ്സിനും"* തമ്മിലുള്ള വ്യത്യാസത്തെ അദ്ദേഹം ചിത്രീകരിച്ചു.

3. ജാതി സാമ്പത്തിക ശാസ്ത്രം

സാമൂഹ്യ ചലനാത്മകതയ്ക്ക് ജാതി ഒരു തടസ്സമാണെന്ന് അംബേദ്കര വിശ്വസിച്ചു. വ്യക്തികൾക്ക് അവരുടെ തൊഴിൽ മാറ്റാൻ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്ന ഉറച്ച നിലപാടായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ജാതിവ്യവസ്ഥ സാമൂഹ്യ സംഘർഷങ്ങൾക്ക് കാരണമായി. രാഷ്ട്രീയ ജനാധിപത്യത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ സാമൂഹിക ജനാധിപത്യത്തിന്റെ അഭാവത്തിന് ജാതി വ്യവസ്ഥ കാരണമായിത്തീർന്നു.

4. സാമ്പത്തിക സോഷ്യലിസം

അംബേദ്കർ ഒരു തികഞ്ഞ സോഷ്യലിസ്റ്റായിരുന്നു. അദ്ദേഹം സംസ്ഥാന സോഷ്യലിസത്തിന്റെയും വക്താവാണ്. എല്ലാ പ്രധാന വ്യവസായങ്ങളെയും സംസ്ഥാന ഉടമസ്ഥതയിലാക്കാനും പിന്നീട് അതിന് ദേശവൽക്കരണമാക്കാനും അദ്ദേഹം വാദിച്ചു. അതുപോലെ ഭൂമിയുടെയും കൂട്ടായ കൃഷിയുടെയും ഉടമസ്ഥാവകാശം നിർദ്ദേശിച്ചു. ഇൻഷുറൻസ് എന്നത് ബിസിനസ്സിന്റെ സംസ്ഥാന കുത്തകയായിരുന്നു. അതുമാത്രമല്ല ഓരോ പൗരനും നിർബന്ധിത ഇൻഷുറൻസ് നൽകണമെന്നും അദ്ദേഹം വാദിച്ചു.

അംബേദ്കർ മികച്ച സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്നു എന്നതിൽ സംശയമില്ല; എന്നാൽ സാമ്പത്തിക പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സിദ്ധാന്തപരമായ പ്രവർത്തനങ്ങൾ നിയമരംഗത്തും രാഷ്ട്രീയ രംഗത്തും നൽകിയത് മികച്ച സംഭാവനകളായിരുന്നു. എല്ലാറ്റിനും ഉപരിയായി അദ്ദേഹം മികച്ച സാമൂഹിക പരിഷ്ക്കർത്താവായിരുന്നു.

7.8.5 ജെ.സി. കുമാരപ്പ



ജെ.സി. കുമാരപ്പ 1892 ജനുവരിയിൽ തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ ജനിച്ചു. ഗ്രാമീണ സാമ്പത്തിക വികസന സിദ്ധാന്തങ്ങളുടെ ഒരു തുടക്കക്കാരനായിരുന്നു കുമാരപ്പ. *ഗാന്ധിയൻ സാമ്പത്തിക ചിന്താഗതിയെ അടിസ്ഥാനമാക്കി* സാമ്പത്തിക സിദ്ധാന്തങ്ങൾ വികസിപ്പിച്ചെടുത്തതിന്റെ ബഹുമതി നേടിയിരുന്നു.

ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രം

ഗാന്ധിജിയുടെ ഗ്രാമ വ്യവസായങ്ങളെ ശക്തമായി പിന്തുണയ്ക്കുകയും ഗ്രാമീണ വ്യവസായ സംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ജെ.സി. കുമാരപ്പ. അദ്ദേഹം ക്രിസ്ത്യൻ, ഗാന്ധിയൻ മൂല്യങ്ങളെ *ഒരുമിച്ചിണക്കുവാൻ* ശ്രമിച്ചു. ഐക്യം, അഹിംസ മുതലായവയ്ക്കും മനുഷ്യന്റെ അന്തസ്സിനും വികാസത്തിനും ഊന്നൽ നൽകുന്ന കാര്യങ്ങൾക്കും അദ്ദേഹം പ്രാധാന്യം നൽകി. സാമ്പത്തിക സിദ്ധാന്തങ്ങൾ സോഷ്യലിസ്സത്തെ നിരാകരിക്കുമ്പോൾ വർഗ്ഗ യുദ്ധത്തിന് ഊന്നൽ നൽകികൊണ്ടുള്ള പുരോഗതിയെ പൂർണ്ണമായി നിരസിച്ചു. വികസന മത്സരം സ്വതന്ത്ര കമ്പോള സമ്പദ് വ്യവസ്ഥയിൽ കാര്യക്ഷമവുമാണ്. സാമൂഹിക സാമ്പത്തിക തർക്കങ്ങൾ, തൊഴിലില്ലായ്മ, ദാരിദ്ര്യം, തരംതാഴ്ത്തൽ എന്നിവ വേരൊടെ പിഴുതെറിയുന്നതിനിടയിൽ മനുഷ്യന്റെ ആവശ്യങ്ങളും വെല്ലുവിളികളും നിറവേറ്റുന്നതിനായി ഗാന്ധിജിയും കുമാരപ്പയും ഒരു സമ്പദ് വ്യവസ്ഥയെ വിഭാവനം ചെയ്തു.

അഹമ്മദാബാദിലുള്ള വിദ്യാപീഠത്തിൽ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രൊഫസറായി അദ്ദേഹം ജോലി ചെയ്തിരുന്നു. ഉപ്പ് സത്യാഗ്രഹ സമയത്ത് യുവ ഇന്ത്യയിൽ എഡിറ്ററായി ജോലി ചെയ്തു. 1935-ൽ അഖിലേന്ത്യാ വില്ലേജ് ഇന്റസ്ട്രീസ് അസോസിയേഷൻ സ്ഥാപിച്ച അദ്ദേഹം കിറ്റ് ഇന്ത്യ പ്രസ്ഥാന സമരത്തിനിടയിൽ ഒരു വർഷത്തിലേറെ തടവിൽ ആക്കപ്പെട്ടു. അദ്ദേഹം തടവിൽ കിടന്ന സമയത്ത് ഇക്കണോമി ഓഫ് പെർമനൻസ്, *യേശുവിന്റെ പ്രവർത്തനങ്ങളും തത്വങ്ങളും* (1945), *ക്രിസ്ത്യാനിത്വം - സാമ്പത്തികവും ജീവിത രീതിയും* (1945) എന്നീ പുസ്തകങ്ങൾ എഴുതി.


ഗാന്ധിജിയുടെ പിൻഗാമികൾ പരിസ്ഥിതി സിദ്ധാന്തം വികസിപ്പിച്ചെടുത്തു. അതിന്റെ മാഹാത്മ്യം മനസ്സിലാക്കിയ കുമാരപ്പ 1930, 1940 കളിൽ ധാരാളം പുസ്തകങ്ങൾ വെളിപ്പെടുത്തി. രാമചന്ദ്ര ഗുഹ എന്ന ചരിത്രകാരൻ കുമാരപ്പയെ *പച്ചയായ ഗാന്ധിയൻ* എന്ന് വിശേഷിപ്പിച്ചു. മാത്രമല്ല ആധുനിക ഇന്ത്യൻ പരസ്ഥിതി സംരക്ഷകനായി അദ്ദേഹത്തെ ചിത്രീകരിച്ചു.

ദേശീയ തത്വങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിയും ഗ്രാമവികസനവും വികസിപ്പിക്കുന്നതിനു വേണ്ടി കുമാരപ്പ പ്രവർത്തിച്ചു. നയതന്ത്ര കാര്യങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ടി അദ്ദേഹം കിഴക്കൻ യൂറോപ്പിലും ജപ്പാനിലും ചൈനയിലും സഞ്ചരിക്കുകയും അവിടത്തെ സാമ്പത്തിക വ്യവസ്ഥകളെപ്പറ്റി ഗ്രഹിക്കുകയും ചെയ്തു.

7.8.6 വി.കെ.ആർ.വി. റാവു

പി.ആർ. ബ്രഹ്മാനന്ദയുടെ അഭിപ്രായത്തിൽ "*സ്വാതന്ത്ര്യത്തിനു മുമ്പും, സ്വാതന്ത്ര്യാനന്തരവും ഉണ്ടായിട്ടുള്ള സാമ്പത്തിക ശാസ്ത്രജ്ഞൻമാരെ പരിഗണിച്ചാൽ പ്രാധാന്യമർഹിക്കുന്നവർ മൂന്ന് പേരാണ്. അവർ, ഡി.ആർ. ഗാഡ്ഗിൽ, സി.എൻ. വാക്കിൽ, വി.കെ.ആർ.വി. റാവു എന്നിവരാണ്.*

11th Economics Malayalam_Chapter-07.indd 158 2/14/2023 3:05:14 PM



ഈ പണ്ഡിതൻമാർ മിഷണറി തീഷ്ണതയിൽ മുഴുകിയിരുന്നു. ഇന്ത്യൻ ദേശീയ നേട്ടത്തിനായുള്ള സാമ്പത്തിക നയങ്ങളും പരിപാടികളും പദ്ധതികളും രൂപകല്പന ചെയ്യുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഒരു കാഴ്ചപ്പാട് ഉണ്ടായിരുന്നു. വി. കെ. ആർ.വി.റാവു ഒരു മികച്ച എഴുത്തുകാരനായിരുന്നു.

വി.കെ.ആർ.വി. റാവുവിന് മൂന്ന് ആഴമായ തത്വങ്ങളിൽ വളരെയധികം താൽപ്പര്യമുണ്ടായിരുന്നു:

i. ദേശീയ വരുമാനം,
ii. നല്ല പോഷക ആഹാരങ്ങളുടെ വിതരണം
iii. തൊഴിലിന്റെയും തൊഴിൽ അവസരങ്ങളുടെയും വിതരണം.

1. ദേശീയ വരുമാന രീതി

ഒരു പ്രായോഗിക സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിൽ ഇന്ത്യയുടെ ദേശിയ വരുമാനം കണക്കാക്കുന്നതിനുള്ള ആരംഭ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയത് റാവു ആയിരുന്നു. റാവു ജെ.എം. കെയ്ൻസിന്റെ ശിക്ഷ്യനായും കോളിൻ ക്ലാർക്കിന്റെ സഹപ്രവർത്തകനുമായിരുന്നു. എച്ച്.ഡബ്ല്യൂ. സിംഗറിന്റെ അഭിപ്രായ പ്രകാരം കെയിൻസിന്റെ വിദ്യാർത്ഥികളിൽ മികവുറ്റ വിദ്യാർത്ഥി വി.കെ.ആർ.വി. റാവു ആയിരുന്നു എന്നാണ് അദ്ദേഹം നേരിട്ടത് (i) വികസ്വര രാജ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഇന്ത്യയുടെ ദേശീയ വരുമാന ആശയങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമം; (ii) ഒരു അവികസിത സമ്പദ് വ്യവസ്ഥയിലെ നിക്ഷേപങ്ങൾ, സേവിംഗ്സ്, അവയുടെ മൾട്ടിപ്ലെയറുകൾ എന്നിവയുടെ വിശകലനം (iii) വ്യാവസായിക വികസിത രാജ്യങ്ങളുടെ ദേശീയ *വരുമാനത്തിന്റെ അനുയോജ്യതയെപ്പറ്റി പഠിക്കൽ, "സമ്പൂർണ്ണ തൊഴിൽ, സാമ്പത്തിക വികസനം" എന്നീ വിഷയങ്ങളിലുള്ള* റാവുവിന്റെ പ്രബന്ധം വികസന രംഗത്തെ ആദ്യകാല സംഭാവനകളായിരുന്നു.

2. അന്താരാഷ്ട്ര ഭക്ഷ്യ സഹായം

ആശയങ്ങൾ സൃഷ്ടിക്കുന്നതിലും നയം രൂപപ്പെടുത്തുന്നതിലും റാവുവിന്റെ സ്വാധീനം മികച്ചതായിരുന്നു. ലോക ദാരിദ്ര്യത്തിനെതിരായ അന്താരാഷ്ട്ര ആക്രമണങ്ങൾ, അന്താരാഷ്ട്ര സഹായത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ എന്നിവയിലും അദ്ദേഹത്തിന്റെ ആശയങ്ങൾ വിരൽ ചൂണ്ടിയിരുന്നു. അന്താരാഷ്ട്ര തലത്തിൽ സംഭാവനകൾ നേടിയെടുക്കുന്നതിനും, ബാഹ്യ വിഭവങ്ങളുടെ മെച്ചപ്പെട്ട ഒഴുക്കുകളെ വികസിപ്പിക്കുന്നതിനും മാത്രമല്ല ഭക്ഷ്യ സഹായം നേടുന്നതിലുള്ള എല്ലാ പ്രവർത്തനങ്ങളിലും റാവുവിന്റെ പ്രവർത്തനങ്ങൾ മികവുറ്റതായിരുന്നു.

3. സോഷ്യലിസത്തിനുള്ള പിന്തുണ

ഇന്ത്യയിലെ ആസൂത്രണത്തിന്റെ ആദ്യ ഘട്ടത്തിൽ, സോഷ്യലിസ്റ്റ് ഇന്ത്യയുടെ കാര്യത്തിൽ റാവു പിന്തുണച്ചത്, അവിടെ സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ ആധിപത്യ ഉയരങ്ങൾ നിയന്ത്രിക്കുകയും സാമ്പത്തിക വികസനത്തിൽ പൊതുമേഖലയ്ക്ക് പ്രധാന പങ്ക് വഹിക്കാനിടയായി തീരുകയും ചെയ്തു.

4. വ്യവസായവൽക്കരണത്തെക്കുറിച്ച് റാവുവിന്റെ കാഴ്ചപ്പാട്

"ഇന്ത്യൻ സാമ്പത്തിക ജീവിതത്തിലെ തെറ്റ് എന്താണ്?" എന്ന 1938-ൽ പ്രസിദ്ധീകരിച്ച ലഘുലേഖയിൽ റാവു പ്രതിപാദിക്കുന്നത് പ്രതിശീർഷ വരുമാനക്കുറവും, ആളോഹരി പോഷക കുറവുമാണ് കാരണം എന്നാണ്.

i. ഉപ വിഭാഗങ്ങളും വിഘടനവുമുള്ള സാമ്പത്തികേതര പിടിപാടുകൾ;
ii. വിളവുകൾക്ക് ലഭിച്ച കുറഞ്ഞ അളവ് ജല ലഭ്യത;
iii. ഒരു വലിയ വ്യവസായിക മേഖലയുടെ അഭാവംമൂലം കാർഷിക മേഖലയിലെ അധിക ജനസംഖ്യാ സമ്മർദ്ദം;
iv. മൂലധനത്തിന്റെ അഭാവം;
v. കറൻസി പോളിസിയിലും പൊതു പണകാര്യങ്ങളിലും ഉള്ള സ്വയം ഭരണത്തിന്റെ അഭാവം പഴയ സ്വർണ്ണം കൈവശം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.

5. വില്ലേജ് സമൂഹം

ഗ്രാമീണ സമൂഹങ്ങൾക്ക് പ്രായോഗികത നൽകേണ്ടതുണ്ടെന്ന് റാവുവിന് തോന്നി. അവിടെ ഗ്രാമീണ വികസനത്തിന് ഒരു യൂണിറ്റ് രൂപീകരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിൽ ഗ്രാമങ്ങൾ തമ്മിലുള്ള

11th Economics Malayalam_Chapter-07.indd 159 2/14/2023 3:05:14 PM

സാമൂഹികവും സാമ്പത്തികവുമായ വികസനം ഫലപ്രദമായി സൃഷ്ടിക്കാനും, ആളുകൾ കൂടുതൽ മേഖലകളിൽ പങ്കാളിത്തത്തോടെ പ്രവർത്തിപ്പിക്കാനും സാധിച്ചു.

6. നിക്ഷേപം, വരുമാനം, ഗുണിതം

നിക്ഷേപം, വരുമാനം, ഗുണിതം എന്നിവ പുരോഗതി പ്രാപിക്കാത്ത സമ്പദ് വ്യവസ്ഥകളിൽ പരസ്പരം ബന്ധപ്പെട്ട് കാണപ്പെടുന്ന അവസ്ഥ സ്ഥൂല സാമ്പത്തിക സിദ്ധാന്തത്തിന്റെ ഏറ്റവും വലിയ സംഭാവനയാണ്. ഒരു ചിന്തകൻ, അദ്ധ്യാപകൻ, സാമ്പത്തിക ഉപദേഷ്ടാവ്, നേരിട്ടുള്ള നയതന്ത്രജ്ഞൻ എന്നിങ്ങനെ അറിയപ്പെടുന്ന റാവു പിന്തുടർന്നത് അദ്ദേഹത്തിന്റെ അദ്ധ്യാപകനായ കെയിൻസിന്റെ അടിച്ചുവടുകളെയായിരുന്നു.

7. സ്ഥാപന നിർമ്മാതാവ്

ദേശീയ തലത്തിൽ മൂന്ന് ഗവേഷണ സ്ഥാപനങ്ങൾ അദ്ദേഹം സ്ഥാപിച്ചു. അവ ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സ്, *ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത്, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ ആന്റ് ഇക്കണോമിക് ചേഞ്ച് (ബാംഗ്ലൂർ)*

7.8.7 അമർത്യ കുമാർ സെൻ



സാമൂഹിക ചോയിസ് സിദ്ധാന്തം, വികസന സാമ്പത്തിക ശാസ്ത്രം, ദാരിദ്ര്യത്തെയും ക്ഷാമത്തെയും കുറിച്ചുള്ള പഠനം,അവകാശങ്ങൾ, ശേഷി വികസനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് സാമ്പത്തിക ശാസ്ത്രത്തിന്റെ 1998-ലെ നോബൽ സമ്മാനം ലഭിച്ചു.

1. ദാരിദ്ര്യവും ക്ഷാമവും

സെന്നിന്റെ ദാരിദ്ര്യവും ക്ഷാമവും സംബന്ധിച്ച *"ഏൻ എസ്സേഓൻ എൻടൈറ്റിൾ മെന്റ് അന്റ് ഡിപ്രിവേഷൻ"* (1981) എന്ന പ്രബന്ധം സൈദ്ധാന്തികവും പ്രായോഗികവുമായ ഒരു കൃതിയാണ്. അദ്ദേഹം യഥാർത്ഥ കോണിൽ നിന്നുകൊണ്ട് ദാരിദ്ര്യത്തെയും ക്ഷാമത്തെയും കുറിച്ചുള്ള പഠനങ്ങൾ നിർവ്വഹിച്ചു.

2. ദാരിദ്ര്യവും അസമത്വവും

ഇന്ത്യയിൽ ദാരിദ്ര്യത്തിനും അസമത്വത്തിനും എതിരായി വൻതോതിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. സെന്നിന്റെ പ്രധാന വിഷയമായിരുന്നത് വരുമാനത്തിനുള്ള വിതരണം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഉപഭോഗവിതരണം എന്നിവയെക്കുറിച്ചുള്ള വിവര ശേഖരണമായിരുന്നു.

3. ശേഷിയെ സംബന്ധിച്ച ആശയം

ശേഷിയെ സംബന്ധിച്ച ആശയം രൂപപ്പെടുത്തുമ്പോൾ സെന്നിന്റെ ശ്രദ്ധ കേന്ദ്രീകരിച്ചത് സാധനങ്ങളുടെ ഉപയോഗ പ്രവണതയെക്കാളും ക്ഷേമത്തെയാണ്. അതിനെ ഒരു മികച്ച സൂചികയായി അദ്ദേഹം ചിത്രീകരിച്ചു. ശേഷിയെ സെൻ നിർവ്വചിക്കുന്നത്, റാൽസിയൻ പ്രാഥമിക ചരക്കുകളുടെ മാറ്റത്തിനുള്ള കഴിവിലൂടെ ക്ഷേമം കൈവരിക്കുക എന്നതാണ്.

4. അധികാര അവകാശം

പോഷകാഹാരം, മെഡിക്കൽ, ആരോഗ്യ പരിപാലനം, തൊഴിൽ, ക്ഷാമ കാലത്തെ വിതരണത്തിന്റെ സുരക്ഷ തുടങ്ങിയ ആശയം സെൻ ഉൾപ്പെടുത്തിയിട്ടുണ്ട്. അധികാര അവകാശമാണ് ക്ഷാമ കാരണമെന്ന് അദ്ദേഹം കണക്കാക്കുന്നു.

5. സാങ്കേതിക രീതിയുടെ തിരഞ്ഞെടുക്കൽ

സെന്നിന്റെ *ചോയിസ് ഓഫ് ടെക്നിക് എന്ന പ്രബന്ധം,* തൊഴിലിലെ മികച്ച സമ്പദ് വ്യവസ്ഥയെക്കുറിച്ച് വാദിക്കുന്നു. തൊഴിൽ ജനിതകം വർദ്ധിപ്പിക്കാൻ പ്രാരംഭ ഘട്ടത്തിലെ മൂലധന തീവ്ര വിദ്യയുടെ ദത്തെടുക്കൽ പ്രകാരം കഴിയില്ല എന്ന് അദ്ദേഹം വാദിക്കുന്നു.

ചുരുക്കത്തിൽ അദ്ദേഹം ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെക്കാൾ ഒരു തത്വ ചിന്തകൻ കൂടിയാണ്. അദ്ദേഹം മനുഷ്യത്വത്തിനും സ്വാതന്ത്ര്യത്തിനും പ്രാധാന്യം കൊടുക്കുന്നു. അദ്ദേഹം ദരിദ്രരെ വീക്ഷിക്കുന്നത് ദാനധർമ്മം യാചിക്കുന്നവരായിട്ടല്ല. മറിച്ച് ശക്തിഹീനരായ അവരെ ആവശ്യമായ ശക്തി പകരുന്നതോടൊപ്പം

11th Economics Malayalam_Chapter-07.indd 160 2/14/2023 3:05:15 PM

വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം, ലിംഗ അസമത്വം, രോഗാവസ്ഥയിൽ പരിചരണം എന്നിവ ആവശ്യാനുസരണം നൽകി രക്ഷപ്പെടുത്തേണ്ട മനുഷ്യരാണ് അവർ എന്നതാണ്.

7.9 ഉപസംഹാരം

ഈ പാഠം പ്രധാനമായും കേന്ദ്രീകരിച്ചത് ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെയും വിഭവങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ, ഊർജ്ജം എന്നിവയെയാണ്. ഇന്ത്യൻ സാമ്പത്തിക ചിന്തകന്മാരുടെ തത്വങ്ങളെയും ആശയങ്ങളെയും കുറിച്ച് ചർച്ച ചെയ്തു. മാത്രമല്ല അത്തരം സാമ്പത്തിക ചിന്തകൻമാരുടെ പുസ്തകങ്ങൾ വായിക്കാനുള്ള പ്രേരണ കുട്ടികളിൽ ജനിപ്പിക്കുവാനും കഴിഞ്ഞു.

ഗ്ലോസറി

സാമ്പത്തിക വളർച്ച മൊത്തം ആഭ്യന്തര ഉൽപ്പാദനം കണക്കാക്കുന്ന ഒരു സമ്പദ് വ്യവസ്ഥയെ വികസിപ്പിച്ചുകൊണ്ടിരുന്ന അവസ്ഥയിൽ നിന്ന് വികസന അവസ്ഥയിലേയ്ക്ക് പരിവർത്തനം ചെയ്യുക.

സാമ്പത്തിക പുരോഗതി പൗരൻമാരുടെ ജീവിത നിലവാരത്തിലും ഒരു രാജ്യത്തിന്റെ ക്ഷേമത്തിലുമുള്ള പുരോഗതി എന്നിവ രാജ്യത്തിലെ ആളോഹരി വരുമാനത്തിലൂടെയും മറ്റ് നിരവധി സൂചകങ്ങളിലൂടെയുമുള്ള വിലയിരുത്തൽ.

മൊത്തം ആഭ്യന്തര ഉൽപ്പന്നങ്ങൾ ചരക്കുകളുടെ മൊത്തം പണമൂല്യം കൂടാതെ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനനുസരിച്ച് ഒരു നിർദ്ദിഷ്ട കാലയളവിൽ ഉൽപ്പാദനം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും അളവ്.

പ്രതിശീർഷ വരുമാനം ശരാശരി ദേശീയ ജന സംഖ്യയുടെ വരുമാനം, ദേശീയ വരുമാനത്തെ ജനസംഖ്യാ വലിപ്പം കൊണ്ട് വിഭജിക്കുമ്പോൾ ലഭിക്കുന്നതാണ് പ്രതിശീർഷ വരുമാനം.

പ്രകൃതി വിഭവങ്ങൾ പ്രകൃതി നൽകുന്ന ചരക്കുകളും സേവനങ്ങളും പ്രകൃതി വിഭവങ്ങളാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ പ്രകൃതിയിൽ നിന്നും എടുക്കാവുന്ന ഏതൊരു സ്റ്റോക്കും പ്രകൃതി വിഭവങ്ങളാണ്.

പുതുപ്പിക്കുന്ന വിഭവങ്ങൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ പുനരുൽപാദിപ്പിക്കാൻ കഴിയുന്നവയെ പുതുപ്പിക്കുന്ന വിഭവങ്ങൾ എന്നു പറയുന്നു.

പുതുപ്പിക്കാനാവാത്ത വിഭവങ്ങൾ പുറന്തള്ളപ്പെടുന്നതും പുനരുൽപാദിപ്പിക്കാൻ കഴിയാത്തതുമായ വിഭവങ്ങൾ

വന നശീകരണം വനങ്ങളെ വെട്ടിനശിപ്പിക്കുക, വനപ്രദേശങ്ങളെ മനുഷ്യ വാസയോഗ്യ പ്രദേശങ്ങളാക്കി മാറ്റൽ, മരങ്ങളെ വെട്ടി നശിപ്പിക്കൽ.

ഊർജ്ജ പ്രതിസന്ധി ഊർജ്ജ സ്രോതസ്സുകൾ ആവശ്യങ്ങളെക്കാൾ കുറവായി കാണപ്പെടുന്ന അവസ്ഥ. അതായത് ഊർജ്ജ ലഭ്യതയുടെ കുറവ്.

ട്രസ്റ്റീഷിപ്പ് നയം ദാതാക്കൾ തന്നെ അവരുടെ ബിസിനസ്സിന്റെ സൂക്ഷിപ്പുക്കാരായും പ്രവർത്തിക്കുന്ന അവസ്ഥ.

11th Economics Malayalam_Chapter-07.indd 161 2/14/2023 3:05:15 PM

മാതൃകാ ചോദ്യങ്ങൾ

ഭാഗം-A ബഹുവികല്പ മാതൃകാ ചോദ്യങ്ങൾ

1. കർണ്ണാടകയിൽ സ്വർണ്ണഖനി കാണപ്പെടുന്ന പ്രദേശം .....



a. കോലാർ
b. രാംഗിരി
c. അനന്ത്പൂർ
d. കൊച്ചി

2. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ദേശീയ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നത് .....

a. GNP b. GDP
c. NNP d. പ്രതിശീർഷ വരുമാനം

3. താഴെ പറയുന്നവയിൽ വികസിത രാഷ്ട്രം ഏതാണ് ?

a. മെക്സിക്കോ
b. ഖാന
c. ഫ്രാൻസ്
d. ശ്രീലങ്ക

4. മറ്റ് ശക്തമായ സമ്പദ് വ്യവസ്ഥകളിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സ്ഥാനം ലോകത്തിൽ .....

a. നാലാം സ്ഥാനം
b. ഏഴാം സ്ഥാനം
c. അഞ്ചാം സ്ഥാനം
d. പത്താം സ്ഥാനം

5. മിശ്ര സാമ്പത്തിക വ്യവസ്ഥ എന്നാൽ .....

a. സ്വകാര്യ മേലകളും ബാങ്കുകളും
b. പൊതു സ്വകാര്യ മേഖലകളുടെ സഹവർത്തിത്വം
c. പൊതുമേഖലയും ബാങ്കും
d. പൊതുമേഖല മാത്രം

6. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ബലഹീനത .....

a. സാമ്പത്തിക അസമത്വം
b. മിശ്ര സാമ്പത്തിക വ്യവസ്ഥ
c. നഗര വൽക്കരണം
d. ആവശ്യത്തിനുള്ള തൊഴിൽ അവസരങ്ങൾ

7. ജനസംഖ്യയുടെ സവിശേഷതകളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം ....

a. ടോപോഗ്രാഫി
b. ടെമോഗ്രാഫി
c. ജിയോഗ്രാഫി
d. ഫിലോസഫി

8. 1961-ാം വർഷം അറിയപ്പെടുന്നത് .....

a. ചെറിയ വിഭജന വർഷം
b. ജനസംഖ്യാ വിസ്ഫോടന വർഷം
c. നഗരവൽക്കരണത്തിന്റെ വർഷം
d. മഹത്തായ വിഭജന വർഷം

9. ഇന്ത്യൻ ജനസംഖ്യ ഒരു ബില്യൺ കടന്ന വർഷം ?

a. 2000 b. 2001
c. 2005 d. 1991

10. മരണ നിരക്ക് ആയിരത്തിൽ ഇത്ര എന്ന് കണക്കാക്കുന്നതിന് പറയുന്ന പേര് ...

a. ക്രൂഡ് മരണനിരക്ക്
b. ക്രൂഡ് ജനനനിരക്ക്
c. ക്രൂഡ് ശിശുനിരക്ക്
d. മെറ്റീരിയൽ മരണനിരക്ക്

11th Economics Malayalam_Chapter-07.indd 162 2/14/2023 3:05:15 PM

11. ജനന നിരക്ക് ആയിരത്തിൽ കണക്കാക്കുന്നത്

a. ക്രൂഡ് മരണനിരക്ക്

b. മരണനിരക്ക്

c. രോഗാവസ്ഥ നിരക്ക്

d. ക്രൂഡ് ജനന നിരക്ക്

12. ജനസംഖ്യയുടെ സാന്ദ്രത =

a. ഭൂ വിസ്തൃതി / മൊത്ത ജനസംഖ്യ

b. ഭൂ വിസ്തൃതി / തൊഴിൽ

c. മൊത്തം ജനസംഖ്യ / ഭൂ വിസ്തൃതി പ്രദേശം

d. മൊത്തം ജനസംഖ്യ / തൊഴിൽ

13. ഇന്ത്യയിൽ ദേശീയ വികസന സമിതി അവതരിപ്പിച്ചത് ആരാണ് ?

a. അംബേദ്കർ

b. ജവഹർലാൽ നെഹ്റു

c. രാധാകൃഷ്ണൻ

d. വി.കെ.ആർ.വി. റാവു

14. താഴെ പറയുന്നവയിൽ ആരാണ് ഗാന്ധിയൻ സാമ്പത്തിക ചിന്തകൾ പ്രചരിപ്പിച്ചത്.

a. ജവഹർലാൽ നെഹ്റു

b. വി.കെ.ആർ.വി. റാവു

c. ജെ. സി. കുമാരപ്പ

d. എ. കെ. സെൻ

15. ജനാധിപത്യ സോഷ്യലിസ്സത്തിന്റെ വക്താവ്

a. ജവഹർലാൽ നെഹ്റു

b. പി.സി. മഹലനോബിസ്

c. ഡോ. രാജേന്ദ്ര പ്രസാദ്

d. ഇന്ദിരാഗാന്ധി

16. ഇന്ത്യൻസാമ്പത്തികവ്യവസ്ഥയുടെപശ്ചാത്തലത്തിൽ അംബേദ്കർ പഠിച്ച പ്രശ്നം .....

a. ചെറിയ ഭൂവുടമകളും അവയുടെ പരിഹാരങ്ങളും

b. ഇന്ത്യൻ കറൻസിയുടെ പ്രശ്നം

c. സാമ്പത്തിക സോഷ്യലിസം

d. ഇവയെല്ലാം

17. ഗാന്ധിയൻ സാമ്പത്തിക ശാസ്ത്രത്തിന്റെ അടിസ്ഥാന തത്വം

a. സോഷ്യലിസ്റ്റ് ആശയം

b. സൈദ്ധാന്തിക അടിത്തറ

c. ഗോപാലകൃഷ്ണ ഗോഖലെ

d. ദാദാബായ് നവറോജി

18. വി.കെ.ആർ.വി. റാവു ആരുടെ വിദ്യാർത്ഥി ആയിരുന്നു

a. ജെ.എം. കെയിൻസ്

b. കോളിൻ ക്ലാർക്ക്

c. ആഡം സ്മിത്ത്

d. ആൽഫ്രഡ് മാർഷൽ

19. അമർത്യകുമാർ സെന്നിന് സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ സമ്മാനം ലഭിച്ച വർഷം

a. 1998

b. 2000

c. 2008

d. 2010

20. തിരുവള്ളുവരുടെ സാമ്പത്തിക ആശയങ്ങൾ പ്രധാനമായും വിവരിക്കുന്നത്

a. സമ്പത്ത്

b. ദാരിദ്ര്യം സമൂഹത്തിന്റെ ശാപം

c. കൃഷി

d. ഇവയെല്ലാം

ഭാഗം- A - ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
a	b	c	b	b	a	b	b	b	a
11	12	13	14	15	16	17	18	19	20
d	c	b	c	a	b	b	a	a	d

ഭാഗം-B താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വരികളിൽ ഉത്തരം എഴുതുക.

21. സാമ്പത്തിക വളർച്ച എന്നതുകൊണ്ടർത്ഥമാക്കുന്നത് എന്ത്.

22. വികസിത സാമ്പത്തിക വ്യവസ്ഥയുടെ രണ്ട് സവിശേഷതകൾ ഏവ.

23. പ്രകൃതി വിഭവങ്ങളെ കുറിച്ച് ചെറു കുറിപ്പെഴുതുക.

24. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയുടെ രണ്ട് സവിശേഷതകൾ എഴുതുക.

25. പുതുപ്പിക്കാനാവാത്ത ഊർജ്ജം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എന്ത്.

26. സെന്നിന്റെ ചോയ്സ് സാങ്കേതിക തയെക്കുറിച് ഒരു ചെറു കുറിപ്പെഴുതുക.

27. വി.കെ.ആർ.വി. റാവുവിന്റെ കുറഞ്ഞ ആളോഹരി വരുമാനത്തിന്റെ കാരണങ്ങൾ പട്ടികപ്പെടുത്തുക.

ഭാഗം-C ഒരു ഖണ്ഡികയിൽ ഉത്തരം എഴുതുക.

28. സാമ്പത്തിക വികസനം നിർവ്വചിക്കുക.

29. കാർഷിക സാമ്പത്തിക മേഖലയെ കുറിച്ചുള്ള അംബേദ്കറുടെ സാമ്പത്തിക ആശയങ്ങൾ പ്രതിപാദിക്കുക.

30. ഗ്രാമ സർവോദയയെക്കുറിച്ച് ചെറു കുറിപ്പെഴുതുക.

31. ഇന്ത്യയുടെ ആസൂത്രണ പദ്ധതിയിൽ നെഹ്റുവിന്റെ നയതന്ത്രത വ്യക്തമാക്കുക.

32. ഗുണിത ആശയത്തെക്കുറിച്ച് വി.കെ.ആർവി. റാവുവിന്റെ സംഭാവനകൾ ഏവ.

33. അമർത്യാ സെൻ നൽകിയ ക്ഷേമ സാമ്പത്തിക ശാസ്ത്രത്തെ കുറിച്ച് ഒരു ചെറു കുറിപ്പെഴുതുക.

34. സാമൂഹിക അടിസ്ഥാന ഒടകങ്ങളെ വിശദമാക്കുക.

ഭാഗം-D ഒരു പേജിൽ കവിയാതെ ഉതത്തരം എഴുതുക

35. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയുടെ സവിശേഷതകളെക്കുറിച്ച് വ്യക്തമാക്കുക

36. ഇന്ത്യയിലെ ധാതു വിഭവങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

37. സാമ്പത്തിക വികസനം എന്ന ആശയത്തിന് ജവഹർലാൽ നെഹ്റു നൽകിയ സംഭാവനകളെ വിശദീകരിക്കുക.

38. ഗാന്ധിജിയുടെ സാമ്പത്തിക ആശയങ്ങളെ വ്യക്തമാക്കുക.

11th Economics Malayalam_Chapter-07.indd 164 2/14/2023 3:05:15 PM

പ്രവർത്തനം

1. *നിങ്ങളുടെ സമീപമുള്ള ഒരു ഗ്രാമം സന്ദർശിച്ച് എത്ര കുടുംബങ്ങളാണ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ജീവിക്കുന്നത് എന്ന് കണ്ടെത്തുക.*

പരാമർശങ്ങൾ

1. *Ramesh Singh - Indian Economy 5th edition - McGraw Hill Publication*
2. *Gaurav datt & Aswani Mahajan - Datt & Sundharam Indian Economy 72nd edition - S.Chand Publication*
3. Jagdish Bhagwati; Arvind Panagariya - India's Reforms: How They Produced *Inclusive Growth*
4. *Jagdish Bhagwati; Arvind Panagariya - Reforms and Economic Transformation in India*
5. *Arvind Panagariya - India: The Emerging Giant*

http://www.economicsdiscussion.net/indian-economy/top-11-features-of-a-developing-economy/18987

11th Economics Malayalam_Chapter-07.indd 165 2/14/2023 3:05:15 PM

അധ്യായം

8

സ്വാതന്ത്ര്യത്തിനു മുമ്പും ശേഷവുമുള്ള ഇന്ത്യൻ സമ്പദ് വ്യവസ്ഥ

സ്വാതന്ത്ര്യം ഒരിക്കലും ഒരു വിലയ്ക്കും പ്രിയപ്പെട്ടതല്ല. അത് ജീവ ശ്വാസമാണ്. ജീവിതത്തിനായി ഒരു മനുഷ്യൻ എന്ത് നൽകില്ല?

ബ്ദ്ധെയിലർ കോവൻ

പഠന ലക്ഷ്യങ്ങൾ

1. ബ്രിട്ടീഷ് ഭരണകാലത്തെ ഇന്ത്യയുടെ അനുഭവം മനസ്സിലാക്കാൻ
2. സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം ഇന്ത്യാഗവൺമെന്റ് നടത്തിയ ശ്രമങ്ങളെ അഭിനന്ദിക്കുക

8.1 ആമുഖം

സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും ഇന്ത്യയിൽ നടന്ന പ്രധാന സംഭവങ്ങളെക്കുറിച്ച് ഈ അദ്ധ്യായം ചർച്ച ചെയ്യുന്നു. ഇന്ത്യ വളരെക്കാലം ഒരു കോളനി ആയിരുന്നു. കൊളോണിയലിസം എന്നത് രണ്ട് രാജ്യങ്ങൾ തമ്മിലുള്ള രാഷ്ട്രീയ സാമൂഹിക ബന്ധങ്ങളുടെ ഒരു വ്യവസ്ഥയെ സൂചിപ്പിക്കുന്നു. അതിൽ ഒന്ന് ഭരണാധികാരിയും മറ്റൊന്ന് അതിന്റെ കോളനിയുമാണ്. ഭരണ രാജ്യത്തിന് കോളനിയുടെ മേൽ രാഷ്ട്രീയ നിയന്ത്രണം മാത്രമല്ല, കീഴ്പ്പെടുത്തിയ രാജ്യത്തിന്റെ സാമ്പത്തിക നയങ്ങളും നിർണ്ണയിക്കുന്നു. അതിനാൽ ഒരു കോളനിയിൽ താമസിക്കുന്ന ആളുകൾക്ക് രാജ്യത്തിന്റെ വിഭവങ്ങളുടെയും ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് സ്വതന്ത്ര തീരുമാനങ്ങൾ എടുക്കാൻ കഴിയില്ല. ഇന്ത്യക്ക് കൊളോണിയലിസത്തിന്റെ കയ്പ്പേറിയ അനുഭവങ്ങളുണ്ട്.

8.2 ബ്രിട്ടീഷ് കാലഘട്ടത്തിലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥ

യൂറോപ്പിലേയ്ക്കുള്ള ഇന്ത്യയുടെ കടൽ മാർഗ്ഗ വ്യാപാരം ആരംഭിച്ചത് 1498 മേയ് 20-ന് ഇന്ത്യയിലെ കോഴിക്കോട് വാസ്കോഡഗാമ വന്നതിനു ശേഷം മാത്രമാണ്. പോർച്ച്ഗ്ഗീസുകാർ 1510-ൽ തന്നെ ഗോവയിൽ വ്യാപാരം നടത്തിയിരുന്നു. 1601-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ചാർട്ടേട് ചെയ്തു. ഇംഗ്ലീഷുകാർ ഇന്ത്യൻ മഹാസമുദ്രത്തിലേയ്ക്ക് ആദ്യമായി കടന്നു കയറി. 1614 സർ. തോമസ് റോ ജഹാംഗീറിൽ നിന്ന് ഫാക്ടറികൾ സ്ഥാപിക്കുന്ന

11th Economics Malayalam_Chapter-08.indd 166 2/14/2023 3:06:13 PM

തിനുള്ള അനുവാദം നേടുന്നതിൽ വിജയിച്ചു. ക്രമേണ ഇത് രാജ്യത്തിന്റെ പല ഭാഗങ്ങളിലേയ്ക്കും വ്യാപിച്ചു.

ബ്രിട്ടീഷ് കാലഘട്ടത്തിന്റെ ചരിത്രം

ബ്രിട്ടീഷ് കാലഘട്ടത്തിൽ

* ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പ് ഇന്ത്യ പ്രായോഗികമായി ഗ്രാമത്തിൽ ജീവിച്ചിരുന്നു. അങ്ങനെ ഗ്രാമത്തിന്റെ സമ്പദ് വ്യയസ്ഥ സ്വയം പര്യാപ്തമായിരുന്നു. എന്നാൽ ബ്രിട്ടീഷ് ഭരണത്തിൽ വ്യവസായങ്ങൾ മാത്രമേ വികസിപ്പിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ.

* ഈ സാമ്പത്തിക സംഘടനാ മാറ്റങ്ങൾ, ഇന്ത്യാക്കാരുടെ സാമ്പത്തിക സ്ഥിതി താഴ്ത്തി. ആരോഗ്യം, പാർപ്പിടം, ശിശു, സ്ത്രീ ക്ഷേമം, തൊഴിൽ, വിനോദം, കുറ്റകൃത്യം, സാമൂഹിക ക്രമക്കേട് എന്നിവയുമായി ബന്ധപ്പെട്ടതാണ് എല്ലാ പ്രശ്നങ്ങളും. ഈ പ്രശ്നങ്ങൾ കാരണമാണ് സംഘടിത സാമൂഹിക പ്രവർത്തനത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞത്.

പ്ലാസ്സി യുദ്ധത്തിന് നൂറ് വർഷത്തിനു ശേഷം ഈസ്റ്റ് ഇന്ത്യാകമ്പനിയുടെഭരണംഅവസാനിച്ചു.1858-ൽ ബ്രിട്ടീഷ് പാർലമെന്റ് ഒരു നിയമം പാസ്സാക്കി; അതിലൂടെ ഇന്ത്യയെ ഭരിക്കാനുള്ള അധികാരം ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്ന് (EIC) ബ്രിട്ടീഷ് കിരീടത്തിലേയ്ക്ക് മാറ്റി. ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്ന് ബ്രിട്ടീഷ് കിരീടത്തിലേയ്ക്ക് അധികാര മാറ്റം നടന്നുവെങ്കിലും ഭൗതിക സാഹചര്യത്തിൽ യാതൊരു മാറ്റവും ഉണ്ടായില്ല.

കൊളോണിയൽ ഭരണത്തിന്റെ രണ്ടു നൂറ്റാണ്ടുകൾക്കധികം ബ്രിട്ടൺ ഇന്ത്യയെ ചൂഷണം ചെയ്തിരുന്നു. കൊളോണിയൽ ചൂഷണത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ചരിത്രകാരന്മാർ മുഴുവൻ കാലഘട്ടത്തേയും മൂന്ന് ഘട്ടങ്ങളായി വിഭജിച്ചിരിക്കുന്നു. അതായത് വ്യാപാര മൂലധനത്തിന്റെ കാലഘട്ടം, വ്യാവസായിക മൂലധനത്തിന്റെ കാലഘട്ടം, ധനമൂലധന കാലയളവ്.

8.2.1 വ്യാപാര മൂലധനത്തിന്റെ കാലഘട്ടം

- വ്യാപാര മൂലധനത്തിന്റെ കാലാവധി 1757 മുതൽ 1813-വരെ ആയിരുന്നു.
- ഈസ്റ്റ്ഇന്ത്യാകമ്പനിയുടെഏകലക്ഷ്യംഇന്ത്യയുമായും കിഴക്കൻ ഇന്ത്യയുമായും ചരക്കുകളിൽ കുത്തക വ്യാപാരം സ്ഥാപിക്കുന്നതിലൂടെ ലാഭം നേടുക.
- ഈ കാലയളവിൽ, വ്യാവസായിക മുതലാളിത്തം വികസിപ്പിക്കുന്നതിനു വേണ്ടി ഈസ്റ്റ് ഇന്ത്യാ കമ്പനി മൂലധനത്തിനായുള്ള ഏറ്റവും മികച്ച വേട്ടയാടലായി ഇന്ത്യയെ കണക്കാക്കിയിരുന്നു.
- 1750-കളിലും1760-കളിലുംബംഗാളുംദക്ഷിണേന്ത്യയും ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ രാഷ്ട്രീയ കുലുക്കത്തിൽ വന്നപ്പോൾ കുത്തക വ്യാപാരത്തിന്റെ ലക്ഷ്യം പൂർത്തീകരിച്ചു.
- വലിയൊരു മിച്ചം ഇംഗ്ലണ്ടിലേയ്ക്ക് തിരിച്ചയക്കുന്നതിൽ കമ്പനി ഭരണം വിജയിച്ചു. ഇന്ത്യൻ നേതാക്കൾ ഈ ഭൂവരുമാന പ്രശ്നത്തെ ചോർച്ചയുമായി ബന്ധിപ്പിച്ചു. .
- എല്ലാറ്റിനുമുപരിയായി, കമ്പനിയിലെ ഉദ്യോഗസ്ഥർ നിഷ്ക്കളങ്കരും അഴിമതിക്കാരുമായിരുന്നു.

8.2.2 വ്യാവസായിക മൂലധനത്തിന്റെ കാലാവധി

- വ്യാവസായിക മൂലധനത്തിന്റെ കാലാവധി 1813-മുതൽ 1858-വരെയായിരുന്നു.
- ഈ കാലയളവിൽ ഇന്ത്യ ബ്രിട്ടീഷ് തുണിത്തരങ്ങളുടെ വിപണിയായി മാറി.
- ഇന്ത്യയുടെ അസംസ്കൃത വസ്തുക്കൾ കുറഞ്ഞവിലയ്ക്ക്ഇംഗ്ലണ്ടിലേയ്ക്ക്കയറ്റുമതി ചെയ്യുകയും ഉയർന്ന വിലയ്ക്ക് ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുകയും ചെയ്തു. ഈ രീതിയിൽ ഇന്ത്യാക്കാർ ചൂഷണം ചെയ്യപ്പെട്ടു.
- ഇന്ത്യയുടെ പരമ്പരാഗത കരകൗശല വസ്തുക്കൾ വിപണിയിൽ നിന്ന് വലിച്ചെറിയപ്പെട്ടു.

8.2.3 ധനമൂലധന കാലയളവ്

- മൂന്നാം ഘട്ടം 19-ാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ നിന്ന് ആരംഭിക്കുന്ന ധനമൂലധന കാലയളവ് ആയിരുന്നു. അത് സ്വാതന്ത്ര്യം

11th Economics Malayalam_Chapter-08.indd 167 2/14/2023 3:06:13 PM

കിട്ടുന്നതു വരെ നിലനിന്നു. ഈ കാലയളവിൽ ധനകാര്യ സാമ്രാജ്യത്വം മാനേജിംഗ് ഏജൻസി സ്ഥാപനങ്ങൾ, കയറ്റുമതി ഇറക്കുമതി സ്ഥാപനങ്ങൾ, എക്സ്ചേഞ്ച് ബാങ്കുകൾ, മൂലധനത്തിന്റെ ചില കയറ്റുമതി എന്നിവയിലൂടെ കടന്നു പോകാൻ തുടങ്ങി.

- ഇന്ത്യൻ മൂലധനം കൊള്ളയടിച്ച് ഇന്ത്യയിലെ വിവിധമേഖലകളിൽ(റെയിൽ,റോഡ്,പോസ്റ്റൽ സിസ്റ്റം, ഇറിഗേഷൻ, യൂറോപ്യൻ ബാങ്കിംഗ് സംവിധാനം, പരിമിതമായ വിദ്യാഭ്യാസ മേഖല തുടങ്ങിയവയിൽ) വൻതോതിൽ നിക്ഷേപം നടത്താൻ ബ്രിട്ടൺ തീരുമാനിച്ചു.
- ബ്രിട്ടീഷുകാരുടെ റെയിൽവേ നിർമ്മാണ നയം സങ്കൽപ്പിക്കാനാകാത്തതും, സാമ്പത്തികേതരവുമായ അവസ്ഥയിലേയ്ക്ക് നയിച്ചു. പാവപ്പെട്ട ഇന്ത്യൻ നികുതിദായകർ റെയിൽവേ നിർമ്മാണത്തിന് ധനസഹായം ചെയ്യാൻ നിർബന്ധിതരായിരുന്നു. രാഷ്ട്രീയ അധികാരം 1858-ൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ബ്രിട്ടീഷ് സർക്കാരിന് കൈമാറി.



8.2.4 ഇന്ത്യൻ കരകൗശല വസ്തുക്കളുടെ തകർച്ച

- ഇന്ത്യൻ കരകൗശല ഉൽപ്പന്നങ്ങൾക്ക് ലോകവ്യാപകമായി ഒരു വിപണി ഉണ്ടായിരുന്നു. ഇന്ത്യൻ കയറ്റുമതിയിൽ പ്രധാനമായും കൈകൊണ്ട്നെയ്ത പരുത്തി, പട്ട്, തുണിത്തരങ്ങൾ, കാലിക്കോകൾ, കലാപരമായ സാധനങ്ങൾ, മരം കൊത്തുപണികൾ എന്നിവ ഉൾപ്പെട്ടിരുന്നു.
- വിവേചനപരമായ താരിഫ് നയത്തിലൂടെ ബ്രിട്ടീഷ് ഗവൺമെന്റ് മനപൂർവ്വം കരകൗശല വസ്തുക്കളെ നശിപ്പിച്ചു.
- നവാബിന്റെയും രാജാവിന്റെയും തിരോധാനത്തോടെ, ഇന്ത്യൻ കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ ആരുമുണ്ടായിരുന്നില്ല.
- ഇന്ത്യൻ കരകൗശല ഉൽപ്പന്നങ്ങൾക്ക് യന്ത്ര നിർമ്മിത ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിഞ്ഞിരുന്നില്ല.
- ഇന്ത്യയിൽ റെയിൽവേ ഏർപ്പെടുത്തിയതു കാരണംആഭ്യന്തര വിപണിയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വർദ്ധിക്കുന്നതിനു കാരണമായി.

8.3 ഇന്ത്യയിലെ ഭൂഉടമ വ്യവസ്ഥ

ഇന്ത്യയിലെ ഭൂഉടമ വ്യവസ്ഥ എന്നത് ഭൂമിയുടെ ഉടമസ്ഥതയേയും മാനേജ്മെന്റിനെയും സൂചിപ്പിക്കുന്നു. ഒരു ഭൂഉടമ വ്യവസ്ഥയെ മറ്റുള്ളവയിൽ നിന്ന് വേർതിരിക്കുന്ന സവിശേഷതകൾ ഇനിപ്പറയുന്നവയുമായി ബന്ധപ്പെട്ടിരിക്കുന്നു. :

(a) ആരാണ് ഭൂമിയുടെ ഉടമസ്ഥൻ ;

(b) ആരാണ് ഭൂമി കൃഷി ചെയ്യുന്നത്;

(c) ഭൂമി വരുമാനം സർക്കാരിനു നൽകുന്നതിന് ആരാണ് ഉത്തരവാദികൾ.

ഈ ചോദ്യങ്ങളെ അടിസ്ഥാനമാക്കി, സ്വാതന്ത്ര്യത്തിനു മുമ്പ് മൂന്ന് വ്യത്യസ്തതരം ഭൂമി കാലാവധി, സമ്പ്രദായം ഇന്ത്യയിൽ ഉണ്ടായിരുന്നു. സമീന്ദാരി സമ്പ്രദായം, മഹൽവാരി സമ്പ്രദായം, റയോത്വാരി സമ്പ്രദായം എന്നിവയായിരുന്നു അവ.

8.3.1 സമീന്ദാരി സമ്പ്രദായം അല്ലെങ്കിൽ ജമ്മി കുടിയാൻ വ്യവസ്ഥ

ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാകമ്പിനിയാണ് ഈ സംവിധാനം സൃഷ്ടിച്ചത്. 1793-ൽ ലോഡ്-കോൺവാലിസ് സ്ഥിരമായ സെറ്റിൽമെന്റ് ആക്ട് അവതരിപ്പിച്ചു. ഈ സമ്പ്രദായത്തിൽ ഭൂ പ്രഭുക്കൻമാർ അല്ലെങ്കിൽ സമീന്ദാർമാർ ഭൂമിയുടെ ഉടമകളായി പ്രഖ്യാപിച്ചു. സർക്കാരിനു ഭൂ വരുമാനം നൽകേണ്ട ഉത്ത

11th Economics Malayalam_Chapter-08.indd 168 2/14/2023 3:06:14 PM

രവാദിത്വം അവർക്കായിരുന്നു. ശേഖരിച്ച മൊത്തം വാടകയിൽ സർക്കാരിന്റെ വിഹിതം 10/11 ആയി നിശ്ചയിച്ചിട്ടുണ്ട്. ബാക്കി തുക സമീന്ദാർമാർക്ക് പ്രതിഫലമായി ലഭിക്കും.

8.3.2 മഹൽവാരി സമ്പ്രദായം അല്ലെങ്കിൽ കമ്മ്യൂണൽ സിസ്റ്റം ഓഫ് ഫാമിംഗ്

ഇത് അവതരിപ്പിച്ചതിനു ശേഷം പിന്നീട് ഇത് മദ്ധ്യ പ്രദേശിലേയ്ക്കും പഞ്ചാബിലേയ്ക്കും വ്യാപിപ്പിച്ചു. സംരക്ഷണ സമിതിയാണ് ഭൂമിയുടെ ഉടമസ്ഥാവ കാശം പരിപാലിച്ചിരുന്നത്. സാധാരണ ഗതിയിൽ ഗ്രാമീണരാണ് മാനേജ്മെന്റിന്റെ ഒരു യൂണിറ്റായി പ്രവർത്തിച്ചിരുന്നത്. അവർ കർഷകർക്ക് ഭൂമി വിതരണം ചെയ്യുകയും അവരിൽ നിന്ന് വരുമാനം ശേഖരിക്കുകയും അത് സംസ്ഥാനത്തിന് അട യ്ക്കുകയും ചെയ്തു.

8.3.3 റയത്വാരി സമ്പ്രദായം (ഉടമ-കർഷക സംവിധാനം)

ഈ സംവിധാനം തുടക്കത്തിൽ തമിഴ്നാട്ടിൽ അവ തരിപ്പിക്കുകയും, പിന്നീട് മഹാരാഷ്ട്രാ, ഗുജറാത്ത്, ആസാം, കൂർഗ്, കിഴക്കൻ പഞ്ചാബ്, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിലേയ്ക്ക് വ്യാപിപിക്കുകയും ചെയ്തു. ഈ സമ്പ്രദായത്തിൽ ഭൂമിയുടെ ഉപ യോഗത്തിനും നിയന്ത്രണത്തിനുമുള്ള ഉടമസ്ഥാ വകാശം ടില്ലർ തന്നെ വഹിച്ചിരുന്നു. ഉടമകൾ തമ്മിൽ നേരിട്ട് ബന്ധമുണ്ടായിരുന്നു. സ്വാതന്ത്ര്യ ത്തിനു മുമ്പുള്ള ഏറ്റവും കുറഞ്ഞ അടിച്ചമർത്തൽ സംവിധാനമായിരുന്നു ഈ സംവിധാനം.

8.4 വ്യാവസായിക പരിവർത്തന പ്രക്രിയയും കൊളോണിയൽ മുതലാളിത്വവും

ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യയിലെ വ്യാവസാ യിക പരിവർത്തന പ്രക്രിയയെ താഴെ കൊടുത്തിരി ക്കുന്നതുപോലെ വിശാലമായി രണ്ടായി തിരിക്കാം:

(a) 19 ാം നൂറ്റാണ്ടിലെ വ്യാവസായിക വളർച്ച

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് നിക്ഷേപകർ ഇന്ത്യൻ വ്യാവസായിക സംരംഭങ്ങൾക്ക് തുടക്കമിടാൻ തുടങ്ങി. ബ്രിട്ടീഷ് സംരംഭങ്ങൾക്കും പരമാവധി സംസ്ഥാന പിന്തുണ ലഭിച്ചു. 19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ വ്യവസായവൽക്കരണ പ്രക്രിയക്ക് തുടക്കമിട്ടെങ്കിലും പ്രാഥമികമായി ലാഭമുണ്ടാക്കാ നായിരുന്നു താൽപ്പര്യം. അല്ലാതെ ഇന്ത്യയുടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിലല്ല. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ 34 ഓളം ചണമില്ലുകളും 194 കോട്ടൺ മില്ലുകളും ധാരാളം തോട്ടം വ്യവസായങ്ങളും ഉണ്ടായിരുന്നു. കർക്കരി ഉൽപ്പാദനം പ്രതിവർഷം 6 ദശലക്ഷം ടണ്ണായി ഉയർന്നു.

(b) 20 ാം നൂറ്റാണ്ടിലെ വ്യാവസായിക പുരോഗതി

20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ, സ്വദേശി പ്രസ്ഥാനം ഇന്ത്യയിലെ വ്യാവസായിക വൽക്ക രണ പ്രക്രിയയെ ഉത്തേജിപ്പിച്ചു. 1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതു വരെ നിലവിലുള്ള വ്യവസായങ്ങളും പുതിയ വ്യവസാ യങ്ങളും മന്ദഗതിയിലുള്ളതും എന്നാൽ സ്ഥിരവു മായ വളർച്ച പുലർത്തിയിരുന്നു. ഈ സമയം 70 പതിലധികം കോട്ടൺ മില്ലുകളും 30 ജ്യൂട്ട് മില്ലു കളും സ്ഥാപിച്ചു. കൽക്കരി ഉൽപ്പാദനം ഇരട്ടിയായി. ഇരുമ്പ്, ഉരുക്ക് വ്യവസായത്തിന് അടിത്തറയിട്ടു. റയിൽവേ ശൃംഖല വിപുലീകരിച്ചു.

1924-39 കാലഘട്ടത്തിൽ വിവിധ പ്രധാന വ്യവസായങ്ങളായ ഇരുമ്പ്, ഉരുക്ക്, കോട്ടൺ ടെക് സ്റ്റൈയിൽസ്, ചണം, തീപ്പെട്ടി, പഞ്ചസാര, പേപ്പർ പൾപ്പ് വ്യവസായം തുടങ്ങിയവ സംരക്ഷണ പദ്ധതി യിൽ കൊണ്ടുവന്നു. ഇത് ഇന്ത്യയിൽ സംരക്ഷിത വ്യവസായങ്ങളുടെ ദ്രുത ഗതിയിലുള്ള വ്യാപന ത്തിന് കാരണമായി. ഈ സംരക്ഷിത വ്യവസായ ങ്ങൾ ഇന്ത്യൻ വിപണിയെ മുഴുവൻ പിടിച്ചെടുക്കു കയും വിദേശ മത്സരം പൂർണ്ണമായും ഇല്ലാതാക്കു കയും ചെയ്തു.

അങ്ങനെ ബ്രിട്ടീഷ് ഭരണത്തിന്റെ ആദ്യകാലഘട്ടം ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ

11th Economics Malayalam_Chapter-08.indd 169 2/14/2023 3:06:14 PM

വ്യാവസായിക അസംസ്കൃത വസ്തുക്കളുടെ നിർമ്മാതാക്കളായി പരിവർത്തനം ചെയ്യാൻ ശ്രമിക്കുകയും അവരുടെ വ്യാവസായിക അന്തിമ ഉൽപ്പന്നങ്ങൾക്ക് ഇന്ത്യൻ വിപണി പിടിച്ചെടുക്കാൻ ശ്രമിക്കുക വഴി ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ മറ്റൊരു രീതിയിൽ ചൂഷണം ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. പിൽക്കാലത്ത്, ബ്രിട്ടീഷ് മുതലാളിമാർ ക്രമേണ വിവിധ വ്യവസായങ്ങൾ, ചണം, ചായ, കോഫി, കോട്ടൺ തുണിത്തരങ്ങൾ, പേപ്പർ, പേപ്പർ പൾപ്പ്, പഞ്ചസാര തുടങ്ങിയവ പ്രാദേശിക നേട്ടങ്ങൾക്കായി ഇന്ത്യയിൽ വികസിപ്പിച്ചെടുത്തു.

8.5

ബ്രിട്ടീഷ് ഭരണത്തിന്റെ പ്രശ്നങ്ങൾ

1. ഇന്ത്യൻ ഭരണകൂടത്തിന്റെ വളർച്ചയെ ബ്രിട്ടീഷ് ഭരണം മുരടിപ്പിച്ചു.
2. ബ്രിട്ടീഷ്കാരുടെ സാമ്പത്തിക നയങ്ങൾ ഇന്ത്യൻ മൂലധന രൂപീകരണത്തെ തടസ്സപ്പെടുത്തുകയും മന്ദഗതിയിലാക്കുകയും ചെയ്തു.
3. സമ്പത്തിന്റെ ഒഴുക്ക് ബ്രിട്ടന്റെ മൂലധന വികസനത്തിന് ധനസഹായം നൽകി.
4. ഇന്ത്യൻ ജനസംഖ്യയുടെ വലിയൊരു വിഭാഗം ഉപജീവനത്തിനായി കാർഷിക മേഖലയെ ആശ്രയിച്ചിരുന്നപ്പോഴും ഇന്ത്യൻ കാർഷിക മേഖല നിശ്ചലമാവുകയും മോശമാവുകയും ചെയ്തു.
5. ആധുനിക വ്യാവസായിക അടിത്തറയുടെ വികസനത്തിന് കാര്യമായ സംഭാവന നൽകാതെ കരകൗശല വ്യവസായങ്ങളുടെ തകർച്ചക്ക് ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണം കാരണമായി.
6. തോട്ടങ്ങൾ, ഖനികൾ, ചണം, മില്ലുകൾ, ബാങ്കിംഗ്, ഷിപ്പിംഗ് എന്നിവ വികസിപ്പിക്കുന്നതിൽ കൊളോണിയൽ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ചില ശ്രമങ്ങൾ പ്രധാനമായും വിദേശികൾ കൈകാര്യം ചെയ്യുന്ന മുതലാളിത്ത സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിച്ചു. ഈ ലാഭ ലക്ഷ്യങ്ങൾ ഇന്ത്യൻ വിഭവങ്ങൾ കൂടുതൽ ബ്രിട്ടണിലേയ്ക്ക് ഒഴുകുന്നതിന് കാരണമായി.

8.6

1991 നു മുമ്പുള്ള പ്രധാന വ്യാവസായിക നയങ്ങൾ

ഏഷ്യയിലെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യ. സ്വാതന്ത്ര്യത്തിന്റെ 70 വർഷങ്ങൾ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക രംഗത്ത് ശ്രദ്ധേയമായ മാറ്റം വരുത്തി.

ഇന്ത്യയുടെ വ്യാവസായിക നയം

1948, 1956, 1977, 1980, 1990 & 1991

ഒരു രാജ്യത്തിന്റെ സാമ്പത്തിക വികസനം പ്രത്യേകിച്ചും വ്യാവസായ വൽക്കരണ പ്രക്രിയയെ ആശ്രയിച്ചിരിക്കുന്നു. സ്വാതന്ത്ര്യ കാലത്ത് ഇന്ത്യക്ക് ദുർബലവും ആഴമില്ലാത്തതുമായ വ്യാവസായിക അടിത്തറയാണ് ഉണ്ടായിരുന്നത്. അതിനാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഉറച്ച വ്യാവസായിക അടിത്തറയുടെ വികസനത്തിന് ഇന്ത്യൻ സർക്കാർ പ്രത്യേക ഊന്നൽ നൽകി. ചെറുകിട വ്യവസായങ്ങളും വൻകിട വ്യവസായങ്ങളും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത 1948, 1956-ലെ വ്യാവസായിക നയപ്രമേയങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

8.6.1 1948 ലെ വ്യാവസായിക നയ പ്രമേയങ്ങൾ

വ്യാവസായിക വൽക്കരണത്തിന്റെ സുപ്രധാന സംഭാവനകൾ ഇന്ത്യൻ സർക്കാർ അംഗീകരിച്ചു. അതിനാൽ 1948 ഏപ്രിൽ 6-ന് ഇന്ത്യാ ഗവൺമെന്റ് ആദ്യത്തെ വ്യാവസായിക നയം പ്രഖ്യാപിച്ചു. ഈ നയതത്തിന്റെ പ്രധാന പ്രാധാന്യം ഇത് ഇന്ത്യയിൽ മിശ്ര സമ്പദ്വ്യവസ്ഥയെ പ്രോത്സാഹിപ്പിച്ചു എന്നുള്ളതാണ്.

11th Economics Malayalam_Chapter-08.indd 170 2/14/2023 3:06:14 PM

വ്യാവസായിക നയങ്ങൾ

1948-ലെ വ്യാവസായിക നയം

കേന്ദ്രത്തിന്റെ കുത്തക:- ഇന്ത്യാ ഗവൺമെന്റിന്റെ കുത്തകയിൽ ഉൾകൊള്ളുന്നത് റയിൽവേ, ആയുധവും വെടിക്കോപ്പുകളും, ആണവോർജ്ജം,തപാൽ വകുപ്പ് എന്നിവയാണ്.

സംസ്ഥാനത്തിന്റെ കുത്തക:- സംസ്ഥാനത്തിന്റെ കുത്തകയിൽ ഉൾകൊള്ളുന്നത് കൽക്കരി, ഉരുക്ക്, എയർക്രഫ്റ്റിന്റെ നിർമ്മാണം, സിമന്റ്, റബ്ബർ, ഓട്ടോമൊബൈൽ, വയർലെസ് ഉപകരണങ്ങൾ,(റേഡിയോ റിസീവിംഗ് സെറ്റുകൾ) ധാതു എണ്ണകൾ എന്നിവയാണ്.

നിയന്ത്രണമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങൾ:- വ്യക്തികളുടെ സ്വകാര്യ സ്ഥാപനങ്ങൾക്കു വേണ്ടിയും മറ്റ് സഹകരണ സൊസൈറ്റിക്കുവേണ്ടിയും ഇത് തുറന്നുകൊടുത്തിരിക്കുന്നു.

1. വ്യവസായങ്ങളെ നാലു ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു. അവ പൊതുമേഖല (തന്ത്രപ്രധാനമായ വ്യവസായങ്ങൾ), പൊതുമേഖലയിലേയും സ്വകാര്യമേഖലയിലേയും (പ്രധാന വ്യവസായങ്ങൾ), നിയന്ത്രിത സ്വകാര്യമേഖല, സ്വകാര്യ സഹകരണമേഖലകൾ.
2. കുടിൽ ചെറുകിട വ്യവസായങ്ങൾ എന്നിവയെ സംരക്ഷിക്കാൻ ഈ നയം ശ്രമിച്ചു.
3. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് റയിൽ റോഡുകളിൽ വെർച്വൽ കുത്തകയും, ധാതുക്കൾ, ഇരുമ്പയിര് തുടങ്ങിയവ വികസിപ്പിക്കാനുള്ള പ്രത്യേക അവകാശവും ഉണ്ടായിരുന്നു.
4. വ്യവസായവൽക്കരണത്തിനായി വിദേശ മൂലധനത്തിന്റെ പ്രാധാന്യത്തെ സർക്കാർ പ്രോത്സാഹിപ്പിച്ചു. എന്നാൽ നിയന്ത്രണം ഇന്ത്യൻ കൈകളിൽ തന്നെ തുടരണമെന്ന് സർക്കാർ തീരുമാനിച്ചു.

8.6.2 1956 ലെ വ്യാവസായിക നയപ്രമേയം

1. 1956-ലെ വ്യാവസായിക നയം പൊതുമേഖലയ്ക്ക് ഒരു പ്രധാന പങ്ക് നൽകാൻ ശ്രമിച്ചു. അതേസമയം സ്വകാര്യ മേഖലയ്ക്ക് ന്യായപരമായ പരിഗണന ഉറപ്പ് നൽകുന്നു.
2. വിവിധങ്ങളായ നികുതി നയങ്ങളും സബ്സിഡികളും ഏർപ്പെടുത്തി വൻകിട ഉൽപ്പാദനംനിയന്ത്രിക്കുന്നതിലൂടെകുടിൽചെറുകിട സംരഭങ്ങളെ പരിമിതപ്പെടുത്തി സർക്കാർ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

വ്യാവസായിക നയ പ്രമേയം – 1956

മഹലനോബിസ് വളർച്ചയുടെ മാതൃകയിൽ രൂപപ്പെടുത്തിയത്. കനത്ത വ്യവസായങ്ങൾക്ക് ഊന്നൽ നൽകുന്നത് സാമ്പത്തികത്തെ ദീർഘകാല ഉയർന്ന വളർച്ചാപാതയിലേയ്ക്ക് നയിക്കുമെന്ന് നിർദ്ദേശിച്ചു.

1956-ലെ വ്യാവസായിക നയപ്രമേയം വ്യവസായങ്ങളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

17 വ്യവസായങ്ങൾ
പൂർണ്ണമായും ഗവൺമെന്റ് നിയന്ത്രണത്തിലുള്ളത് റയിൽവേ, വ്യോമഗതാഗതം, ആയുധങ്ങളും വെടിക്കോപ്പുകളും, ഇരുമ്പ്, ഉരുക്ക്, ആറ്റോമിക് എനർജി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

12 വ്യവസായങ്ങൾ
സ്വകാര്യമേഖല ക്രമാനുഗതമായി സംസ്ഥാനവൽക്കരിക്കാൻ ഉദ്ദേശിച്ചിരുന്നവ, സംസ്ഥാനത്തിന്റെ ശ്രമങ്ങൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിച്ചിരുന്നു.

മൂന്നാമത്തെ വിഭാഗത്തിൽ അവശേഷിക്കുന്ന എല്ലാ വ്യവസായങ്ങളും അടങ്ങിയിരിക്കുന്നു. സ്വകാര്യ വ്യവസായങ്ങൾ ഈ വ്യവസായങ്ങളുടെ വികസനത്തിന് തുടക്കം കുറിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും അവ സംസ്ഥാനത്തിനും തുറന്നു കൊടുക്കും.

3. വികസനപ്രക്രിയയിൽപ്രാദേശികവിവേചനം കുറയ്ക്കുന്നതിന്റെ ആവശ്യകതയ്ക്ക് ഈ വ്യാവസായിക നയം ഊന്നൽ നൽകുന്നു.
4. വിദേശ സ്ഥാപനങ്ങളെ പുരോഗമനപരമായി ഇന്ത്യയുടെതാക്കുന്നതിന് വിദേശമൂലധനത്തിന്റെ ആവശ്യകത സർക്കാർ അംഗീകരിച്ചു.

8.6.3 1991 ലെ വ്യവസായ പ്രമേയം

1. 1991 ലെ വ്യവസായ പ്രമേയത്തിന്റെ ഇന്ത്യൻ സമ്പത് വ്യവസ്ഥയുടെ പ്രധാന ലക്ഷ്യം ആഗോളവൽക്കരണമാണ്.
2. ഇന്ത്യൻ വിപണിക്ക് പുതിയ മാർഗ്ഗനിർദ്ദേശം നൽകുക.
3. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും, പണപ്പെരുപ്പം നിരക്ക് കുറയ്ക്കുന്നതിലും വിദേശ നാണ്യ കരുതലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ് പുതിയ സാമ്പത്തിക നയം..

8.7 ഹരിത വിപ്ലവം

ഹരിത വിപ്ലവം എന്ന പദം കാർഷിക രീതികളിലെ സാങ്കേതിക മുന്നേറ്റത്തെ സൂചിപ്പിക്കുന്നു. 1960-കളിൽ പരമ്പരാഗത കാർഷിക രീതികളായിരുന്നു



എം.എസ് സ്വാമിനാഥൻ

11th Economics Malayalam_Chapter-08.indd 171 2/14/2023 3:06:14 PM

ക്രമേണ ഇന്ത്യയിലെ ആധുനിക സാങ്കേതിക വിദ്യയും, കാർഷിക രീതികളും മാറ്റി സ്ഥാപിക്കപ്പെട്ടു. തുടക്കത്തിൽ പുതിയ സാങ്കേതികവിദ്യ 1960-61-ൽ ഏഴ് ജില്ലകളിൽ ഒരു പൈലറ്റ് പ്രോജക്റ്റായി പരീക്ഷിച്ചു. ഉയർന്ന വിളവ് ലഭിക്കുന്ന വിത്തിനങ്ങളുടെ പ്രോഗ്രാം (HYVP) എന്നാണ് ഇതിനെ വിളിച്ചിരുന്നത്.

ഹരിത വിപ്ലവത്തിന്റെ നേട്ടം

(i) പുതിയ തന്ത്രത്തിന്റെ പ്രധാന നേട്ടം, പ്രധാന ധാന്യങ്ങളായ ഗോതമ്പ്, അരി എന്നിവയുടെ ഉർപ്പാദനം വർദ്ധിപ്പിക്കുക എന്നതായിരുന്നു. ഭക്ഷ്യധാന്യത്തിന് ഇന്ത്യ യു എസ്സിനെ ആശ്രയിച്ചിരുന്നു. പബ്ലിക് ലോ 480 (പി എൽ 480) ഉപയോഗിച്ചാണ് യു എസ് ഗോതമ്പ് ഇന്ത്യയിലേയ്ക്ക് തയറ്റുമതി ചെയ്തത്. ഭക്ഷണം കഴിക്കാനായി ഇന്ത്യാക്കാർ കപ്പലുകളെ കാത്തിരിക്കുകയായിരുന്നു. മറുവശത്ത്, ഇന്ത്യക്ക് ധാരാളം ധാതുക്കൾ നഷ്ടപ്പെട്ടു. മിസൈലുകളുടെയും ആയുധങ്ങളുടെയും നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഇന്ത്യൻ ധാതു സമ്പത്ത് തന്ത്രപരമായി ചൂഷണം ചെയ്യാൻ യു എസ്സിനു കഴിയും. ഇത് യു എസ്സിലെ വലിയ വിഭാഗം യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുകയും അതിലൂടെ യു എസ് ജി ഡി പി ഉയരുന്നതിന് സംഭാവന നൽകുകയും ചെയ്തു. എന്നാൽ ഇപ്പോൾ ഇന്ത്യയിൽ ഭക്ഷ്യമിച്ചമാണ്. യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കയറ്റുമതി ചെയ്യുന്നു.

(ii) ഹരിത വിപ്ലവം ഉയർന്ന വിളവ് നൽകുന്ന ഇനങ്ങളിൽ (HYV) ഉള്ള ധാന്യങ്ങളിൽ മാത്രം ഒതുങ്ങി. പ്രധാനമായും അരി, ഗോതമ്പ്, ചോളം ജോവർ..

(iii) പ്രധാനമായും വാണിജ്യവിളകളുടെയോ നാണ്യവിളകളുടെയോ അതായത് കരിമ്പ്, പരുത്തി, ജൂട്ട്, എണ്ണക്കുരു, ഉരുളകിഴങ്ങ് എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് ഈ തന്ത്രം നിരദ്ദേശിച്ചത്.

(iv) അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചതിനാൽ ഓരോ ഹെക്ടറിലേയും വിളവ് വർദ്ധിച്ചു.

(v) കാർഷിക ഉപകരണങ്ങളായ ട്രാക്റ്ററുകൾ, എഞ്ചിനുകൾ, മെതിയന്ത്രം, പമ്പിംഗ് സെറ്റുകൾ എന്നിവ ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് ഹരിതവിപ്ലവം പൂർണ്ണ പിന്തുണ നൽകി.

(vi) ഹരിത വിപ്ലവം ഗ്രാമീണ ജനതയ്ക്ക് അഭിവൃദ്ധി കൊണ്ടുവന്നു. വർദ്ധിച്ച ഉൽപ്പാദനം ഗ്രാമീണ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇതുമൂലം അവരുടെ ജീവിത നിലവാരം ഉയർന്നു.

(vii) ഒന്നിലധികം വിളവുകളും രാസവളങ്ങളുടെ കൂടുതൽ ഉപയോഗവും കാരണം, തൊഴിലാളികളുടെ ആവശ്യം വർദ്ധിച്ചു.

(viii) ബാങ്കുകളും സഹകരണ സംഘങ്ങളും സാമ്പത്തിക വിഭവങ്ങൾ നൽകി. ഈ ബാങ്കുകൾ കൃഷികാർക്ക് എളുപ്പത്തിൽ വായ്പ നൽകി.

> പുതിയ കാർഷിക തന്ത്രത്തെ വിവിധ പേരുകളിൽ വിളിച്ചിരുന്നു. ആധുനിക കാർഷിക സാങ്കേതിക വിദ്യ, വിത്ത്-വളം ജല സാങ്കേതിക വിദ്യ, അല്ലെങ്കിൽ ലളിതമായി ഹരിത വിപ്ലവം.

ഹരിതവിപ്ലവത്തിന്റെ പോരായ്മകൾ

(i) ഇന്ത്യൻ കാർഷിക മേഖല ഇപ്പോഴും മൺസൂണിന്റെ ചൂതാട്ടത്തിലാണ്.

(ii) ഈ തന്ത്രത്തിന് വിത്തുകൾ, രാസവളങ്ങൾ, കീടനാശിനികൾ, വെള്ളം എന്നിവയിൽ വലിയ നിക്ഷേപം ആവശ്യമാണ്.

(iii) വൻകിട, നാമമാത്ര, ചെറുകിട കർഷകർ തമ്മിലുള്ള വരുമാന വിടവ് വർദ്ധിച്ചു. ജല സേചനവും മഴയെ ആശ്രയിച്ചുള്ള പ്രദേശങ്ങൾ തമ്മിലുള്ള വിടവും വർദ്ധിച്ചു.

(iv) പഞ്ചാബിലും ഹരിയാനയുടെ കുറച്ച് ഭാഗങ്ങളും ഒഴികെ കാർഷിക യന്ത്രവൽക്കരണം ഗ്രാമപ്രദേശങ്ങളിലെ കർഷക തൊഴിലാളി

11th Economics Malayalam_Chapter-08.indd 172 2/14/2023 3:06:14 PM



കളുടെ ഇടയിൽ വ്യാപകമായ തൊഴിലില്ലായ്മയ്ക്ക് കാരണമായി.

(v) വലിയ രാസവള ഉപയോഗവും അസ്ഥിര വസ്തുക്കളും മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയ്ക്കുകയും മനുഷ്യന്റെ ആരോഗ്യം നശിപ്പിക്കുകയും ചെയ്തു. ഇപ്പോൾ ജൈവ കൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നു.

രണ്ടാമത്തെ ഹരിത വിപ്ലവം

ഉയർന്ന കാർഷിക വളർച്ച കൈവരിക്കുന്നതിനായി ഇന്ത്യാഗവൺമെന്റ് രണ്ടാമത്തെ ഹരിതവിപ്ലവം നടപ്പാക്കി. രണ്ടാം ഹരിതവിപ്ലവത്തിന്റെ ലക്ഷ്യം 2006-07-ൽ 214 ദശലക്ഷം ടണ്ണിൽ നിന്ന് 400 ദശ ലക്ഷം ടൺ ഭക്ഷ്യധാന്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതായിരുന്നു. അടുത്ത 15 വർഷത്തിനുള്ളിൽ 5% മുതൽ 6% വരെ വളർച്ചാ നിരക്ക് നിലനിർത്തേണ്ടതുണ്ട്. ഈ സ്ഥിതി വിവര കണക്കുകളിൽ മാറ്റങ്ങളുണ്ടാകാം.

രണ്ടാം ഹരിതവിപ്ലവത്തിന്റെ ആവശ്യകതകൾ.

- ജനിതക ഘടനയിൽ മാറ്റം വരുത്തി രൂപപ്പെടുത്തിയ വിത്തിനങ്ങൾ (GM) ഓരോ ഏക്കറിലുമുള്ള ഉൽപ്പാദനം ഇരട്ടിയാക്കി.
- ജനിതക ഘടനയിൽ മാറ്റം വരുത്തിയ GM ഭക്ഷണങ്ങളുടെ ഉപയോഗം വിപണിയിലെത്തിക്കാൻ സ്വകാര്യ മേഖലയുടെ സംഭാവന.
- ജലസേചന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിലും, ജലസ്രോതസ്സുകൾ കൈകാര്യം ചെയ്യുന്നതിലും സർക്കാരിനു ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും.
- മിച്ച ജലം ജലദൗർബല്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റുന്നതിന് നദികളെ തമ്മിൽ ബന്ധിപ്പിക്കുന്നു.

8.8 വൻകിട വ്യവസായങ്ങൾ

വൻകിട വ്യവസായങ്ങൾ എന്ന പദം വലിയ അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ ശക്തി, മൂലധന ആസ്തികളുടെ പ്രവാഹം, എന്നിവ ആവശ്യപ്പെടുന്ന വ്യവസായങ്ങളെ സൂചിപ്പിക്കുന്നു. വൻകിട വ്യവസായങ്ങൾ എന്ന പദം അതിന്റെ പരിധിയിൽ വിവിധതരം വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ഒരുപൊതുവായ ഒന്നാണ്. ഇരുമ്പ്,ഉരുക്ക് വ്യവസായം, തുണി വ്യവസായം, വാഹന നിർമ്മാണ വ്യവസായം തുടങ്ങി ഇന്ത്യയിലെ എല്ലാ കനത്ത വ്യവസായങ്ങളും വലിയ തോതിലുള്ള വ്യാവസായിക മേഖലയ്ക്ക് കീഴിലാണ്. എന്നിരുന്നാലും അടുത്ത കാലത്തായി ഐ ടി മേഖലയിലുണ്ടായ കുതിച്ചു ചാട്ടവും അതുവഴി ലഭിക്കുന്ന വലിയ വരുമാനവും കാരണം ഐ ടി വ്യവസായവും വൻകിട വ്യവസായ

11th Economics Malayalam_Chapter-08.indd 173 2/14/2023 3:06:15 PM

മേഖലയുടെ അധികാര പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ സാമ്പത്തിക വളർച്ച, വിദേശ നാണയത്തിന്റെ ഉൽപ്പാദനം, ദശലക്ഷക്കണക്കിന് ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവയ്ക്കായി ഈ വ്യവസായങ്ങളെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. ഇന്ത്യയിലെ പ്രധാന വൻകിട വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.



1. ഇരുമ്പുരുക്ക് വ്യവസായം

- പശ്ചിമ ബംഗാളിലെ ജഹാരിക്ക് സമീപമുള്ള കുൽതീയിൽ ആദ്യത്തെ ഇരുമ്പുരുക്കു വ്യവസായം 1870-ൽ ബംഗാൾ ഇരുമ്പു വർക്ക് കമ്പനി.
- 1907-ൽ ജംഷഡ്പൂരിലെ ആദ്യത്തെ വലിയ സ്റ്റീൽ പ്ലാന്റ് ടിസ്കോയും അതിനെ തുടർന്ന് 1919-ൽ ബർൻപൂരിൽ ഐസ്കോ സ്ഥാപിതമായി. ഇതു രണ്ടും സ്വകാര്യ മേഖലയിൽ നിന്നുള്ളവയായിരുന്നു.
- ഭദ്രാവതിയിലെ വിശ്വേശരയ്യ ഇരുമ്പുരുക്കുശാല ആയിരുന്നു ആദ്യ പൊതുമേഖലാ യൂണിറ്റ്.

പൊതുമേഖലാ ഉരുക്കുശാലകൾ

സ്ഥാനം	സഹായം
റൂർക്കേല (ഒഡീസ)	ജർമ്മനി
ഭിലായ് (മധ്യപ്രദേശ്)	റഷ്യ
ദുർഗ്ഗാപൂർ (പശ്ചിമ ബംഗാൾ)	യു.കെ
ബോക്കാരോ (ജാർഖണ്ഡ്)	റഷ്യ
ബർൺപൂർ (പശ്ചിമ ബംഗാൾ)	1976 ൽ സ്വകാര്യ മേഖലയിൽ നിന്ന് നേടിയത്
വിശാഖപട്ടണം (ആന്ധ്രപ്രദേശ്)	റഷ്യ
സേലം (തമിഴ്നാട്)	ഇന്ത്യാ ഗവൺമെന്റ് (ബാഹ്യ സഹായം ഇല്ല)
വിജയ് നഗർ (കർണ്ണാടക)	ഇന്ത്യാ ഗവൺമെന്റ്
ഭദ്രാവതി (കർണ്ണാടക)	വിശ്വേശ്വരയ്യ ഇരുമ്പുരുക്കു വ്യവസായശാല ദേശസാൽക്കരിച്ച സ്ഥാപനം (കേന്ദ്രത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും ഉടമസ്ഥതയിലുള്ളത്)

- ഇവയെല്ലാം നിയന്ത്രിക്കുന്നത് സെയിൽ ആണ്. (നിലവിൽ ടിസ്കോ ഒഴികെ എല്ലാ പ്രധാന സ്റ്റീൽ പ്ലാന്റുകളും പൊതുമേഖലയുടെ കീഴിലാണ്)
- സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് (സെയിൽ) 1974-ൽ സ്ഥാപിതമായതാണ്. ഇത് സ്റ്റീൽ വ്യവസായത്തിന്റെ വികസനത്തിന് ഉത്തരവാദിയായി.
- നിലവിൽ ലോകത്തെ എട്ടാമത്തെ വലിയ ഉരുക്ക് ഉൽപാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ.

2. ചണ വ്യവസായം

- ഇന്ത്യയെ പോലുള്ള ഒരു രാജ്യത്തിന് ചണ വ്യവസായം ഒരു പ്രധാന വ്യവസായമാണ്, കാരണം ഇത് വിദേശനാണ്യം നേടുക മാത്രമല്ല കാർഷിക, വ്യാവസായിക മേഖലകളിൽ ഗണ്യമായ തൊഴിലവസരങ്ങൾ നൽകുന്നു.
- ഇതിന്റെ ആദ്യത്തെ ആധുനിക വ്യവസായ യൂണിറ്റ് 1855-ൽ പശ്ചിമ ബംഗാളിലെ രേഷ്റയിൽ സ്ഥാപിതമായി.
- രാജ്യത്തെ ചണ വ്യവസായം പരമ്പരാഗതമായി കയറ്റുമതി അധിഷ്ഠിതമാണ്.

11th Economics Malayalam_Chapter-08.indd 174 2/14/2023 3:06:15 PM

ഇന്ത്യ അസംസ്കൃത ചണം, ചണ ചരക്ക് ഉൽപാദനത്തിൽ ഒന്നാം സ്ഥാനത്തും, ലോകത്തെ ചണം കയറ്റുമതി ചെയ്യുന്നതിൽ രണ്ടാം സ്ഥാനത്തുമാണ്.

3. പരുത്തിതുണി വ്യവസായം

- ഇന്ത്യയിലെ ഏറ്റവും പഴയ വ്യവസായം, ഏറ്റവുംകൂടുതൽതൊഴിലാളികൾജോലി ചെയ്യുന്നു.
- GDP യുടെ 4% ഉൽപാദന മൂലധന വർദ്ധനവിന്റെ 20% മൊത്തം കയറ്റുമതി വരുമാനത്തിന്റെ മൂന്നിലൊന്ന് വരുന്ന ഏറ്റവും വലിയ സംഘടിതവും വിശാലവുമായ വ്യവസായമാണിത്.
- ആദ്യത്തെ ഇന്ത്യൻ നവീകരിച്ച കോട്ടൺ തുണി മിൽ 1818-ൽ കൊൽക്കത്തയ്ക്കടുത്തുള്ള ഫോർട്ട് ഗ്ലോസ്റ്ററിൽ സ്ഥാപിതമായി. എന്നാൽ ഈ മിൽ വിജയിച്ചില്ല. രണ്ടാമത്തെ മിൽ മുംബൈയുടെ സ്പിന്നിംഗ് വീവിംഗ് കോ 1854-ൽ ബോംബെയിൽ കെ ജി എൻ ഡാബർ സ്ഥാപിച്ചു.

4. പഞ്ചസാര വ്യവസായം

- ഇന്ത്യയിലെ കാർഷിക അധിഷ്ഠിത വ്യവസായങ്ങളിൽ രണ്ടാമത്തെ വലിയ വ്യവസായമാണ് പഞ്ചസാര വ്യവസായം.
- ഇന്ത്യ ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ഉൽപ്പാദക ഉപഭോക്ത്യ രാജ്യമാണ്. ഇന്ത്യയിലെ മൊത്തം പഞ്ചസാര ഉൽപ്പാദനത്തിന്റെ മൂന്നിലൊന്ന് മഹാരാഷ്ട്രയിലെ ഉപഭോക്താക്കളും ഉത്തർ പ്രദേശ് തൊട്ടു പിന്നിലുമുണ്ട്.

5. രാസവള വ്യവസായം

- ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ നൈട്രജൻ വളം ഉൽപാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ.

6. പേപ്പർ വ്യവസായം

- 1812-ൽ പശ്ചിമബംഗാളിലെ സെറാംപൂരിലാണ് ആദ്യത്തെ യന്ത്രവൽകൃത പേപ്പർ മിൽ സ്ഥാപിച്ചത്.
- ആഗോളതലത്തിലുള്ള 15 പേപ്പർ വ്യവസായങ്ങളിൽ ഇന്ത്യയിലെ പേപ്പർ വ്യവസായത്തിനും ഒരു സ്ഥാനമുണ്ട്.

7. സിൽക്ക് വ്യവസായം

- പ്രകൃതിദത്തപട്ട്ഉൽപ്പാദനത്തിൽലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യമാണ് ഇന്ത്യ. (ആദ്യരാജ്യം ചൈന) നിലവിൽ ഇന്ത്യ ലോകത്തിന്റെ 16% സിൽക്ക് ഉൽപാദിപ്പിക്കുന്നു.
- അറിയപ്പെടുന്ന 5 വാണിജ്യ ഇനം സിൽക്കുകളായ മൽബറി, ട്രോപിക്കൽ, തുസ്സാർ, ഓക്ക് തുസ്സാർ, ഈറി, മുഗ എന്നിവ ഉൽപാദിപ്പിക്കുന്ന ഒരേ ഒരു രാജ്യം എന്ന ബഹുമതി ഇന്ത്യ ആസ്വദിക്കുന്നു.

8. പെട്രോളിയവും പ്രകൃതി വാതകവും

- ആദ്യമായി വിജയകരമായ എണ്ണകിണർ 1889-ൽ ആസാമിലെ ഡിഗ്ബോയിൽ കുഴിച്ചു.
- നിലവിൽ എണ്ണ ശേഖരം ഉള്ള നിരവധി പ്രദേശങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ നിന്ന് എണ്ണ വേർതിരിച്ചെടുക്കുന്നു.
- പരിവേഷണ ആവശ്യതത്തിനായി ഓയിൽ ആന്റ് നേച്ചൊറൽ ഗ്യാസ് കമ്മീഷൻ 1956-ൽ ഉത്തരാഖണ്ഡിലെ ഡെറാഡൂണിൽ സ്ഥാപിച്ചു.

8.9 ചെറുകിട വ്യവസായങ്ങൾ

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വികസനത്തിന് പല തരത്തിൽ ചെറുകിട വ്യവസായങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇന്ത്യയിലെ മൊത്തം നവീകരണങ്ങളിൽ 60 മുതൽ 70% വരെ വരുന്നത് എസ് എസ് ഐ എസ്സിൽ നിന്നാണ്. ഇന്നു കാണുന്ന പല വൻകിട ബിസിനസ്സുകളും അനേകം ചെറു ബിനിനസ്സുകളായിആരംഭിക്കുകയുംപിന്നീട്വൻകിടബിസിനസ്സുകളായിപരിപോഷിപ്പിക്കുകയുംചെയ്തു.രാജ്യത്തിന്റെസാമ്പത്തികവികസനത്തിൽഎസ്എസ്ഐഎസ്സിന്റെ പങ്ക് വരാനിരിക്കുന്ന ഖണ്ഡികകളിൽ സംക്ഷിപ്തമായി വിവരിക്കുന്നു.

11th Economics Malayalam_Chapter-08.indd 175 2/14/2023 3:06:15 PM



സാമ്പത്തിക വികസനത്തിൽ എസ് എസ് ഐ യുടെ പങ്ക്

1. തൊഴിൽ നൽക്കുക

- എസ് എസ് ഐ യുകൾ തൊഴിലാളികൾക്ക് മുൻതൂക്കം നൽക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ധാരാളം ആളുകൾക്ക് തൊഴിലവസരങ്ങൾ നൽകുന്നു. അങ്ങനെ അവർ തൊഴിലില്ലായ്മ പ്രശ്നം ഒരു പരിധിവരെ കുറയ്ക്കുന്നു.
- കരകൗശലതൊഴിലാളികൾ,സാങ്കേതിത യോഗ്യതയുള്ള വ്യക്തികൾ, പ്രഫഷണലുകൾ, പരമ്പരാഗത കലകളിൽ ഏർപ്പെട്ടിരിക്കുന്നആളുകൾ,ഗ്രാമങ്ങളിലെആളുകൾ, അസംഘടിത മേഖലകൾ എന്നിവയ്ക്ക് എസ് എസ് ഐ യുകൾ തൊഴിൽ നൽകുന്നു.
- എസ് എസ് ഐ യുടെ തൊഴിൽ മൂലധന അനുപാതം ഉയർന്നതാണ്.

2. സംന്തുലിതമായ പ്രാദേശിക വികസനം കൊണ്ടുവരുക

- എസ് എസ് ഐ യുകൾ വ്യവസായങ്ങളുടെവികസനംപ്രോത്സാഹിപ്പിക്കുന്നു. കാരണം മിക്ക എസ് എസ് ഐകളും പിന്നോക്ക, വികേന്ദ്രീകൃത ഗ്രാമപ്രദേശങ്ങളിലാണ് സ്ഥാപിച്ചിരിക്കുന്നത്.
- ഗ്രാമീണ പിന്നോക്ക മേഖലകളെ വ്യവസായവൽക്കരിക്കുന്നതിലൂടെ അവർ പ്രാദേശിക അസമത്വം നീക്കം ചെയ്യുകയുംപ്രാദേശികവികസനംസംന്തുലിതമാക്കുകയും ചെയ്യുന്നു.
- നഗരങ്ങളിലെതിരക്ക്,ചേരികൾ,ശുചിത്വം, മലിനീകരണംഎന്നിവയുടെപ്രശ്നങ്ങൾ കുറയ്ക്കാൻ അവ സഹായിക്കുന്നു. നഗര പരിധിക്ക് പുറത്താണ് ഇവ കൂടുതലും കാണപ്പെടുന്നത്.
- ഇന്ത്യയിലെ ഉപനഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലും താമസിക്കുന്നവരുടെ ജീവിത നിലവാരം ഉയർത്താൻ അവ സഹായിക്കുന്നു.
- സംരംഭക പ്രതിഭകളെ വിവിധ പ്രദേശങ്ങളിൽ കണ്ടെത്തുന്നു. കൂടാതെ വരുമാനം കുറച്ച് വ്യക്തികളുടെയോ ബിസിനസ്സ് കുടുംബങ്ങളുടെയോ കൈകളിൽ കേന്ദ്രീകരിക്കുന്നതിനു പകരം വിതരണം ചെയ്യപ്പെടുന്നു.

3. പ്രാദേശിക വിഭവങ്ങൾ സമാഹരിക്കുന്നതിനുള്ള സഹായം

- സംരംഭകരുടെ ചെറിയ സമ്പാദ്യം, സംരംഭക കഴിവുകൾ മുതലായ പ്രാദേശിക വിഭവങ്ങൾ സമാഹരിക്കാനും ഉപയോഗപ്പെടുത്താനും എസ് എസ് ഐ കൾ സഹായിക്കുന്നു. അല്ലാത്തപക്ഷം അവ നിഷ്ക്രിയമായി ഉപയോഗപ്പെടാം.
- പരമ്പരാഗത കുടുംബ നൈപുണ്യവും കരകൗശല വസ്തുക്കളും പ്രോത്സാഹിപ്പിക്കുന്നതിന് അവ വഴി ഒരുക്കുന്നു. വികസിത രാജ്യങ്ങളിൽ കരകൗശല വസ്തുക്കൾക്ക് വലിയ ഡിമാന്റുണ്ട്.
- ഇന്ത്യയിലെ ചെറുകിട പട്ടണങ്ങളിലും ഗ്രാമങ്ങളിലുമുള്ള പ്രാദേിക സംരംഭകരുടെയും, സ്വയം തൊഴിൽ ചെയ്യുന്ന പ്രോഫഷണലുകളുടെയും വളർച്ച മെച്ചപ്പെടുത്താൻ അവ സഹായിക്കുന്നു.

4. മൂലധനം പരമാവധി ഉപയോഗിക്കുവാനുള്ള പാത

- എസ്എസ്ഐയിൽഒരുയൂണിറ്റ്ഉൽപാദനത്തിന് കുറഞ്ഞ മൂലധനം ആവശ്യമായി വരുന്നു. പ്രതീക്ഷിത കാല ദൈർഘ്യം കുറവായതിനാൽ അവ നിക്ഷേപത്തിന് ദ്രുത വരുമാനം നൽകുന്നു. തിരിച്ചടവ് കാലയളവ് എസ് എസ് ഐ യിൽ വളരെ ചെറുതാണ്.
- ഉയർന്ന ഉൽപ്പന്ന - മൂലധന അനുപാതവും ഉയർന്ന തൊഴിൽ-മൂലധന അനുപാതവും നൽകികൊണ്ട് എസ് എസ് ഐ കൾ സ്ഥിരത കൈവരിക്കുന്ന ശക്തിയായി പ്രവർത്തിക്കുന്നു.
- ഗ്രാമീണ മേഖലകളിലും ചെറിയ പട്ടണങ്ങളിലും താമസിക്കുന്നവരെ സമ്പാദ്യം സമാഹരിക്കുന്നതിനും, വ്യാവസായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അവർ പ്രോത്സാഹിപ്പിക്കുന്നു.

11th Economics Malayalam_Chapter-08.indd 176 2/14/2023 3:06:16 PM

5. കയറ്റുമതി പ്രോത്സാഹിപ്പിക്കുക

- എസ് എസ് ഐ യിന് അത്യാധുനിക യന്ത്രങ്ങൾ ആവശ്യമില്ല. അതിനാൽ വിദേശത്തുനിന്ന് യന്ത്രങ്ങൾ ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ല. മറുവശത്ത് എസ്എസ്ഐയുകൾഉൽപാദിപ്പിക്കുന്ന ചരക്കുകൾക്ക് വളരെയധികം ഡിമാന്റുണ്ട്. അതിനാൽ അവ രാജ്യത്തിന്റെ പേയ്മെന്റ് ബാലൻസിനുള്ള സമ്മർദ്ദ കുറയ്ക്കുന്നു. സമീപകാലത്ത് വലിയ വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വലിയ ഫണ്ടുകൾ കടം വാങ്ങാനും പരസ്യങ്ങൾക്കായി വലിയ തുക ചിലവഴിക്കുകയും ചെയ്യുന്നു. അതിനാൽ എസ് എസ് ഐ യുകൾ ക്രമേണ അപ്രത്യക്ഷമാവുകയാണ്..
- ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയിലൂടെ എസ് എസ് ഐ -കൾ മൂല്യമേറിയ വിദേശനാണ്യം നേടുന്നു.

6. വൻകിട വ്യവസായങ്ങളുടെ പൂരകങ്ങൾ

- വൻകിട മേഖലയ്ക്ക് എസ് എസ് ഐ കൾ പരസ്പര പൂരക പങ്ക് വഹിക്കുകയും, വൻകിട വ്യവസായങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.
- വൻകിട വ്യവസായങ്ങൾക്ക് ഭാഗങ്ങൾ, ഘടകങ്ങൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ എസ് എസ് ഐ കൾ നൽകുന്നു. വൻകിട യൂണിറ്റുകൾക്ക് സമീപം ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ വൻകിട വ്യവസായങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നു.
- വൻകിട യൂണിറ്റുകളുടെ അനുബന്ധമായി എസ് എസ് ഐ കൾ പ്രവർത്തിക്കുന്നു.

7. ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുക

- ഇന്ത്യയിലെ ഉപഭോക്താക്കൾക്ക് ആവശ്യമായ നിരവധി ഉൽപ്പന്നങ്ങൾ എസ് എസ് ഐ കൾ ഉൽപാദിപ്പിക്കുന്നു.
- അങ്ങനെ ദൈനംദിന ഉപയോഗത്തിനുള്ള സാധനങ്ങൾ നൽകികൊണ്ട് അവർ പണപ്പെരുപ്പ വിരുദ്ധ ശക്തിയായി പ്രവർത്തിക്കുന്നു.

8. സംരംഭകത്വം വികസിപ്പിക്കുക

- സമൂഹത്തിൽ ഒരു വിഭാഗം സംരംഭകരെ വികസിപ്പിക്കാൻ എസ് എസ് ഐ കൾ സഹായിക്കുന്നു.തൊഴിൽഅന്വേഷകരെ തൊഴിൽ ദായകരാക്കി മാറ്റാൻ ഇത് സഹായിക്കുന്നു.
- അവ സമൂഹത്തിൽ സ്വയം തൊഴിൽ, സ്വാശ്രയത്വം എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.
- ഇന്ത്യയുടെ പ്രതിശീർഷ വരുമാനം വിവിധ രീതികളിൽ വർദ്ധിപ്പിക്കാൻ എസ് എസ് ഐ കൾ സഹായിക്കുന്നു.
- അവ പിന്നോക്ക മേഖലകളുടെയും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെയും വികസനത്തിന് സഹായിക്കുന്നു.
- സമൂഹത്തിലെ വിവിധ പങ്കാളികൾക്കിടയിൽ ദേശീയ വരുമാനം കൂടുതൽ കാര്യക്ഷമമായും തുല്യമായും വിതരണം ചെയ്യുന്നതിൽ എസ് എസ് ഐ കൾ സമർത്ഥരാണ്.

8.10 സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾ (MSMEs)

വിവിധ തരത്തിലുള്ള വ്യാവസായിക സേവന യൂണിറ്റുകൾ നിർവ്വചിക്കുന്നതിന് ഇനിപ്പറയുന്ന പണ പരിധികൾ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാലും, ഈ പരിധികൾ കാലത്തിനനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമാണ്.

നിർമ്മാണ സംരംഭങ്ങൾ

a. സൂക്ഷ്മ നിർമ്മാണ സംരംഭങ്ങൾ : പ്ലാന്റിലെയും, യന്ത്രങ്ങളിലെയും നിക്ഷേപം ₹25 ലക്ഷം രൂപ കവിയരുത്.

b. ചെറുകിട ഉൽപ്പാദന സംരംഭങ്ങൾ : പ്ലാന്റിലെയും യന്ത്രങ്ങളിലെയും നിക്ഷേപം ₹25 ലക്ഷത്തിലധികം രൂപയാണെങ്കിലും ₹5 കോടി രൂപയിൽ കവിയരുത്.

c. ഇടത്തരം നിർമ്മാണ സംരംഭങ്ങൾ: പ്ലാന്റിലെയും യന്ത്രങ്ങളിലെയും നിക്ഷേപം ₹5 കോടിയിലധികം ആണെങ്കിലും ₹10 കോടിയിൽ കവിയരുത്.

സേവന സംരംഭങ്ങൾ

a. സൂക്ഷ്മ സേവന സംരംഭങ്ങൾ : ഉപകരണങ്ങളിലെ നിക്ഷേപം ₹10 ലക്ഷത്തിൽ കവിയരുത്.

11th Economics Malayalam_Chapter-08.indd 177 2/14/2023 3:06:16 PM

b. ചെറുകിട സേവന വ്യവസായങ്ങൾ: ഉപകരണങ്ങളിലെ നിക്ഷേപം ₹10 ലക്ഷത്തിൽ കൂടുതലാണ്. പക്ഷേ അത് ₹2 കോടി കവിയരുത്.

c. ഇടത്തരം സേവന സംരംഭങ്ങൾ: ഉപകരണങ്ങളിലെ നിക്ഷേപം ₹2 കോടിയിൽ കൂടുതലാണ് എന്നാൽ ₹5 കോടിയിൽ കവിയരുത്.

8.11 പൊതുമേഖലാ സ്വകാര്യ മേഖലാ ബാങ്കുകൾ

പൊതുമേകലാ ബാങ്കുകൾ

പൊതുമേഖലാ ബാങ്ക് ഒരു ബാങ്കാണ്. ഇത് ഗവൺമെന്റിന്റെ ഭൂരിഭാഗം ഓഹരികളും വഹിക്കുന്നു. ഉദാഹരണത്തിന് എസ് ബി ഐ പൊതുമേഖലാ ബാങ്കാണ്, ഈ ബാങ്കിൽ സർക്കാർ കൈവശമുള്ളത് 58.60% ആണ്. അതുപോലെ തന്നെ പി എൻ ബി യും ഒരു പൊതുമേഖലാ ബാങ്കാണ്, സർക്കാരിന് 58.87% ഓഹരിയുണ്ട്. സാധാരണയായി, പൊതുമേഖലാ ബാങ്കുകളിൽ സർക്കാർ ഓഹരികൾ 50 ശതമാനത്തിൽ കൂടുതലാണ്. പൊതുമേഖലാ ബാങ്കുകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 1. ദേശസാൽകൃത ബാങ്കുൾ 2. സ്റ്റേറ്റ് ബാങ്കും അതിന്റെ അനുബന്ധ ബാങ്കുകളും.

ദേശസാൽകൃതബാങ്കുകളുടെകാര്യത്തിൽ, സർക്കാർ ബാങ്കിംഗ് സ്ഥാപനത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുകയും മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുന്നു. ചില ഉദാഹരണങ്ങൾ SBI, PNB, BOB, OBC, അലഹബാദ് ബാങ്ക് മുതലായവ. എന്നിരുന്നാലും, പൊതുമേഖലാ ബാങ്കുകളിലെ ഓഹരികൾ എപ്പോൾ വേണമെങ്കിലും ഗവൺമെന്റിന് കുറയ്ക്കാനാകും, ഗവൺമെന്റ് അവരുടെ ഓഹരികൾ വിൽക്കുന്നതിലൂടെ. അതിനാൽ ഈ പരിധിവരെ അവർക്ക് ഈ ബാങ്കുകളിലെ ന്യൂനപക്ഷ ഓഹരി ഉടമകളാകാനുംകഴിയും.ഇത്സ്വകാര്യവൽക്കരണനയത്തിന് അനുസൃതമാണ്.

സ്വകാര്യ മേഖലാ ബാങ്കുകൾ

ഈ ബാങ്കുകളിൽ ഇക്വറ്റി (ഓഹരി) യുടെ ഭൂരിഭാഗവും, സർക്കാരിനെക്കാൾ സ്വകാര്യസ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സ്ഥാപനങ്ങൾ എന്നിവയാണ് സ്വന്തമാക്കിയിരിക്കുന്നത്. ഈ ബാങ്കുകളെ നിയന്ത്രിക്കുന്നതും നടത്തികൊണ്ടുപോകുന്നതും സ്വകാര്യ പ്രോമോട്ടർമാരാണ്.

ഇന്ത്യയിലെ മൊത്തം ബാങ്കിംഗ് വ്യവസായത്തിൽ പൊതുമേഖലാ ബാങ്കുകളിൽ 72.9% ഓഹരിയാണുള്ളത്; ബാക്കിയുള്ളവ സ്വകാര്യ ബാങ്കുകളിലാണ്. ബാങ്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 27 പൊതുമേഖലാ ബാങ്കുകളും 22 സ്വകാര്യ മേഖലാ ബാങ്കുകളുമുണ്ട്. വ്യത്യസ്തമായ ബാങ്കിംഗ് നയത്തിന്റെ ഭാഗമായി ആർ ബി ഐ പേമെന്റ് ബാങ്കിനും ചെറുകിട ധനകാര്യ ബാങ്കുകൾക്കും (SFBs) ലൈസൻസു നൽകി. സർക്കാരിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ ശക്തി വർദ്ധിപ്പിക്കുവാനുള്ള ശ്രമമാണിത് (പക്ഷേ മറ്റ് പ്രശ്നങ്ങൾ ഉണ്ടാകാം).

തൽഫലമായി എയർടൈൽ പേയ്മെന്റ് ബാങ്കും, പേ റ്റി എം പേയ്മെന്റ് ബാങ്ക് ലിമിറ്റഡും വന്നു. ഈ ബാങ്കുകൾ പാവപ്പെട്ടവരെ എത്രത്തോളം സഹായിക്കുമെന്നറിയില്ല.

ഇന്ത്യയിലെ 10 മുൻനിര സ്വകാര്യ ബാങ്കുകൾ



11th Economics Malayalam_Chapter-08.indd 178 2/14/2023 3:06:17 PM

8.12

ബാങ്കുകളുടെ ദേശസാൽക്കരണം

സ്വാതന്ത്ര്യാനന്തരം ഇന്ത്യാഗവൺമെന്റ് ആസൂത്രിതമായ സാമ്പത്തിക വികസനത്തിന് രൂപം നൽകി. ഇതിനായി 1951-മുതൽ പഞ്ചവത്സര പദ്ധതികൾ നിലവിൽ വന്നു. സാമ്പത്തിക ആസൂത്രണത്തിന്റെ പ്രധാന ലക്ഷ്യം സാമൂഹ്യ ക്ഷേമമായിരുന്നു. സ്വാതന്ത്ര്യത്തിനു മുമ്പ് വാണിജ്യ ബാങ്കുകൾ സ്വകാര്യ മേഖലയിലായിരുന്നു. ആസൂത്രണത്തിന്റെ സാമൂഹിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാരിനെ സഹായിക്കുന്നതിൽ ഈ വാണിജ്യ ബാങ്കുകൾ പരാജയപ്പെട്ടു. അതിനാൽ 1969 ജൂലൈയ് 19-ന് 14 പ്രമുഖ വാണിജ്യ ബാങ്കുകളെ ദേശസാൽക്കരിക്കാൻ സർക്കാർ തീരുമാനിച്ചു. 1980-ൽ വീണ്ടും 6 വാണിജ്യ ബാങ്കുകൾ സർക്കാർ ഏറ്റെടുത്തു.

ദേശസാൽക്കരണത്തിന്റെ ലക്ഷ്യങ്ങൾ

ഇന്ത്യൻ സർക്കാർ താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വാണിജ്യ ബാങ്കുകളെ ദേശസാൽക്കരിച്ചു.

1. ദേശസാൽക്കരണത്തിന്റെ പ്രധാന ലക്ഷ്യം സാമൂഹ്യക്ഷേമം കൈവരിക്കുക എന്നതായിരുന്നു. കൃഷി, ചെറുകിട ഗ്രാമ വ്യവസായങ്ങൾ തുടങ്ങിയ മേഖലകൾക്ക് അവയുടെ വ്യാപനത്തിനും കൂടുതൽ സാമ്പത്തിക വികസനത്തിനും ഫണ്ട് ആവശ്യമായിരുന്നു.
2. ബാങ്കുകളുടെ ദേശസാൽക്കരണം സ്വകാര്യ കുത്തകകളെ തടയാൻ സഹായിച്ചു. സാമൂഹികമായി അഭിലക്ഷണീയമായ വിഭാഗങ്ങൾക്ക് വായ്പ സുഗമമായി വിതരണം ചെയ്യുന്നത് ഉറപ്പാക്കൽ.
3. ഇന്ത്യയിൽ ജനസംഖ്യയുടെ 70% ഗ്രാമീണമേഖലയിലാണ് താമസിച്ചിരുന്നത്. അതു കൊണ്ടു തന്നെ ഗ്രാമീണമേഖലയിൽ ബാങ്കിംഗ് ശീലത്തെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമായി തീർന്നു.

ദേശസാൽക്കരണം

1969 ₹. 50 കോടിക്കു മുകളിൽ നിക്ഷേപമുള്ള 14 ബാങ്കുകളെദേശസാൽക്കരിച്ചു
1980 ₹. 200 കോടിക്കു മുകളിൽ നിക്ഷേപമുള്ള 6 ബാങ്കുകളെ ദേശസാൽക്കരിച്ചു



19 ജൂലൈയ് 1969
1. അലഹബാദ് ബാങ്ക്
2. ബാങ്ക് ഓഫ് ബറോഡ
3. ബാങ്ക് ഓഫ് മഹാരാഷ്ട്ര
4. കനറാ ബാങ്ക്
5. സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ
6. ദേനാ ബാങ്ക്
7. ഇന്ത്യൻ ബാങ്ക്
8. ഇന്ത്യൻ ഓവർസീസ് ബാങ്ക്
9. പഞ്ചാബ് നേഷണൽ ബാങ്ക്
10. സിൻഡിക്കേറ്റ് ബാങ്ക്
11. യൂണിയൻ ബാങ്ക്
12. യുണൈറ്റെഡ് ബാങ്ക് ഓഫ് ഇന്ത്യ
13. യൂകോ ബാങ്ക്
14. ബാങ്ക് ഓഫ് ഇന്ത്യ

15 ഏപ്രിൽ 1980
1. ആന്ധ്രാ ബാങ്ക്
2. കോർപ്പറേഷൻ ബാങ്ക്
3. ന്യൂ ബാങ്ക് ഓഫ് ഇന്ത്യ
4. ഓറിയന്റൽ ബാങ്ക് ഓഫ് ഇന്ത്യ
5. പഞ്ചാബ് ആന്റ് സിന്ധ് ബാങ്ക്
6. വിജയാ ബാങ്ക്

ബാങ്കുകളുടെ ലയനം
1. ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സും യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യയും പഞ്ചാബ് നാഷണൽ ബാങ്കുമായി ലയിച്ചു.
2. സിൻഡിക്കേറ്റ് ബാങ്ക് കാനറ ബാങ്കുമായി ലയിച്ചു
3. ആന്ധ്രാ ബാങ്കും കോർപ്പറേഷൻ ബാങ്കും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുമായി ലയിച്ചു
4. അലഹബാദ് ബാങ്ക് ഇന്ത്യൻ ബാങ്കുമായി ലയിച്ചു

11th Economics Malayalam_Chapter-08.indd 179 2/14/2023 3:06:17 PM

4. ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പ്രാദേശിക അസംന്തുലിതാവസ്ഥ കുറയ്ക്കുന്നതിന് ബാങ്കുകളുടെ ദേശസാൽക്കരണം ആവശ്യമാണ്.

5. സ്വാതന്ത്ര്യത്തിനു മുമ്പ് ബാങ്കുകളുടെ എണ്ണം തീർച്ചയായും അപര്യാപ്തമായിരുന്നു. ദേശസാൽക്കരണത്തിനു ശേഷം ഗ്രാമീണ, നഗര പ്രദേശങ്ങളിൽ പുതിയ ബാങ്ക് ശാഖകൾ തുറന്നു.

6. ബാങ്കുകൾ പ്രധാനമായും കാർഷിക മേഖലയ്ക്കും അനുബന്ധ മേഖലകൾക്കും വായ്പാ സൗകര്യം സൃഷ്ടിച്ചു.

പുതിയ സാമ്പത്തികനയം 1991-നുശേഷം ഇന്ത്യൻ ബാങ്കിംഗ് വ്യവസായം, മത്സരങ്ങൾ, കാര്യക്ഷമത, ഉല്പാദന ക്ഷമത എന്നിവയുടെ പുതിയ ചക്രവാളങ്ങളെ അഭിമുഖീകരിക്കുന്നു. ഈ സംഭവ വികാസങ്ങളോടെ ഗ്രാമങ്ങളിലേയും ചേരികളിലേയും ആളുകൾ അവരുടെ വായ്പാ ആവശ്യത്തിനായി പ്രാദേശിക പണമിടപാടുകാരെ ആശ്രയിക്കുന്നു. ഇത് നിർഭാഗ്യകരമാണ്.

8.13

ഇന്ത്യൻ പഞ്ചവത്സര പദ്ധതികളുടെ പ്രകടനം

പരിമിതമായ പ്രകൃതി വിഭവങ്ങൾ വിദഗ്ദ്ധമായ ഉപയോഗിച്ചുകൊണ്ട് ആഗ്രഹിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്ന പ്രക്രിയയാണ് സാമ്പത്തിക ആസൂത്രണം ഇന്ത്യയിൽ സാമ്പത്തിക ആസൂത്രണം അല്ലെങ്കിൽ പഞ്ചവത്സര പദ്ധതി എന്ന ആശയം റഷ്യയിൽ നിന്നാണ് (അന്ന് USSR) ഉരുത്തിരിഞ്ഞിരിക്കുന്നത്. ഇന്ത്യ ഇതുവരെ 12 പദ്ധതികൾ ആരംഭിച്ചു. പന്ത്രണ്ടാം പദ്ധതി അവസാനത്തേതായിരിക്കും. പഞ്ചവത്സര പദ്ധതികൾ ആരംഭിക്കുന്നത് നിർത്താൻ ഇന്ത്യൻ സർക്കാർ തീരുമാനിക്കുകയും പകരം NITI ആയോഗ് കൊണ്ടുവരുകയും ചെയ്തു.

ആദ്യ പഞ്ചവത്സര പദ്ധതി (1951-1956)

- ഇത് ഹരോഡ്-ഡോമർ മാതൃകയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.
- രാജ്യത്തിന്റെ കാർഷിക വികസനത്തിനായിരുന്നു അതിന്റെ പ്രധാന ശ്രദ്ധ.
- ഈ പദ്ധതി വിജയകരമായിരുന്നു. GDP വളർച്ചാ നിരക്ക് 3.6% (ലക്ഷ്യത്തേക്കാൾ കൂടുതൽ) നേടി.

രണ്ടാം പഞ്ചവത്സര പദ്ധതി (1956-1961)

- ഇത് പി സി മഹലനോബിസ് മാതൃകയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.
- അതിന്റെ പ്രധാന ശ്രദ്ധ രാജ്യതത്തിന്റെ വ്യവസായിക വികസനമായിരുന്നു.
- ഈ പദ്ധതി വിജയകരവും 4.1% വളർച്ചാ നിരക്ക് കൈവരിക്കുകയും ചെയ്തു.

മൂന്നാം പഞ്ചവത്സര പദ്ധതി (1961-1966)

- ഈ പദ്ധതിയെ ഗാഡ്ഗിൽ യോജന എന്നും വിളിച്ചിരുന്നു.
- ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം സമ്പദ് വ്യവസ്ഥയെ സ്വതന്ത്രമാക്കുക, സ്വയം മുന്നോട്ട് നയിക്കാനാകുന്ന സ്ഥാനം കൈവരിക്കുക അല്ലെങ്കിൽ സ്വയം മുന്നോട്ട് പോവുക എന്നതായിരുന്നു.
- ഇന്തോ-ചൈന യുദ്ധം കാരണം ഈ പദ്ധതിക്ക് 5.6% എന്ന വളർച്ചാ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞില്ല.

ആസൂത്രണ അവധിക്കാലം (1966-1969)

- പദ്ധതി അവധിക്ക് പിന്നിലെ പ്രധാന കാരണം ഇന്തോ പാകിസ്ഥാൻ യുദ്ധവും മൂന്നാം പദ്ധതിയുടെ പരാജയവുമാണ്.
- ഈ പദ്ധതി കാലയളവ് വാർഷിക പദ്ധതികൾ തയ്യാറാക്കി. കൃഷി, അനുബന്ധ മേഖലകൾ, വ്യവസായ മേഖല എന്നിവയ്ക്ക് തുല്യ മുൻഗണന നൽകി.

നാലാം പഞ്ചവത്സര പദ്ധതി (1969-1974)

- ഈ പദ്ധതിക്ക് രണ്ട് പ്രധാന ലക്ഷ്യങ്ങൾ ഉണ്ട്; അതായത് സ്ഥിരതയോടുകൂടിയ വളർച്ചയും സ്വാശ്രയത്തിന്റെ പുരോഗമന നേട്ടവും.

11th Economics Malayalam_Chapter-08.indd 180 2/14/2023 3:06:17 PM

- ഈ പദ്ധതി പരാജയപ്പെട്ടു. 5.7% എന്ന ലക്ഷ്യത്തിൽ നിന്ന് 3.3% വളർച്ചാ നിരക്ക് കൈവരിക്കുവാനെ ഇതിനു കഴിഞ്ഞുള്ളൂ.

അഞ്ചാം പഞ്ചവത്സര പദ്ധതി (1974-1979)

- ഈ പദ്ധതിയിൽ പ്രധാന മുൻഗണന നൽകിയിരുന്നത് കൃഷിയ്ക്കായിരുന്നു. അടുത്തതായി വ്യവസായം ഖനികൾ എന്നിവയ്ക്കാണ്.
- മൊത്തത്തിൽ ഈ പദ്ധതി വിജയകരമായിരുന്നു. ഇത് 4.4% എന്ന ലക്ഷ്യത്തിൽ നിന്ന് 4.8% വളർച്ചാ നിരക്ക് നേടി.
- ഈ പദ്ധതിയുടെ കരട് തയ്യാറാക്കി അവതരിപ്പിച്ചത് ഡി പി ധാർ. 1978-ൽ ഈ പദ്ധതി നിറുത്തലാക്കി.

റോളിംഗ് പ്ലാൻ

1978-79-ലെ വാർഷിക പദ്ധതിയും അവസാനിപ്പിച്ച അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ തുടർച്ചയുമായാണ് ഈ പദ്ധതി ആരംഭിച്ചത്.

ആറാം പഞ്ചവത്സര പദ്ധതി (1980-1985)

- ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം ദാരിദ്ര്യ നിർമ്മാർജ്ജനവും, സാങ്കേതിക സ്വശ്രയത്വവുമായിരുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം (GARIBI-HATAO) ആയിരുന്നു മുദ്രാവാക്യം.
- ഇത് നിക്ഷേപ പദ്ധതിയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.
- ഇതിന്റെ പ്രതീക്ഷിത വസർച്ചാ നിരക്ക് 5.2% ആയിരുന്നു. പക്ഷേ ഇത് 5.7% വളർച്ച നേടി.

ഏഴാം പഞ്ചവത്സര പദ്ധതി (1985-1990)

- ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ സ്വയം പര്യാപ്തമായ സമ്പദ് വ്യവസ്ഥ സ്ഥാപിക്കുകയും ഉൽപ്പാദനപരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതും ഉൾപ്പെടുന്നു.
- ആദ്യമായി സ്വകാര്യമേലയിൽ നിന്നുള്ള സമ്മർദ്ദംമൂലം സ്വകാര്യമേഖലയ്ക്ക് പൊതു മേഖലയെക്കാൾ മുൻഗണന ലഭിച്ചു.
- അതിന്റെ വളർച്ചാ ലക്ഷ്യം 5.0% ആയിരുന്നു. പക്ഷേ അത് 6.0% വളർച്ച നേടി.

വാർഷിക പദ്ധതികൾ

എട്ടാം പഞ്ചവത്സര പദ്ധതി കേന്ദ്രത്തിലെ അസ്ഥിരമായ രാഷ്ട്രീയ സാഹചര്യം കാരണം നടത്താൻ കഴിഞ്ഞില്ല. 1990-91& 1991-92. വർഷങ്ങളിൽ രണ്ട് വാർഷിക പരിപാടികൾ രൂപീകരിച്ചു.

എട്ടാം പഞ്ചവത്സര പദ്ധതി (1992-1997)

- ഈ പദ്ധതിയിൽ മാനവവിഭവശേഷിയുടെ വികസനത്തിന് മുൻഗണന നൽകി. അതായത് തൊഴിൽ, വിദ്യാഭ്യാസം, പൊതുജനാരോഗ്യം.
- ഈ സമയത്ത് ഇന്ത്യയുടെ പുതിയ സാമ്പത്തിക നയം രൂപീകരിക്കപ്പെട്ടു.
- ഈ പദ്ധതി വിജയകരമായിരുന്നു. 5.6% എന്ന ലക്ഷ്യത്തിൽ നിന്ന് 6.8% എന്ന വാർഷിക വളർച്ചാ നിരക്ക് ലഭിച്ചു.

ഒൻപതാം പഞ്ചവത്സര പദ്ധതി (1997-2002)

- ഈ പദ്ധതിയുടെ പ്രധാന ലകഷ്യം നീതിയും സമത്വവുമുള്ള വളർച്ച ആയിരുന്നു.
- 7% ശതമാനം വളർച്ചാ ലക്ഷ്യം കൈവരിക്കുന്നതിൽ ഈ പദ്ധതി പരാജയപ്പെട്ടു. ഇന്ത്യൻ സമ്പദ് വ്യവസ്ഥ 5.6% എന്ന നിരക്കിൽ മാത്രമാണ് വളർന്നത്.

പത്താം പഞ്ചവത്സര പദ്ധതി (2002-2007)

- അടുത്ത പത്തു വർഷത്തിനുള്ളിൽ ഇന്ത്യയുടെ ആളോഹരി വരുമാനം ഇരട്ടിയാക്കാനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.
- 2012 ഓടെ ദാര്യദ്ര്യ അനുപാതം 15% മായി കുറയ്ക്കാനാണ് ഇത് ലക്ഷ്യമിട്ടത്.

11th Economics Malayalam_Chapter-08.indd 181 2/14/2023 3:06:17 PM

- ഇതിന്റെ വളർച്ചാ ലക്ഷ്യം 8.0% ആയിരുന്നു. പക്ഷേ ഇത് നേടിയ വളർച്ച 7.2% മാത്രമാണ്.

പതിനൊന്നാം പഞ്ചവത്സര പദ്ധതി (2007-2012)

- ഇതിന്റെ പ്രധാന അജണ്ട വേഗതയേറിയതും കൂടുതൽ ഉൾക്കൊള്ളുന്നതുമായ വളർച്ച എന്നതായിരുന്നു.
- ഇത് ലക്ഷ്യമിട്ട വളർച്ചാ നിരക്ക് 8.1% ആയിരുന്നു. എന്നാൽ ഇത് നേടിയത് 7.9% ആണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017)

- അതിന്റെ പ്രധാന അജണ്ട വേഗതയുള്ളതും, കൂടുതൽഉൾക്കൊള്ളുന്നതുംസുസ്ഥിരവുമായ വളർച്ച എന്നതാണ്.
- ഇത് ലക്ഷ്യമിടുന്ന വളർച്ചാ നിരക്ക് 8% ആണ്.

ഇന്ത്യ സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികൾ രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ വളരെ പ്രധാന പങ്ക് വഹിച്ചുവെന്ന് നമുക്ക് അനുമാനിക്കാം. ഈ പദ്ധതികൾ ദുർലഭമായ വിഭവങ്ങൾ എങ്ങനെ വിനിയോഗിക്കണം എന്നതിനെക്കുറിച്ച് സർക്കാരിനെ ബോദ്ധ്യപ്പെടുത്തുകയും അതിലൂടെ പരമാവധി നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തിട്ടുണ്ട്. റഷ്യയിൽ നിന്നുള്ള പഞ്ചവത്സരപദ്ധതികൾഎന്നആശയംഇന്ത്യൻസർക്കാർ സ്വീകരിച്ചുവെന്ന കാര്യം ഇവിടെ എടുത്ത് പറയേണ്ടതാണ്.

NITI ആയോഗ്

ആസൂത്രണ കമ്മീഷന് പകരമായി 2015 ജനുവരി ഒന്നിന് NITI ആയോഗിനെ നിയമിച്ചു. NITI (നാഷണൽ ഇൻസ്റ്റിട്യൂഷൻ ഫോർ ട്രാൻസ്ഫോമിംഗ് ഇന്ത്യ) ഒരു വിജ്ഞാന കേന്ദ്രമായി വർദ്ധിക്കുകയും ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കുന്നതിലെ പുരോഗതി നിരീക്ഷിക്കുകയും ചെയ്യുന്നു. സാമ്പത്തിക രംഗത്ത് ദേശീയവും അന്തർദേശീയവുമായ പ്രാധാന്യമുള്ള വിഷയങ്ങൾ, രാജ്യത്തിനകത്തു നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമുള്ള മികച്ച സമ്പ്രദായങ്ങൾ പ്രചരിപ്പിക്കൽ, പുതിയ നയങ്ങളുടെ സംയോജനം, പ്രത്യേക പ്രശ്നം അടിസ്ഥാനമാക്കിയുള്ള പിന്തുണ എന്നിവ ഇതിൽ ഉൾപ്പെടുന്നു. NITI ആയോഗിന്റെ നേട്ടങ്ങൾ മനസ്സിലാക്കാൻ വേണ്ടത്ര ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്.

8.14 വികസന സൂചകങ്ങൾ

8.14.1 മാനവ വികസന സൂചിക (HDI)

ഐക്യരാഷ്ട്ര വികസന പദ്ധതി 1990 മുതൽ എല്ലാ വർഷവും മാനവ വികസന റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് HDI സർക്കാരിനെ സഹായിച്ചു.

മാനവ വികസന സൂചിക (HDI)

HDI 1990-ൽ പാകിസ്ഥാൻ സാമ്പത്തിക ശാസ്ത്രജ്ഞൻ മഹബൂബ് ഉൾ ഹഖും ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞൻ അമർത്യ കുമാർ സെന്നും ചേർന്ന് വികസിപ്പിച്ചെടുത്തു. പ്രതീക്ഷിത ആയുർ ദൈർഘ്യ സൂചിക, വിദ്യാഭ്യാസ സൂചിക, പ്രതിശീർഷ GDP എന്നിവ അടിസ്ഥാനമാക്കിയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

HDI ഇനിപ്പറയുന്ന മൂന്ന് സൂചകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്.

1. ജനനസമയത്തെ ആയുർദൈർഘ്യം കണക്കാക്കുന്നതാണ് ലോങ്ജിവിറ്റി അഥവാ ദീർഘായുസ്സ് ലോങ്ജിവിറ്റി

11th Economics Malayalam_Chapter-08.indd 182 2/14/2023 3:06:18 PM

2. വിദ്യാഭ്യാസ നേട്ടങ്ങൾ

3. യഥാർത്ഥ GDP കണക്കനുസരിച്ചുള്ള ജീവിത നിലവാരം.

HDI കണക്കാക്കുന്നതിനു മുമ്പ്, ഓരോ സൂചകത്തിന്റെയും നിശ്ചിത മിനിമം, പരമാവധി മൂല്യം എന്നന്നിവ തെരഞ്ഞെടുക്കുന്നു.

ഇനിപ്പറയുന്ന സൂത്രവാക്യം ഉപയോഗിച്ചു കൊണ്ട് ഓരോ അളവിലേയും പ്രകടനം 0 ത്തിനും 1 നും ഇടയിലുള്ള മൂല്യമായി പ്രകടിപ്പിക്കുന്നു.

അളവ്സൂചിക= (യഥാർത്ഥമൂല്യം– മിനിമം മൂല്യം) / (പരമാവധി മൂല്യം - മിനിമം മൂല്യം)

ആസൂത്രണ കമ്മീഷന്റെ 2011 ലെ ദേശീയ മാനവ വികസന റിപ്പോർട്ട് sഅനുസരിച്ച് 1980-നും 2011-നും ഇടയിൽ മാനവ വികസന സൂചിക മെച്ചപ്പെട്ടു. അതായത്, HDI 1981-ൽ 0.302-ൽ നിന്ന് 2011-ൽ 0.472 ആയി ഉയർന്നു.

ഐക്യരാഷ്ട്ര വികസന പദ്ധതിയുടെ (UNDP) ഏറ്റവും പുതിയ മാനവ വികസന റിപ്പോർട്ട് (2016) അനുസരിച്ച് 188 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 131. ഇന്ത്യ മീഡിയം മാനവ വികസന നിലയിലാണ്. മറ്റു രാജ്യങ്ങളായ ബംഗ്ലാദേശ്, ഭൂട്ടാൻ, പാകിസ്ഥാൻ, കെനിയ, മ്യാൻമർ, നേപ്പാൾ എന്നിവ ഇടത്തരം മാനവ വികസനം നേടി.ഇന്ത്യയിലെവിദ്യാഭ്യാസം,ആരോഗ്യം,ജീവിത നിലവാരം എന്നിവയിലെ പ്രാദേശിക അസമത്വം HDI സ്കോറിൽ ഇന്ത്യയുടെ പതനം 27% ആയി കുറഞ്ഞുവെന്ന് എച്ച് ഡി ആർ 2016 പ്രസ്ഥാവിച്ചു. 2015-ൽ ഇന്ത്യയുടെ HDI റാങ്ക് മൂല്യം 0.624 ആയിരുന്നു. അത് 2010-ൽ 0.580 ത്തിൽ നിന്ന് ഉയർന്നതാണ്. 2014ൽ ഇന്ത്യയുടെ റാങ്ക് 131 ആയിരുന്നു.

HDI മുന്നിൽ നിൽക്കുന്ന മൂന്ന് രാജ്യങ്ങൾ

നോർവേ (0.949)

ഓസ്ട്രേലിയ (0.939)

സ്വിറ്റ്സർലാന്റ് (0.939)

HDI യുടെ കണക്കു കൂട്ടൽ മനുഷ്യ വികസനത്തിന്റെ പല പ്രധാന വശങ്ങളെയും അവഗണിച്ചുവെന്ന് ബിസ്വാജിത് ഗുഹ പ്രസ്ഥാവിച്ചു. അദ്ദേഹം HDI_1, HDI_2, HDI_3, HDI_4 എന്നിങ്ങനെ HDI യുടെ നാലു സൂചികകൾ അദ്ദേഹം സൃഷ്ടിച്ചു. HDI മാനവ വികസന റിപ്പോർട്ടിലെ UNDP രീതി ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അദ്ദേഹം ജീവിത നിലവാരം, ദാരിദ്ര്യം ഇല്ലാതാ



11th Economics Malayalam_Chapter-08.indd 183 2/14/2023 3:06:18 PM

ക്കുക, നഗരവൽക്കരണം എന്നിങ്ങനെ മൂന്ന് മാനങ്ങൾ കൂട്ടിചേർത്ത് എച്ച് ഡി ഐ യുടെ വ്യാപ്തി വിപുലമാക്കി. .

ലഭ്യമായ സ്ഥിതി വിവര കണക്കുകളുടെ വ്യാപ്തി മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി ഇന്ത്യ ഉൾപ്പെടെ വിവിധ രാജ്യങ്ങൾ തുടർച്ചയായി ശ്രമം നടത്തുന്നു.

8.14.2 ജീവിത സൂചികയുടെ ഭൗതിക നിലവാരം (PQLI)

മോറിസ് D മോറിസ് ആണ് ജീവിത സൂചികയുടെ ഭൗതിക നിലവാരം (PQLI) വികസിപ്പിച്ചത്. ജീവിത സൂചികയുടെ ഭൗതിക നിലവാരം, ജീവിത നിലവാരം (ഒരു രാജ്യത്തിന്റെ ക്ഷേമം) കണക്കാക്കുന്നതിനുള്ള ഒരു നടപടിയാണ്. ഇതിനായി, ആയുർദൈർഘ്യം, ശിശിമരണ നിരക്ക്, സാക്ഷരതാ നിരക്ക് എന്നിങ്ങനെ മൂന്ന് സൂചകങ്ങൾ അദ്ദേഹം ഉൾപ്പെടുത്തി. ഓരോ സൂചകത്തിന്റെയും സ്കെയിൽ നമ്പർ 1 മുതൽ 100 വരെയാണ്.

നമ്പർ 1 ഏത് രാജ്യത്തിന്റെയും ഏറ്റവും മോശം പ്രകടനത്തെ പ്രതിനിധീകരിക്കുന്നു. 100 മികച്ച പ്രകടനമാണ്. ഉദാഹരണത്തിന് ആയുർ ദൈർഘ്യത്തിന്റെ കാര്യത്തിൽ ഉയർന്ന പരിധി 100. ഇത് 77 വയസ്സായി കണക്കാക്കപ്പെടുന്നു. ഇത് 1973-ൽ സ്വീഡൻ കൈവരിച്ചു. 1 ന്റെ താഴ്ന്ന പരിധി 28 വർഷമായി നിയോഗിക്കപ്പെട്ടു. അത് 1960-ൽ ഗിനിയ ബിസാവു നേടി.

HDI യും PQLI യും തമ്മിലുള്ള പ്രധാന വ്യത്യാസം HDI ൽ വരുമാനം ഉൾപ്പെടുത്തുക, PQLI ൽ നിന്നുള്ള വരുമാനം ഒഴിവാക്കുക എന്നിവയാണ്. HDI വികസനത്തിന്റെ ഭൗതീകവും, സാമ്പത്തികവുമായ സവിശേഷതകളെ പ്രതിനിധീകരിക്കുന്നു. എന്നാൽ PQLI ക്ക് ജീവിതത്തിന്റെ ഭൗതീക വശങ്ങൾ മാത്രമേയുള്ളൂ.

8.15 ഉപസംഹാരം

നല്ല ഭരണത്തേക്കാൾ ബ്രിട്ടീഷുകാർ ഇന്ത്യാക്കാരിൽ നിന്നുള്ള പണത്തിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് ചില നല്ല കാര്യങ്ങൾ ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ സംഭവിച്ചിട്ടുണ്ട്. അവർ സതി നിർത്തലാക്കി. റയിൽവേ സേവനങ്ങൾ, ഇംഗ്ലീഷ് ഭാഷയും വിദ്യാഭ്യാസവും, അടിസ്ഥാന സൗകര്യങ്ങൾ, മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ അടിസ്ഥാന തത്വം തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തി. സ്വാതന്ത്ര്യാനന്തരം വിവിധ മേഖലകളിലെ വളർച്ചാ ലക്ഷ്യം കൈവരിക്കുന്നതിനായി പഞ്ചവത്സര പദ്ധതികളുടെ സഹായത്തോടെ ഇന്ത്യാ ഗവൺമെന്റ് നിരവധി നയങ്ങൾ ആവഷ്ക്കരിച്ചു. മറ്റു കാര്യങ്ങളിൽ ഇപ്പോഴും തുടരുന്ന പ്രധാന വെല്ലുവിളികൾ മോശം ആരോഗ്യ നിലവാരം, സ്ത്രീകളുടെ കൊലപാതകം, കുട്ടികളുടെ ലിംഗാനുപാതം കുറയുന്നത്, തുറന്ന മലമൂത്ര വിസ്സർജ്ജനം, സാമൂഹ്യകവും സാമ്പത്തികവുമായ അസമത്വങ്ങൾ, വർദ്ധിച്ചുവരുന്ന ചേരി, നഗരത്തിലെ തിരക്ക്, അടിസ്ഥാന പരിസ്ഥിതി വിഭവങ്ങളായ വായു, ഭൂമി, വെള്ളം ഇവയാണ്.

പദ ശേഖരം

- **സെമീന്ദാരി**: ഭൂ വരുമാനം സർക്കാരിനു നൽക്കുന്ന ഭൂമിയുടെ ഉടമ.
- **മഹൽവാരി**: കൂട്ടായ സംഘം. സാധാരണയായി മാനേജ്മെന്റിന്റെ ഒരു യൂണിറ്റായി പ്രവർത്തിക്കുന്ന ഗ്രാമീണർ.
- **റയോത്വാരി**: ഭൂമിയുടെ ഉയോഗത്തിന്റെയും നിയന്ത്രണത്തിന്റെയും ഉടമസ്ഥാവകാശം, കർഷകൻ (ട്രില്ലർ) തന്നെ വഹിച്ചിരുന്നു.
- **ഹരിതവിപ്ലവം**: ആധുനിക സാങ്കേതിക വിദ്യയിലൂടെ കാർഷിക രീതികളുടെ നവീകരണം.
- **പൊതുമേഖലാ ബാങ്കുകൾ**: ഓഹരികളിൽ വലിയൊരു ഭാഗം സർക്കാർ കൈവശമുള്ള ഒരു ബാങ്ക്.
- **സ്വകാര്യ മേഖലാ ബാങ്കുകൾ**: ഇകവറ്റിയുടെ ഭൂരിഭാഗവും സർക്കാരിനെക്കാൾ സ്വകാര്യ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലാണ്.

11th Economics Malayalam_Chapter-08.indd 184 2/14/2023 3:06:18 PM

- **ദേശസാൽക്കരണം**: സ്വകാര്യ ആസ്ഥികളുടെ ഉടമസ്ഥാവകാശം സർക്കാർ ഉടമസ്ഥതയിലേയ്ക്ക് മാറ്റുന്ന പ്രക്രിയ.
- **മാനവ വികസന സൂചിക**: ഇത് ആയുർ ദൈർഘ്യം, വിദ്യാഭ്യാസം, ആളോഹരി വരുമാനം ഇവ കാണിക്കുന്ന സംയോജിത സ്ഥിതി വിവര കണക്കാണ്.
- **ജീവിത നിലവാരത്തിന്റെ ഭൗതിക സൂചിക**: ജീവിത നിലവാരം (ഒരു രാജ്യത്തിന്റെ ക്ഷേമം) കണക്കാക്കുന്നതിനുള്ള ഒരു നടപടിയാണ്.

മാതൃകാ ചോദ്യങ്ങൾ

ഭാഗം-A ബഹു വികല്പ മാതൃകാ ചോദ്യങ്ങൾ

1. ഇന്ത്യയിലെ കോഴിക്കോട്ടിൽ വാസ്കോഡഗാമയുടെ വരവ്

   a. 1498

   b. 1948

   c. 1689

   d. 1849

2. 1614 ൽ സർ തോമസ് റോ ആരിൽ നിന്ന അനുമതി നേടുന്നതിൽ വിജയിച്ചു

   a. അക്ബർ

   b. ഷാജഹാൻ

   c. ജഹാംഗീർ

   d. ന്യൂർജഹാൻ

3. ഇന്ത്യയുടെ ഭരണത്തിനുള്ള അധികാരം ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്ന് ബിട്ടീഷ് കിരീടത്തിലേയ്ക്ക് മാറിയത്

   a. 1855

   b. 1858

   c. 1868

   d. 1878

4. തുടക്കത്തിൽ റയോത്വാരി സമ്പ്രദായം അവതരിപ്പിച്ചത്

   a. കേരളം

   b. ബംഗാൾ

   c. തമിഴ്നാട്

   d. മഹാരാഷ്ട്ര

5. ഒന്നാം ലോക മഹായുദ്ധം ആരംഭിച്ചത്

   a. 1914

   b. 1814

   c. 1941

   d. 1841

6. ഇന്ത്യാ ഗവൺമെന്റ് ആദ്യ വ്യാവസായിക നയം പ്രഖ്യാപിച്ചത് ?

   a. 1956

   b. 1991

   c. 1948

   d. 2000

7. 1956 ലെ വ്യാവസായിക നയത്തിന്റെ ലക്ഷ്യം

   a. കനത്ത വ്യവസായങ്ങൾ വികസിപ്പിക്കുക

   b. കാർഷിക മേഖല മാത്രം വികസിപ്പിക്കുക

   c. സ്വകാര്യ മേഖല മാത്രം വികസിപ്പിക്കുക

   d. കുടിൽ വ്യവസായങ്ങൾ മാത്രം വികസിപ്പിക്കുക

11th Economics Malayalam_Chapter-08.indd 185 2/14/2023 3:06:18 PM

8. 1993 ൽ സംവരണം ചെയ്തിട്ടില്ലാത്ത വ്യവസായം ?

a. റയിവേ

b. ചെമ്പ്, സിങ്ക് എന്നിവയുടെ ഖനനം

c. ആറ്റോമിക് ഇനർജി

d. ആറ്റോമിക് ധാതുക്കൾ

9. ഇന്ത്യയിലെ ഹരിതവിപ്ലത്തിന്റെ പിതാവ് .....

a. വിശ്വേശ്വരയ്യ

b. എൻ ആർ വിശ്വനാഥൻ

c. ഗാന്ധി

d. എം എസ് സ്വാമിനാഥൻ

10. 1969 ൽ എത്ര വാണിജ്യ ബാങ്കുകൾ ദേശസാൽക്കരിച്ചു ?

a. 10

b. 12

c. 14

d. 16

11. ബാങ്കുകളുടെ ദേശസാൽക്കരണത്തിന്റെ പ്രധാന ലക്ഷ്യം .....

a. സ്വകാര്യ സാമൂഹിക ക്ഷേമം

b. സാമൂഹിക ക്ഷേമം

c. സമ്പാദിക്കൽ

d. വ്യാവസായിക കുത്തക

12. ആസൂത്രണ കമ്മീഷൻ രൂപീകരിച്ച വർഷം .....

a. 1950

b. 1955

c. 1960

d. 1952

13. ആദ്യത്തെ പഞ്ചവത്സര പദ്ധതിയിൽ ------ മേഖലയ്ക്ക് പ്രാധാന്യം നൽകി

a. സേവന

b. കാർഷിക

c. വ്യാവസായിക

d. ബാങ്കിംഗ്

14. പത്താം പഞ്ചവത്സര പദ്ധതി കാലയളവ്.....

a. 1992-1997

b. 2002-2007

c. 2007-2012

d. 1997-2002

15. HDR (2016), അനുസരിച്ച് 188 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം

a. 130 b. 131

c. 135 d. 145

16. വാർഷിക പദ്ധതികൾ രൂപീകരിച്ച വർഷം .....

a. 1989-1991

b. 1990-1992

c. 2000-2001

d. 1981-1983

17. ഇന്ത്യയിലെ ഏറ്റവും പഴയ വൻകിട വ്യവസായം

a. പരുത്തി b. ജ്യൂട്ട്

c. ഉരുക്ക് d. സിമന്റ്

18. മാനവിക വികസന സൂചിക വികസിപ്പിച്ചത്

a. ജവഹർലാൽ നെഹറു

b. എം.കെ. ഗാന്ധി

c. അമർത്യ സെൻ

d. ടാഗൂർ

11th Economics Malayalam_Chapter-08.indd 186 2/14/2023 3:06:18 PM

19. 12-ാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ആശയം

a. വേഗതയേറിയതും കൂടുതൽ ഉൾക്കൊള്ളുന്നതുമായ വളർച്ച

b. സമൂഹത്തിന്റെ സോഷ്യലിസ്റ്റ് രീതി

c. സാമൂഹിക നീതിയോടൊപ്പമുള്ള വളർച്ച

d. വേഗതയേറിയതും കൂടുതൽ ഉൾക്കൊള്ളുന്നതും സുസ്ഥിരവുമായ വളർച്ച

20. PQLI വികസിപ്പിച്ചെടുത്തത്

a. ആസൂത്രണ കമ്മീഷൻ

b. നെഹറു

c. മോറിസ്

D ബിസ്വജിത്ത്

ഭാഗം-A ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
a	c	b	c	a	c	a	b	a	c
11	12	13	14	15	16	17	18	19	20
b	a	c	b	b	b	a	c	d	c

ഭാഗം-B ഒന്നോ രണ്ടോ വാക്യങ്ങളിൽ പിൻതുടരേണ്ട ചോദ്യങ്ങൾക്ക് ഉത്തരം നൽക്കുക.

21. ഇന്ത്യയിലെ കൊളോണിയൽ ചൂഷണത്തിന്റെ ഘട്ടങ്ങൾ എന്തൊക്കെയാണ്?

22. സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിലുണ്ടായിരുന്ന വിവിധതരം ഭൂഉടമ വ്യവസ്ഥ പറയുക.

23. ഭൂഉടമസ്ഥ സംവിധാനത്തെ മറ്റ് സംവിധാനങ്ങളിൽ നിന്ന് വേർതിരിക്കുന്ന സവിശേഷത വ്യക്തമാക്കുക.

24. ഹരിത വിപ്ലത്തിന്റെ ബലഹീനതകൾ പട്ടികപ്പെടുത്തുക.

25. 10-ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങൾ ഏവ?

26. HDI യും PQLI യും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ ?

27. HDI യിൽ ഉപയോഗിച്ച സൂചകങ്ങൾ പരാമർശിക്കുക.

ഭാഗം C താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരമെഴുതുക.

28. വ്യാപാര മൂലധനത്തിന്റെ കാലഘട്ടത്തെക്കുറിച്ച് വിശദീകരിക്കുക.

29. ബ്രിട്ടീഷ് കാലഘട്ടത്തിൽ ഇന്ത്യൻ കരകൗശല വിപണി തകരാനുള്ള കാരണങ്ങൾ?

30. കൊളോണിയൽ ഇന്ത്യയിലെ വിവിധ തരത്തിലുള്ള ഭൂഉടമ വ്യവസ്ഥ വ്യക്തമാക്കുക

31. വാണിജ്യ ബാങ്കുകൾ ദേശസാൽക്കരിച്ചതിന്റെ കാരണങ്ങൾ വ്യക്തമാക്കുക.

32. 1991 ലെ വ്യാവസായിക നയത്തിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക

33. 12-ാം പഞ്ചവത്സര പദ്ധതിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

34. എന്താണ് ജീവിത സൂചികയുടെ ഭൗതിക നിലവാരം PQLI?

11th Economics Malayalam_Chapter-08.indd 187 2/14/2023 3:06:18 PM

ഭാഗം D ഒരു പേജിൽ ഇനി പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

35. ബ്രിട്ടീഷ് കാലഘട്ടത്തിലെ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ കുറിച്ച് ചർച്ച ചെയ്യുക.

36. സാമ്പത്തിക വികസനത്തിൽ SSI യുടെ പങ്ക് വിശദമാക്കുക?

37. വാണിജ്യ ബാങ്കുകളുടെ ദേശസാൽക്കരണത്തിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

38. ഇന്ത്യയിൽ പഞ്ചവത്സര പദ്ധതിയുടെ പ്രകടനം വ്യക്തമാക്കുക.

പ്രവർത്തനം

1. സ്വാതന്ത്ര്യത്തിന്റെ മൂല്യം അറിയാൻ, വിദ്യാർത്ഥികൾക്ക് ജാലിയൻ വാലാ ബാഗ്, മീററ്റ്, തന്തി തുടങ്ങിയ സ്ഥലങ്ങളുടെ ചിത്രങ്ങളും സ്വാതന്ത്ര്യ സമര സേനാനികളുടെ ഫോട്ടോകളും ശേഖരിക്കാൻ കഴിയും.

2. സ്വദേശിയെ ഊന്നിപ്പറയുന്നതിന് സംസ്ക്കാരം, വസ്ത്രധാരണം, ജീവിത ശൈലി എന്നിവയിൽ ഇന്നത്തെ ഇന്ത്യാക്കാരുടെ പ്രകടന ഫലം പ്രദർശിപ്പിക്കുക.

പരാമർശങ്ങൾ

1. Gaurav Datt and Ashwani Mahajan, 'Datt&Sundharam Indian Economy' S. Chand & Company Pvt. Ltd. 68th Revised Edition, 2013.
2. JagdishBhagwati; Arvind Panagariya - Reforms and Economic Transformation in India

വെബ്സൈറ്റ്

www.gatewayforindia.com/history/eastindiacompanybefore1857
www.threecolonialportcitiesinindia/geographicalreviewvol.78.issue.1 pg:32-47.-M.Kosambi, 1978.
www.planningcommission.nic.in
https://www.scribd.com/doc/18643336/characteristics-of-indian-economy-pre-colonial-and-colonial
https://en.wikipedia.org/wiki/Economy_of_India

11th Economics Malayalam_Chapter-08.indd 188 2/14/2023 3:06:18 PM

അധ്യായം

9 ഇന്ത്യയിലെ വികസന അനുഭവങ്ങൾ

"പരിഷ്ക്കരിക്കുക, നടപ്പിലാക്കുക, പരിവർത്തനം ചെയ്യുക"

പഠന ലക്ഷ്യം

1 സമീപ വർഷങ്ങളിൽ അവതരിപ്പിച്ച പരിഷ്ക്കരണങ്ങൾ മനസ്സിലാക്കുക.

7SW49

9.1 ആമുഖം

1947 ലെ സ്വാതന്ത്ര്യകാലത്ത് ഇന്ത്യ സാധാരണ നിലയിൽ പിന്നോക്ക സമ്പദ്വ്യവസ്ഥയായിരുന്നു. മോശമായ സാങ്കേതികതയും ശാസ്ത്രീയ കഴിവുകളും കാരണം വ്യവസായവൽക്കരണം പരിമിതവും ഏകപക്ഷീയവുമായിരുന്നു. കാർഷിക മേഖല ജൻമിത്ത സമ്പ്രദായം അർദ്ധ ജൻമിത്ത സ്ഥാപനങ്ങളുടെ സവിശേഷതകൾ എന്നിവ പ്രദർശിപ്പിക്കുകയും അതിന്റെ ഫലമായി ഉല്പാദനക്ഷമത കുറയുകയും ചെയ്തു. ഗതാഗതത്തിന്റെയും ആശയവിനിമയത്തിന്റെയും മാർഗ്ഗങ്ങൾ അവികസിതമായിരുന്നു. വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ തികച്ചും അപര്യാപ്തവും സാമൂഹിക സുരക്ഷാ നടപടികൾ ഫലത്തിൽ നിലവിലില്ലാത്തതും ആയിരുന്നു. ചുരുക്കത്തിൽ ജീവിത നിലവാരം കുറയ്ക്കുന്ന വർദ്ധിച്ചു വരുന്ന ദാരിദ്ര്യം, വ്യാപകമായ തൊഴിലില്ലായ്മ എന്നീ ഇരട്ട പ്രശ്നങ്ങളുടെ ഫലമായി രാജ്യം ദുരിതമനുഭവിച്ചു.

1991 ാം വർഷം സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തിക ചരിത്രത്തിലെ പ്രധാന നാഴികക്കല്ലാണ്. ഗുരുതരമായ അടവു ശിഷ്ടപ്രശ്നത്തിന്റെ രൂപത്തിൽ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയി ഘടനാപരമായ പരിഷ്ക്കരണങ്ങൾ എന്നറിയപ്പെടുന്ന ഒരു കൂട്ടം നയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഇന്ത്യൻസമ്പദ്വ്യവസ്ഥ പ്രതിസന്ധിയോട് പ്രതികരിച്ചു. വ്യവസായം, വ്യാപാരം, ധനകാര്യം കൃഷി തുടങ്ങിയ സമ്പദ്വ്യവസ്ഥയുടെ വിവിധ മേഖലകളിലെ ബലഹീനതകളും കർക്കശതകളും പരിഹരിക്കുന്നതിന് ഈ നയങ്ങൾ ലക്ഷ്യമിട്ടിരുന്നു

11th Economics Malayalam_Chapter-09.indd 189 2/14/2023 3:06:52 PM

9.2

ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയുടെ അർത്ഥം (LPG)



ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയാണ് പുതിയ സാമ്പത്തിക നയത്തിന്റെ മൂന്ന് സ്തംഭങ്ങൾ (LPG)

ഉദാരവൽക്കരണം: ഉദാരവൽക്കരണം എന്നത് വ്യവസായത്തിലെ എല്ലാ ഘട്ടങ്ങളിലും സർക്കാർ നിയന്ത്രണങ്ങളുടെ ഇളവുകൾ നീക്കം ചെയ്യുന്നതിനെ സൂചിപ്പിക്കുന്നു. ഉദാരവൽക്കരണത്തിന്റെ വിവിധ വശങ്ങളാണ് അനുമതിപത്രം റദ്ദാക്കൽ, നിയന്ത്രണം നീക്കൽ ചട്ടം മാറ്റൽ, സഹായധനം (പ്രചോദനങ്ങൾ) ധനകാര്യസ്ഥാപനങ്ങൾക്ക് കൂടുതൽ പങ്ക് എന്നിവ.

സ്വകാര്യവൽക്കരണം: സ്വകാര്യവൽക്കരണം എന്നത് പൊതു മേഖലയിൽ നിന്ന് സ്വകാര്യമേഖലയിലേക്ക് സംരംഭങ്ങളുടെ ഉടമസ്ഥാവകാശവും നിർവഹണവും കൈമാറുക എന്നാണ് അർത്ഥമാക്കുന്നത്. പൊതുവുടമ ഇല്ലാതാക്കൽ, ഓഹരി വിറ്റഴിക്കൽ, അന്യപ്രവേശനമില്ലാത്ത പൊതുമേഖലാ സംരംഭങ്ങൾ സ്വകാര്യ മേഖലയിലേക്ക് തുറക്കുക എന്നിവയാണ് സ്വകാര്യ വത്ക്കരണത്തിന്റെ കവാടങ്ങൾ.

ആഗോളവൽക്കരണം: ആഗോളവൽക്കരണം എന്നത് ആഭ്യന്തര സമ്പദ്വ്യവസ്ഥയെ ലോകത്തിലെ മറ്റ് രാജ്യങ്ങളുമായി സംയോജിപ്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത് ചുങ്കവിഹിതം, ഇതര ചുങ്കവിഹിത തടസ്സങ്ങൾ എന്നിവ കുറയ്ക്കുന്നതിലൂടെ



ഇറക്കുമതിയിൽ ഉദാരവൽക്കരണം, നേരിട്ടുള്ള വിദേശ നിക്ഷേപത്തിനും, വിദേശ വിഭാഗ നിക്ഷേപത്തിനും വാതിൽ തുറക്കുക എന്നിവ ആഗോളവൽക്കരണത്തിലേക്കുള്ള ചില നടപടികളാണ്.

9.3

LPG ക്ക് അനുകൂലമായ വാദങ്ങൾ

a. വിവിധ ലൈസൻസിംഗ് (പ്രവർത്തനാനുവാദം) നയങ്ങൾ സമ്പദ്വ്യവസ്ഥയുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നതുകൊണ്ട് ഉദാരവൽക്കരണം അനിവാര്യമായിരുന്നു.

b. കൂടുതൽ പണം സമ്പാദിക്കാൻ സ്വകാര്യമേഖലയ്ക്ക് മതിയായ അവസരങ്ങൾ നല്കിയിട്ടില്ല എന്ന വിശ്വാസത്താൽ സ്വകാര്യവൽക്കരണം അനിവാര്യമായി വന്നു.

c. വികസ്വര രാജ്യങ്ങളുടെ സഹായമില്ലാതെ ഇന്ന് ഒരു വികസിത രാജ്യത്തിന് വളരാൻ കഴിയും എന്നതിനാൽ ആഗോളവൽക്കരണം അനിവാര്യമായിരുന്നു. വികസിത രാജ്യങ്ങൾ വികസ്വരരാജ്യങ്ങളിലെ പ്രകൃതി, മാനവ വിഭവങ്ങൾ ചൂഷണം ചെയ്യുകയും വികസിത രാജ്യങ്ങളുടെ പൂർത്തീകരിച്ച ചരക്കുകളുടെ വിപണിയായി വികസ്വര രാജ്യങ്ങളെ ഉപയോഗിക്കുകയും ചെയ്യുന്നു. വികസിത രാജ്യങ്ങളുടെ മിച്ച മൂലധനം പിന്നോക്ക സമ്പദ്വ്യവസ്ഥയിൽ നിക്ഷേപിക്കുന്നു. വികസിത രാജ്യങ്ങളിലെ പഴകിയതും കാലഹരണപ്പെട്ടതുമായ സാങ്കേതിക വിദ്യകൾ ദരിദ്ര വികസ്വര രാജ്യങ്ങൾക്ക്

11th Economics Malayalam_Chapter-09.indd 190 2/14/2023 3:06:53 PM

തമിഴ്നാടിനെ ഇന്ത്യയുടെ ഏറ്റവും വലിയ തുണി ഉല്പാദന കേന്ദ്രമായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്ന പരുത്തി കോട്ടൺ നൂലുകളിൽ 41%വും തമിഴ്നാട്ടിലാണ് ഉൽപാദിപ്പിക്കുന്നത്. അതുകൊണ്ട് തമിഴ്നാടിനെ ഇന്ത്യയുടെ നൂൽക്കിണ്ണം എന്നു വിളിക്കുന്നു. തുണി വ്യവസായം ഇന്ത്യൻ സാമ്പത്തികത്തിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഏകദേശം 35 ജനങ്ങൾ തുണി വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങളിൽ ഏർപ്പെടുന്നു. അതിന്റെ ഫലമായി 4% GDP യും 35% ത്തിൽ അധിക കയറ്റുമതിയിൽ 35% നകവും ലഭിക്കുന്നു. ഉൽപാദന ഘടകങ്ങളിൽ 14% തുണിയുടെ ഉൽപാദന ഘടകങ്ങളുമായി ബന്ധപ്പെട്ട് കാണപ്പെടുന്നു. ഇന്ത്യയിൽ പകുതിയിലധികം തുണിമില്ലുകളും തമിഴ്നാട്ടിൽ കാണപ്പെടുന്നു. തമിഴ്നാടിന്റെ പടിഞ്ഞാറൻ ഭാഗങ്ങൾ ഉൾപ്പെടുന്ന കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, ദിണ്ടുക്കൽ, കരൂർ, ഈ പ്രദേശങ്ങളിൽ ധാരാളം തുണിമില്ലുകൾ കാണപ്പെടുന്നു. ധാരാളം തുണിമില്ലുകളിൽ പരുത്തി, പേ.ളിസ്റ്റർ, യാൺ സിൽക്ക് നൂൽ തുണികൾ ഉണ്ടാക്കുന്നവ ഈ പ്രദേശങ്ങളിലാണ്. തമിഴ്നാട്ടിലും ബോംബയിലുമാണ് ധാരാളം തുണിമില്ലുകൾ കാണപ്പെടുന്നു. നൂൽ വകകൾ ചൈനയിലും ബംഗ്ലാദേശ് മുതലായ സ്ഥലങ്ങളിൽ കയറ്റുമതി ചെയ്യുന്നു. **തിരുപ്പൂരിനെ നിറ്റിങ്ങ് സിറ്റി എന്ന് അറിയപ്പെടുന്നു.** ഏകദേശം USD 3 ബില്ല്യൺ സാധനങ്ങൾ കയറ്റുമതി ചെയ്യുന്നു. കരൂറിനെ ഏറ്റവും വലിയ തുണി നിർമ്മാണത്തിന്റെ വീട് എന്നറിയപ്പെടുന്നു. കർട്ടൺ തുണി, കിടക്കതുണികൾ, അടുക്കളള ലിനൻസ്, ബാത്ത് റൂം, ലിനൻസ്, മേശ വിരിപ്പുകൾ, ചവർ കർട്ടനുകൾ മുതലായവ ഇന്ത്യയിൽനിന്ന് കയറ്റുമതിചെയ്യുന്നു. ഭക്ഷിണഇന്ത്യയിൽ ധാരാളം തുണിത്തരങ്ങൾ കാണപ്പെടുന്നു. വിപണികളിൽ മൊത്തവിലയ്ക്കും ചില്ലറ വിലയ്ക്കും വിൽക്കപ്പെടുന്നു.

11.8.2 തുകൽ

തമിഴ്നാട്ടിലാണ് ഏകദേശം 30 ശതമാനം തുകലുകൾ കയറ്റുമതി ചെയ്യുന്നത്. ഏകദേശം 70 ശതമാനത്തോളം തുകൽ നമ്മുടെ രാജ്യത്ത് ഉൽപാദിപ്പിക്കുന്നു. നൂറുകണക്കിന് തുകൽ വ്യവസായങ്ങളും ടാനെറി വ്യവസായങ്ങളും സ്ഥിതി ചെയ്യുന്നത് വെല്ലൂർ, ദിണ്ഡുക്കൾ, ഈറോഡ് ഈ പ്രദേശങ്ങളെ ചുറ്റിയാണ്. ഓരോ വർഷവും ഇന്ത്യ അന്താരാഷ്ട്ര തുകലിന് ചെന്നൈയിൽ ആതിഥേയത്വം വഹിക്കുന്നു.

11.8.3 ഇലക്ട്രോണിസ്

ചെന്നൈയെ ഇന്ത്യയുടെ ഇ.എം.എസ് ഹബ്ബ് ആയി കണക്കാക്കപ്പെടുന്നു. നിരവധി മൾട്ടി നാഷണൽ കമ്പനികൾ തമിഴ്നാട്ടിൽ കാണപ്പെടുന്നു. ചെന്നൈയെ ദക്ഷിന്നേഷ്യൻ ഹബ്ബ് നിർമ്മാണ കേന്ദ്രമായി കാണപ്പെടുന്നു.

11.8.4 ഓട്ടോമോട്ടീവ്സ്

ചെന്നൈയെ ദിഡെട്രോയിറ്റ് ഓഫ് ഏഷ്യ എന്ന ഇരട്ടപേരിൽ വിളിപേരുണ്ട്. ഏഷ്യ ധാരാളം ഓട്ടോ നിർമ്മാണത്തിന്റെ കേന്ദ്രമാണ്. ധാരാളം ഘടക വ്യവസായങ്ങളും കാണപ്പെടുന്നു. ഓട്ടോമോട്ടീവ് ഓട്ടോ വ്യവസായങ്ങളിൽ 28% വീതം പങ്കിടുന്നു. ഘടക വ്യവസായങ്ങൾ ട്രക്കുകളിൽ 19% ശതമാനം സെഗ്മെന്റുകളും പാസഞ്ചർ കാറുകളിലും ഇരുചക്ര വാഹനങ്ങളിലും 18% കാണപ്പെടുന്നു.

11th Economics Malayalam_Chapter-11.indd 234 2/14/2023 3:08:30 PM

11.8.5 സിമെന്റ് വ്യവസായം

സിമന്റ് വ്യവസായത്തിൽ തമിഴ്നാട് മൂന്നാം സ്ഥാനത്ത് (രാജസ്ഥാൻ രണ്ടാം സ്ഥാനവും, ആന്ധ്രാ പ്രദേശ് ഒന്നാം സ്ഥാനവും കാണപ്പെടുന്നു) 2018, ൽ ഇന്ത്യയിലെ 10 വലിയ സിമന്റ് കമ്പനികളിൽ രാംകോ സിമന്റ് ഇന്ത്യയിൽ സിമെന്റ് ഉൽപാദന ത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നു. അതോടൊപ്പം 30 യൂണിറ്റിൽ 21 യൂണിറ്റുള്ള സിമെന്റ് പ്ലാന്റുകൾ ആന്ധ്രാ പ്രദേശിലാണ്.

11.8.6 പടക്ക കമ്പനികൾ



തീപ്പെട്ടി നിർമ്മാണത്തിലും, പ്രിന്റിംഗിലും, പടക്ക നിർമ്മാണത്തിലും ശിവകാശി ഉന്നതസ്ഥാനം കാണ പ്പെടുന്നു. ശിവകാശിയെ ജവഹർലാൽ നെഹ്റു "ലിറ്റിൽ ജപ്പാൻ (ചെറിയ ജപ്പാൻ)" എന്ന പേരിൽ വിളിച്ചിരുന്നു 80% പടക്ക ഉൽപാദനവും ശിവകാശി യിലാണ് ഉൽപാദിപ്പിക്കുന്നത് ഇന്ത്യയിൽ 60% അച്ചടി ഉണ്ടാകുന്നത് ശിവകാശിയിലാണ്.

11.8.7 മറ്റു വ്യവസായങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങളായ ഭാരത് ഹെവി ഇലക്ട്രോണിക് ലിമിറ്റഡ് (BHEL) ആഗോള ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഉണ്ടാകുന്നത് തിരുച്ചിറാപള്ളിയിലും റാണിപേട്ടയിലുമാണ് തമിഴ്നാടിന് സ്വന്തമായി വാർത്താ പ്രിന്റുകൾ കാണപ്പെടുന്നു. കരൂറിലുള്ള പേപ്പർ മില്ലുകളിലാണ് കരിമ്പിൻ ചണ്ടികൊണ്ട് പേപ്പർ ഉണ്ടാക്കുന്ന ലോക ത്തിലെ വലിയ പേപ്പർ മില്ലായി കാണപ്പെടുന്നു. സിമെന്റ് ഉൽപാദനത്തിൽ ഇന്ത്യയിൽ തമിഴ്നാടി ന്റെ ഏറ്റവും വലിയ ഉൽപാദനശാലകൾ അരി യല്ലൂർ, വിരുദ്നഗർ, കോയംബത്തൂർ, തിരുനെ ൽവേലി എന്നിവിടങ്ങളിൽ കാണപ്പെടുന്നു. സേല ത്തെ ചുറ്റിയുള്ള പ്രദേശങ്ങളിൽ ധാതുക്കൾ കാണ പ്പെടുന്നു. നമ്മുടെ രാജ്യത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്റ്റീൽ ഉൽപാദനം SAIL സേല ത്തിൽ കാണപ്പെടുന്നു.


ശിവകാശി ഒരു പടക്കനിർമ്മാണ കേന്ദ്രം

* തമിഴ്നാട്ടിലെ വിരുദുനഗർ ജില്ലയിൽ കാണപ്പെടുന്ന പട്ടണമാണ് ശിവകാശി
* പടക്ക നിർമ്മാണത്തിൽ ലോകത്തിൽ പേരുകേട്ട സ്ഥലമിതാണ്
* 2013-14 ൽ ഏതാണ് 80 മില്യൻ തീപ്പെട്ടികളും, പടക്കങ്ങളും അച്ചടിവസ്തുക്കളും കയറ്റുമതി ചെയ്യപ്പെട്ടതായി കണക്കുകൾ രേഖപ്പെടുത്തുന്നു.



90% ഇന്ത്യൻ പടക്ക നിർമ്മാണത്തിൽ	450 തൊഴിൽ ശാലകൾ
0.5 മില്യൻ നേരിട്ടുള്ള തൊഴിൽ അവസരങ്ങൾ	0.2 മില്യൻ നേരിട്ടല്ലാത്ത തൊഴിൽ അവസരങ്ങൾ
60% തീപ്പെട്ടി ഉല്പാദനം	4500 തീപ്പെട്ടി യൂണിറ്റുകൾ

2012-13 ലെ ഉല്പാദനം (യു.എസ്.ഡി മില്യൻ)



11th Economics Malayalam_Chapter-11.indd 235 2/14/2023 3:08:31 PM

കോയംബത്തൂരിനെ *ദി പമ്പ്സിറ്റി* എന്നറിയപ്പെടുന്നു. മൂന്നിൽ രണ്ടു ഭാഗവും മോട്ടോറുകളിലും പമ്പുകളിലും വിതരണം ചെയ്യുന്നു. ജൂവല്ലറികളിൽ കയറ്റുമതി ചെയ്യുന്നതിലും ഗ്രൈൻഡർ, ആട്ടോയുടെ ഭാഗങ്ങൾ മുതലായവ കയറ്റുമതി ചെയ്യുന്നതിലും കോയംബത്തൂർ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നു. അതുകൊണ്ട് ഭൂമി ശാസ്ത്ര പശ്ചാത്തലത്തിൽ കോയംബത്തൂരിനെ *വെറ്റ് ഗ്രൈൻഡർ* എന്നു പറയുന്നു

തൂത്തുക്കുടിയെ തമിഴ്നാടിന്റെ *"ഗേറ്റ്വേ"* എന്ന് അറിയപ്പെടുന്നു. തൂത്തുക്കുടിയെ പ്രധാനപ്പെട്ട രാസ ഉൽപ്പാദന സംസ്ഥാനമായി കണക്കാക്കുന്നു. ഇത് 70 ശതമാനം ഉൽപാദനം തമിഴ്നാട്ടിലും 30 ശതമാനം രാജ്യത്തും ഉൽപാദിപ്പിക്കുന്നു.

11.8.8 MSMEs

മൈക്രോ,ചെറുകിടഇടത്തരംസംരംഭങ്ങൾMSMED 2006 ചട്ടത്തിൽ വിവരിച്ചിരിക്കുന്നു. സംരംഭങ്ങളെ നിക്ഷേപങ്ങളുടെ എന്റർപ്രൈസസ്, മെഷിനറികൾ, ഉപകരണങ്ങൾ(സ്ഥലവുംകെട്ടിടവുംഒഴികെ)എന്നിങ്ങനെതരംതിരിച്ചിരിക്കുന്നു. അവമനുഷ്യ നിർമ്മിതമായ സേവന സംരംഭങ്ങളും മൈക്രോ, ചെറുകിട, ഇടത്തരവർഗ്ഗീകരണ എന്റർപ്രൈസസ് പട്ടിക - 11.11 ൽ നൽകിയിരിക്കുന്നു.

തമിഴ്നാട് മൈക്രോ, ചെറുകിട, ഇടത്തര സംരംഭങ്ങൾ15.07% ശതമാനം തമിഴ്നാട്ടിൽ കാണപ്പെടുന്നു. (മറ്റുള്ള സംസ്ഥാനങ്ങളെക്കാൾ ഉയർന്നു കാണപ്പെടുന്നു) 6.89 ലക്ഷം MSMEs രജിസ്റ്റർ ചെയ്തു. ഇതിനായി 8000 ത്തിലധികം ഉൽപാദിപ്പിക്കുന്നു. മൊത്തം നിക്ഷേപം ₹32,008 കോടിയിലധികമാകുന്നു.

MSMEs വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നു.മിക്കവാറുംഎല്ലാമേഖലകളിലെ ഉൽപ്പന്നങ്ങളുടെ എഞ്ചിനിയറിംഗ്, ഇലക്ട്രിക്കൽ, കെമിക്കൽസ്, പ്ലാസ്റ്റിക്, സ്റ്റീൽ, പേപ്പർ, തീപ്പെട്ടി, തുണിത്തരങ്ങൾ,ഗോസെറി,വസ്ത്രങ്ങളുടെമേഖല മുതലായവ ഉൾപ്പെടുന്നു. ഏകദേശം 15.61 ലക്ഷം സംരംഭകർ രജിസ്റ്റർ ചെയ്തു. ഏകദേശം 99.7 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ കൊടുത്തു. മൊത്തം നിക്ഷേപം ₹1,68,331 കോടി.

11.9 ഊർജ്ജം

വൈദ്യുതി ഉൽപാദനത്തിൽ തമിഴ്നാട് ഒന്നാമതാണ്. ഇടയിൽ കാണുന്നതു പോലെ തെക്കൻ സംസ്ഥാനങ്ങൾ ഇനിപറയുന്ന പട്ടികയിൽ കാണപ്പെടുന്നു.

പവർ യൂട്ടിലിറ്റികളെ ഇൻസ്റ്റാൾ ചെയ്ത ശേഷമുള്ള തെക്കൻ മേഖലയിലെ സംസ്ഥാനങ്ങൾ

പട്ടിക 11.11 ഊർജ്ജം

സംസ്ഥാനം	യൂണിറ്റ്	റാങ്ക്
തമിഴ്നാട്	26,865 MW	I
കർണ്ണാടക	18,641 MW	II
ആന്ധ്രാപ്രദേശ്	17,289 MW	III
തെലുങ്കാന	12,691 MW	IV
കേരള	4,141 MW	V
	79,627 MW	

(ഉറവിടം: കേന്ദ്ര വൈദ്യുതി അതോറിറ്റി മന്ത്രാലയം പവർ, ഇന്ത്യ ഗവൺമെന്റ് ജനുവരി 2017 ൽ വീണ്ടെടുത്തു.)

തമിഴ്നാട് ഊർജ്ജത്തെ ശേഖരിച്ചു വയ്ക്കുന്നതിൽ മുൻപന്തിയിലാണ്. മുപ്പന്തൽ വിൻഡ് ഫാം (കാറ്റാടി തടം) പുനരുപയോഗ ഊർജ്ജ സ്രോതസ്സ്, വിതരണം, ഗ്രാമീണ ജനങ്ങളെ വൈദ്യുതി ജോലിക്കായി ഉപയോഗിച്ചു. നാഗർകോവിലിലും, തൂത്തുക്കുടിയിലും നിലവിലുള്ളതിന് പുറമെ തൂത്തുക്കുടി, കോയമ്പത്തൂർ, പൊള്ളാച്ചി, ധർമ്മപുരം, ഉദുമലൈപേട്ടെ ഇവ ഇന്ത്യയുടെ പകുതിയോളം പ്രദേശങ്ങളിൽ വിൻഡ് ഫാം സൃഷ്ടിക്കുന്നു. 2,000 മെഗാവാട്ട് കാറ്റ് ഊർജ്ജം അല്ലെങ്കിൽ രണ്ടെണ്ണം ഇന്ത്യയുടെ മൊത്തം വൈദ്യുതി ഉൽപാദനത്തിന്റെ ശതമാനം ആണ്.

11.9.1 ന്യൂക്ലിയർ എനർജി

കൽപ്പാക്കം അണുനിലയവും കൂടുംകുളം അണു

11th Economics Malayalam_Chapter-11.indd 236 2/14/2023 3:08:31 PM



ശക്തിനിലയവും പ്രധാന ആണവോർജ്ജ നിലയങ്ങളാണ്.

പട്ടിക 11.12 ആണവോർജ്ജം

യൂണിറ്റുകൾ	ആണവ ഊർജ്ജം ഉൾക്കൊള്ളൽ കഴിവ് (2018)
കൂടംകുളം	1834 MW (2 x 917)
കൽപ്പാക്കം	470 MW (2 x 235)



11.9.2 താപവൈദ്യുതി

തമിഴ്നാട്ടിൽ താപവൈദ്യുതിയുടെ പങ്ക് മൊത്തം ഊർജ്ജ സ്രോതസ്സുകളിൽ വളരെ ഉയർന്നതാണ്. അത്തിപ്പട്ടിലാണ് താപവൈദ്യുത നിലയങ്ങൾ അധികവും ഉള്ളത്(വടക്ക് ചെന്നൈ) എച്ചൂർ, മേട്ടൂർ, നെയ്വേലി, തൂത്തുക്കുടി എന്നിവയും ഇതിൽപ്പെടുന്നു.

വിവിധ ഊർജ്ജ ഉറവിടങ്ങളുടെ തലമുറകളെ താഴെ പറയുന്നു.

പട്ടിക 11.13 തെർമൽ പവർ

ഉറവിടം	മില്യൻ യൂണിറ്റ്	%
താപ വൈദ്യുതി	13304	49.52
തിരമാല	2203	8.20
അണു	986	3.67
മറ്റുള്ളവ (കാറ്റ്, സൂര്യൻ)	10372	38.61
മൊത്തം	26865	100.00

(ഉറവിടം : സെൻട്രൽ വൈദ്യുത നിലയം മിനിസ്ട്രി ഓഫ് പവർ, ഇന്ത്യാ ഗവൺമെന്റ് ജനുവരി 2017.)

11.9.3 ഹൈഡൽ എനർജി

ഇരുപതോളം ഹൈഡ്രോ ഇലക്ട്രിക് യൂണിറ്റുകളാണ് തമിഴ്നാട്ടിലുള്ളത്. ഏറ്റവും പ്രധാനപ്പെട്ട യൂണിറ്റുകൾ, ഹുണ്ടാ മേട്ടൂർ, പെരിയാർ, മറവ കണ്ടി, പാഴ്സൺ താഴ്വര മുതലായവ.

11.9.4 സൗരോർജം

സൗരോർജ്ജ ഉൽപാദനത്തിൽ തമിഴ്നാട് ഉൾപ്പെടുന്ന പ്രധാന സ്ഥാനം പട്ടികയിൽ നിന്നും മനസ്സിലാക്കുന്നു.

പട്ടിക 11.14 സൗരോർജം

റാങ്കിംഗ്	സംസ്ഥാനം	ആകെ കഴിവ് (MW) 2017
1	തമിഴ്നാട്	1590.97
2	രാജസ്ഥാൻ	1317.64
3	ഗുജറാത്ത്	1159.76
4	തെലുങ്കാന	1073.41
5	ആന്ധ്രാ പ്രദേശ്	979.65

(ഉറവിടം: ഡാറ്റാ ഫ്രം MNRE)

ഇതിന് ഏറ്റവും അനുയോജ്യമായ പ്രദേശങ്ങളിലൊന്നായി തെക്കൻ തമിഴ്നാടിനെ കണക്കാക്കപ്പെടുന്നു.

11.9.5 കാറ്റ് ഊർജം

ഏറ്റവും കൂടുതൽ കാറ്റാടി യന്ത്രം സ്ഥാപിച്ചിരിക്കുന്നത്തമിഴ്നാട്ടിലാണ്.ഇന്ത്യയിൽധാരാളംഊർജ്ജം ശേഖരിച്ച് വയ്ക്കാൻ കഴിവുള്ള സംവിധാനങ്ങൾ കാണപ്പെടുന്നു. അവ തിരുനെൽവേലി തീരത്തും, തെക്കൻ തൂത്തുക്കുടിയിലും രാമേശ്വരം തീരത്തുമാണുള്ളത്.

11.10 സേവനങ്ങൾ

ബാങ്കുകൾ, എൻഷുറൻസുകൾ, ഊർജ്ജം, ഗതാഗതം, വാർത്താവിനിമയം മുതലായവ തൃതീയ മേഖലയിൽ കാണപ്പെടുന്നു.

11.10.1 ബാങ്കിംഗ്

തമിഴ്നാട്ടിൽദേശസാൽകൃതബാങ്കുകളുടെകണക്ക് 52% ശതമാനവും 5,337 ശാഖകളും, സ്വകാര്യ വാണിജ്യബാങ്കുകൾ30% ശതമാനം(3,060) ശാഖകളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അതിെ കൂട്ടാളികളും13% ശതമാനം(1,364), പ്രാദേശികഗ്രാമീണ ബാങ്കുകൾ 5 ശതമാനം (537) ശാഖകളും ബാക്കി 22 വിദേശ ബാങ്കുകളുമാണുള്ളത്.

തമിഴ്നാട്ടിലെ ബാങ്കുകളുടെ മൊത്തം നിക്ഷേപം നടപ്പു വർഷം വർദ്ധനവ് മെച്ചപ്പെടുത്തി 2017 മാർച്ചോടെ 14.32% ൽ എത്തി₹6,65,068.59 കോടിമൊത്തം ക്രെഡിറ്റ് തമിഴ്നാട്ടിലെ ബാങ്കുകൾ ഒരു വർഷം രജിസ്റ്റർ ചെയ്തു. 2017 മാർച്ചോടെ 13.50% വർദ്ധനവ്₹6,95,500.31 കോടിയിലെത്തി. അതിന്റെ പങ്ക് മുൻഗണനാ മേഖല മുന്നേറ്റം 45.54% ആണ്. ദേശീയ ശരാശരിയായ 40% കാർഷിക മുന്നേറ്റത്തിന്റെ ശതമാനം മാർച്ച് അവസാനത്തെ മൊത്തം മുന്നേറ്റത്തിലേക്ക് 2017 നെ അപേക്ഷിച്ച് 19.81% ആയി പ്രവർത്തിക്കുന്നു. ദേശീയ ശരാശരിയിൽ 18% ആകുന്നു. തമിഴ്നാടിന്റെ ഏറ്റവും ഉയർന്ന ക്രെഡിറ്റ് നിക്ഷേപ അനുപാതം 119.15% ഈ അനുപാതം 77.5% ദേശീയ തലത്തിൽ കണക്കാക്കുന്നു.

11.10.2 വിദ്യാഭ്യാസം

a. സ്കൂൾ വിദ്യാഭ്യാസം

ഉയർന്ന നിലയിൽ തമിഴ്നാടിനെ വർഗ്ഗീകരിച്ചിരിക്കുന്നു. എൻറോൾമെന്റ് നിരക്ക്(NER) സംസ്ഥാനങ്ങൾക്കാകുന്നു.NITI ആയോഗ്2015-16NER പ്രാഥമിക നിലയിൽ തമിഴ്നാട് 89.24% കേരളത്തെക്കാൾ ഉയർന്ന രീതിയിൽ (79.94%) കാണപ്പെടുന്നു. ദേശീയ ശരാശരി74.74% അഖിലോന്ത്യാ ശരാശരി 43% ലോകശരാശരി 59%.

പട്ടിക 11.15 തമിഴ്നാടിന്റെ പ്രാഥമിക വിദ്യാഭ്യാസ കണക്ക് 2016-17

വിദ്യാലയങ്ങളുടെ എണ്ണം	പ്രൈമറി	35,414
	മിഡിൽ	9,708
	ഹൈ ആന്റ് ഹയർസെക്കന്ററി	12,911

(ഉറവിടം: തമിഴ്നാട് സംസ്ഥാന പോർട്ടൽ, സംസ്ഥാന ഇന്ററീരിയം ബഡ്ജറ്റ് 2016-17)

മൊത്ത എൻറോൾമെന്റ് അനുപാതം118.8% ആണ്. പ്രാഥമിക നിലയ്ക്ക് (ക്ലാസ്സ് 1-5); 112.3% അപ്പർപ്രൈമറിലെവൽ(ക്ലാസ്6-8),62.7% ദ്വിതീയ നില(ക്ലാസ്9-10),49.26%ഹയർസെക്കന്ററിലെവൽ (ക്ലാസ് 11-12). ഇത് പ്രധാനമായും വിതരണ കാരണം സാധ്യമാണ്. സൗജന്യ ആഹാരം, പാദരക്ഷകൾ, യൂണിഫോം, സ്കോളർഷിപ്പ്, ലാപ്പ്ടോപ്പ് മുതലായവ.

b. ഉന്നത വിദ്യാഭ്യാസം

ഉയർന്ന എൻറോൾമെന്റ് അനുപാതത്തിൽ ഉയർന്ന വിദ്യാഭ്യാസത്തെ (തൃതീയ നില) തമിഴ്നാട് മികച്ച തലത്തിൽ തുടരുന്നു. മറ്റു സംസ്ഥാനങ്ങളിൽ GER 46.9% ആണ്. തമിഴ്നാടിന് ദേശീയ ശരാശരിയും മറ്റെല്ലാ സംസ്ഥാനങ്ങളെക്കാൾ GER വിതരണത്തിന് സൗജന്യമായ ആഹാരം,

11th Economics Malayalam_Chapter-11.indd 238 2/14/2023 3:08:32 PM

ചെരുപ്പുകൾ, ലാപ്ടോപ്പുകൾ, സ്കോളർഷിപ്പുകൾ മുതലായവയ്ക്ക് നന്ദി പറയുന്നു.

പട്ടിക 11.16 മൊത്ത അംഗത്വ നിരക്ക് %

സംസ്ഥാനം	2016-17
തമിഴ്നാട്	46.9
മഹാരാഷ്ട്ര	30.2
ഉത്തർപ്രദേശ്	24.9
ഒഡീഷ	21.0
ബീഹാർ	14.4
ഇന്ത്യ മുഴുവനും	25.2

(ഉറവിടം: ആൾ ഇന്ത്യ ഉന്നത വിദ്യാഭ്യാസം സർവ്വേ (AISHE) മനുഷ്യ വിഭവ പുരോഗതി മന്ത്രി ജനുവരി 2018)

തമിഴ്നാടിന് 59 യൂണിവേഴ്സിറ്റികളും 40 മെഡിക്കൽ കോളേജുകളും 517 എഞ്ചിനീയറിംഗ് കോളേജുകളും 2,260 ആർട്ട്സ് ശാസ്ത്ര കോളേജുകളും 447 പോളിടെക്നിക്കുകളും 20 ഡന്തൽ കോളേജുകളും ഉണ്ട്. തമിഴ്നാട്ടിൽ ഏകദേശം 4 ലക്ഷം എഞ്ചിനീയറിംഗ് പോളിടെക്നിക് വിദ്യാർത്ഥികൾ ഓരോ വർഷവും പഠിച്ചിറങ്ങുന്നു. ഇത് നമ്മുടെ രാജ്യത്തിൽ ഉയർന്ന നിലയിൽ കാണപ്പെടുന്നു

11.10.3 വിദ്യാഭ്യാസ ലോണുകൾ

പൊതുമേഖലാ ബാങ്കുകൾക്ക് വിദ്യാഭ്യാസ ലോണുകൾ വീതിച്ചു കൊടുക്കുന്നു. മുൻഗണനാ ക്രമത്തിൽ മൊത്തം തുകയുടെ20.8% ലോണുകൾ2013-14, 2015-16. കാലയളവിൽ തമിഴ്നാടിന് ലഭിച്ചു. രണ്ടാംസ്ഥാനംആന്ധ്രാപ്രദേശിനും11.2% മൂന്നാം സ്ഥാനം മഹാരാഷ്ട്രയ്ക്കും (10.2%) ലഭിച്ചു.

ഇതേ വർഷം സ്വകാര്യമേഖല, വിദ്യാഭ്യാസ വായ്പകൾവിഭജിച്ചുനൽകി.കേരളത്തിൽ37K.8% ശതമാനവും തമിഴ്നാട്ടിൽ 24.8% ശതമാനവും ഇത്തരത്തിൽ നൽകിയിട്ടുണ്ട്. കർണ്ണാടകവും കേരളവും മൊത്തം 60% വായ്പകൾ സ്വകാര്യ ബാങ്കുകളിൽ നിന്നും എടുത്തിട്ടുണ്ട്. .

11.10.4 ആരോഗ്യം

തമിഴ്നാടിന് 3 രീതിയിലുള്ള അടിസ്ഥാന ആരോഗ്യ രീതികൾ കാണപ്പെടുന്നു. അവ ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ആരോഗ്യ ഘടകങ്ങൾ, സമുദായ ആരോഗ്യ സ്ഥലങ്ങൾ, അതിനെ തുടർന്ന അനുബന്ധ സ്ഥലങ്ങൾ എന്നിവയാണ്. മാർച്ച് 2015, ൽ നമ്മുടെ സംസ്ഥാനത്തിൽ 34 ജില്ല ആശുപത്രികൾ, 229 ഉപ ആശുപത്രികൾ 1,254 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ7,555 ഉപസങ്കേതങ്ങൾ313 സമുദായ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ കാണപ്പെടുന്നു.

11.10.5 വാർത്താവിനിമയം

വാർത്താവിനിമയ രംഗത്ത്, മഹാരാഷ്ട്രയിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് ബന്ധം കാണപ്പെടുന്നു. നമ്മുടെ രാജ്യത്തിൽ മഹാരാഷ്ട്രയിൽ 29.47 മില്യൺ നെറ്റ് കണക്ഷൻ കാണപ്പെടുന്നു. അതിനെ തുടർന്ന് തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ കാണപ്പെടുന്നു.

സർക്കാർ ദത്തങ്ങൾ അനുസരിച്ച് ഇന്ത്യയിലെ മൊത്തം കമ്പ്യൂട്ടർ ശൃംഖല ബന്ധത്തിൽ മാർച്ച് 2016 മില്ല്യൺ ശൃംഖല ബന്ധം ഉള്ളതായി കണക്കാക്കപ്പെടുന്നു. തമിഴ്നാട്ടിൽ 28.01 മില്ല്യൺ, അയൽസംസ്ഥാനങ്ങളായആന്ധ്രപ്രദേശിൽ24.87 മില്ല്യൺ,കർണ്ണാടകയിൽ22.63 മില്ല്യൺ ഇന്റർനെറ്റ് ബന്ധം ഉള്ള വ്യക്തികൾ കാണപ്പെടുന്നു.

11.10.6 ഗതാഗതം

എല്ലാ സംസ്ഥാനങ്ങളെയും യോജിപ്പിച്ചു കൊണ്ട് തമിഴ്നാട്ടിൽ നല്ല രീതിയിലുള്ള ഗതാഗത സൗകര്യങ്ങൾ കാണപ്പെടുന്നു. ഇത് സംസ്ഥാനങ്ങളുടെ നിക്ഷേപങ്ങൾക്ക് ഒരു പരിധി വരെ മുതൽക്കൂട്ടായി. വളരെ വിശാലമായ റേഡുകൾ മുഖാന്തരം നഗര പ്രദേശങ്ങൾ കൃഷി, വിപണി, ഗ്രാമവാസികൾ മുതലായവയ്ക്ക് പരസ്പരം ബന്ധപ്പെടാൻ ഗതാഗതത്തിലൂടെ സാധിച്ചു. ഒരു പരിധി വരെ നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്നു.

11th Economics Malayalam_Chapter-11.indd 239 2/14/2023 3:08:32 PM

a. റോഡുകൾ

28 ദേശീയ പാതകൾ തമിഴ്നാട്ടിൽ കാണപ്പെടുന്നു. മൊത്തം 5,036 കി.മീ ആവരണം ചെയ്യുന്നു. തമിഴ്നാട്ടിൽ കാണുന്ന റോഡിന്റെ നീളം 167,000 കി.മീ ആണ്. അതിൽ 60,628 കി.മീ റോഡുകളെ കൈകാര്യം ചെയ്യുന്നത് ഹൈവേ വിഭാഗമാണ്. ഇന്ത്യയിലെ റോഡ് ഗതാഗതത്തിൽ തമിഴ്നാടിന് രണ്ടാം സ്ഥാനം കാണപ്പെടുന്നു. മൊത്ത റോഡ് പദ്ധതിയിൽ, പൊതു സ്വകാര്യ മേഖല പങ്കാളിത്തത്തോടെ 20% പണികൾ നടക്കുന്നു


b. തീവണ്ടി ഗതാഗതം



തെക്കൻ റെയിൽവേയിൽ തമിഴ്നാട് പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. ഇതിന്റെ തലസ്ഥാനം ചെന്നൈ ആണ്. ഇപ്പോഴത്തെ ദക്ഷിണ റെയിൽവേയുടെ പരസ്പര ബന്ധിത ശൃംഖല ഇന്ത്യയുടെ ദക്ഷിണ ഉപദ്വീപിലെ തമിഴ്നാട്, കേരളം, പോണ്ടിച്ചേരി, കർണ്ണാടകയിലെ ചില ഭാഗങ്ങൾ ആന്ധ്രാപ്രദേശ് എന്നീ ഭാഗങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. തമിഴ്നാടിന്റെ റയിൽവേ ട്രാക്കിന്റെ നീളം 6,693 കി.മീ ആണ്. 690 റെയിൽവേ സ്റ്റേഷനുകൾ കാണപ്പെടുന്നു. ഈ രീതി ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധപ്പെടുത്തുന്നു. ഏറ്റവും പ്രധാനപ്പെട്ട റെയിൽവേ ജംഗ്ഷനുകൾചെന്നൈ,കോയമ്പത്തൂർ,ഈറോഡ്, മധുരൈ, സേലം, തിരുച്ചിറാപ്പള്ളി, തിരുനെൽവേലി എന്നിവയാണ്. നഗര പ്രദേശങ്ങളെ ബന്ധപ്പെടുത്തി നല്ല രീതിയിലുള്ള റയിൽവേ സംവിധാനം ചെന്നൈയിൽ കാണപ്പെടുന്നു. അതിവേഗ ഗതാഗത സമ്പ്രദായം ഭൂഗർഭ റയിൽവേ രീതികൾ കണ്ടുപിടിക്കാൻ കാരണമായിഭൂമിയുടെഅന്തർഭാഗത്തുകൂടിയുള്ളറെയിൽവേ ലൈനുകൾ മേയ് 2017 മുതൽ ആരംഭിച്ചിരുന്നു.

c. വ്യോമ ഗതാഗതം

തമിഴ്നാട്ടിൽ 4 പ്രധാനപ്പെട്ട അന്താരാഷ്ട്ര വിമാനത്താവളങ്ങൾ കാണപ്പെടുന്നു. മുംബെയും ഡൽഹിയും കഴിഞ്ഞാൽ ചെന്നൈ വിമാനത്താവളം ഇന്ത്യയിൽ മൂന്നാം സ്ഥാനത്ത് കാണപ്പെടുന്നു. തമിഴ്നാട്ടിലുള്ള മറ്റ് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, കോയമ്പത്തൂർ, മധുരൈ, തിരുച്ചിറാപ്പള്ളി എന്നിവയാണ്. തമിഴ്നാട്ടിലെ സ്വദേശീയ വിമാനത്താവളങ്ങളായ തൂത്തുക്കുടി, സേലം, മധുരൈ എന്നിവ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളെ ബന്ധപ്പെടുത്തുന്നു. വികസിച്ചു കൊണ്ടിരിക്കുന്ന തുടർച്ചയായ പ്രവർത്തനങ്ങൾ ജനങ്ങളുടെ യാത്രകളും ചരക്ക് ഗതാഗതവും വർദ്ധിപ്പിക്കുന്നു. ഓരോ വർഷവും വളർന്നുകൊണ്ടിരിക്കുന്നു



d. തുറമുഖങ്ങൾ

തമിഴ്നാട്ടിലെ മൂന്ന് വലിയ തുറമുഖങ്ങൾ ചെന്നൈ, എണ്ണൂർ, തൂത്തുക്കുടി എന്നീ സ്ഥലങ്ങളിൽ കാണപ്പെടുന്നു. നാഗപട്ടണം ഇടത്തരം തുറമുഖമാണ്. 23 ചെറിയ തുറമുഖങ്ങൾ കാണപ്പെടുന്നു. ഈ തുറമുഖങ്ങൾ മുഖേന വർഷം തോറും 73 മില്യൺ മെട്രിക് ടൺ ചരക്കു ഗതാഗതം നടക്കുന്നു. (ഇന്ത്യയുടെ പങ്കാളിത്തം 24 ഓറ്റരി) ചെറിയ തുറമുഖങ്ങളെ കൈകാര്യം ചെയ്യുന്നത് നാവിക ബോർഡും ചെന്നൈ തുറമുഖവുമാണ്. ചെന്നൈ തുറമുഖം ഒരു മനുഷ്യ നിർമ്മിതമായ (വച്ചുപിടിപ്പിക്കുന്നവ) തുറമുഖവും കണ്ടയിനറുകൾ കൈകാര്യം ചെയ്യുന്ന രാജ്യത്തിന്റെ രണ്ടാമത്തെ തുറമുഖവുമാണ്. ഇതിൽ ഇപ്പോൾ 4,00,000 വാഹനങ്ങൾ ഇറക്കാൻ സാധിക്കുന്നു. എണ്ണൂർ തുറമുഖം അടുത്ത കാലത്തായി ഇടത്തരം തുറമുഖത്തിൽ നിന്ന് പ്രധാന തുറമുഖമാക്കപ്പെട്ടു. ഇത് തമിഴ്നാടിന്റെ

11th Economics Malayalam_Chapter-11.indd 240 2/14/2023 3:08:33 PM


കൽക്കരിയുടെയും ധാതുക്കളുടെയും ഗതാഗത ത്തിന് സഹായിച്ചു.

11.11 ടൂറിസം

തമിഴ്നാട് പുരാതന കാലം മുതൽ ടൂറിസത്തിന്റെ കേന്ദ്രമാണ് സമീപ വർഷങ്ങളിൽ സംസ്ഥാനം ആഭ്യന്തര വിനോദ സഞ്ചാരം കേന്ദ്രങ്ങളിൽ ഒന്നായി മാറി. വിദേശ വിനോദ സഞ്ചാരത്തെയും, തമിഴ്നാട്ടിലെ ടൂറിസത്തെയും പ്രോത്സാഹിപ്പിക്കുന്നത് തമിഴ്നാട് ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനാണ് (TTDC) തമിഴ്നാട് സർക്കാർ ഏറ്റെടുക്കുന്നതും നിലവിൽ 25 കോടി സന്ദർഭങ്ങളുമായി 2013 ൽ ഏറ്റവും കൂടുതൽ വളർച്ചാ നിരക്കുള്ള ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു സംസ്ഥാനമായി മാറി. ഈ വ്യവസായത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 16 ശതമാനമാണ്. ഏകദേശം 28 ലക്ഷം വിദേശികളും ഒരു കോടി ആഭ്യന്തര വിനോദ സഞ്ചാരികളും സംസ്ഥാനം സന്ദർശിക്കുന്നു.



2016 ലെ ഇന്ത്യയിലേക്കുള്ള ടൂറിസ്റ്റുകളുടെ കണക്ക്




ഉറവിടം: മിനിസ്റ്ററി ടൂറിസം


11.12 തൊഴിലില്ലായ്മയും ദാരിദ്രവും

തൊഴിലില്ലായ്മ നിരക്ക് 1000 ത്തിന് 42 എന്ന നിരക്കിൽ 22 ാംമത് വിത്യസ്ത സാമ്പത്തിക പ്രത്യാഘാതങ്ങളെ വ്യത്യസ്ത തരം തൊഴിലില്ലായ്മയുണ്ട്. തൊഴിൽ സാഹചര്യം പൂർണ്ണമായി മനസ്സിലാക്കുന്നതിന് ഈ വശങ്ങളെല്ലാം പഠിക്കേണ്ടതുണ്ട്.

11th Economics Malayalam_Chapter-11.indd 241 2/14/2023 3:08:34 PM

ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ തമിഴ്നാട് സമ്പന്ന സംസ്ഥാനങ്ങളിലൊന്നാണ് കാരണം ദാരിദ്രത്തിൽ സംസ്ഥാനം ക്രമാനുഗതമായി കുറയുന്നു. ഇന്ന് രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് തമിഴ്നാട്ടിൽ ദാരിദ്രത്തിന്റെ തോത് കുറവാണ്. 2005 നു ശേഷം അതിവേഗം വളരുന്നു സംസ്ഥാനങ്ങളിലൊന്നാണ് തമിഴ്നാട്. പ്രധാനമായും സേവനങ്ങൾ വഴിയാണ് വളർച്ച നേടിയിട്ടുള്ളത്.





11.13 ഉപസംഹാരം

പ്രകൃതി വിഭവങ്ങൾ സമ്പന്നമല്ലാത്ത തമിഴ്നാട് സമ്പദ്വ്യവസ്ഥയ്ക്ക് കാർഷിക വളർച്ച വ്യവസായിക പുരോഗതി, സേവനങ്ങമേഖലയുടെ ശക്തമായ വളർച്ചയുടെ നല്ല റെക്കോർഡ്, പ്രത്യേകിച്ച് ബാങ്കിംഗ് എന്നിവയുമുണ്ട് വിദ്യാഭ്യാസവും, ഗതാഗതവും, ടൂറിസവും ആരോഗ്യ സൂചികയിൽ മൂന്ന് റാങ്കുകൾ, വിദ്യാഭ്യാസം MSMES വികസനം, ദാരിദ്ര്യ നിർമ്മാജനത്തിന്റെയും തൊഴിലവസരങ്ങളുടെയും നല്ലൊരു രേഖ എന്നിവ ഇതിന് ഉണ്ട്. എന്നിരുന്നാലും പൊതുവേ ഇന്ത്യയിൽ പ്രത്യേകിച്ച് തമിഴ്നാട്ടിൽ പെൺഭ്രൂണഹത്യ ഇല്ലാതാക്കുന്നതിന് നടപടികൾ ആവശ്യമാണ്. ചേരികളിൽ താമസിക്കുന്ന ജനതയെ സംരക്ഷിക്കാനും റോഡരികിൽ ഉറങ്ങുന്ന യാചകർക്കും റാഗ്പിക്കർമാർക്കും വേണ്ടി കൂടുതൽ പ്രവർത്തിക്കേണ്ടതുമാണ്

11th Economics Malayalam_Chapter-11.indd 242 2/14/2023 3:08:35 PM

രൂപരേഖ-I

തമിഴ്നാട്ടിലെ ജനസംഖ്യാ വളർച്ച ഒറ്റനോട്ടത്തിൽ (2011 സെൻസസ്)	
• ആകെ ജനസംഖ്യ	72138958
• ആൺ	36158871
• പെൺ	35980087
• ക്രൂഡ് ജനനനിരക്ക് (ആയിരത്തിന്) • ക്രൂഡ് മരണനിരക്ക് (ആയിരത്തിന്) • വളർച്ചാ നിരക്ക് (ആയിരത്തിന്)	15.7 7.4 8.3
• ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലകൾ	(ചെന്നൈ, കാഞ്ചീപുരം, വെല്ലൂർ, തിരുവല്ലൂർ)
• ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള ജില്ലകൾ	(പെരുമ്പലൂർ, നീലഗിരി, അരിയലൂർ, തേനി)
• ജനസാന്ദ്രത (ചതുരശ്ര കിലോമീറ്ററിന്):	555 (2011), 480 (2001)
• പരമാവധി സാന്ദ്രത	ചെന്നൈ (26903); കന്യാകുമാരി (1106)
• കുറഞ്ഞ സാന്ദ്രത	നീലഗിരി (288); തിരുച്ചിറാപ്പള്ളി (602)
• ലൈംഗിക അനുപാതം (1000 പുരുഷൻമാർക്ക്)	995 സ്ത്രീകൾ (2011) 987 സ്ത്രീകൾ (2001)
• ലിംഗം ഏറ്റവും ഉയർന്ന ലൈംഗിക അനുപാതം ഉള്ള ജില്ല	നീലഗിരി (1041 സ്ത്രീകൾ) തഞ്ചാവൂർ (1031 സ്ത്രീകൾ) നാഗപ്പട്ടണം (1025 സ്ത്രീകൾ)
• ഏറ്റവും കുറഞ്ഞ ലൈംഗിക അനുപാതമുള്ള ജില്ല	തേനി (900 സ്ത്രീകൾ) ധർമ്മപുരി (946 സ്ത്രീകൾ)
• കുട്ടികളുടെ ലൈംഗിക അനുപാതം (0-6 വയസ്സ്)	946 പെൺകുട്ടികൾ (2011) 942 പെൺകുട്ടികൾ (2001)
• ഏറ്റവും കൂടുതൽ ശിശുലൈംഗിക അനുപാതമുള്ള ജില്ല	നീലഗിരി (985), കന്യൂകുമാരി (964)
• കുട്ടികൾ ഏറ്റവും കുറഞ്ഞ ശിശു ലൈംഗിക അനുപാതമുള്ള ജില്ല	കടലൂർ (896); അരിയലൂർ (897)
• സാക്ഷരത നിരക്ക്	80.33% (2011) 73.45% (2001)
• പുരുഷ സാക്ഷരത	86.81% (2011) 82.33% (2001)
• സ്ത്രീ സാക്ഷരത	73.86% (2011) 64.55% (2001)
• ഏറ്റവും ഉയർന്ന സാക്ഷരതയുള്ള ജില്ല	കന്യാകുമാരി(92.14%); ചെന്നൈ 90.33%)
• ഏറ്റവും കുറ സാക്ഷരതയുള്ള ജില്ല	ധർമ്മപുരി (64.71%; അരിയല്ലൂർ (71.99%)

11th Economics Malayalam_Chapter-11.indd 243 2/14/2023 3:08:35 PM

പദശേഖരണം

പ്രതിശീർഷ വരുമാനം - ഓരോ വ്യക്തിയുടെ ആളോഹരി വരുമാനം (GSDP / ജനസംഖ്യ)

GSDP - സംസ്ഥാനത്ത് പ്രതിവർഷം ഉല്പാദിപ്പിക്കുന്ന എല്ലാ ചരക്കുകളുടെയും സേവനങ്ങളുടെയും ആകെതുകയാണ് ജി.എസ്.ഡി.പി പഠനമൂല്യം

നവജാത ശിശുമരണ ഡെലിവറി - പ്രസവം കഴിഞ്ഞ ഉടൻ കുഞ്ഞുങ്ങൾ മരിക്കുന്നത്

ശിശുമരണനിരക്ക് : കുട്ടികളുടെ മരണം ജനിച്ച് ഒരു വർഷം പൂർത്തിയാക്കുന്നതിന് മുൻമ്പ്

കുട്ടികളുടെ മരണനിരക്ക് - ഒരു വയസ്സ് പ്രായത്തിന് മുൻമ്പുള്ള കുട്ടികളുടെ മരണം.

സി.ഡി അനുപാതം - നിക്ഷേപത്തിന്റെ ബാങ്ക് മുന്നേറ്റത്തിന്റെ അനുപാതം

ബൈയോഡിസൽ - ചെടികളിൽ നിന്നും എണ്ണ വേർതിരിച്ചെടുക്കുന്നത് ജട്രോഫ പോലെ

MSMEs - മൈക്രോ ചെറുകിട, ഇടത്തര എന്റർപ്രൈസസ്

മൈക്രോ എന്റർപ്രൈസ് - 25 ലക്ഷത്തിൽ കൂടാത്ത മൂലധന നിക്ഷേപമുള്ള എന്റർപ്രൈസ് (ഇവയിൽ പലമാറ്റങ്ങളും)

ചെറുകിട എന്റർപ്രൈസ് യൂണിറ്റ് - 25 നു മുകളിലുള്ളതും എന്നാൽ 10 കോടിക്ക് താഴെയുള്ള ചെടികളിലും യന്ത്രസാമഗ്രികളിലും നിക്ഷേപം നടത്തുന്നു (ഇവയിൽ പല മാറ്റങ്ങൾ)

മാതൃകാ ചോദ്യങ്ങൾ

ഭാഗം-A മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ

1. ആരോഗ്യ സൂചികയിൽ തമിഴ്നാട് ഏത് സംസ്ഥാനത്തെക്കാൾ മുന്നിലാണ്

   a) കേരളം

   b) പഞ്ചാബ്

   c) ഗുജറാത്ത്

   d) മുകളിൽ പറഞ്ഞവയെല്ലാം

   6LJ08

2. ലിംഗാനുപാതത്തിൽ തമിഴ്നാട് ..... റാങ്കിലാണ്

   a) ഒന്നാമത്

   b) രണ്ടാമത്

   c) മൂന്നാമത്

   d) നാലാമത്

3. തമിഴ്നാട്..... സമ്പന്നമാണ്

   a) വനവിഭവം

   b) മാനവ വിഭവശേഷി

   c) ധാതുവിഭവങ്ങൾ

   d) മുകളിൽ പറഞ്ഞവയെല്ലാം

4. തമിഴ്നാടിന്റെ ജലസോചനത്തിന്റെ പ്രധാന ക്ഷാമം

   a) നദി

   b) ടാങ്ക്

   c) കിണർ

   d) ചാനലുകൾ

5. ധാരാളം നെയ്ത വസ്ത്ര ഉത്പാദനം ..... ജില്ലയിലാണ്

   a) കോയമ്പത്തൂർ

   b) തിരുപ്പൂർ

   c) ഈറോഡ്

   d) കരൂർ

6. ഇനിപ്പറയുന്നവയിൽ ഏതാണ് തെറ്റായി പൊരുത്തപ്പെട്ടിട്ടുള്ളത്?

   a) തമിഴ്നാട് തുത്തുക്കുടിയുടെ കവാടം

   b) ഹോം ടെക്സ്റ്റൽ സിറ്റി ഇറോഡ്

   c) ഉരുക് നഗരം സേലം

   d) ഡംപ്സിറ്റി കോയമ്പത്തൂർ

11th Economics Malayalam_Chapter-11.indd 244 2/14/2023 3:08:35 PM

7. ഇനിപറയുന്നവയിൽ അന്താരാഷ്ട്ര വിമാന ത്താവളം ഇല്ലാത്തത് ഏത് സിറ്റി ആണ്?

a) മധുരൈ

b) തിരുച്ചിരാപ്പള്ളി

c) പരമക്കുടി

d) കോയമ്പത്തൂർ

8. ..... ധാന്യം ഒഴികെ ഇനിപ്പറയുന്ന വിളകളുടെ ഉൽപ്പാദനത്തിൽ ഒന്നാമത്

a) ഏത്തപ്പഴം

b) നാളികേരം

c) തോട്ടവിളകൾ

d) ഏലം

9. ഏതു കൃഷിക്കാണ് ഏറ്റവും വലിയ ഭൂമി ഉപ യോഗിക്കുന്നത്

a) നെല്ല്

b) കരിമ്പ്

c) നിലക്കടല

d) നാളികേരം

10. സാക്ഷരതാ നിരക്കിൽ തമിഴ്നാടിന്റെ റാങ്ക് എത്ര

a) ഒരുനിമിഷം

b) നാലാമത്

c) ആറാമത്

d) എട്ടാമത്

11. MSMEs, സമർപ്പിച്ച നിക്ഷേപ നിർദ്ദേശ ങ്ങളിൽ ടി എൻ റാങ്കുകൾ

a) I

b) II

c) III

d) IV

12. ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ ലിംഗാനുപാതം ഉള്ളത്?

a) നാഗപട്ടണം

b) നീലഗിരി

c) തിരുച്ചി

d) തഞ്ചാവൂർ

13. ഏറ്റവും കുറഞ്ഞ ചെയിൽഡ് ലിംഗാനുപാതം ഉള്ള ജില്ല ഏതാണ്?

a) മധുരൈ

b) തേനി

c) അരിയല്ലൂർ

d) കടലൂർ

14. ലിംഗാനുപാതം ഏറ്റവും കൂടുതൽ കേന്ദ്രഭരണമുള്ള പ്രദേശം?

a) ചണ്ഡിഗഡ്

b) പോണ്ടിച്ചേരി

c) ലക്ഷദ്വീപ്

d) ആൻഡമാൻ നിക്കോബാർ

15. തമിഴ്നാട്ടിലെ GSDP യിലൂടെ ഏറ്റവും വലിയ സംഭാവന

a) കൃഷി

b) വ്യവസായം

c) ഖനനം

d) സേവനങ്ങൾ

16. മാനവ വികസന സൂചികയിൽ തമിഴ്നാടിന്റെ റാങ്ക്

a) രണ്ടാം സ്ഥാനം

b) നാലാം സ്ഥാനം

c) ആറാം സ്ഥാനം

d) ഏഴാം സ്ഥാനം

17. SPIC സ്ഥിതി ചെയ്യുന്നത്

a) ചെന്നൈ

b) മധുര

c) തൂത്തുക്കുടി

d) പുതുക്കോട്ടൈ

18. TICEL പാർക്ക്

a) റബ്ബർ പാർക്ക്

b) ടെക്സ്റ്റൈൽ പാർക്ക്

c) ഫുഡ് പാർക്ക്

d) പുതുക്കോബൈയോ പാർക്ക്

19. ഇന്ത്യയുടെ മൊത്തം സിമന്റ് ഉല്പാദനത്തിൽ തമിഴ്നാടിന് എത്രാം സ്ഥാനം

a) മൂന്നാം സ്ഥാനം

b) നാലാം സ്ഥാനം

c) ഒന്നാം സ്ഥാനം

d) രണ്ടാം സ്ഥാനം

20. സതേൺ റെയിൽവേ (ദക്ഷിണ റെയിൽവേ) യുടെ ആസ്ഥാനം ഏതാണ്

a) തിരുച്ചിറാപ്പള്ളി

b) ചെന്നൈ

c) മധുര

d) കോയമ്പത്തൂർ

ഉത്തരങ്ങൾ ഭാഗം-A

1	2	3	4	5	6	7	8	9	10
c	c	b	c	b	b	c	d	a	d
11	12	13	14	15	16	17	18	19	20
a	b	c	b	d	d	c	d	a	b

ഭാഗം-B ഇതിൽ പറയുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം നൽകുക.

21. അനുകൂലമായ ലിംഗാനുപാതമുള്ള ഏതെങ്കിലും രണ്ട് ജില്ലകളെ സംഥാനങ്ങളുടെ സൂചിപ്പിക്കുക.

22. GSDP നിർവ്വചിക്കുക.

23. തമിഴ്നാട്ടിൽ തുണി വ്യവസായത്തിൽ വികസനം വിവരിക്കുക.

24. തമിഴ്നാട്ടിലെ പ്രധാന തുറമുഖങ്ങൾ ഏതാണ്?

25. ഹെറിറ്റേജ് ടൂറിസം ഏതാണ്?

26. എന്താണ് തമിഴ്നാട് ആണവ നിലയങ്ങൾ?

27. മൈക്രോ വ്യവസായം നിർവചിക്കുക

ഭാഗം C ഇനിപ്പറയുന്നവയ്ക്ക് ഒരു ഖണ്ഡികയിൽ കുറയാതെ ഉത്തരം എഴുതുക.

28. തമിഴ്നാട്ടിലെ ധാതു വിഭവങ്ങളെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.

29. തമിഴ്നാട്ടിൽ GSDP വിശദീകരിക്കുക.

30. തമിഴ്നാട്ടിൽ തുണി വ്യവസായത്തിന്റെ വികസനം വിവരിക്കുക.

31. തമിഴ്നാടും ഇന്ത്യയും തമ്മിലുള്ള ഏതെങ്കിലും രണ്ട് ഭക്ഷ്യ വിളകളുടെ ഉൽപാദന ക്ഷമത താരതമ്യം ചെയ്യുക.

11th Economics Malayalam_Chapter-11.indd 246 2/14/2023 3:08:35 PM

32. ടൂറിസത്തിന്റെ വികസനത്തിനുള്ള സാധ്യത, വിശദീകരിക്കുക.

33. തമിഴ്നാട്ടിലെ പുനരുപയോഗ ഊർജ്ജം സ്രോതസ്സുകൾ എന്തൊക്കെയാണ്?

34. ആരോഗ്യത്തിൽ തമിഴ്നാട് സമ്പദ്വ്യവസ്ഥയുടെ പ്രകടനം വിവരിക്കുക.

ഭാഗം D താഴെപറയുന്ന ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക

35. തമിഴ്നാടിന്റെ ഗുണപരമായ ജനസംഖ്യ ഘടകങ്ങളെ കുറിച്ച് വിവരിക്കുക.

36. തമിഴ്നാടിന്റെ വിവിധ ഊർജ്ജസ്രോതസ്സുകൾ വിശദീകരിക്കുക.

37. തമിഴ്നാടിന്റെ പൊതുഗതാഗത സംവിധാനം വിശദീകരിക്കുക.

പ്രവർത്തനം

1. ഗ്രാമത്തിനടുത്തായി നിങ്ങൾ സന്ദർശിക്കുക വിള ഉൽപാദനം, ജലസേചന സ്രോതസ്സ് കർഷകരുകട ജീവിത അവസ്ഥ എന്നിവയെ കുറിച്ച് സ്ഥലത്തു തന്നെ പഠനം നടത്തുക.

പരാമർശങ്ങൾ

1. A. G. Leonard - **Tamil Nadu Economy** – 2006, Laxmi Publications
2. V. Rajalakshmi - **Tamil Nadu Economy** – 1 Jun 2002, BPI (India) PVT Ltd

https://www.ibef.org/states/tamil-nadu.aspx

https://www.quora.com/Can-Tamil-Nadu-become-the-biggest-economy-in-India

https://www.indiatoday.in › India

statisticstimes.com/economy/economy-of-tamil-nadu.php

അധ്യായം

12

സാമ്പത്തിക ശാസ്ത്രത്തിനായുള്ള ഗണിത ശാസ്ത്ര രീതികൾ

"പ്രമുഖ സാമ്പത്തിക ശാസ്ത്രവിദഗ്ദ്ധൻ അപൂർവ്വങ്ങളായ കഴിവുകളാൽ സമ്മാനിതനായിരിക്കണം. അദ്ദേഹത്തിന് ഗണിതശാസ്ത്രജ്ഞൻ, ചരിത്രകാരൻ, രാഷ്ട്രതന്ത്രജ്ഞൻ തത്വചിന്തകൻ തുടങ്ങിയവരുടെ അപൂർവ്വ സംയോജനം ഉണ്ടായിരിക്കണം."

- ജെ.എം. കെയിൻസ്.

പഠന ലക്ഷ്യങ്ങൾ

1. സാമ്പത്തിക ശാസ്ത്രത്തിന് ഗണിത ശാസ്ത്രം ആവശ്യമായി വരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ.
2. വിവരണാത്മക സാമ്പത്തിക ശാസ്ത്രത്തിൽ മാത്രമല്ല, ക്വാണ്ടിറ്റേറ്റീവ് ഇക്കണോമിക്സിലും സ്വയം പ്രകടിപ്പിക്കാനുള്ള ഒരു സൗകര്യമായി ഗണിതശാസ്ത്ര രീതികളെക്കുറിച്ചുള്ള അറിവ് മനസ്സിലാക്കാൻ.

12.1 ആമുഖം

(a) സാമ്പത്തിക വിശകലനം എന്നത് അപര്യാപ്തമായ വിഭവങ്ങളുടെ പൂർണ്ണമായ ഉപയോഗം നിർണ്ണയിക്കുന്നതിനും. (b) ലഭ്യമായ ബദലുകൾ തിരഞ്ഞെടുക്കുന്നതിനും ഒരു പ്രത്യേക ലക്ഷ്യം നേടുന്നതിനുള്ള മികച്ച ബദൽ തിരഞ്ഞെടുക്കുന്നതിനുമുള്ള ഒരു ചിട്ടയായ സമീപനമാണ്. സാമ്പത്തിക വിശകലനത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഗണിതശാസ്ത്ര രീതികൾ സഹായകരമാണ്.

12.1.1 എന്തുകൊണ്ട് ഗണിത ശാസ്ത്രം പഠിക്കണം?

സാമ്പത്തിക ശാസ്ത്രം എന്ന വിഷയം അളക്കാനാകുന്ന സവിശേഷതകളും ബന്ധങ്ങളുമായ ഉൽപ്പാദനം, ഉപഭോഗം, വിതരണം, നയരൂപീകരണം എന്നിവ വിശദീകരിക്കുന്നു. ഇതിൽ ഗണിതശാസ്ത്ര മോഡലുകൾ സാമ്പത്തിക ശാസ്ത്രജ്ഞൻമാരെ ഈ അളക്കാനാകുന്ന സവിശേഷതകൾ മികച്ച രീതിയിൽ ഉപയോഗിക്കുന്നതിനും കൃത്യമായ ഫലങ്ങൾ നേടുന്നതിനും സഹായിക്കും.

ദൈർഘ്യമേറിയതും, വിവരണാത്മകവുമായ സാമ്പത്തിക ഉള്ളടക്കങ്ങൾ വ്യക്തവും എളുപ്പവുമായി മനസ്സിലാക്കാൻ ഗണിതശാസ്ത്ര മാതൃകകളിലെ വാക്യങ്ങൾ സഹായകമാണ്. ഉദാഹരണത്തിന് **ഒരു ഹയർസെക്കന്ററി സ്കൂളിൽ ഒരു നിശ്ചിത കാലയളവിൽ ആവശ്യപ്പെടുന്ന പേനകളുടെ എണ്ണം വില പൂജ്യമാകുമ്പോൾ 200 ആണ്. പേനയുടെ വിലയിലെ ഓരോ ₹1 രൂപ ഉയർച്ചയ്ക്കും ചോദനം 10 വീതം കുറയുന്നു.** ഇത് ഗണിതശാസ്ത്രപരമായി ഇങ്ങനെ സൂചിപ്പിക്കാം.

$Q = 200 - 10\ P$, ഇവിടെ Q എന്നത് ആവശ്യപ്പെടുന്ന അളവും P എന്നത് വിലയും. അതിനാൽ വലിയ വിവരങ്ങൾ ലളിതമായ പ്രവർത്തനങ്ങളോടും സമവാക്യങ്ങളോടും ആശയവിനിമയം നടത്താം.

11th Economics Malayalam_Chapter-12.indd 248 2/14/2023 3:09:20 PM

12.1.2 സാമ്പത്തിക ശാസ്ത്രത്തിലെ ഗണിത ശാസ്ത്രം



സർ വില്യം പെറ്റി
1623-1687

എണ്ണത്തിലും തൂക്കത്തിലും അളവിലും രാഷ്ട്രീയവും സാമ്പത്തികവുമായ കാര്യങ്ങൾ കുറയ്ക്കാൻ താൻ ആഗ്രഹിക്കുന്നുവെന്ന് സർ വില്യം പെറ്റി പ്രഖ്യാപിച്ചു. (1623-1687). കാലഘട്ടത്തിൽ സാമ്പത്തിക ശാസ്ത്രത്തിൽ ആദ്യമായി ഗണിത ശാസ്ത്രം ഉപയോഗിച്ച വ്യക്തിയാണ് സർ വില്യം പെറ്റി സാമ്പത്തിക പ്രശ്നങ്ങൾക്ക് ഗണിത ശാസ്ത്ര രീതി പ്രയോഗിച്ച് ആദ്യ എഴുത്തുകാരൻ ഇറ്റലിക്കാരനായ ജിയോവന്നി സേവ (1711) ആയിരുന്നു.

12.1.3 സാമ്പത്തിക ശാസ്ത്രത്തിലെ ഗണിതശാസ്ത്ര രീതികളുടെ ഉപയോഗങ്ങൾ

1. സാമ്പത്തിക പ്രശ്നങ്ങൾ കൂടുതൽ കൃത്യമായ രൂപത്തിൽ അവതരിപ്പിക്കാൻ ഗണിത ശാസ്ത്ര രീതികൾ സഹായിക്കുന്നു.
2. സാമ്പത്തിക ആശയങ്ങൾ വിശദീകരിക്കാൻ ഗണിത രീതികൾ സഹായിക്കുന്നു.
3. സാമ്പത്തിക വിശകലനങ്ങളിൽ ഗണ്യമായ രീതികൾ ഉപയോഗിക്കാൻ ഗണിത രീതികൾ സഹായിക്കുന്നു.
4. ഗവൺമെന്റോ, മറ്റാരെങ്കിലുമോ നടപ്പിലാക്കുന്ന ഏതെങ്കിലും സാമ്പത്തിക പ്രവർത്തനത്തിന്റെ സ്വാധീനമോ ഫലമോ കണക്കാക്കാൻ ഗണിത ശാസ്ത്ര രീതികൾ സഹായിക്കുന്നു. ഇതുകൊണ്ട് തീർച്ചയായും മറ്റ് പല ഉപയോഗങ്ങളും ഉണ്ട്.



ചിന്തിക്കുക ചെയ്യുക

- ആരാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവ്? അദ്ദേഹത്തിന്റെ സംഭാവനകളിൽ ഏതെങ്കിലും ഗണിത ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ പട്ടികപ്പെടുത്തുക.
- നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ നിങ്ങൾ ഉപയോഗിക്കുന്ന ഗണിത ഉപകരണങ്ങൾ കണ്ടെത്തുക.

12.2 പ്രവർത്തനങ്ങൾ

12.2.1 നിർവ്വചനം

ഗണിതശാസ്ത്ര ബന്ധമാണ് ഒരു ഫംഗ്ഷൻ. അതിൽ ആശ്രിത ഘടകങ്ങളുടെ മൂല്യങ്ങൾ ഒന്നോ അതിലധികമോ സ്വതന്ത്ര ഘടകങ്ങളുടെ മൂല്യങ്ങളാൻ നിർണ്ണയിക്കപ്പെടുന്നു.

ഒരു പ്രവർത്തനത്തിൽ ഒരു സ്വതന്ത്ര വേരിയബിൾ (ഘടകം) മാത്രം ഉണ്ടെങ്കിൽ ആ പ്രവർത്തനത്തെ ലളിതമായി യൂണിവേരിയേറ്റ് ഫംഗ്ഷനുകൾ എന്നു വിളിക്കുന്നു. ഒന്നിൽ കൂടുതൽ സ്വതന്ത്ര വേരിയബിളുകൾ ഉള്ള ഫംഗ്ഷനെ മൾട്ടി വേരിയേറ്റ് ഫംഗ്ഷൻ എന്ന് വിളിക്കുന്നു. സ്വതന്ത്ര വേരിയബിളുകളെ പലപ്പോഴും X നിർണ്ണയിക്കുന്നു. ആശ്രിത വേരിയബിളുകളെ Y യും നിർണ്ണയിക്കുന്നു. ഉദാഹരണത്തിന് Y എന്നത് X മായി ബന്ധപ്പെട്ടിരിക്കുന്നു. അതിനർത്ഥം Y മൂല്യം X നെ ആശ്രയിച്ചിരിക്കുന്നു. ഗണിതശാസ്ത്രപരമായി ഒരാൾക്ക് $Y = f(X)$ എന്ന് എഴുതാം.

12.2.2 രേഖീയ സമവാക്യം

രണ്ട് അളവുകൾ തമ്മിലുള്ള ബന്ധത്തിന്റെ ഒരു പ്രസ്താവനയെ ഒരു സമവാക്യം എന്ന് വിളിക്കുന്നു. ഒരു സമവാക്യത്തിൽ, സ്വതന്ത്ര വേരിയബിളിന്റെ ഏറ്റവും വലിയ ശക്തി ഒന്നാണെങ്കിൽ അതിനെ ലീനിയർ സമവാക്യം എന്ന് വിളിക്കുന്നു. ഗ്രാഫ് വരയ്ക്കുമ്പോൾ അത്തരം സമവാക്യങ്ങൾ നേർ രേഖകൾ നൽകുന്നു. ഉദാഹരണത്തിന് $Y = 100-10X$

ഒരു നേർരേഖയ്ക്ക് X,Y എന്നിങ്ങനെ രണ്ട് വേരിയബിളുകൾ ഉണ്ട്. X നെ സ്വതന്ത്ര വേരിയബിളുകൾ എന്നും Y യെ ആശ്രിത വേരിയബിൾ എന്നും വിളിക്കുന്നു.

X മൂല്യം ഒരു യൂണിറ്റ് വർദ്ധിക്കുമ്പോൾ Y മൂല്യത്തിന്റെ അനുബന്ധ മാറ്റത്തെ വരയുടെ ചരിവ് എന്ന് വിളിക്കുന്നു. വരിയുടെ ചരിവ് ലഭിക്കുന്ന സമവാക്യം,

m = ചരിവ് (നാമമാത്രമായ മാറ്റം)

11th Economics Malayalam_Chapter-12.indd 249 2/14/2023 3:09:20 PM

$$m = \frac{Y_2 - Y_1}{X_2 - X_1}, \quad \frac{Y \text{ൽ ഉണ്ടാകുന്ന മാറ്റം}}{X \text{ൽ ഉണ്ടാകുന്ന മാറ്റം}}$$

ഇവിടെ (X_1, Y_1) ഉം (X_2, Y_2) രണ്ട് അനിയന്ത്രിതമായ പോയിന്റുകളാണ്

വരിയുടെ ചരിവ് ലംബ, തിരശ്ചീന രേഖകളിലെ മാറ്റങ്ങളുടെ അനുപാതത്തെ പ്രതിനിധീകരിക്കുന്നു.

ഒരു നേർരേഖ നിർമ്മിക്കുന്നതിനുള്ള സൂത്രവാക്യം

$$(Y - Y_1) = m(X - X_1)$$

രണ്ട് പോയിന്റുകൾ $(0, 0)$, (X, Y) ആണെങ്കിൽ സമവാക്യം $Y = mX$ ആണ്.

ഉദാഹരണം 12.1

യഥാക്രമം $(X_1, Y_1), (X_2, Y_2)$ എന്നീരണ്ടുപോയിന്റുകളിലൂടെ $(2, 2), (4, -8)$ കടന്നുപോകുന്ന ഒരു നേർരേഖയുടെ സമവാക്യം കണ്ടെത്തുക.

കുറിപ്പ് : ഒരു നേർരേഖ വരയ്ക്കുന്നതിന് കുറഞ്ഞത് രണ്ട് പോയിന്റുകൾ ആവശ്യമാണ്. പല നേർ രേഖകൾക്കും ഒരു ഒറ്റ ബിന്ദുവിലൂടെ കടന്നുപോകാൻ കഴിയും.

പരിഹാരം

ഇവിടെ $X_1 = 2, \quad Y_1 = 2$

$X_2 = 4, \quad Y_2 = -8$

നേർരേഖയുടെ നിർമ്മാണത്തിനുള്ള സൂത്രവാക്യം

$$\frac{Y - Y_1}{Y_2 - Y_1} = \frac{X - X_1}{X_2 - X_1}$$

മൂല്യങ്ങൾ പ്രയോഗിക്കുന്നു.

$$\frac{Y - 2}{-8 - 2} = \frac{X - 2}{4 - 2}$$

$$\frac{Y - 2}{-10} = \frac{X - 2}{2}$$

$$2(Y - 2) = -10(x - 2)$$

$$2Y - 4 = -10x + 20$$

$$2Y = -10x + 24$$

$$\boxed{Y = -5x + 12}$$


-5 ചരിവാണ്. ഇത് **m** അക്ഷരം കൊണ്ട് സൂചിപ്പിക്കുന്നു. 12 എന്നത് സൂചിപ്പിക്കുന്നത് **Y** എന്ന സ്ഥിര മൂല്യത്തെയാണ്. ഇത് **c** എന്ന അക്ഷരം കൊണ്ട് സൂചിപ്പിക്കുന്നു.

ഇത് $Y = mX + c$ എന്ന രൂപത്തിലാണ്.

$Y = 12 - 5X$ $X = 0$ ഉം $Y = 12$ ഉം ആയിരിക്കുമ്പോൾ

$Y = 0$; ആകുമ്പോൾ $X = 12/5 = 2.4$

(ഇത് സൂഷ്മ സാമ്പത്തിക ശാസ്ത്രത്തിലെ ചോദന വക്രവുമായി താരതമ്യപ്പെടുത്താം).



ഡയഗ്രാം 12.1

12.2.3 സാമ്പത്തിക ശാസ്ത്രത്തിലെ പ്രയോഗം

മുകളിൽ പറഞ്ഞ രീതി പ്രയോഗിക്കുന്നതിലൂടെ ചോദന, പ്രധാന പ്രവർത്തനങ്ങൾ ലഭിക്കും.


ചോദനപ്രവർത്തനം: $Q_d = f(P_x)$ ഇവിടെ Q_d എന്നത് സാധനത്തിന്റെ ചോദന അളവിനെയും P_x എന്നത് ആ സാധനത്തിന്റെ വിലയെയും സൂചിപ്പിക്കുന്നു.

വിതരണ പ്രവർത്തനം: $Q_s = f(P_x)$ ഇവിടെ 'Q_s' എന്നത് വിതരണം ചെയ്യപ്പെടുന്ന സാധനത്തിന്റെ അളവിനെ സൂചിപ്പിക്കുന്നു. P_x എന്നത് ആ സാധനത്തിന്റെ വിലയാണ്.

ഉദാഹരണം 12.1 ൽ $Y = -5X + 12$ എന്ന സമവാക്യം ലഭിച്ചു. ഇത് ഒരു രേഖീയ പ്രവർത്തനമാണ്. ചരിവ് ഇവിടെ നെഗറ്റീവ് ആയതിനാൽ ഈ പ്രവർത്തനം ഒരു ചോദന പ്രവർത്തനമാണ്.

11th Economics Malayalam_Chapter-12.indd 250 2/14/2023 3:09:22 PM

ചോദന രേഖ



ഡയഗ്രാം 12.2

ചോദന പ്രവർത്തനത്തിൽ വിലയും ചോദനത്തിന്റെ അളവും തമ്മിലുള്ള ബന്ധം നെഗറ്റീവ് ആയിരിക്കും. $Q_d = 12\text{-}5X$ or $Q_d = 12\text{-}5P$. If $P = 2$, $Q_d = 2$.

വില പൂജ്യമായിരിക്കുമ്പോൾ 12 മാത്രം സമവാക്യത്തിൽ അവശേഷിക്കുന്നു. ഇതിനെ ഇന്റർസെപ്റ്റ് അല്ലെങ്കിൽ കോൺസ്റ്റന്റ് എന്ന് വിളിക്കുന്നു. $P = 0$ $Q_d = 12$.

മാർഷാലന്റെ വിശകലനത്തിൽ Y അക്ഷത്തിൽ ഭൗതിക വിലയും ഭൗതിക യൂണിറ്റുകൾ X അക്ഷത്തിലും അളക്കുന്നു. അതനുസരിച്ച് വില Y അക്ഷത്തിൽ അളക്കുന്നു. ചോദന അളവ് X അക്ഷത്തിലും അളക്കുന്നു.


ഉദാഹരണം: 12.2

ഒരു ചരക്കിന്റെ വിതരണ പ്രവർത്തനം കണ്ടെത്തുക. അതായത് വില ₹5 ആയിരിക്കുമ്പോൾ വിതരണം ചെയ്ത അളവ് പൂജ്യമാണ്. വിതരണം (അളവ്) വില ₹5 ന് മുകളിലായിരിക്കുമ്പോൾ ഓരോ രൂപയ്ക്കും 10 യൂണിറ്റ് എന്ന നിരക്കിൽ തുടർച്ചയായി വിതരണം വർദ്ധിക്കുന്നു.

പരിഹാരം:

ലീനിയർ സപ്ലൈ ഫംഗ്ഷൻ നിർമ്മിക്കുന്നതിന് കുറഞ്ഞത് രണ്ട് പോയിന്റുകളെങ്കിലും ആവശ്യമാണ്. വിതരണത്തിന്റെ അളവ് പൂജ്യമാകുമ്പോൾ വില ₹5 ആയിരിക്കും (0, 5) എന്ന പ്രസ്താവനയിൽ നിന്നാണ് വിതരണ പ്രവർത്തനത്തിന്റെ ആദ്യ ഡാറ്റാ പോയിന്റ് ലഭിക്കുന്നത്. രണ്ടാമത്തെയും

വിതരണ രേഖ



ഡയഗ്രാം 12.3

മൂന്നാമത്തെയും ഡേറ്റാ പോയിന്റുകൾ വിതരണ പ്രവർത്തനം ഓരോ രൂപയുടേയും വിലകയറ്റത്തിന് അതായത് (10,6), (20,7) വിതരണം 10 യൂണിറ്റുകൾ വർദ്ധിപ്പിക്കുന്നു എന്ന പ്രസ്താവനയിൽ നിന്നും സ്പ്ലൈഫംഗ്ഷൻ ലഭിക്കും.

p = 5, ആയിരിക്കുമ്പോൾ വിതരണം പൂജ്യമാണ്. p = 6, ആയിരിക്കുമ്പോൾ വിതരണം 10 ഉം മറ്റും വില 5 നെ ക്കാൾ കുറവ് ആയിരിക്കുമ്പോൾ അതായത് 4 വിതരണം - 10. ഇത് ഗണിതത്തിൽ സാദ്ധ്യമാണ്. എന്നാൽ സാമ്പത്തികശാസ്ത്രത്തിൽഇത് അർത്ഥശൂന്യമാണ്. സാധാരണയായി വിതരണ വക്രം പൂജ്യത്തിനാണ് ഉത്ഭവിക്കുന്നത്. വില പൂജ്യമാകുമ്പോൾ വിതരണ വക്രവും പൂജ്യമാണ്.

രണ്ട് ഡാറ്റാ പോയിന്റുകൾ, (10, 6),(20, 7) ചേരുന്ന നേർരേഖയുടെ സമവാക്യം ഇപ്രകാരമാണ് നൽകിയിരിക്കുന്നു.

നേർരേഖയുടെ സമവാക്യം ഇതാണ്

$$\frac{Y - Y_1}{Y_2 - Y_1} = \frac{X - X_1}{X_2 - X_1}$$


(x_1, y_1) (x_2, y_2) എന്നിവയ്ക്ക് യഥാക്രമം

(10, 6) , (20, 7) എന്നീ വിലകൾ നൽകുന്നു.

$$\frac{Y - 6}{7 - 6} = \frac{X - 10}{20 - 10}$$

$$\frac{Y - 6}{1} = \frac{X - 10}{10}$$

11th Economics Malayalam_Chapter-12.indd 251 2/14/2023 3:09:26 PM



ഡയഗ്രാം 12.4

$$Y-6=\frac{X-10}{10}$$

$$10(Y-6)=X-10$$

$$10Y-60=X-10$$

$$10Y-60+10=X$$

$$10Y-50=X$$

$$-X=-10Y+50$$

ഇരുവശവും മൈനസ് കൊണ്ട് ഗുണിക്കുന്നു. നമുക്ക് ലഭിക്കുന്നു.

$$X=-50+10Y$$

X നെ വിതരണത്തിന്റെ അളവായും Y യെ വിലയായും കണക്കാക്കുക

അപ്പോൾ $X=10P-50$ (അല്ലെങ്കിൽ)

$$\boxed{X=-50+10P}$$

വില = 0; ആണെങ്കിൽ $Q=-50$

$Q=0; P=5$

കുറിപ്പ്: 'P' ന്റെ ഗുണകം മൈനസ് ആണ്. ചോദന പ്രവർത്തനത്തിൽ

'P' യുടെ ഗുണകം പോസിറ്റീവ് ആയിരിക്കും വിതരണ പ്രവർത്തനത്തിൽ.

12.2.4 സന്തുലിതാവസ്ഥ

ചോദന വരയുടെയും വിതരണ വരയുടെയും വിഭജനത്തിന്റെ പോയിന്റ് സന്തുലിതാവസ്ഥ എന്നറിയപ്പെടുന്നു. ഒരു കൂട്ടം സമവാക്യങ്ങൾ പരിഹരിക്കുന്ന രീതി ഉപയോഗിച്ചാൽ സന്തുലിത പോയിന്റ് ലഭിക്കും. രണ്ട് സമവാക്യങ്ങൾ ഉപയോഗിച്ച് രണ്ട് അറിയപ്പെടാത്ത മൂല്യങ്ങൾ കണ്ടുപിടിക്കാനാകും.

ചോദനം = വിതരണം

(ഇവ സാങ്കൽപ്പിക ഉദാഹരണങ്ങളാണ്.)

$$100-10P=50+10P$$

$$100-50=20P$$

$$50=20P$$

$$\frac{50}{20}=P$$

$$P=2.5$$

വില P = 2.5, ചോദനം = 100-10 (2.5)

= 75


വില P = 2.5, വിതരണം = 50 +10 (2.5)

= 75

ഉദാഹരണം: 12.3

ഇനിപ്പറയുന്ന ചോദന വിതരണ പ്രവർത്തനങ്ങൾ യഥാക്രമം $Qd = 100-5P$, $Q_s = 5P$ ഇവ ഉപയോഗിച്ച് സന്തുലിത വിലയും അളവും കണ്ടെത്തുക.

പരിഹാരം:



ഡയഗ്രാം 12.5

എപ്പോഴാണ് സന്തുലിതാവസ്ഥ കൈവരിക്കുന്നത്

$$Q_s=Q_d$$

$$5P=100-5P$$

$$10P=100$$

$$P=10$$

P = 10 ആകുമ്പോൾ

വിതരണ പ്രവർത്തനം

$$Q_s=5P=5\times10=50$$

11th Economics Malayalam_Chapter-12.indd 252 2/14/2023 3:09:28 PM

പ്രചോദന പ്രവർത്തനത്തിൽ,

$$Q_d = 100 - 5\,P = 100 - 5(10) = 50$$


അതിനാൽ

$$P = 10,\ Q_d = 50,\ Qs = 50.$$

ആവശ്യപ്പെടുന്ന അളവ് വിതരണത്തിന് തുല്യമാകുന്നത് 50 യൂണിറ്റിൽ ആണ്. അപ്പോൾ വില ₹10 ആയിരിക്കും.

ഉദാഹരണം: 12.4

കമ്പോള ചോദന വക്രം D = 50 - 5P ആണ്. ഏറ്റവും ഉയർന്ന വില കണ്ടെത്തുക. അതിനപ്പുറം ആർക്കും ഉയർന്ന വില നൽകാൻ ആകില്ല.



ഡയഗ്രാം 12.6

പരിഹാരം:

നൽകിയത്

$Q_d = 50 - 5P$

$5P = 50 - Q_d$

5P = 50 ചോദനത്തിന്റെ അളവ് പൂജ്യമാകുമ്പോൾ

$$P = \frac{50}{5}$$

P = 10 P = 10, ആയിരിക്കുമ്പോൾ ചോനദം 0 ആണ്, ഇത് ചരക്ക് ആരും ആവശ്യപ്പെടാത്ത പരമാവധി വിലയാണ്.

ഉദാഹരണം: 12.5


പാലിന്റെ ചോദനം നൽകിയിരിക്കുന്നു.

വില (Y)	1	2	3
ചോദനം (X)	100	50	0

ലീനിയർ ഡിമാന്റ് ഫംഗ്ഷൻ, (രേഖീയ ചോദന പ്രവർത്തനവും) അതിന്റെ ചരിവും കണ്ടെത്തുക).

പരിഹാരം:

രണ്ട് ഡാറ്റാ സൂചികകളിൽ (100, 1), (50, 2) എന്നിവ ചേരുന്ന ചോദന പ്രവർത്തനത്തിന്റെ സമവാക്യം യഥാക്രമം (x_1, y_1), (x_2, y_2) എന്നിവയാണ്.



ഡയഗ്രാം 12.7

$$\frac{Y - Y_1}{Y_2 - Y_1} = \frac{X - X_1}{X_2 - X_1}$$

$$\frac{Y - 1}{2 - 1} = \frac{X - 100}{50 - 100}$$

$$\frac{Y - 1}{1} = \frac{X - 100}{-50}$$

$$-50\,(Y - 1) = 1\,(X - 100)$$

$$-50Y + 50 = X - 100$$

$$-50Y + 50 + 100 = X$$

$$-50Y + 150 = X$$

$$X = 150 - 50Y$$

അതിനാൽ ചോദന പ്രവർത്തനം

$Q_d = 150 - 50P$ യും ചരിവ് $m = -50$



ചിന്തിക്കുക ചെയ്യുക നിങ്ങളുടെ പ്രദേശത്തെ ജല ക്രമീകരണം

നിങ്ങളുടെ തെരുവിലെ ജലത്തിന്റെ ചോദന പ്രവർത്തനവും എല്ലാ ആവശ്യങ്ങൾക്കും വേണ്ട ജലത്തിന്റെ പ്രതിദിന ചോദനം ലിറ്ററിൽ കണ്ടെത്താൻ ശ്രമിക്കുക.

11th Economics Malayalam_Chapter-12.indd 253 2/14/2023 3:09:32 PM

12.3 മെട്രിക്സ്

12.3.1 മെട്രിക്സ്

മാട്രിക്സ് എന്നത് ഒരു ഏകവചനവും മാട്രിക്സസ് എന്നത് ഒരു ബഹുവചന രൂപവുമാണ്. ബ്രാക്കറ്റിനുള്ളിലെ വരികളിലും നിരകളിലും ചിട്ടയായി ക്രമീകരിച്ചിരിക്കുന്ന ഒരു ചതുരാകൃതിയിലുള്ള സംഖ്യകളാണ് മാട്രിക്സ്. ഒരു മാട്രിക്സിൽ, വരികളുടെയും നിരകളുടെയും എണ്ണം തുല്യമാണെങ്കിൽ അതിനെ ഒരു സ്ക്വയർ മാട്രിക്സ് എന്നു വിളിക്കുന്നു.

12.3.2 ഡിറ്റർമിനന്റുകൾ

ഓരോ സ്ക്വയർ മാട്രിക്സിനും ഒരു ഡിറ്റർമിനന്റ് നിലവിലുണ്ട്. ലംബ വരകൾ ഉൾപ്പെടുത്തിക്കൊണ്ട് അനുബന്ധ മാട്രിക്സിന്റെ അതേ ഘടനകളെ വരികളിലേയ്ക്കും, നിരകളിലേയ്ക്കും ക്രമീകരിക്കുന്നതാണ് ഈ ഡിറ്റർമിനന്റ്.

ഉദാഹരണത്തിന്

$\begin{pmatrix} 1 & 3 & 5 \\ 6 & 2 & 4 \\ 7 & 8 & 9 \end{pmatrix}$ ഇത് ഒരു x 3 ഓർഡറിലുള്ള ചതുര മാട്രിക്സ് ആണ്.

$\begin{vmatrix} 1 & 3 & 5 \\ 6 & 2 & 4 \\ 7 & 8 & 9 \end{vmatrix}$ ഇത് ഡിറ്റർമിനന്റ്.

$\begin{pmatrix} 2 & 3 \\ 5 & 7 \end{pmatrix}$ ഒരു 2 x 2 ചതുര മാട്രിക്സ് അപ്പോൾ

$\begin{vmatrix} 2 & 3 \\ 5 & 7 \end{vmatrix}$ ഇത് ഒരു ഡിറ്റർമിനന്റ്.

പൊതുവെ $A = \begin{pmatrix} a_{11} & a_{12} & a_{13} \\ a_{21} & a_{22} & a_{23} \\ a_{31} & a_{32} & a_{33} \end{pmatrix}$ ഒരു മെട്രിക്സ് ആണ് എങ്കിൽ,

$\begin{vmatrix} a_{11} & a_{12} & a_{13} \\ a_{21} & a_{22} & a_{23} \\ a_{31} & a_{32} & a_{33} \end{vmatrix}$ മെട്രിക്സ് A യുടെ ഡിറ്റർമിനന്റ് ആണ് ഇത് മെട്രിക്സ് A ഡിറ്റർമിനന്റ് $|A|$ ആയി സൂചിപ്പിക്കാം.

ഡിറ്റർമിനന്റിന്റെ മൂല്യം ഒരൊറ്റ സംഖ്യയായി പ്രകടിപ്പിക്കുന്നു.

2 x 2 മെട്രിക്സിനുള്ള ഡിറ്റർമിനന്റിന്റെ മൂല്യം കണക്കാക്കുന്നത് ചുവടെ കാണിച്ചിരിക്കുന്നു.

$|A| = \begin{vmatrix} a_1 & b_1 \\ a_2 & b_2 \end{vmatrix}$ എങ്കിൽ $|A| = a_1 b_2 - a_2 b_1$

ഒരു 3 x 3 മെട്രിക്സിന്റെ ഡിറ്റർമിനന്റ് മൂല്യം കണക്കാക്കുന്നത് താഴെ കാണിച്ചിരിക്കുന്നു.

$$\begin{vmatrix} a_1 & b_1 & c_1 \\ a_2 & b_2 & c_2 \\ a_3 & b_3 & c_3 \end{vmatrix} = a_1 \begin{vmatrix} b_2 & c_2 \\ b_3 & c_3 \end{vmatrix} - b_1 \begin{vmatrix} a_2 & c_2 \\ a_3 & c_3 \end{vmatrix} + c_1 \begin{vmatrix} a_2 & b_2 \\ a_3 & b_3 \end{vmatrix}$$

$= a_1(b_2c_3 - b_3c_2) - b_1(a_2c_3 - a_3c_2) + c_1(a_2b_3 - a_3b_2)$

ഉദാഹരണം: 12.6

മെട്രിക്സ് $A = \begin{pmatrix} 3 & 4 \\ 10 & -2 \end{pmatrix}$ ന്റെ ഡിറ്റർമിനന്റ് മൂല്യം കണ്ടെത്തുക

പരിഹാരം:

നൽകിയ മെട്രിക്സ് $A = \begin{pmatrix} 3 & 4 \\ 10 & -2 \end{pmatrix}$ എന്നാൽ അതിന്റെ ഡിറ്റർമിനന്റ്

$$|A| = \begin{vmatrix} 3 & 4 \\ 10 & -2 \end{vmatrix} = 3(-2) - 10(4)$$

$= -6 - 40 = -46$ ആണ് ഡിറ്റർമിനന്റിന്റെ മൂല്യം.

ഉദാഹരണം: 12.7

മെട്രിക്സിന്റെ ഡിറ്റർമിനന്റ് മൂല്യം കണ്ടെത്തുക.

11th Economics Malayalam_Chapter-12.indd 254 2/14/2023 3:09:38 PM

$$A = \begin{pmatrix} 3 & 4 & 7 \\ 2 & 1 & 3 \\ 7 & 2 & 1 \end{pmatrix}$$

പരിഹാരം:

തന്നിരിക്കുന്ന മാട്രിക്സിന്റെ ഡിറ്റർമിനന്റിന്റെ മൂല്യം

$$|A| = \begin{vmatrix} 3 & 4 & 7 \\ 2 & 1 & 3 \\ 7 & 2 & 1 \end{vmatrix} = 3\begin{vmatrix} 1 & 3 \\ 2 & 1 \end{vmatrix} - 4\begin{vmatrix} 2 & 3 \\ 7 & 1 \end{vmatrix} + 7\begin{vmatrix} 2 & 1 \\ 7 & 2 \end{vmatrix}$$

$$= 3\,(1 - 6) - 4\,(2 - 21) + 7\,(4 - 7)$$

$$= 3\,(-5) - 4\,(-19) + 7\,(-3)$$

$$= -15 + 76 - 21$$

$$\boxed{|A| = 40}$$

ഡിറ്റർമിനന്റ് മൂല്യം 40 ആണ്.

12.3.3 ക്രാമറിന്റെ നിയമം



ജി ക്രാമർ
(1704-1752)

'**n**' വേരിയബിളും '**n**' സമവാക്യങ്ങളുമുള്ള രേഖീയ സമവാക്യങ്ങളുടെ പരിഹാരം അഥവാ ഉത്തരം കണ്ടെത്തൽ ആണ് ക്രാമറിന്റെ നിയമം. അജ്ഞാതമായ അത്രയും സമവാക്യങ്ങളുള്ള രേഖീയ സമവാക്യങ്ങളുടെ ഒരു സവിശേഷമായ പരിഹാരത്തിൽ എത്തിച്ചേരാൻ ഇത് സഹായിക്കുന്നു.

തന്നിരിക്കുന്ന സമവാക്യങ്ങൾ

$$a_{11}x + a_{12}y + a_{13}z = b_1$$

$$a_{21}x + a_{22}y + a_{23}z = b_2$$

$$a_{31}x + a_{32}y + a_{33}z = b_3$$

എങ്കിൽ

$$x = \frac{\Delta x}{\Delta},\quad y = \frac{\Delta y}{\Delta},\quad z = \frac{\Delta z}{\Delta}$$

ഇവിടെ, $\Delta = \begin{vmatrix} a_{11} & a_{12} & a_{13} \\ a_{21} & a_{22} & a_{23} \\ a_{31} & a_{32} & a_{33} \end{vmatrix}$

$$\Delta_x = \begin{vmatrix} b_1 & a_{12} & a_{13} \\ b_2 & a_{22} & a_{23} \\ b_3 & a_{32} & a_{33} \end{vmatrix}, \Delta_y = \begin{vmatrix} a_{11} & b_1 & a_{13} \\ a_{21} & b_2 & a_{23} \\ a_{31} & b_3 & a_{33} \end{vmatrix},$$

$$\Delta z = \begin{vmatrix} a_{11} & a_{12} & b_1 \\ a_{21} & a_{22} & b_2 \\ a_{31} & a_{32} & b_3 \end{vmatrix}$$

പ്രധാന കുറിപ്പ്

ഡിറ്റർമിനന്റ് $\Delta = 0$, ആണെങ്കിൽ പരിഹാരം നിലവിലില്ല.

ഉദാഹരണം: 12.8

ക്രാമറിന്റെ നിയമം ഉപയോഗിച്ച് സമവാക്യങ്ങൾ x, y എന്നിവയുടെ മൂല്യം കണ്ടെത്തുക $x + 3y = 1$, $3x - 2y = 14$

പരിഹാരം:

തന്നിരിക്കുന്ന സമവാക്യങ്ങൾ

$$x + 3y = 1$$
$$3x - 2y = 14$$

എന്നാൽ മാട്രിക്സ് രൂപത്തിലുള്ള സമവാക്യങ്ങൾ

$$\begin{pmatrix} 1 & 3 \\ 3 & -2 \end{pmatrix}\begin{pmatrix} x \\ y \end{pmatrix} = \begin{pmatrix} 1 \\ 14 \end{pmatrix}$$

കണക്കാക്കുന്നു, Δ, $\Delta = \begin{vmatrix} 1 & 3 \\ 3 & -2 \end{vmatrix}$

$$= -2 - 9$$
$$= -11$$

$\Delta \neq 0$, അതിനാൽ പരിഹാരം നിലവിലുണ്ട്.

$$\Delta_x = \begin{vmatrix} 1 & 3 \\ 14 & -2 \end{vmatrix} = -2 - 42 = -44$$

$$\Delta_y = \begin{vmatrix} 1 & 1 \\ 3 & 14 \end{vmatrix} = 14 - 3 = 11$$

11th Economics Malayalam_Chapter-12.indd 255 2/14/2023 3:09:44 PM

അതിനാൽ $x = \frac{\Delta x}{\Delta} = \frac{-44}{-11} = 4$, $y = \frac{\Delta y}{\Delta} = \frac{11}{-11} = -1$

$\therefore x = 4,\ y = -1$

ഉത്തരം പരിശോധിക്കുന്നു:

x ന്റെ യും y യുടെയും മൂല്യങ്ങൾ സമവാക്യത്തിൽ മാറ്റി സ്ഥാപിക്കുന്നു,

$4 + 3(-1) = 1,$

$3(4) - 2(-1) = 14$

ഉദാഹരണം: 12.9

സമവാക്യങ്ങളുടെ പരിഹാരമാർഗ്ഗം കണ്ടെത്തുക.

$$5x_1 + 3x_2 = 30$$

$$6x_1 - 2x_2 = 8$$

പരിഹാരം:

സമവാക്യങ്ങൾക്കായി ഗുണകവും സ്ഥിരമായ പദങ്ങളും ചുവടെ നൽകിയിരിക്കുന്നു.

$$\Delta = \begin{vmatrix} 5 & 3 \\ 6 & -2 \end{vmatrix} = -10 - 18 = -28$$

$$\Delta x_1 = \begin{vmatrix} 30 & 3 \\ 8 & -2 \end{vmatrix} = -60 - 24 = -84$$

$$\Delta x_2 = \begin{vmatrix} 5 & 30 \\ 6 & 8 \end{vmatrix} = +40 - 180 = -140$$

$$\therefore x_1 = \frac{\Delta x_1}{\Delta} = \frac{-84}{-28} = 3$$

$$x_2 = \frac{\Delta x_2}{\Delta} = \frac{-140}{-28} = 5$$

$\therefore x_1 = 3,\ x_2 = 5$

ഉദാഹരണം: 12.10

സമവാക്യ വ്യവസ്ഥയുടെ പരിഹാരം കണ്ടെത്തുക

$$7x_1 - x_2 - x_3 = 0$$

$$10x_1 - 2x_2 + x_3 = 8$$

$$6x_1 + 3x_2 - 2x_3 = 7$$

പരിഹാരം:

നൽകിയിരിക്കുന്ന സമവാക്യത്തിന്റെ മാട്രിക്സ് ഇങ്ങനെ എഴുതിയിരിക്കുന്നു.

$$\begin{bmatrix} 7 & -1 & -1 \\ 10 & -2 & 1 \\ 6 & 3 & -2 \end{bmatrix} \begin{bmatrix} x_1 \\ x_2 \\ x_3 \end{bmatrix} = \begin{bmatrix} 0 \\ 8 \\ 7 \end{bmatrix}$$

$$\Delta = \begin{vmatrix} 7 & -1 & -1 \\ 10 & -2 & +1 \\ 6 & 3 & -2 \end{vmatrix}$$

$= 7(4-3)-(-1)(-20-6)+(-1)(30+12)$

$= 7(1) + 1(-26) - 1(42)$

$= 7 - 26 - 42 = -61$

$$\Delta x_1 = \begin{vmatrix} 0 & -1 & -1 \\ 8 & -2 & 1 \\ 7 & 3 & -2 \end{vmatrix}$$

$= 0(4-3)-(-1)(-16-7) + (-1)(24 + 14)$

$= 0 + 1(-23)-1(38)$

$= -23 - 38 = -61$

$$\Delta x_2 = \begin{vmatrix} 7 & 0 & -1 \\ 10 & 8 & 1 \\ 6 & 7 & -2 \end{vmatrix}$$

$= 7(-16-7)-0(-20-6)+(-1)(70-48)$

$= 7(-23) + 0 - 1(22)$

$= -161-22 = -183$

$$\Delta x_3 = \begin{vmatrix} 7 & -1 & 0 \\ 10 & -2 & 8 \\ 6 & 3 & 7 \end{vmatrix}$$

$= 7(-14-24)- (-1)(70-48) + 0(30 + 12)$

$= 7(-38) + 1(22) + 0$

$= -266 + 22 = -244$

$$x_1 = \frac{\Delta x_1}{\Delta} = \frac{-61}{-61} = 1$$

11th Economics Malayalam_Chapter-12.indd 256 2/14/2023 3:09:48 PM

$$x_2 = \frac{\Delta x_2}{\Delta} = \frac{-183}{-61} = 3$$

$$x_3 = \frac{\Delta x_3}{\Delta} = \frac{-244}{-61} = 4$$

12.3.4 സാമ്പത്തിക ശാസ്ത്രത്തിലെ പ്രയോഗം

ഉദാഹരണം 12.11

മിസ്റ്റർ അൻബു 2 പേനകളും 3 പെൻസിലുകളും 1 നോട്ടുബുക്കും വാങ്ങി. മിസ്റ്റർ ബരാകത്ത് 4 പേനകളും 3 പെൻസിലുകളും 2 നോട്ടുബുക്കുകളും വാങ്ങി. മിസ്റ്റർ ചാൾസ് 2 പേനകളും 5 പെൻസിലുകളും 3 നോട്ടുബുക്കുകളും വാങ്ങി. അവർ യഥാക്രമം ₹32, ₹52, ₹60 എന്നിങ്ങനെ ചെലവഴിച്ചു. ഒരു പേന ഒരു പെൻസിൽ ഒരു നോട്ടുബുക്ക് എന്നിവയുടെ വില കാണുക.

പരിഹാരം:

x ഒരു പേനയുടെ വിലയും y ഒരു പെൻസിലിന്റെ വിലയും z ഒരു നോട്ടുബിക്കിന്റെ വിലയും ആകട്ടെ, , സമവാക്യങ്ങളിൽ:

$2x + 3y + 1z = 32,$

$4x + 3y + 2z = 52,$

$2x + 5y + 3z = 60$

മാട്രിക്സ് രൂപത്തിൽ

$$\begin{bmatrix} 2 & 3 & 1 \\ 4 & 3 & 2 \\ 2 & 5 & 3 \end{bmatrix} \begin{bmatrix} x \\ y \\ z \end{bmatrix} = \begin{bmatrix} 32 \\ 52 \\ 60 \end{bmatrix}$$

$$\begin{aligned} \Delta &= 2(9-10) - 3(12-4) + 1(20-6) \\ &= 2(-1) - 3(8) + 1(14) \\ &= -2 - 24 + 14 = -12 \end{aligned}$$

കണ്ടെത്താൻ Δ_x

$$\Delta_x = \begin{vmatrix} 32 & 3 & 1 \\ 52 & 3 & 2 \\ 60 & 5 & 3 \end{vmatrix}$$

$$\begin{aligned} \Delta_x &= 32(9-10) - 3(156-120) + 1(260-180) \\ &= 32(-1) - 3(36) + 1(80) \\ &= -32 - 108 + 80 = -60 \end{aligned}$$

കണ്ടെത്താൻ Δ_y

$$\Delta_y = \begin{vmatrix} 2 & 32 & 1 \\ 4 & 52 & 2 \\ 2 & 60 & 3 \end{vmatrix}$$

$$\begin{aligned} \Delta y &= 2(156-120) - 32(12-4) + 1(240-104) \\ &= 2(36) - 32(8) + 1(136) \\ &= 72 - 256 + 136 = -48 \end{aligned}$$

കണ്ടെത്താൻ Δ_z

$$\Delta_z = \begin{vmatrix} 2 & 3 & 32 \\ 4 & 3 & 52 \\ 2 & 5 & 60 \end{vmatrix}$$

$$\begin{aligned} \Delta z &= 2(180-260) - 3(240-104) + 32(20-6) \\ &= 2(-80) - 3(136) + 32\ (14) \\ &= -160 - 408 + 448 = -120 \end{aligned}$$

$$x = \frac{-60}{-12} = 5 \quad \textit{(പേനയുടെ വില)}$$

$$y = \frac{-48}{-12} = 4 \quad \textit{(ഒരു പെൻസിലിന്റെ വില)}$$

$$z = \frac{-120}{-12} = 10 \quad \textit{(ഒരു നോട്ടുബിക്കിന്റെ വില)}$$

ഉത്തരം പരിശോധിക്കുന്നു

$2(5)+3(4)+1(10)=32$

$4(5)+3(4)+2(10)=52$

$2(5)+5(4)+3(10)=60$



ചിന്തിക്കുക ചെയ്യുക

ഫാത്തിമ 6 പേനകളും 5 പെൻസിലുകളും രൊക്കമായി ₹49 ചിലവഴിച്ചു. റാണി 3 പേനകൾക്കും 4 പെൻസിലുകളും വാങ്ങാനായി ₹32 രൂപ ചിലവഴിച്ചു. ഒരു പേനയുടെയും പെൻസിലിന്റെയും വില കാണുക.?

$$\begin{bmatrix} 6 & 5 \\ 3 & 4 \end{bmatrix} \begin{bmatrix} x_1 \\ x_2 \end{bmatrix} = \begin{bmatrix} 49 \\ 32 \end{bmatrix}$$

പരിഹാരം: പേനയുടെ വില = ₹4

ഒരു പെൻസിലിന്റെ വില = ₹5

11th Economics Malayalam_Chapter-12.indd 257 2/14/2023 3:09:51 PM

12.4 ശകല അവകലനം (ഡിഫറൻഷ്യൽ കാൽക്കുലസ്)

12.4.1 അർത്ഥം

അവകലനത്തിന്റെ അടിസ്ഥാന പ്രവർത്തനം വ്യത്യസ്തതയാണ്. ഏതെങ്കിലും ഫംഗ്ഷനിലെ മാറ്റത്തിന്റെ നിരക്ക് പ്രകടിപ്പിക്കാൻ ഡെറിവേറ്റീവ് ഉപയോഗിക്കുന്നു. അവകലജം (ഡെറിവേറ്റീവ്) എന്നാൽ സ്വതന്ത്ര ഘടകങ്ങളിലെ ചെറിയ മാറ്റവുമായി (പൂജ്യത്തോടടുത്ത്) ആശ്രിത വേരിയബിളിലെ മാറ്റം എന്നാണ് അർത്ഥമാക്കുന്നത്.

പ്രവർത്തനം ഇതായിരിക്കട്ടെ,

$y = f(x)$

x നെ സംബന്ധിച്ച് y യെ വേർതിരിക്കുന്നു.,

$$\frac{d(y)}{dx} = \frac{df(x)}{dx}$$

12.4.2 വ്യത്യാസത്തിന്റെ ചില സ്റ്റാന്റേർഡ് ഫോമുകൾ

(സ്ഥിരവും സങ്കലനവും വ്യവകലനവും മാത്രം)

1. $\frac{d(c)}{dx} = 0$ ഇവിടെ C ഒരു സ്ഥിര സംഖ്യയാണ്.

   ('x' നെ അടിസ്ഥാനമാക്കിയ 'C' യുടെ വ്യത്യാസം എന്നു വായിക്കുക)

2. $\frac{d(x^n)}{dx} = nx^{n-1}$

3. $\frac{d(x)}{dx} = 1x^{1-1} = 1x^0 = 1$

4. $\frac{d(u+v)}{dx} = \frac{du}{dx} + \frac{dv}{dx}$

5. $\frac{d(u-v)}{dx} = \frac{du}{dx} - \frac{dv}{dx}$

പ്രധാന കുറിപ്പ്

പൂജ്യമല്ലാത്ത ഏതെങ്കിലും യഥാർത്ഥ സംഖ്യയുടെഘാതംപാജ്യമാണെങ്കിൽഅതിന്റെമൂല്യം 1 ആയിരിക്കും $x^0 = 1$ ആകുമ്പോൾ $x \neq 0$

ഉദാഹരണം: 12.12

Y = 4, ആയാൽ $\frac{dy}{dx}$ കണ്ടു പിടിക്കുക

പരിഹാരം:

Y = 4, ഇവിടെ 4 സ്ഥിര സംഖ്യയാണ്. സ്ഥിരമായ പ്രവർത്തനത്തിന്റെ ഡിഫറൻസേഷൻ (വ്യത്യാസം) പൂജ്യമാണ്.

അതുകൊണ്ട് , $\frac{dy}{dx} = \frac{d(4)}{dx} = 0$

ഉദാഹരണം: 12.13

$y = 6x^3$ എന്ന ഫംഗ്ഷന്റെ ചരിവ് കണ്ടെത്തുക x ന് ഏത് വില വേണമെങ്കിലും സ്വീകരിക്കാം.

പരിഹാരം:

$y = 6x^3$ എന്ന് തന്നിരിക്കുന്നു

ചരിവ് $= \frac{dy}{dx}$

$\frac{dy}{dx} = 6(3)x^{3-1} = 18x^2$ x ന്റെ ഏത് മൂല്യത്തിനും.

ഉദാഹരണം: 12.14

x = 10 ആയിരിക്കുമ്പോൾ $y = 5x^4$ എന്ന ഫംഗ്ഷന്റെ ചരിവ് എന്താണ്?

പരിഹാരം:

തന്നിരിക്കുന്ന ഫംഗ്ഷൻ $y = 5x^4$

ചരിവ് $= \frac{dy}{dx}$

$\frac{dy}{dx} = 5(4)x^{4-1}$

$= 20x^3$

x = 10, അപ്പോൾ ചരിവ് $= 20\ (10)^3$

$= 20{,}000,$

അതുകൊണ്ട് ചരിവ് 20,000.

11th Economics Malayalam_Chapter-12.indd 258 2/14/2023 3:09:57 PM

ഉദാഹരണം: 12.15

$Y = 3x^2 + 16x^3$ എന്ന ഫലനത്തെ (ഫംഗ്ഷനെ അവകലനം ചെയ്യുമ്പോൾ x.

പരിഹാരം:

$$Y = 3x^2 + 16x^3$$

അവകലനം,

$$\frac{dy}{dx} = 3(2)x^{2-1} + 16(3)x^{3-1}$$

$$= 6x^1 + 48x^2$$

$$\frac{dy}{dx} = 6x + 48x^2$$

ഉദാഹരണം: 12.16

If $Y = 2x^3 - 6x$, എങ്കിൽ $\frac{dy}{dx}$ കണ്ടെത്തുക

പരിഹാരം:

$Y = 2x^3 - 6x$

x മായി ബന്ധപ്പെടുത്തി 'y' അവകലനം ചെയ്യുമ്പോൾ,

$$\frac{dy}{dx} = 2(3)x^{3-1} - 6(1)x^{1-1}$$

$$= 6x^2 - 6x^0$$

$$\frac{dy}{dx} = 6x^2 - 6$$

12.4.3 ശകല അവകലനത്തിന്റെ പ്രയോഗം

രണ്ടോ അല്ലെങ്കിൽ അതിൽ കൂടുൽ വേരിയബിളുകളോ തമ്മിലുള്ള ബന്ധം ഒരു ഫംഗ്ഷൻ വഴി പ്രകടിപ്പിക്കാൻ കഴിയും. തുടർച്ചയായ പ്രവർത്തനങ്ങൾ മാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു. ഡിഫറൻഷ്യൽ കാൽക്കുലസ് താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നു.:

(1) വിലയുമായി ബന്ധപ്പെടുമ്പോൾ ചോദനത്തിലുണ്ടാകുന്ന മാറ്റത്തിന്റെ നിരക്ക് (സൂക്ഷമ സാമ്പത്തിക ശാസ്ത്രത്തിൽ)

(2) നിക്ഷേപവുമായി ബന്ധപ്പെട്ട് വരുമാനത്തിലെ മാറ്റത്തിന്റെ നിരക്ക് (സ്ഥൂല സാമ്പത്തിക ശാസ്ത്രത്തിൽ).

12.4.4 സീമാന്ത ആശയങ്ങൾ

മാർജിനൽ ആശയങ്ങൾ Y യുടെ വ്യതിയാനങ്ങളുമായി ബന്ധപ്പെട്ടതാണ്. (X ന്റെ മാർജിനൽ) അതായത് X ൽ ചെറിയ മാറ്റം ഉണ്ടാകുമ്പോൾ അതിന് ആനുപാതികമായി Y ൽ ഉണ്ടാകുന്ന വ്യതിയാനം X സ്വതന്ത്ര ഘടകങ്ങളും Y ആശ്രിത ഘടകങ്ങളുമാണ്.

12.4.5 സീമാന്ത ഉൽപ്പന്നം

ഉൽപ്പാദക ഘടകങ്ങളുടെ സീമന്ത ഉൽപ്പാദനം എന്നാൽ ഒരു അധിക യൂണിറ്റിന്റെ ഉപയോഗം മൂലം മൊത്തം ഉൽപ്പാദനത്തിൽ ഉണ്ടാകുന്ന മാറ്റം.

$$MP = d(TP)/dQ = \Delta TP/\Delta Q$$

12.4.6 സീമന്ത ചിലവ്

ഒരു അധിക യൂണിറ്റ് ഉൽപ്പന്നം ഉൽപാദിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന ചിലവാണ് മാർജിനൽ ചിലവ്.

ചിഹ്നങ്ങളിൽ:

$$MC = \frac{d(TC)}{dQ} \text{ അല്ലെങ്കിൽ } MC = \frac{\Delta(TC)}{\Delta Q}$$

ഇവിടെ, ΔTC മൊത്തം ചിലവിൽ ഉണ്ടാകുന്ന മാറ്റത്തെയും; ΔQ ഉൽപ്പന്നത്തിന്റെ അളവിൽ ഉണ്ടാകുന്ന ചെറിയ മാറ്റത്തെയും (സാമ്പത്തിക ശാസ്ത്രത്തിൽ ഒരു തൊഴിലാളി, ഒരു യൂണിറ്റ് ഉൽപ്പന്നം മുതലായവാ ഇവയെല്ലാം വളരെ ചെറിയ യൂണിറ്റുകളായി സങ്കൽപ്പിക്കപ്പെടുന്നു)

ഉദാഹരണം: 12.17

തന്നിരിക്കുന്ന മൊത്തം ചിലവ് പ്രവർത്തനം $TC = 15 + 3Q^2 + 7Q^3$, എങ്കിൽ അധിക (മാർജിനൽ) ചിലവ് പ്രവർത്തനം (ഫലനം) കണ്ടെത്തുക

പരിഹാരം:

$$TC = 15 + 3Q^2 + 7Q^3$$

$$MC = \frac{d(15)}{dQ} + \frac{d(3Q^2)}{dQ} + \frac{d(7Q^3)}{dQ}$$

$$= 0 + 3(2)Q^{2-1} + 7(3)Q^{3-1}$$

$$MC = 6Q + 21Q^2$$

11th Economics Malayalam_Chapter-12.indd 259 2/14/2023 3:10:03 PM

12.4.7 സീമാന്ത വരുമാനം

ഉൽപ്പന്നത്തിന്റെ ഒരു അധിക യൂണിറ്റ് വിൽക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനമാണ് മാർജിനൽ വരുമാനം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഉൽപ്പന്നത്തിന്റെ ഒരു യൂണിറ്റുകൂടി വിറ്റുകൊണ്ട് മൊത്ത വരുമാനത്തിൽ വരുത്തിയ കൂട്ടിച്ചേർക്കലാണ് മാർജിനൽ റവന്യൂ.

$$MR = \frac{d(TR)}{dQ} or = \frac{\Delta TR}{\Delta Q}$$

ഇവിടെ ΔTR മൊത്തം വരുമാനത്തിലെ മാറ്റത്തെ സൂചിപ്പിക്കുന്നു. ΔQ ഉൽപ്പന്നത്തിന്റെ അളവിലുണ്ടായ മാറ്റത്തെ സൂചിപ്പിക്കുന്നു.

ഉദാഹരണം: 12.18

$TR = 50Q - 4Q^2$, എങ്കിൽ അധിക വരുമാനം കണ്ടെത്തുക $Q = 3$ ആയിരിക്കുമ്പോൾ.

പരിഹാരം:

$TR = 50Q - 4Q^2$

$MR = d(TR)/dQ$

$MR = 50(1)Q^{1-1} - 4(2)Q^{2-1}$

$= 50(1)Q^0 - 8\,Q^1$

$= 50(1) - 8Q \quad (\therefore Q^0 = 1, Q^1 = Q)$

$MR = 50 - 8Q$

$Q = 3$ ആകുമ്പോൾ

$MR = 50 - 8(3) = 26$

ഉദാഹരണം: 12.19

ഒരു നിർമ്മാതാവിന്റെ മൊത്തം ചിലവ് ഫംഗ്ഷൻ $TC(Q) = Q^3 - 18Q^2 + 91Q + 10$ ഇവിടെ ചിലവ് രൂപയിൽ നൽകുന്നു. $Q = 3$ ആയിരിക്കുമ്പോൾ സീമാന്തചിലവും(MC) ശരാശരിവ്യത്യാസപ്പെടുന്ന ചിലവും (AVC) കണ്ടെത്തുക.

പരിഹാരം:

നൽകിയിരിക്കുന്ന $TC(Q) = Q^3 - 18Q^2 + 91Q + 10$, MC കണ്ടെത്തുന്നതിന് Q വുമായി ബന്ധപ്പെട്ട് ഫംഗ്ഷനെ വേർതിരിക്കാം.

$$MC(Q) = \frac{d(TC)}{dQ} = 3Q^{3-1} - 18(2)Q^{2-1}$$

$$+ 91(1)Q^{1-1} + 0$$

$$= 3Q^2 - 36Q^1 + 91Q^0 + 0$$

$MC(Q) = 3Q^2 - 36Q + 91 \quad (\therefore Q^0 = 1)$ $Q = 3$ ആകുമ്പോൾ

$MC(Q) = 3(3^2) - 36(3) + 91$

$= 3(9) - 108 + 91$

$= 27 - 108 + 91$

$= 118 - 108$

$= 10$

AVC കണ്ടുപിടിക്കുന്നതിന്

തന്നിരിക്കുന്ന $TC(Q) = Q^3 - 18Q^2 + 91Q + 10$

നമുക്ക് അറിയാവുന്ന $TVC(Q) = Q^3 - 18Q^2 + 91Q$ ($\therefore$ സ്ഥിരമായ മൂല്യം നിശ്ചിത വിലയാണ്)

$AVC(Q) = TVC(Q)/Q$

$$\boxed{AVC(Q) = Q^2 - 18Q + 91}$$

$Q = 3$ ആകുമ്പോൾ

$AVC(Q) = 3^2 - 18(3) + 9$

$= 9 - 54 + 91$

$= 100 - 54 = 46$

$$\therefore AVC(Q) = \frac{Q^3 - 18Q^2 + 91Q}{Q}$$

$$= Q^2 - 18Q + 91$$

കുറിപ്പ്: നിശ്ചിത ചിലവ്= 10

ശരാശരി നിശ്ചിത ചിലവ് $= \frac{10}{Q}$.

$$\text{ശരാശരി ചിലവ്} = \frac{Q^3 - 18Q^2 + 91Q + 10}{Q}$$

$$= Q^2 - 18Q + 91 + \frac{10}{Q}$$

അതിനാൽ ശരാശരി ചിലവ് = AVC + AFC

$AC = AVC + AFC$

$$AC = \frac{TC}{Q}$$

11th Economics Malayalam_Chapter-12.indd 260 2/14/2023 3:10:07 PM

ഉദാഹരണം: 12.20

ഓരോ മാസവും ഒരു ചരക്കിന്റെ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുമ്പോൾ ആകെ ചിലവ് $TC(Q) = 128 + 60Q + 8Q^2$ ആയിരിക്കുമെന്ന് ഒരു നിർമ്മാതാവ് കണക്കാക്കുന്നു. അധിക ചിലവ്, ശരാശരി വില, സ്ഥിര ചിലവ്, മാറിവരുന്ന ചിലവ്, ശരാശരി നിശ്ചിത ചിലവ്, ശരാശരി മാറി വരുന്ന ചിലവ് എന്നിവ കണ്ടുപിടിക്കുക.

പരിഹാരം:

$TC(Q) = 128 + 60Q + 8Q^2$ എന്ന് നൽകിയിട്ടുണ്ട്.

നമുക്കറിയാം TC = സ്ഥിര ചിലവ് + മാറി വരുന്ന ചിലവ്.

$$MC(Q) = \frac{d(TC)}{dQ}$$

$$= 0 + 60(1)Q^{1-1} + 8(2)Q^{2-1}$$

$$= 0 + 60Q^0 + 16Q^1 (Q^0 = 1)$$

$$\boxed{MC = 60 + 16Q}$$

$$\text{ശരാശരി ചെലവ്} = \frac{TC}{Q}$$

$$= \frac{128 + 60Q + 8Q^2}{Q}$$

$$AC = \frac{128}{Q} + 60 + 8Q$$

സ്ഥിരമായ മൂല്യം നിശ്ചിത വില എന്ന് അറിയപ്പെടുന്നു.

$$\text{നിശ്ചിത വില} = 128$$

$$FC = 128$$

$$\text{ശരാശരി നിശ്ചിത വില} = \frac{128}{Q}$$

$$AFC = \frac{128}{Q}$$

ശരാശരി മാറിവരുന്ന വില $= 60 + 8Q$ (മൊത്തത്തിലുള്ള മാറി വരുന്ന വിലയെ Q കൊണ്ട് ഭാഗിക്കാം)

$$\therefore AVC = 60 + 8Q$$

12.4.8 ചോദനത്തിന്റെ ഇലാസ്റ്റികത

വിലയുടെ ആനുപാതിക മാറ്റത്തിന് ആവശ്യപ്പെടുന്ന അളവിലെ ആനുപാതിക മാറ്റത്തിന്റെ അനുപാതമാണ് ചോദനത്തിന്റെ ഇലാസ്റ്റികത. ഗണിത ശാസ്ത്രപരമായി,

$$e_d = \left(\frac{P}{x}\right)\left(\frac{dx}{dp}\right)$$

ചോദന പ്രവർത്തനത്തിൽ $Q = a - bP$

$$e_d = (dQ/dP)(P/Q)$$

ഉദാഹരണം 12.21

ചോദന ഫംഗ്ഷൻ $x = \frac{100}{P}$, e_d $P = 2$ എന്ന വിലയുമായി ബന്ധപ്പെടുത്തി ചോദനത്തിന്റെ ഇലാസ്റ്റികത കാണുക.

കുറിപ്പ്

വിതരണ പ്രവർത്തനം എടുക്കുന്നതിലൂടെ, വിതരണത്തിന്റെ ഇലാസ്റ്റികത കണക്കാക്കാം

പരിഹാരം:

നൽകിയിരിക്കുന്നു

$$x = \frac{100}{P} = 100P^{-1}$$

$$\therefore \frac{dx}{dp} = 100(-1)P^{-1-1}$$

$$= 100(-1)P^{-2}$$

$$= -100(P^{-2})$$

$$= \frac{-100}{P^2}$$

P=2 ൽ,

$$\frac{dx}{dp} = \frac{-100}{4} = -25 \quad \text{and} \quad x = \frac{100}{2} = 50$$

സമവാക്യത്തിൽ മൂല്യങ്ങൾ മാറ്റി സ്ഥാപിക്കുന്നു.

$$e_d = \frac{Pdx}{xdp} = \left(\frac{2}{50}\right)\left(\frac{-100}{4}\right) = \frac{-200}{200} = -1$$

$$e_d = -1$$

11th Economics Malayalam_Chapter-12.indd 261 2/14/2023 3:10:14 PM

12.5

സമ അവകലനം

12.5.1 സമാകലനം

ഡിഫറൻഷ്യൽ കാൽക്കുലസ് (ശകല അവകലനം) ഫംഗ്ഷനുകളുടെ മാറ്റത്തിന്റെ തോത് അളക്കുന്നു. സാമ്പത്തിക ശാസ്ത്രത്തെ, വേർതിരിക്കൽ പ്രക്രിയയെ മാറ്റി മറിക്കുകയും x എന്ന ഘടകത്തിന്റെ ഫംഗ്ഷൻ $F(x)$ കണ്ടെത്തുകയും വേണം, വേരിയബിളിന്റെ മാറ്റത്തിന്റെ നിരക്ക് നൽകിയിട്ടുണ്ട്. ഇതിനെ സമാകലനം അഥവാ സംയോജനം എന്ന് വിളിക്കുന്നു. x വേരിയബിളിന്റെ ഫംഗ്ഷനെ $f(x)$ ഫംഗ്ഷന്റെ അഭിവാജ്യ അല്ലെങ്കിൽ ആന്റി ഡറിവേറ്റീവ് എന്ന് വിളിക്കുന്നു.

x എന്ന വേരിയബിളിന്റെ ഫംഗ്ഷനെ $f(x)$ നെ ഗണിതശാസ്ത്രപരമായി

$\int f(x)dx = F(x) + C$ ഇങ്ങനെ പ്രകടിപ്പിക്കാം

ഇവിടെ സമവാക്യത്തിന്റെ ഇടതുവശത്ത് x നെ സംബന്ധിച്ച് $f(x)$ ന്റെ സമാകലനം അഥവാ ഇന്റഗ്രൽ എന്ന് വിളിക്കുന്നു. $\int$ ഇതാണ് സമകാലത്തെ സൂചിപ്പിക്കുന്ന ചിഹ്നം. $f(x)$ ഇന്റഗ്രന്റ്. C സമകലനത്തിന്റെ സ്ഥിരതയെ സൂചിപ്പിക്കുന്നു. $F(x)+c$ അനിശ്ചിത കാല അവിഭാജ്യമാണ്. x നെ ഒരു ഫംഗ്ഷൻ എന്ന നിലയിൽ ഇവിടെ വ്യക്തമാക്കാത്തതിനാൽ ഇതിന് നിരവധി മൂല്യങ്ങൾ ഉൾക്കൊള്ളാൻ കഴിയും.

12.5.2 അർത്ഥം

x നോട് അനുബന്ധിച്ച് $F(x)$ ന്റെ ഡിഫറൻഷ്യൽ കോഫിഷ്യന്റെ $f(x)$ ആണെങ്കിൽ x നെ സംബന്ധിച്ചിടത്തോളം $f(x)$ ന്റെ ഒരു അഭിവാജ്യഘടകമാണ് $F(x)$. ഇത് വ്യത്യസ്തയുടെ വിപരീത പ്രക്രിയയാണ്. ചിഹ്നങ്ങളിൽ:

$\frac{d[F(x)]}{d_x} = f(x)$, തുടർന്ന് $\int f(x)dx = F(x) + C$

ഇനിപ്പറയുന്ന പോയിന്റുകൾ ഓർമ്മിക്കേണ്ടതുണ്ട്:

a. സമാകലന പ്രക്രിയയെ സൂചിപ്പിക്കാൻ $\int$ ഉപയോഗിക്കുന്നു. വാസ്തവത്തിൽ ഈ ചിഹ്നം നീളമേറിയ 'S' ആണ്. ഇത് തുകയെ സൂചിപ്പിക്കുന്നു.

b. 'dx' എന്ന ഡിഫറൻഷ്യൽ ചിഹ്നം സംയോജിപ്പിക്കേണ്ട ഫംഗ്ഷന്റെ വശത്താണ് എഴുതേണ്ടത്.

c. $\int f(x)dx = F(x)+C$, C എന്നത് ഇന്റഗ്രൽ സ്ഥിരാംഗം. $\int f(x)dx$ എന്നാൽ x നെ സംബന്ധിച്ച് $f(x)$ ന്റെ സമാകലനം.

12.5.3 സംയോജനത്തിന്റെ (സമാകലനത്തിന്റെ) അടിസ്ഥാന നിയമം

(i) പവർ റൂൾ $\int x^n dx = \frac{x^{(n+1)}}{n+1} + C$

(ii) $\int k.dx = kx + c$, ഇവിടെ k വന്നത് ഒരു സ്ഥിരമാണ്

(iii) $\int a.x^n dx = a\int x^n dx$

ഉദാഹരണം **12.22**

$$\int 4x^3 dx = 4\int x^3 dx$$
$$= 4\frac{x^{3+1}}{3+1} + c$$
$$= 4\frac{x^4}{4} + c$$
$$= x^4 + c$$

*ഉദാഹരണം***12.23**

$$\int (x^2 + x - 1)dx = \int x^2 dx + \int x dx - \int dx$$
$$= \frac{x^{2+1}}{2+1} + \frac{x^{1+1}}{1+1} - x + c$$
$$= \frac{x^3}{3} + \frac{x^2}{2} - x + c$$

ഉദാഹരണം **12.24**

$$\int 5dx = 5x + c$$

*ഉദാഹരണം***12.25**

$$\int 4x dx = 4\frac{x^{1+1}}{1+1} + c$$
$$= 4\frac{x^2}{2} + c$$
$$= 2x^2 + c$$

11th Economics Malayalam_Chapter-12.indd 262 2/14/2023 3:10:20 PM

12.5.4 സമാകാലത്തിന്റെ പ്രയോഗം

ഉദാഹരണം 12.26

ഒരു വ്യവസായ യൂണിറ്റിന്റെ മാർജിനൽ കോസ്റ്റ് ഫംഗ്ഷൻ $100-10x+0.1x^2$ ഇവിടെ x എന്നത് ഉൽപ്പന്നത്തെ സൂചിപ്പിക്കുന്നു. വ്യവസായ യൂണിറ്റിന്റെ സ്ഥിര ചിലവ് ₹500 എന്ന സങ്കൽപ്പത്തിൽ യൂണിറ്റിന്റെ മൊത്തം ചിലവ് പ്രവർത്തനം കണ്ടു പിടിക്കുക.

പരിഹാരം

$$MC = 100 - 10x + 0.1\,x^2$$

$$TC = \int \left(100 - 10x + 0.1x^2\right) dx$$

$$= 100x - 10\frac{x^2}{2} + 0.1\frac{x^3}{3} + c$$

$$= 100x - 5x^2 + \frac{x^3}{30} + c$$

Fixed cost is given as ₹500

$$\therefore TC = 100x - 5x^2 + \frac{x^3}{30} + 500$$

$$= \frac{x^3}{30} - 5x^2 + 100x + 500$$

ഉദാഹരണം 12.27

x യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള അധിക ചിലവ് പ്രവർത്തനം $y = 23 + 16x - 3x^2$ ഉം പൂജ്യം യൂണിറ്റ് ഉൽപാദിപ്പിക്കുന്നതിനുള്ള ആകെ ചിലവ് ₹40 മാണ്. മൊത്തം ചിലവ് പ്രവർത്തനവും ശരാശരി ചിലവ് പ്രവർത്തനവും കാണുക.

പരിഹാരം:

മാർജിനൽ കോസ്റ്റ് ഫംഗ്ഷൻ $y = 23 + 16x - 3x^2$; $c = 40$

₹40 രൂപയാണ് സ്ഥിര ചിലവ്.

അത് നമുക്ക് അറിയാം

മൊത്തം ചിലവ് പ്രവർത്തനം = ∫ (മാർജിനൽ ചിലവ് പ്രവർത്തനം) dx+c

$$TC = \int y\,dx + c$$

$$= \int (23 + 16x - 3x^2)dx + c,$$

ഇവിടെ c ഒരു സ്ഥിരമാണ്

$$= \int 23dx + \int 16xdx - \int 3x^2\,dx + c$$

$$= 23x + 16\left[\frac{x^2}{2}\right] - 3\left[\frac{x^3}{3}\right] + c$$

$$TC = 23x + 8x^2 - x^3 + c$$

$c = 40$ തന്നിട്ടുണ്ട്

$$\therefore TC = 23x + 8x^2 - x^3 + 40$$

$$\text{ശരാശരി ചിലവ് പ്രവർത്തനം} = \frac{TC}{x}$$

$$= 23 + 8x - x^2 + \frac{40}{x}$$


12.5.5 ഉപഭോക്താക്കളുടെ മിച്ചം

ആൽഫ്രഡ് മാർഷൽ ഈ സിദ്ധാന്തം വികസിപ്പിച്ചെടുത്തു. x ഡിമാൻഡ് ഫംഗ്ഷൻ P(x) കാണിക്കുന്നത് ആളുകൾ നിശ്ചിത വിലയ്ക്ക് വാങ്ങുന്ന അളവുകളും അതിന്റെ നിശ്ചിത വിലയും തമ്മിലുള്ള ബന്ധം ആണ് ഇത് ഇങ്ങനെ സൂചിപ്പിക്കാം.

$$P = f(x)$$

ഉപഭോക്തൃ മിച്ചം എന്നത് ഒരാൾ നൽകാൻ തയ്യാറായ വിലയും യഥാർത്ഥത്തിൽ അടച്ച വിലയും തമ്മിലുള്ള വ്യത്യാസമാണ്.

ഇനിപ്പറയുന്ന ചിത്രത്തിൽ ഇത് പ്രതിനിധീകരിക്കുന്നു.



ഡയഗ്രാം 12.8

11th Economics Malayalam_Chapter-12.indd 263 2/14/2023 3:10:25 PM

ഗണിതശാസ്ത്രപരമായി ഉപഭോക്താവിന്റെ മിച്ചം (CS) എന്ന് നിർവ്വചിക്കാം

CS = (x ൽ നിന്ന് ചോദന വക്രത്തിന് കീഴിലുള്ള വിസ്തീർണ്ണം x = 0 മുതൽ x. വരെ) ദീർഘചതുരത്തിന്റെ വിസ്തീർണ്ണം OX_0BP_0)

$$CS = [\int_0^{x0} p(x)dx] - x_0p_0$$

ഉദാഹരണം:12.28

ചോദന പ്രവർത്തനം $P = 35 - 2x - x^2$ ആണെങ്കിൽ ചോദനം x_0 3ആകുന്നു; ഉപഭോക്താവിന്റെ മിച്ചം എന്തായിരിക്കും?

പരിഹാരം

തന്നിട്ടുള്ള പ്രചോദന പ്രവർത്തനം,

$$P = 35 - 2x - x2$$
$$x = 3$$
$$P = 35 - 2(3) - 32$$
$$= 35 - 6 - 9$$
$$P = 20$$

അതിനാൽ,

CS = (0 മുതൽ 3 വരെ ചോദന വക്രത്തിന് താഴെയുള്ള കർവിന്റെ വിസ്തീർണ്ണം 3) ദീർഘചതുരത്തിന്റെ വിസ്തീർണ്ണം (20 x 3 = 60)

$$CS = \int_0^3 (35-2x-x^2)dx - (20\times3)$$
$$= \left[35x - 2\frac{x^2}{2} - \frac{x^3}{3}\right]_0^3 - 60$$
$$= 35(3) - 2\left(\frac{3^2}{2}\right) - \frac{3^3}{3} - 60$$
$$= 105 - 9 - 9 - 60$$
$$= 27 \text{ യൂണിറ്റു-കൾ.}$$

12.5.6 നിർമ്മാതാവിന്റെ മിച്ചം

$$PS = P_o x_o - \int_o^{x_o} g(x)dx$$

ഉദാഹരണം 12.29

ചോദന പ്രവർത്തനം $P_d = 25 - Q^2$ വിതരണ പ്രവർത്തനം $P_s = 2Q + 1$. തന്നിട്ടുണ്ട്. ശുദ്ധമായ മത്സരം എന്നുകരുതുക,(a) ഉപഭോക്തൃമിച്ചവും(b) നിർമ്മാതാക്കളുടെമിച്ചവും കണ്ടെത്തുക. (P_d=ചോദനവില P_s= വിതരണ വില)

പരിഹാരം:

വിപണി സന്തുലിതാവസ്ഥയ്ക്ക്, $P_d = P_s$

$$25-Q^2 = 2Q+1$$
$$0 = -25 + Q^2 + 2Q+1$$
$$0 = -24 + Q^2 + 2Q$$
$$Q^2 + 2Q - 24 = 0$$
$$Q^2 + 6Q - 4Q - 24 = 0$$
$$Q(Q + 6) - 4(Q + 6) = 0$$
$$(Q + 6)(Q - 4) = 0$$

അതിനാൽ, Q = 4 അല്ലെങ്കിൽ Q = -6. വിന് Q ന് തുല്യമാകാൻ കഴിയാത്തതിനാൽ -6,

$$Q = 4$$

Q=4, ആകുമ്പോൾ $P_d = 25 - 4^2 = 9$;

$$P_s = 2(4) + 1 = 9$$

ഉപഭോക്താക്കളുടെ മിച്ചം = $\int_0^4 (25 - Q^2)dQ$ - (9 X 4)

$$= \left[25Q - \frac{Q^3}{3}\right]_0^4 - 36$$
$$= [(25)(4) - \frac{1}{3}(4)^3] - (0) - 36$$
$$= [100 - \frac{64}{3}] - (0) - 36 = 42.67$$

നിർമ്മാതാവിന്റെ മിച്ചം PS

$$(PS) = (9\times4) - \int_0^4 (2Q+1)dQ$$
$$= 36 - \left[(Q^2+Q)\right]_0^4$$
$$= 36 - (16 + 4) = 16$$

11th Economics Malayalam_Chapter-12.indd 264 2/14/2023 3:10:29 PM



ചിന്തിക്കുക ചെയ്യുക

- ഏതെങ്കിലും വിഷയത്തിൽ അധിക മണിക്കൂർ പഠനത്തിലൂടെ മാർക്കിൽ നിങ്ങളുടെ മാറ്റം നിങ്ങൾ കണ്ടെത്തുക.
- ഒരു അധിക യൂണിറ്റ് കിലോമീറ്റർ യാത്ര ചെയ്യുമ്പോൾ നിങ്ങളുടെ പെട്രോൾ ഉപയോഗം കണ്ടെത്തുക.
- അധിക യൂണിറ്റ് വേതനം, അല്ലെങ്കിൽ ശമ്പളം അല്ലെങ്കിൽ വരുമാനം എന്നിവയുമായി ബന്ധപ്പെട്ട് ഇത് എങ്ങനെ ചിലവഴിക്കുന്നുവെന്ന് മാതാപിതാക്കളോട് അന്വേഷിച്ചു കണ്ടെത്തുക.

12.6

വിവര ആശയവിനിമയ സാങ്കേതിക വിദ്യ (ICT)

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി(ICT) എന്നത് കമ്പ്യൂട്ടറിനെ വേഗത്തിലും കൃത്യമായും പ്രാപ്തമാക്കുന്ന അടിസ്ഥാന സൗകര്യമാണ്. ഇനിപ്പറയുന്ന പട്ടിക ICT യുടെ വിഭാഗത്തിൽപ്പെടുന്ന സാങ്കേതിക വിദ്യകളുടെ ശ്രേണിയെക്കുറിച്ച് ഒരു ആശയം നൽകുന്നു.

ക്ര.ന	ഇൻഫർമേഷൻ	സാങ്കേതിക വിദ്യ
1	സൃഷ്ടിക്കൽ	സ്വകാര്യ കമ്പ്യൂട്ടറുകൾ, ഡിജിറ്റൽ ക്യാമറ, സ്കാനർ, സ്മാർട്ട്ഫോൺ
2	പ്രക്രിയ	കാൽക്കുലേറ്റർ, പിസി, സ്മാർട്ട് ഫോൺ,
3	സ്റ്റോറേജ്	CD, DVD, പെൻഡ്രൈവ്, മൈക്രോചിപ്പ്, ക്ലൗഡ്
4	ഡിസ്പ്ലേ	PC, TV, പ്രോജക്റ്റർ, സ്മാർട്ട് ഫോൺ
5	ട്രാൻസ്മിഷൻ	ഇന്റർനെറ്റ്, ടെലികോൺഫറൻസ്, മൊബൈൽ, സാങ്കേതിക വിദ്യ, റേഡിയോ.
6	എക്സ്ചേഞ്ച്	ഈമെയിൽ, സെൽഫോൺ

ICT യുടെ വിലയിരുത്തലിന് അഞ്ച് ഘട്ടങ്ങളുണ്ട്. അവ

(a) കമ്പ്യൂട്ടർ

(b) PC

(c) മൈക്രോ പ്രോസസർ

(d) ഇന്റർനെറ്റ്

(e) വയർലെസ് ലിംഗുകൾ

സാമ്പത്തിക ശാസ്ത്രത്തിൽ ഗണിതശാസ്ത്ര, സ്റ്റാറ്റിസ്റ്റിക്കിൽ ഉപകരണങ്ങളുടെ ഉപയോഗത്തിനും ഡാറ്റ കംപൈയിൽ ചെയ്യുന്നതിനും എഡിറ്റ് ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനും അവതരിപ്പിക്കുന്നതിനും ICT യുടെ പിന്തുണ ആവശ്യമാണ്. പൊതുവേ, SPSS എക്സൽ പാക്കേജുകൾ പല പ്പോഴും സാമ്പത്തിക ശാസ്ത്രത്തിലെ ഗവേഷകരാണ് ഉപയോഗിക്കുന്നത്. അത്തരം സോഫ്റ്റ്വെയർ ചില ഉപഭോക്തൃ ജോലികൾ ചെയ്യുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. വേഡ് പ്രോസസർ, സ്പ്രെഡ് ഷീറ്റ്, വെബ് ബ്രൗസർ എന്നിവ സാമ്പത്തിക ശാസ്ത പഠനത്തിൽ വിശകലനം നടത്തുമ്പോൾ പതിവായി ഉപയോഗിക്കുന്ന ചില ഉദാഹരണങ്ങളാണ്.

12.6.1 എം.എസ് വേഡ്

MS വേഡ് ഒരു വേഡ് പ്രോസസറാണ്, ഇത് ഭാവിയിലെ വിണ്ടെടുക്കലിനും റഫറൻസിനുമായി പ്രമാണങ്ങൾ സൃഷ്ടിക്കാനും എഡിറ്റു ചെയ്യാനും, അച്ചടിക്കാനും, സംരക്ഷിക്കാനും സഹായിക്കുന്നു.

വേഡ് പ്രോസസറിന്റെ സവിശേഷതകൾ

a) പ്രമാണം സൃഷ്ടിക്കാനും, പകർത്താനും, എഡിറ്റ് ചെയ്യാനും, ഫോർമേറ്റ് ചെയ്യാനും കഴിയും.

11th Economics Malayalam_Chapter-12.indd 265 2/14/2023 3:10:29 PM

b) വാക്കുകളും വാക്യങ്ങളും കൂട്ടിച്ചേർക്കാനോ, മാറ്റുവാനോ, ഇല്ലാതാക്കുവാനോ കഴിയും.
c) ഫോർമേറ്റിംഗ് ഉപയോഗിക്കാൻ കഴിയും.
d) മാർജിനുകളും പേജ് വലിപ്പവും ക്രമീകരിക്കാൻ കഴിയും.
f) അക്ഷര തെറ്റ് പരിശോധിക്കാം.
g) ഒന്നിലധികം പ്രമാണ ഫയലുകൾ ലയിപ്പിക്കാൻ കഴിയും.

ഒരു വേഡ് പ്രമാണം എങ്ങനെ തുറക്കാം?

വിവിധങ്ങളായ ഓപ്ഷനുകളിൽ നിന്ന് ഒരാൾക്ക് എം എ വേഡ് തുറക്കാൻ കഴിയും.

സ്റ്റാർട്ട് ക്ലിക്ക് ചെയ്യുക → എല്ലാ പ്രോഗ്രാം → എം എസ് പദം → അല്ലെങ്കിൽ ഡെസ്ക് ടോപ്പിൽ നിന്നുള്ള എം എസ് വേഡ് ഐക്കണിൽ ഇരട്ട ക്ലിക്ക് ചെയ്യുക.

മെനുവിന്റെ ഉപയോഗം

ഹോം മെനു	→	ലിപി മാറ്റുന്നതിനും ലിപിയുടെ വലിപ്പം മാറ്റുന്നതിനും, ടെക്സ്റ്റ് നിറം മാറ്റാനും ടെക്സ്റ്റ് ശൈലി ബോൾഡ്, ഇറ്റാലിക്, ഹോം മെനു അടിവര മുതലായവ പ്രയോഗിക്കാനും ഇത് ഉപയോഗിക്കുന്നു.
ഇൻസർട്ട്	→	പേജ് നമ്പർ, ചാർട്ടുകൾ, പട്ടികകൾ, ആകാരങ്ങൾ, വേഡ് ആർട്ട് ഫോമുകൾ, സമവാക്യങ്ങൾ, ചിഹ്നങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്താൻ ഇത് ഉപയോഗിക്കുന്നു.
പേജ് ലേ ഔട്ട്	→	മാർജിൻ വലിപ്പം മാറ്റുന്നതിനും, വാചകം കൂടുതൽ നിരകളായി വിഭജിക്കുന്നതിനും, ഒരു പേജിന്റെ പശ്ചാത്തല നിറം ഉപയോഗിക്കുന്നതിനും ഇത് ഉപയോഗിക്കുന്നു.
റഫറൻസ്-	→	രചയിതാക്കളുടെ പട്ടിക, അന്തിമ കുറിപ്പ്, അടിക്കുറിപ്പ്, റഫറൻസ്.
അവലോകനം	→	അക്ഷര തെറ്റ് പരിശോധന, വ്യാകരണം, വിവർത്തനം.
കാണുക	→	പ്രിന്റ് ലേഔട്ട്, പൂർണ്ണ സ്ക്രീൻ വായന, പ്രമാണ കാഴ്ച

12.6.2 മൈക്രോസോഫ്റ്റ് ഓഫീസ് എക്സൽ

ഇത് ഫോർമുല ഉപയോഗിച്ച് ഡാറ്റാ വിശകലനത്തിൽ ഉപയോഗിക്കുന്നു. വരികളും നിരകളും അടങ്ങുന്ന ഒരു വലിയ കടലാസ്സാണ് സ്പ്രെഡ് ഷീറ്റ്. വരികളുടെയും നിരകളുടെയും വിഭജനത്തെ സെൽ എന്ന് വിളിക്കുന്നു. എം എസ് എക്സൽ 2007 പതിപ്പ് ഒരു വർക്ക് ഷീറ്റിൽ ഒരു ദശലക്ഷം വരികളും 16,000 നിരകളും വരെ പിന്തുണയ്ക്കുന്നു.

ആരംഭിക്കുക

നിങ്ങൾക്ക് വിവിധ ഓപ്ഷനുകളിൽ നിന്ന് എക്സൽ ആരംഭിക്കാൻ കഴിയും.

- സ്റ്റാർട്ട് ക്ലിക്ക് → പ്രോഗ്രാം → മൈക്രോ സോഫ്റ്റ് എക്സൽ.
- ഡസ്ക്ടോപ്പിൽ നിന്ന് എം എസ് എക്സൽ ഐക്കൺ ഇരട്ട ക്ലിക്ക് ചെയ്യുക.

വർക്ക് ഷീറ്റ്

ഡാറ്റയും ഫോർമുലയുമുള്ള വരികളും നിരകളും അടങ്ങിയ പ്രമാണം പോലുള്ള ഒരു പട്ടികയാണ് വർക്ക് ഷീറ്റ്. നാല് തരം കണക്കുക്കൂട്ടൽ ഓപ്പറേറ്റർമാരുണ്ട്. അരിത്തമെറ്റിക്, താരതമ്യം, ടെക്സ്റ്റ് കോൺകറ്റനേഷൻ (ഒരുമിച്ച് ലിങ്ക് ചെയ്യുക) റഫറൻസ് എന്നിവയാണ് അവ. ഗ്രാഫുകൾ, ഡയഗ്രാമുകൾ, ഏരിയ ചാർട്ട് മുതലായവയിൽ ഡാറ്റ വിശകലനവും ഡാറ്റ അവതരണവും നടത്താൻ എം എസ് എക്സൽ സഹായിക്കുന്നു.

12.6.3 മൈക്രോ സോഫ്റ്റ് പൗവർ പോയിന്റ്

കമ്പ്യൂട്ടർ അധിഷ്ഠിതമായ അവതരണം നടത്താൻ ഉപയോഗിക്കുന്ന ഒരു സോഫ്റ്റ് വെയറാണ് ഇത്.

അവതരണത്തിൽ ഉൾക്കൊള്ളുന്ന ഘട്ടങ്ങൾ:

(i) ആരംഭ മെനു ക്ലിക്ക് ചെയ്യുക
(ii) പ്രോഗ്രാം ക്ലിക്ക് ചെയ്യുക

11th Economics Malayalam_Chapter-12.indd 266 2/14/2023 3:10:29 PM

(iii) മൈക്രോ സോഫ്റ്റ് പവർ പോയിന്റ് തിര ഞ്ഞെടുക്കുക - ക്ലിക്ക് ചെയ്യുക.

(iv) പുതിയ പവർ പോയിന്റ് ഫയൽ തുറക്കും, തുടർന്ന് ശീർഷകവും ഉപശീർഷകവും ആവശ്യമെങ്കിൽ ടൈപ്പ് ചെയ്യാം.

(v) ഐക്കൺ പുതിയ സ്ലൈഡ് ഇൻസർട്ട് ചെയ്യാം. അല്ലെങ്കിൽ എളുപ്പത്തിൽ 'Ctrl + M' കീ ഉപയോഗിക്കാം.

(vi) നമുക്ക് ഉള്ളടക്കം ടൈപ്പ് ചെയ്യുന്നതി നോടൊപ്പം, വരികളും നിരകളും, ചിത്ര ങ്ങൾ, സിനിമകൾ, ശബ്ദങ്ങൾ എന്നിവ ചേർക്കാൻ സാധിക്കും.

(vii) ഡിസൈൻ എന്ന ടാബ് സ്ലൈഡ് രൂപ കൽപ്പന ചെയ്യാൻ സഹായിക്കുന്നു. (എല്ലാ സ്ലൈഡുകൾക്കും പൊതുവായ ഡിസൈൻ തിരഞ്ഞെടുക്കാം അല്ലെങ്കിൽ ഓരോ സ്ലൈഡിനും പ്രത്യേക ഡിസൈൻ തിരഞ്ഞെടുക്കാം).

(viii) ഐക്കൺ സ്ലൈഡ് ഷോ ക്ലിക്ക് ചെയ്ത് ഒരാൾക്ക് ആദ്യ സ്ലൈഡിൽ നിന്ന് ആരം ഭിച്ച് അല്ലെങ്കിൽ നിലവിലെ സ്ലൈഡ് ഷോ മുതൽ പ്രവർത്തിപ്പിക്കാൻ സാധിക്കും.

പവർ പോയിന്റിന്റെ അവതരണം (PPT) പ്രധാന പോയിന്റുകൾമെമ്മറിയിൽസൂക്ഷിക്കാനുംപ്രത്യേക വിഷയം മനസ്സിലാക്കാനും സഹായിക്കുന്നു. അടു ത്തിടെസ്മാർട്ട്ക്ലാസ്റൂംഅദ്ധ്യാപനംPPTഉപയോ ഗിച്ച് അദ്ധ്യാപനത്തിന്റെ ഗുണനിലവാരം ഉയർത്തു ന്നതിന് വിവരങ്ങൾ ഫലപ്രദമായി എത്തിക്കുന്നു.



ചിന്തിക്കുക ചെയ്യുക

- MS വേഡ് ഉപയോഗിച്ച് അവി ശ്വസനീയമായ ഇന്ത്യ എന്നതി നെക്കുറിച്ച് ഒരു പ്രമാണം തയ്യാ റാക്കുക.
- കഴിഞ്ഞമാസത്തിലെ ഓരോ വിഭാഗത്തിനും/ഇനത്തിനു മുള്ള നിങ്ങളുടെ ദൈനംദിന പോക്കറ്റുചിലവുകൾക്കായിഒരു എക്സൽ ഷീറ്റ് തയ്യാറാക്കുക.
- നിങ്ങളുടെ മാതാപിതാക്കൾ ക്കൊപ്പം ഒരു ദിവസം എന്നതി നെപ്പറ്റി ഒരു പവർ പോയിന്റ് തയ്യാറാക്കി അവതരിപ്പിക്കുക.

ഉപസംഹാരം

ലീനിയർ ബീജഗണിതം, കാൽക്കുലസ്, വിവര സാങ്കേതിക വിദ്യ എന്നിവയുടെ പ്രയോഗം വിശദീക രിച്ച്, സാമ്പത്തിക ശാസ്ത്രത്തിൽ ഗണിത ശാസ്ത്ര ത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള അറിവ് ഈ അദ്ധ്യായം നൽകുന്നു. പ്രത്യേകിച്ചും ഫംഗ്ഷനു കൾ, മെട്രിക്സ്, ഡിഫറൻഷ്യൽ കാൽക്കുലസ്, ഇന്റഗ്രൽ കാൽക്കുലസ്, MS വേഡ്, MS എക്സൽ, പവർ കമ്മ്യൂണിക്കേഷൻ, പവർ പോയിന്റ് പ്രസന്റേ ഷൻ എന്നിവയെ കുറിച്ചുള്ള അറിവ് അനുയോജ്യ മായ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ചിത്രീകരി ച്ചിരിക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ഗണിത ശാസ്ത്ര രീതികളുടെ ഉപയോഗത്തെ കുറിച്ച് യഥാർത്ഥ്യം മനസ്സിലാക്കാൻ വിദ്യാർത്ഥികളെ ഈ പ്രവർത്തനങ്ങൾ സഹായിക്കുന്നു.

ഫോർമുലകൾ

1. ചരിവിന് $m= y_2-y_1/x_2-x_1$
2. നേർരേഖയ്ക്ക് $(y-y_1) = m\ (x-x_1)$
3. 3x3 മെട്രിക്സിന് $|A| = a_1(b_2c_3 - b_3c_2) - a_2(b_1c_3-b_3c_1)+a_3(b_1c_2-b_2c_1)$
4. സ്ഥിരാങ്കത്തിന്റെ വ്യത്യാസം പൂജ്യ മാണ്.
5. x^n ന്റെ ഡിഫറൻസേഷൻ $nx^{(n-1)}$
6. e_d = മാർജിനൽ ഫംഗ്ഷൻ /ശരാശരി പ്രവർത്തനം
7. $e_d = \frac{-P}{x}\frac{dx}{dp}$
8. x^n ന്റെ സമകലനം $\frac{x^{n+1}}{n+1}+C$
9. $CS=\left[\int_0^{x_0} f(x)dx\right]-x_o p_o$
10. PS = x_0p_0 – പരിധിക്കുള്ളിലുള്ള സമ കലനത്തിന്റെ വിതരണ പ്രവർത്തനം $= x_o p_o - \int_0^{x_0} g(x)dx$


11th Economics Malayalam_Chapter-12.indd 267 2/14/2023 3:10:31 PM



ഐ.സി.റ്റി കോർണർ


ശേഖരിച്ച ഡാറ്റകൾക്കായി ഗ്രാഫുകൾ വരയ്ക്കുന്നു.


തന്നിരിക്കുന്ന ഡാറ്റകൾക്കായി എക്സെൽ ഉപയോഗിക്കുന്ന ഗ്രാഫുകൾ നൽകിയിരിക്കുന്നു.





ഘട്ടങ്ങൾ:


- ഇന്ത്യയിലെ ഗ്രാമീണ നഗര പ്രദേശങ്ങളിൽ 1961 മുതൽ 2011 വരെ കുട്ടികളുടെ ജനസംഖ്യ (0-6 വയസ്) വിവരങ്ങളുടെ ശേഖരണം. ഡേറ്റ ഉപയോഗിച്ച് ഗ്രാഫ് വരയ്ക്കാം.
- മൈക്രോ സോഫ്റ്റ് എക്സൽ വർക്ക് ബുക്ക് തുറക്കുക, ആദ്യനിരയിൽ x അക്ഷരത്തിൽ ഡേറ്റ ടൈപ്പ് ചെയ്യുക. തുടർന്ന് തുടർച്ചയായ നിരകളിൽ അതത് ഡേറ്റ ടൈപ്പ് ചെയ്യുക.
- ഇപ്പോൾ ടൈപ്പ് ചെയ്ത എല്ലാ ഡേറ്റയും തിരഞ്ഞെടുക്കുക, ഡേറ്റ തിരഞ്ഞെടുത്ത ശേഷം ചാർട്ടുകൾ ലഭിക്കാൻ തിരയുക, ക്ലിക്ക് ചെയ്യുക. സ്ക്രോൾഡ് മെനു ലഭിക്കാൻ സ്കാറ്റർ കരം തിരഞ്ഞെടുക്കുക.
- ചിതറി കിടക്കുന്ന സുഗമമായ വരകളും മാർക്കറുകളും തിരഞ്ഞെടുക്കുക. ഇവിടെ കാണിച്ചിരിക്കുന്നതു പോലെ നിങ്ങൾക്ക് ആവശ്യമായ ഗ്രാഫ് ലഭിക്കും.
- ചാർട്ട് ഘടകങ്ങൾ എഡിറ്റ് ചെയ്യുവാൻ വലതുവശത്തുള്ള മൂന്ന് ഐക്കണുകൾ തിരഞ്ഞെടുക്കുന്നതിലൂടെ ബോക്സിൽ ആക്സിസ് ശീർഷകങ്ങളും ചാർട്ട് ശീർഷകവും പരിശോധിക്കുക.
- x അക്ഷരവും Y അക്ഷരവും ടൈപ്പ് ചെയ്യുക, അതിനു ശേഷം ചാർട്ട് ശീർഷകം, സ്ഥാനം മാറ്റാൻ ലെജൻണ്ട് ക്ലിക്ക് ചെയ്യുക.
- ഇപ്പോൾ ഗ്രാഫ് പകർത്താൻ ഗ്രാഫിൽ (A) വലതു ക്ലിക്ക് ചെയ്യുക, തുടർന്ന് ഒരു വേഡ് പേജിൽ ഒട്ടിക്കുക. അല്ലെങ്കിൽ നീക്കുക. ചാർട്ട് തിരഞ്ഞെടുക്കുക. മറ്റൊരു എക്സൽ പേജിൽ നീക്കുക. പുതിയ ഷീറ്റിൽ മെനു കാണാൻ സാധിക്കും.
- ഇപ്പോൾ നിങ്ങൾക്ക് ഗ്രാഫ് തരം, ബാർ ചാർട്ട് അല്ലെങ്കിൽ മറ്റേതെങ്കിലും തരമായി മാറ്റണമെങ്കിൽ, തിരഞ്ഞെടുക്കൽ ഗ്രാഫിൽ ക്ലിക്ക് ചെയ്യുക, തുടർന്ന് മുകളിലെ മെനുവിൽ നൽകിയിരിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ഗ്രാഫിൽ ക്ലിക്ക് ചെയ്യുക.


ഘട്ടം 1



ഘട്ടം 2



ഘട്ടം 3



ഘട്ടം 4



ഘട്ടം 5


ഘട്ടം 6


ഘട്ടം 7



ഘട്ടം 8

ചിത്രങ്ങൾ സൂചകങ്ങൾ മാത്രമാണ്.*

URL:

https://youtu.be/Xn7Sd5Uu42A

(or) scan the QR Code


11th Economics Malayalam_Chapter-12.indd 268 2/14/2023 3:10:34 PM



ഐ.സി.റ്റി കോർണർ


ഉപഭോക്താവിന്റെയും നിർമ്മാതാവിന്റെയും മിച്ചം


ഉപഭോക്താവിന്റെയും നിർമ്മാതാവിന്റെയും മിച്ചം കണ്ടെത്താൻ സമകലനം (ഇന്റഗ്രേഷൻ) ഉപയോഗിക്കാൻ അനുവദിക്കുന്നു.





ഘട്ടങ്ങൾ:


- നൽകിയ URL ബ്രൗസർ തുറക്കുക. അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക.
- "XI സസ്റ്റാൻഡേർഡ്സാമ്പത്തികശാസ്ത്രം" എന്നു വിളിക്കുന്നജിയോജിബ്രവർക്ക്ബുക്ക്ദൃശ്യമാകും.ഉപഭാക്താവിന്റെയും നിർമ്മാതാവിന്റെയും മിച്ചം Ex:12.29" എന്ന് പേരിട്ടിരിക്കുന്ന വർക്ക് ഷീറ്റ് തുറക്കുക.
- ഇന്റഗ്രേഷൻ (സമകലനം അഥവാ സംയോജനം) ഇല്ലാതെ നമുക്ക് വക്രത്തിന് കീഴിലുള്ള പ്രദേശം കണ്ടെത്താൻ കഴിയില്ല. ഉന്നത പഠനത്തിനായി ഇന്റഗ്രേഷൻ എന്താണെന്നും അത് എന്തുകൊണ്ട് ആവശ്യമാണെന്നും നിങ്ങൾ അറിഞ്ഞിരിക്കണം.
- വർക്ക് ഷീറ്റിൽ പച്ചനിറം ചോദന വക്രത്തെയും നീലനിറം വിതരണ വക്രത്തെയും കാണിക്കുന്നു. ഇവ പോയിന്റ് A (4,9) ൽ സംയോജിക്കുന്നു. ഇതിൽ X അക്ഷരത്തിലെ മൂല്യം 4 ചോദന വില. നിങ്ങൾ 0 നും 4 നും ഇടയിൽ ചോദന വക്രം സമനയിപ്പിക്കുകയാണെങ്കിൽ നിങ്ങൾക്ക് കാണിച്ചിരിക്കുന്നതു പോലെ പ്രദേശം ലഭിക്കും. 0 നും 4 നും ഇടയിലുള്ള ചോദന വില കാണിക്കുന്നതിന് ഏരിയാ ഇന്റഗ്രൽ ക്ലിക്ക് ചെയ്യുക.
- ദീർഘ ചതുരത്തിന്റെ വിസ്തീർണ്ണം കാണുന്നതിന് നീളം 4 വീതി 9 (പോയിന്റ് A 4,9) ഗുണിച്ച് വിസ്തീർണ്ണം നിങ്ങൾക്ക് കാണാൻ കഴിയും.
- PD വക്രത്തിന്റെ കീഴിലുള്ള പ്രദേശം ദീർഘ ചതുരത്തിന്റെ വിസ്തീർണ്ണത്തിൽ നിന്ന് കുറച്ചാൽ നിങ്ങൾക്ക് ഉപഭോക്തൃ മിച്ചം ലഭിക്കും.
- ഷോ ഏരിയ ഇന്റഗ്രൽ 2 ക്ലിക്ക് ചെയ്യുക. 0 നും 4 നും ഇടയിൽ സപ്ലൈ പ്രൈസ് ലൈൻ സംയോജിപ്പിച്ച് ലഭിച്ച നീല വർണ്ണ പ്രദേശം കുറയ്ക്കുക; ദീർഘ ചതുരത്തിന്റെ വിസ്തീർണ്ണത്തിൽ നിന്ന് PS ലൈനിനു കീഴിലുള്ള വിസ്തീർണ്ണം കുറച്ചാൽ നിങ്ങൾക്ക് നിർമ്മാതാവിന്റെ മിച്ചം ലഭിക്കും. MCഎന്നീ സ്ലൈഡുകൾ നീക്കി നിങ്ങൾക്ക് PS ലൈൻ മാറ്റാൻ കഴിയും. ഉപഭോക്തൃ മിച്ചത്തിലും നിർമ്മാതാവിന്റെ മിച്ചത്തിലും നിങ്ങൾക്ക് മാറ്റങ്ങൾ കാണാൻ കഴിയും.




ഘട്ടം 1


ഘട്ടം 2


ഘട്ടം 3


ഘട്ടം 4

ചിത്രങ്ങൾ സൂചകങ്ങൾ മാത്രമാണ്.*

URL:

https://ggbm.at/ddY3wkjp

അല്ലെങ്കിൽ QR കോഡ് സ്കാൻ ചെയ്യുക

11th Economics Malayalam_Chapter-12.indd 269 2/14/2023 3:10:36 PM

മാതൃകാ ചോദ്യങ്ങൾ

ഭാഗം-A ബഹു വികല്പ ചോദ്യങ്ങൾ

1. ഗണിത സാമ്പത്തിക ശാസ്ത്രം സംയോജന മാണ്.

a. ഗണിത ശാസ്ത്രവും സാമ്പത്തിക ശാസ്ത്രവും

b. സാമ്പത്തിക ശാസ്ത്രവും സ്ഥിതി വിവര കണക്കും

c. സാമ്പത്തികവും സമവാക്യങ്ങളും

d. ഗ്രാഫുകളും സാമ്പത്തിക ശാസ്ത്രവും

2. ഡിമാന്റ് ലൈനിന്റെയോസപ്ലൈലൈനിന്റെയോ നിർമ്മാണം ഉപയോഗിക്കുന്നതിന്റെ ഫലമാണ്

a. മെട്രിക്സ

b. കാൽക്കുലസ്

c. ബീജഗണിതം

d. അനലറ്റിക്കൽ ജ്യോമിട്രി

3. സാമ്പത്തിക ശാസ്ത്രത്തിൽ ആദ്യമായി ഗണിത ശാസ്ത്രം ഉപയോഗിച്ച വ്യക്തി

a. സർ വില്യം പെറ്റി

b. ജിയോ വന്നിസേവ

c. ആഡംസ് മിത്ത്

d. ഇർവിംഗ് ഫിഷർ.

4. ഒരു സ്വതന്ത്ര വേരിയബിൾ മാത്രമുള്ള ഫംഗ്ഷൻ അറിയപ്പെടുന്നത്

a. മൾട്ടി വേരിയേറ്റ് ഫംഗ്ഷൻ

b. ബൈ വേരിയേറ്റ് ഫംഗ്ഷൻ

c യൂണി വേരിയേറ്റ് ഫംഗ്ഷൻ

d. പോളിനോമിയൽ ഫംഗ്ഷൻ

5. രണ്ട് അളവുകൾ തമ്മിലുള്ള തുല്യതയുടെ പ്രസ്താവന

a. അസമത്വം

b. സമത്വം

c. സമവാക്യങ്ങൾ

d. പ്രവർത്തനങ്ങൾ

6. സ്വതന്ത്ര ഘടകങ്ങളിലെ മാറ്റവുമായി ബന്ധ പ്പെട്ട ആശ്രിത ഘടകങ്ങളുടെ വർദ്ധനവ്

a. ചരിവ്, **b.** ഇന്റർസെപ്റ്റ്

c. വേരിയന്റ് **d.** സ്ഥിരമായ,

7. $(y - y_1) = m(x - x_1)$ തരുന്നത്

a. ചരിവ്

b. നേർരേഖ

c. സ്ഥിരമായ

d. കർവ്

8. D = 50 - 5P. പൂജ്യമാണെന്ന് കരുതുക

a. P 10 ആകുന്നു, **b.** P 20 ആകുന്നു,

c. P 5 ആകുന്നു, **d.** P -10 ആകുന്നു,

9. D = 150 - 50P. എന്നു കരുതുക, അപ്പോൾ ചരിവ്

a. -5 **b.** 50

c. 5 **d.** -50

10. മാട്രിക്സ് $\Delta = 0$, യുടെ ഡിറ്റർമിനന്റ് പൂജ്യം എന്നു കരുതുക, എങ്കിൽ പരിഹാരം

a. നിലവിലുണ്ട്

b. നിലവിലില്ല

c. അനന്തമാണ്

d. പൂജ്യമാണ്.

11th Economics Malayalam_Chapter-12.indd 270 2/14/2023 3:10:36 PM

11. വിശ്രമാവസ്ഥ എന്ന് വിളിക്കുന്ന പോയിന്റാണ്

a. സന്തുലിതാവസ്ഥ

b. അസന്തുലിതാവസ്ഥ,

c. മിനിമം പോയിന്റ്

d. പരമാവധി പോയിന്റ്.

12. നിരന്തരമായ പദത്തിന്റെ വ്യത്യാസം നൽകുന്നത്

a. ഒന്ന്

b. പൂജ്യം

c. അനന്തത

d. അനന്തമല്ലാത്ത

13. x^n ന്റെ ഡിഫറൻസേഷൻ

a. $nx^{(n-1)}$

b. $n\ x\ ^{(n+1)}$

c. പൂജ്യം

d. ഒന്ന്

14. ഗണിത രൂപത്തിൽ പ്രതിനിധാനം ചെയ്യുന്ന കോസ്റ്റ് ഫംഗ്ഷനിലെ ---------- പദമാണ് നിശ്ചിത ചിലവ്.

a. മദ്ധ്യം

b. വില

c. അളവ്

d. സ്ഥിരാംഗം

15. മൊത്ത വരുമാന പ്രവർത്തനത്തിലെ ആദ്യ ഡിഫറൻസേഷൻ നൽകുന്നത്

a. ശരാശരി വരുമാനം

b. ലാഭം

c. അധിക വരുമാനം

d. പൂജ്യം

16. ഡിമാന്റിന്റെ ഇലാസ്റ്റികതയുടെ അനുപാതമാണ്

a. മാർജിനൽ ഡിമാന്റ് ഫംഗ്ഷനും റവന്യൂ ഫംഗ്ഷനും

b. മാർജിനൽ ഡിമാന്റ് ഫംഗ്ഷനിലുള്ള ശരാശരി ഡിമാന്റ് ഫംഗ്ഷൻ

c. സ്ഥിരവും വേരിയബിളുമായ വരുമാനം

d. മാർജിനൽ ഡിമാന്റ് ഫംഗ്ഷനും മൊത്ത ഡിമാന്റ് ഫംഗ്ഷനും.

17. $x+y = 5$ എങ്കിൽ $x-y= 3$ ന്റെ മൂല്യം x

a. 4

b. 3

c. 16

d. 8

18. സംയോജന വിപരീത പ്രക്രിയയാണ്

a. വ്യത്യാസം

b. കൂട്ടിചേർക്കൽ

c. ഒത്തുചേർക്കൽ

d. അവകലനം.

19. ഡാറ്റാ പ്രോസസിംഗ് നടത്തുന്നത്

a. PC മാത്രം

b. കാൽക്കുലേറ്റർ മാത്രം

c. PC യും കാൽക്കുലേറ്ററും

d. പെൻഡ്രൈവ്

20. **Ctrl + M** എന്ന കമാന്റ് പ്രയോഗിക്കുന്നത്

a. സേവിംഗ്,ബി. ,സി.

b. കോപ്പി ചെയ്യുന്നതിന്

c. പുതിയ സ്ലൈഡ് ലഭിക്കുന്നതിന്

d. ഒരു സ്ലൈഡ് ഇല്ലാതാക്കുന്നതിന്.

11th Economics Malayalam_Chapter-12.indd 271 2/14/2023 3:10:36 PM

ഭാഗം-A ഉത്തരങ്ങൾ

1	2	3	4	5	6	7	8	9	10
a	d	b	c	c	a	b	a	d	b
11	12	13	14	15	16	17	18	19	20
a	b	a	d	c	b	a	d	c	c

ഭാഗം – B ഒന്നോ രണ്ടോ വാക്യങ്ങളിൽ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.:

1. If $62 = 34 + 4x$ എങ്കിൽ x എന്താണ്? (ഉത്തരം :x 7 ആണ്)
2. ഡിമാന്റ് ഫംഗ്ഷൻ $q = 150 - 3p$, അനുസരിച്ച് MR നായി ഒരു ഫംഗ്ഷൻ രൂപീകരിക്കുക.
3. $TC = 60 + 10x + 15x^2$ ആയിരിക്കുമ്പോൾ ശരാശരി ചെലവ് ഫംഗ്ഷൻ കണ്ടെത്തുക
4. ഡിമാന്റ് ഫംഗ്ഷൻ നൽകുന്നത് $x = 20 - 2p - p^2$ എന്ന് ആണ് ഇവിടെ p, x എന്നിവ യഥാക്രമം വിലയും അളവും ആണ് $p = 2.5$ ന്റെ ഡിമാന്റ് ഇലാസ്റ്റികത കാണുക.
5. ഒരു ചരക്കിന്റെ വില p അളവ് q എന്നിവ സമവാക്യവുമായി ബന്ധപ്പെട്ടിരിക്കുമെന്ന് $q = 30 - 4p - p^2$ എന്ന സമവാക്യവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കരുതുക. (i) വില $p = 2$ ആകുമ്പോൾ e_d (ii) MR എന്നിവ കണ്ടെത്തുക
6. വിതരണത്തിന്റെ ഇലാസ്റ്റികതയ്ക്കുള്ള സൂത്ര വാക്യം എന്താണ്? വിതരണ പ്രവർത്തനം നിങ്ങൾക്ക് അറിയാമോ?
7. . MS വേഡിന്റെ പ്രധാന മെനുകൾ ഏതാണ്?

ഭാഗം – C ഒരു ഖണ്ഡികയിൽ തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.:

1. സാമ്പത്തിക ശാസ്ത്രത്തിലെ ഗണിത ശാസ്ത്ര രീതികളുടെ ഉപയോഗങ്ങൾ വിശദീകരിക്കുക.
2. $16x - 4 = 68 + 7x$. ചോദന അളവായാൽ x കണ്ടുപിടിക്കുക. (ഉത്തരം: x = 8)
3. ഒരു സ്ഥാപനത്തിന്റെ വരുമാന പ്രവർത്തനം $R = 600q - 0.03q^2$ ഉം ചിലവ് പ്രവർത്തനം $C = 150q + 60{,}000$, ഇവിടെ q എന്നത് ഉൽപാദിപ്പിക്കുന്ന യൂണിറ്റുകളുടെ എണ്ണമാണ്. AR, AC, MR, MC. എന്നിവ കണ്ടെത്തുക. (ഉത്തരങ്ങൾ:$AR = 600 - 0.03q$; $MR = 600 - 0.06q$; $AC = 150 + (60000/q)$)
4. ക്രാമറിന്റെ നിയമം ഉപയോഗിച്ച് ഇനിപ്പറയുന്ന രേഖീയ സമവാക്യങ്ങൾ പരിഹരിക്കുക.

   $x_1 - x_2 + x_3 = 2$: $x_1 + x_2 - x_3 = 0$: $-x_1 - x_2 - x_3 = -6$
5. ഒരു സ്ഥാപനം മൊത്തം ചെലവ് നേരിടുകയാണെങ്കിൽ $TC = 5 + x^2$ അവിടെ x ഔട്ട്പുട്ട് ആണ് $x = 10$ ആകുമ്പോൾ TC എന്താണ്?
6. $TC = 2.5q^3 - 13q^2 + 50q + 12$ ആണെങ്കിൽ മാർജിനൽ കോസ്റ്റ് ഫംഗ്ഷനും, ആവറേജ് കോസ്റ്റ് ഫംഗ്ഷനും കണ്ടെത്തുക.
7. ഒരു MS എക്സൽ ഷീറ്റ് നടപ്പിലാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ഘട്ടങ്ങൾ എന്തൊക്കെയാണ്?

11th Economics Malayalam_Chapter-12.indd 272 2/14/2023 3:10:36 PM

ഭാഗം– D ഒരു പേജിൽ ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.:

1. ശുദ്ധമായ പശുവിൻ പാല് ലഭിക്കുന്ന വിപണിയെക്കുറിച്ച് ഗവേഷണം നടത്തുന്ന ഒരു ഗവേഷക പണ്ഡിതൻ അനുമാനിക്കുന്നത് $Qt= f(Pt, Y,A,N, Pc)$ ഇവിടെ Qt ആവശ്യപ്പെടുന്ന പാലിന്റെ അളവാണ് Pt - ശുദ്ധമായ പാലിന്റെ വില Y ശരാശരി ഗാർഹിക വരുമാനം A എന്നത് പ്രോസസ് ചെയ്ത പാക്കറ്റ് പാലിന്റെ പരസ്യ ചിലവാണ്, N ജനസംഖ്യയും Pc പ്രോസസ് ചെയ്ത പാക്കറ്റ് പാലിന്റെ വിലയും
   - **(a)** എന്താണ് $Qt= f (Pt, Y,A,N, Pc)$ വാക്കുകളിൽ അർത്ഥമാക്കുന്നത്?
   - **(b)** സ്വതന്ത്ര ചരങ്ങൾ തിരിച്ചറിയുക.
   - **(c)** ഈ ഫംഗ്ഷനായി ഒരു നിർദ്ദിഷ്ട ഫോം തയ്യാറാക്കുക. (വ്യത്യസ്തമായ ഗുണങ്ങൾ ഉണ്ടോ എന്നും സ്വതന്ത്ര ചരങ്ങൾ പോസിറ്റീവോ നെഗറ്റീവോ എന്ന് നിർണ്ണയിക്കാൻ നിങ്ങളുടെ സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് ഉപയോഗിക്കുക.
2. ഡിഫറൻഷ്യൽ കാൽക്കുലസ് രീതി ഉപയോഗിച്ച് ഡിമാന്റ് ഷെഡ്യൂളിന്റെ ആവശ്യകത വ്യക്തമാക്കുക $P = 60 – 0.2Q$ ഇവിടെ വില (i) പൂജ്യം, (ii) ₹20, (iii) ₹40.
3. ഡിമാന്റ് സപ്ലൈ ഫംഗ്ഷനുകൾ, യഥാക്രമം $p_d=1600 - x^2$ and $p_s = 2x^2 + 400$ ആയാൽ ഉപഭോക്താവിന്റെ മിച്ചവും നിർമ്മാതാവിന്റെ മിച്ചവും സന്തുലിതാവസ്ഥയിൽ കണ്ടെത്തുക.
4. സാമ്പത്തിക ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന വിവര, ആശയവിനിമയ സാങ്കേതിക വിദ്യയുടെ ആശയങ്ങൾ എന്തൊക്കെയാണ്?

പ്രവർത്തനം

1. നിങ്ങളുടെ കാറിന്റെ പെട്രോൾ ഉപയോഗം ലിറ്ററിന് 16 കിലോമീറ്ററാണ്. നിങ്ങൾ കിലോമീറ്ററിൽ സഞ്ചരിക്കുന്ന ദൂരം x ആയിരിക്കട്ടെ. p ഒരു ലിറ്റർ പെട്രോളിന്റെ വില രൂപയിൽ പെട്രോളിനുള്ള ഡിമാന്റായി എക്സ്പ്രഷനുകൾ എഴുതുക.
2. നിങ്ങളുടെതായ ഡിമാന്റ് ഫംഗ്ഷൻ ഉണ്ടാക്കുക. തുടർന്ന് അനുബന്ധ എം ആർ ഫംഗ്ഷൻ നേടുക. പൂജ്യം മാർജിനൽ റവന്യൂവിന് ആനുപാതികമായ ഔട്ട്പുട്ട് ലവൽ കണ്ടെത്തുക.
3. $Q = 100–10P$ ഫംഗ്ഷനായി വിവിധ വിലകളിലുള്ള ഡിമാന്റിന്റെ അളവുകൾ കണക്കാക്കാൻ ഒരു എക്സെൽ സ്പ്രെഡ് ഷീറ്റ് ഉപയോഗിക്കുക. തുടർന്ന് ഈ മൂല്യങ്ങൾ ഒരു ഗ്രാഫിൽ പ്ലോട്ട് ചെയ്യുക.
4. എം എസ് വേഡ് തുറന്ന് വിദ്യാർത്ഥികളുടെ പ്രസൻസ്, ആബ്സെന്റ് എന്ന തലക്കെട്ടിടുക. പട്ടിക തിരുകുക, നിങ്ങളുടെ സ്കൂളിലെ എല്ലാ ക്ലാസുകൾക്കുമായി ഡാറ്റ ശേഖരിക്കുകയും ഒരു മാസത്തിൽ ഏറ്റവും കൂടുതൽ ഹാജരാകാത്തവരുടെ ക്ലാസ് കണ്ടെത്തുകയും ചെയ്യുക. എം എസ് വേഡ് ഉപയോഗിച്ച് ഒരു ഖണ്ഡികയിൽ ഹാജരാകാത്തവർക്കുള്ള കാരണം ഉപയോഗിച്ച് ന്യായീകരിക്കുക.

11th Economics Malayalam_Chapter-12.indd 273 2/14/2023 3:10:36 PM

പരാമർശങ്ങൾ

1. Chiang A.C. and K. Wainwright, Fundamental Methods of Mathematical Economics,Tata McGraw-Hill Education; Fourth edition (2013).
2. Dowling E.T, Introduction to Mathematical Economics, 2nd Edition, Schaum'sOutline Series, McGraw-Hill, New York, 2003(ETD).
3. Henderson, J. M. and R.E. Quandt (1980), Microeconomic Theory: A Mathematical Approach, McGraw Hill, New Delhi.
4. James Bradfield, Jeffrey Baldani, An Introduction to Mathematical Economics, Cengage Learning India Pvt Ltd (2008)
5. Koutsoyiannis.A Modern Microeconomics, Palgrave Macmillan; 2nd Revised edition (2003)
6. Mike Rosser, Basic Mathematics for Economists, Second Edition, Routledge Taylor& Francis London 2003.
7. *Mehta and Maddani, Mathematics* for *Economics, Sultan Chand and Sons 9th editions 2008*

https.pdfdrive.net/fundamental methods of mathematical economics.

https.researchgate.net/mathematical economics

11th Economics Malayalam_Chapter-12.indd 274 2/14/2023 3:10:36 PM

പദസൂചിക

Accelerator	ത്വരിതപ്പെടുത്തൽ
Advertising elasticity of demand	പരസ്യത്തിന്റെ ഇലാസ്റ്റികത ചോദനം
Alternative uses	ഇതര മാർഗ്ഗം
Annual plan	വാർഷിക പദ്ധതി
Art	കല
Assumption	അനുമാനം
Average cost	ശരാശരി ചെലവ്
Average product	ശരാശരി ഉല്പന്നം
Barter	സാധനങ്ങൾക്ക് പകരം സാധന കൈമാറ്റം
Behavioural Economics	പെരുമാറ്റ ധനശാസ്ത്രം
Business	വാണിജ്യം (കച്ചവടം)
Capability	കാര്യപ്രാപ്തി
Capital	മൂലധനം
Cardinal Utility Analysis	അളക്കാനാകുന്ന ഉപയുക്തതാവിശകലനം
Cash Reserve Ratio (CRR)	കരുതൽ ധന അനുപാതം
Characteristics	വിശേഷ ലക്ഷണം
Child sex Ratio	കുട്ടികളുടെ ലിംഗാനുപാതം (ആൺ പെൺ വ്യത്യാസം അറിയുന്ന കണക്ക്)
Classical	ശ്രേഷ്ഠമായ
Coefficient	ഗുണകം
Colonial capitalism	കൊളോണിയൽ മുതലാളിത്തം
Concealed unemployment, Disguised unemployment	മറച്ചുവച്ച തൊഴിലില്ലായ്മ പ്രഛന്ന തൊഴിലില്ലായ്മ
Concentration	ഏകാഗ്രത
Constant Returns to Scale	തോതിനനുസരിച്ചുള്ള സ്ഥിര പ്രത്യയം
Consumer	ഉപഭോക്താവ്
Consumer's Surplus	ഉപഭോക്തൃമിച്ചം
Consumption	ഉപഭോഗം
Contraction of demand	ചോദന ചുരുക്കം
Criticism	വിമർശനം
Crop insurance	വിള ഇൻഷ്വറൻസ്
Cross elasticity of demand	ചോദനത്തിന്റെ കുറുകെ ഇലാസ്തികത
Crude Birth rate	1000 പേരിൽ മരിക്കുന്നവരുടെ എണ്ണം
Crude Death Rate	1000 പേർക്ക് ജനനങ്ങളുടെ എണ്ണം
Data /Statistics /information	ദത്തങ്ങൾ/സ്ഥിതി വിവരക്കണക്ക്/വിവരങ്ങൾ
Decentralization	വികേന്ദ്രീകരണം
Decrease in demand	ചോദന കുറവ്
Deductive Method	കിഴിവ് രീതി
Definition	നിർവ്വചനം
Delicensing	ലൈസൻസ് ഇല്ലാതാക്കൽ
Demand	ചോദനം
Democracy	ജനാധിപത്യം

11th Economics Malayalam_Glossary.indd 275 2/14/2023 3:12:26 PM

Demographic dividend	ജനസംഖ്യാനുകൂലം
Demonstration effect	പ്രകടന പ്രഭാവം
Density of population	ജനസാന്ദ്രത
Determinants	പരിധി നിർണ്ണയിക്കുന്ന ഘടകങ്ങൾ
Determinant	നിർണ്ണായക ഘടകം
Development Economics	വികസന സമ്പദ്‌വ്യവസ്ഥ
Development	വികസനം
Differential calculus	വിശകലനം
Diminishing Returns to Scale	തോതനുസരിച്ചുള്ള അപചയപ്രത്യയം
Diseconomies of Scale	സാമ്പത്തിക ചിലവ് കൂട്ടൽ
Disinvestment	ഓഹരികൈമാറ്റം ചെയ്യുക
Dismal Science	ഇരുണ്ട ശാസ്ത്രം
Distribution	വിതരണം
Division of labour	തൊഴിൽ പങ്കിടൽ തൊഴിൽ വിതരണം
Domain	ഭൂസ്വത്ത്
Dualism	ദ്വൈതവാദം
Duopoly	രണ്ടു വിതരണക്കാരുടെ ആധിപത്യം
Dynamic	ചലനാത്മക
Economics	സാമ്പത്തിക ശാസ്ത്രം
Economies of scale	സാമ്പത്തിക ചെലവ് ചുരുക്കൽ
Economy	സമ്പദ്‌വ്യവസ്ഥ
Elasticity of demand	ചോദന ഇലാസ്തികത
Elasticity of Supply	വിതരണ ഇലാസ്റ്റികത
Empowerment	ശാക്തീകരണം
Enterprise	സ്ഥാപനം
Entrepreneurship	സംരഭകത്വം
Entrepreneur	സംരംഭകൻ
Environmental Economics	പാരിസ്ഥിതിക സാമ്പത്തിക ശാസ്ത്രം
Equal- Marginal utility	തുല്യസീമന്ത ഉപയുക്ത
Equation	സമവാക്യം
Equilibrium	സന്തുലിതാവസ്ഥ
Ethical	നൈതിക
Exchange	വിനിമയം
Expansion of demand	ചോദന വിപുലീകരണം
Explicit cost	വ്യക്തമായ ചെലവ്
Export promotion zone	കയറ്റുമതില പ്രോത്സാഹന മേഖല
Export	കയറ്റുമതി
External Diseconomies	ബാഹ്യ വ്യതിയാനങ്ങൾ
External Economies of Scale	പുറമെയുള്ള സാമ്പത്തിക നേട്ടം
Factors of Production	ഉല്പാദക ഘടകങ്ങൾ
Factors	ഘടകങ്ങൾ
Facts	വസ്തുതകൾ
Famine	ക്ഷാമം
Features	സവിശേഷതകൾ
Finance Capital	ധനമൂലധനം
Financial Economics	ധനകാര്യ സാമ്പത്തിക ശാസ്ത്രം
Fiscal reforms	ഗവൺമെന്റ് പരിഷ്കാരങ്ങൾ

11th Economics Malayalam_Glossary.indd 276 2/14/2023 3:12:26 PM

Fixed cost	നിശ്ചിത ചെലവ്
Floating cost	വ്യതിചലിക്കുന്ന ചെലവ്
Foreign Capital	വിദേശ മൂലധനം
Frictional unemployment	ഘർഷണ തൊഴിലില്ലായ്മ
Gender equality	ലിംഗ സമത്വം
General equilibrium	പൊതു സന്തുലിതാവസ്ഥ
Globalization	ആഗോളവത്ക്കരണം
Goods / Products/ Commodities / things	ചരക്കുകൾ/ഉല്പന്നങ്ങൾ/സാധനങ്ങൾ/വസ്തുക്കൾ
Goods and Services Tax(GST)	ചരക്ക് സേവന നികുതി
Gross sown Area	ഒരു വർഷം ഒന്നിൽ കൂടുതൽ പ്രാവശ്യം കൃഷിചെയ്യുന്ന സ്ഥലം
Government Spending	സർക്കാർ ചെലവ്
Green revolution	ഹരിത വിപ്ലവം
Gross National Happiness Index	മൊത്ത ദേശീയ സന്തോഷ സൂചിക
Gross state domestic Product	മൊത്ത സംസ്ഥാന ആഭ്യന്തര ഉല്പന്നം
Growth	വളർച്ച
Health Economics	ആരോഗ്യ സാമ്പത്തിക ശാസ്ത്രം
Human Development Index	മാനവ വികസന സൂചിക
Human welfare	മനുഷ്യക്ഷേമം
Hypothesis	സാങ്കല്പിക സിദ്ധാന്തം
Imitation	അനുകരണം
Imperfect competition	അപൂർണ്ണമത്സരം
Implicit cost	വ്യക്തമാക്കാത്ത ചെലവുകൾ
Import	ഇറക്കുമതി
Income elasticity of demand	വരുമാനത്തിന്റെ ചോദന ഇലാസ്റ്റികത
Income	വരുമാനം
Increase in demand	ചോദന വർദ്ധനവ്
Increasing Returns to Scale	തോതനുസരിച്ചുള്ള വർദ്ധന പ്രത്യയം
Index	സൂചിക
Indicators	സൂചകം
Indifference curve	നിസ്സംഗതാവക്രം
Indifference Map	നിസ്സംഗതാമേപ്പ്
Indifference schedule	നിസ്സംഗതാ ഷെഡ്യൂൾ
Inductive Method	പ്രേരക രീതി
Industrialization	വ്യാവസായികവത്ക്കരണം
Industrial Policy resolution	വ്യാവസായിക നയ പുനർനിർമ്മാണം
Infant Mortality Rate (IMR)	ശിശുമരണ നിരക്ക്
Innovation	നവീകരിക്കൽ
Integral calculus	സമാകലനം
Interest rate	പലിശനിരക്ക്
Internal Economies of Scale	ആഭ്യന്തര സാമ്പത്തിക നേട്ടം
Investment	നിക്ഷേപം
Invisible hand	അദൃശ്യകരങ്ങൾ
Involuntary unemployment	സ്വമേധയാലുള്ള തൊഴിലില്ലായ്മ
Iso- quants	തുല്യ അളവ് ഉല്പന്നവക്രം
Labour	തൊഴിൽ (അദ്ധ്വാനം)

11th Economics Malayalam_Glossary.indd 277 2/14/2023 3:12:26 PM

Land Tenure	ഭൂഅവകാശ രീതി
Land use pattern	ഭൂവിനിയോഗ രീതി
Law of variable proportions	മാറുന്ന അനുപാത നിയമം
Laws of Returns to Scale	തോതനുസരിച്ചുള്ള പ്രത്യായ നിയമം
Liberalization	ഉദാരവൽക്കരണം
Life Expectancy at Birth	ജനന ജീവിത പ്രതീക്ഷ
Linear Equation	നേർരേഖാ സമവാക്യം
Liquidity preference	ദ്രവ്യതാ മുൻഗണന
Literacy Ratio	സക്ഷരതാ അനുപാതം
Long – run	ദീർഘകാലം
Macro – Economics	സ്ഥൂല സാമ്പത്തിക ശാസ്ത്രം
Mahalwari system	മഹൽമാരീ സമ്പ്രദായം
Management	മേൽനോട്ടം
Marginal cost	അധിക ചിലവ് (അവസാന ഉല്പാദന ചെലവ്)
Marginal product	അധിക ഉല്പന്നം (അവസാന ഉല്പന്നം)
Marginal Rate of substitution	സീമന്ത പ്രതിസ്ഥാപന നിരക്ക്
Marginal Rate of Technical Substitution	സീമന്തപ്രതിസ്ഥാപന സാങ്കേതിക നിരക്ക്
Marginal utility	സീമന്ത ഉപയുക്ത
Market	വിപണി
Material wealth	ഭൗതിക സ്വത്ത്
Maternal Mortality Rate (MMR)	മാതൃമരണ നിരക്ക്
Matrix / Matrices	ഗണം (മാട്രിക്സ്)
Merchant Capital	വ്യാപാര മൂലധനം
Micro, small and medium Enterprises	സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ
Micro-Economics	സൂക്ഷ്മ സാമ്പത്തിക ശാസ്ത്രം
Migration	കുടിയേറ്റം
Modern age	ആധുനികയുഗം
Monetary Reforms	പണപരമായ പരിഷ്ക്കാരങ്ങൾ
Money Cost	പണ ചെലവ്
Monopolistic competition	കുത്തകമത്സരം
Monopoly	കുത്തക
Morbidity Rate	രോഗാവസ്ഥ നിരക്ക്
MRTP ACT	കുത്തക നിയന്ത്രിക്കുന്ന വ്യാപാര നിയമം
Multiplier	ഗുണിക്കാം
National Income	ദേശീയ വരുമാനം
Nationalization	ദേശസാൽക്കരണം
Need	ആവശ്യം
Neo – classical	പുതിയ പരമ്പര
Net sown Area	മൊത്തം കൃഷിസ്ഥലത്തിന്റെ വർഷം ഒരു പ്രാവശ്യം മാത്രം കൃഷിചെയ്യുന്ന സ്ഥലം
NITI Aayog	ഇന്ത്യയെ പരിഷ്ക്കരിക്കുന്നതിനുള്ള ദേശീയ സ്ഥാപനം
Nominal income/Money income	നാമമാത്ര വരുമാനം പണവരുമാനം
Non renewable Energy sources	പുനസ്ഥാപിക്കാനാകാത്ത ഊർജ്ജ സ്രോതസ്സ്
Normative Science	മാന,ണ്ഡ ശാസ്ത്രം

11th Economics Malayalam_Glossary.indd 278 2/14/2023 3:12:26 PM

Oligopoly	കുറച്ചു പേർ തമ്മിലുള്ള മത്സരം
Opportunity cost	അവസര ചെലവ്
Organisation	സംഘാടനം
Particular / partial equilibrium	പ്രത്യേക/ഭാഗിക സന്തുലിതാവസ്ഥ
Per capita income	പ്രതിശീർഷ വരുമാനം
Perfect Competition	തികഞ്ഞ മത്സരം
Physical quality of life index	ജീവിത സൂചികയുടെ ശാരീരിത നിലവാരം
Plan Holiday	ആസൂത്രണ അവധിക്കാലം (1966-1967) പഞ്ചവത്സര പദ്ധതി ഉണ്ടായിരുന്നില്ല
Point of inflexion / point of inflection	മാറുന്ന നിരക്ക്
Political Economy	രാഷ്ട്രീയ സമ്പദ്വ്യവസ്ഥ
Positive Science	നിശ്ചിതമായ ശാസ്ത്രം
Poverty	ദാരിദ്ര്യം
Price determination	വില നിർണ്ണയം
Price discrimination	വില വിവേചനം
Price Elasticity of demand	വിലയുടെ ചോദന ഇലസ്റ്റികത
Price line	വില ലൈൻ
Prime cost	പ്രധാന ചെലവ്
Privatization	സ്വകാര്യ വത്ക്കരണം
Producer's Equilibrium	നിർമ്മാതാവിന്റെ സന്തുലിതാവസ്ഥ
Producer's Surplus	നിർമ്മാതാവിന്റെ മിച്ചം
Production Possibility curve	ഉല്പാദന സാധ്യതാ വക്രം
Production Possibility Frontier	ഉല്പാദന സാധ്യതാ അതിർത്തി
Production Possibility Schedule	ഉല്പാദന സാധ്യതാ ഷെഡ്യൂൾ
Production	ഉല്പാദനം
Public Economics	പൊതു സാമ്പത്തിക ശാസ്ത്രം
Public Finance	പൊതുധനകാര്യം
Public sector enterprises	പൊതു മേഖലാ സ്ഥാപനങ്ങൾ
Quasi – rent	അർദ്ധ വാടക
Quotation	ഉദ്ധരണി
Rational	യുക്തിസഹം
Real Cost	യഥാർത്ഥ ചെലവ്
Real income	യഥാർത്ഥ വരുമാനം
Rectangular Hyperbola	ദീർഘചതുരാകൃത വക്രവളയം
Redeemable Energy	പുനസ്ഥാപിക്കാനാകുന്ന ഊർജ്ജം
Regional development	പ്രാദേശിക വികസനം
Rent	വാടക
Repo rate Repurchase Rate	റിപ്പോനിരക്ക്/വീണ്ടും വാങ്ങൽ നിരക്ക്
Reserve Requirements	കരുതൽ ആവശ്യകതകൾ
Resources	വിഭവങ്ങൾ
Revenue	വരുമാനം
Reverse Repo Rate (RRR)	വിപരീത റപ്പോ നിരക്ക്
Risk bearing	അപകട സാധ്യത വഹിക്കൽ
Risk	അപകട സാധ്യത

11th Economics Malayalam_Glossary.indd 279 2/14/2023 3:12:26 PM

Rolling Plan	റോളിംഗ് പദ്ധതി
Ryotwari system	റയത്വാരി സമ്പ്രദായം
Savings	സമ്പാദ്യം
Scale	തോത്
Scarcity	ദൗർലഭ്യം
Scope	സാധ്യത
Secularism	മതേതരത്വം
Self – Help Groups	സ്വയം സഹായ സംഘങ്ങൾ
Services	സേവനങ്ങൾ
Sex ratio	ലിംഗാനുപാതം
Shift in demand curve	ചോദന വക്രത്തിന്റെ മാറ്റം
Short –run	ഹ്രസ്വകാലം
Skewed distribution	വളച്ചൊടിച്ച വിതരണം
Slope	ചരിവ്
Social Cost	സാമൂഹിക ചെലവ്
Social Infrastructure	സാമൂഹിക അടിസ്ഥാന സൗകര്യം
Social justice	സാമൂഹ്യ നീതി
Special Economic Zone	പ്രത്യേക സാമ്പത്തിക മേഖല
Static equilibrium	നിശ്ചിത സന്തുലിതാവസ്ഥ
Statutory Liquidity Ratio(SLR)	നിയമാനുസൃത ദ്രവത്വ അനുപാതം
Structural unemployment	ഘടനാപരമായ തൊഴിലില്ലായ്മ
Sunk cost	മുങ്ങിയ ചെലവ്
Super Multiplier	വിശിഷ്ഠ ഗുണിതം
Supply	വിതരണം
Tangible	പ്രകടമായ/സ്പഷ്ടമായ
Tax	നികുതി
Theories	സിദ്ധാന്തങ്ങൾ
Total cost	മൊത്ത ചെലവ്
Total product	മൊത്ത ഉല്പന്നം
Trade /international trade	വ്യാപാരം/ അന്തർദേശീയ വാണിജ്യം
Uncertainty	അനിശ്ചിതത്വം
Urbanisation	നഗരവൽക്കരണം
Utility	ഉപയുക്തത
Util	യൂണിറ്റ്
Values	മൂല്യങ്ങൾ
Value	മൂല്യം
Variable cost	വ്യത്യാസപ്പെടുന്ന ചെലവ്
Variable	മാറുന്ന
Voluntary unemployment	സ്വമേധയാലുള്ള തൊഴിലില്ലായ്മ
Wants	ആഗ്രഹങ്ങൾ/ ആവശ്യങ്ങൾ
Y intercept	y അക്ഷത്തെ ഛേദിക്കുന്നത് (y അന്തഖണ്ഡം)
Zamindari system	ജമീന്ദാരീ സമ്പ്രദായം

11th Economics Malayalam_Glossary.indd 280 2/14/2023 3:12:26 PM

CLASS 11 - ECONOMICS
MALAYALAM MEDIUM

Academic Coordinator

K. Chandrasekaran,
Lecturer, DIET, Chennai.

Reviewers

P.J. PREETHA P.G. ASST
GHSS, VILAVANCODE

M.R. RESMI, P.G.ASST
PPM HSS, ANDUCODE

List of Translators

S. SANTHA P.G.ASST
SREE DEVI (G) HSS, KOLLEMCODE

S. REJINI P.G.ASST
TCK HSS, PADANTHALUMOODU

A.O. SANDHYA P.G.ASST
GHSS, PALUKAL

P.V. REMA DEVI P.G.ASST
AIDED HSS, KALLUPALAM

T. BABY SAROJAM P.G.ASST
GHSS, KOLLEMCODE

G. SHEELA P.G.ASST
GHSS, KOLLEMCODE

ICT Coordinator

D. Vasu Raj, P.G.T & HOD,
Dept of Mathematics,
KRM Public School,Chennai.

EMIS Technology Team

R.M. Satheesh
State Coordinator Technical,
TN EMIS, Samagra Shiksha.

K.P. Sathya Narayana
IT Consultant,
TN EMIS, Samagra Shikaha.

R. Arun Maruthi Selvan
Technical Project Consultant,
TN EMIS, Samagra Shiksha.

Layout & Illustrations

Ranjith, Pixels Print Media,

Parasale, Kerala.

In-House QC

Manikaraj Prabahar. M A

Coordination

Ramesh Munisamy

This book has been printed on 80 G.S.M.

Elegant Maplitho Paper.

Printed by Web Offset at :

11th Economics Malayalam_Glossary.indd 281 2/14/2023 3:12:26 PM

Note

11th Economics Malayalam_Glossary.indd 282 2/14/2023 3:12:26 PM